PROCEEDINGS OF

THE KERALA LEGISLATIVE ASSEMBLY

Second Session—1964

Tuesday, the 8th September, 1964.

Vol. XIX] **OFFICIAL REPORT** [No.

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Tuesday, the 8th September 1964, with Mr. Speaker in the Chair.

MOTION OF NO-CONFIDENCE—(*contd.*)

Mr. Speaker : Order, order. The discussion on the motion of No-confidence will now be resumed. I call upon Shri K. Chandrasekharan to speak.

Shri K. Chandrasekharan : Mr. Speaker, Sir, I need hardly state that I wholeheartedly support this motion of no confidence against the present Ministry. It is long overdue. Mr. Sankar ought to have quit his ministership a long time back, because it has become a burden, a liability for the people in this State, because it is eating into the very vitals of democracy. Therefore, it is time that they quit office and preparations are made for a clean and healthy election in this State. I would state, Sir, at this juncture, by reminding this hon. House and the State and the people of the State, that what was known as the 'Sastry formula' to eradicate the evils in the Congress party was really to see that the Muslim League is wiped out from this State and also to see that the Socialist Party is wiped out. It was formulated and it was thought that the 'Sastry formula' would have a glorious future in this State. I am not sorry, Sir, that that treacherous 'Sastry formula' has found an unglorious end in this State, for the political end of the 'Sastry formula' in this State would be, what we see today, the political end of Sankar's Congress. For never again in the history of the State would such treachery be committed and never again will the people of this State be prepared to see that Sankar's Congress is voted to power again. Sir, what has been happening during the last two days? It was known when the no-confidence motion was admitted that the ruling party behind the Chief Minister has lost its majority. More than 73 members or round about that had

2/3260/V.

LIBRARY ARCHIVES Kerala Legislative Assembly

[Shri K. Chandrasekharan]

offered their support to the no-confidence motion. We all thought that in terms of the sound principles of democracy the Chief Minister would resign that day but he did not. Later the leaders of the Congress had some talks—I am not going into all that. I may only be permitted to go into certain aspects of the functioning of democracy, functioning of the legislature, as was sought to be implemented by the Chief Minister and some of his colleagues during the last two days. It is a shame, Sir, it is an insult to the hon. Members of this House, Sir, that during the last three or four days practically every member of this House was contacted so that he or she may be won over to the Chief Minister's Party so that this no-confidence would be frustrated. It stands to the glory of the hon. Members of this House that not one among them did budge an inch, not one among them was prepared to respond to the rather, if I may say so, extraordinary wishes expressed by the Chief Minister and his colleagues and group of people around them, and we see today the entire Opposition and those who backed out from Sankar's Congress are united to see that this no-confidence motion is passed on the floor of this House. Sir, that one hon. Congress Leader, who came from outside the State, stated two things, as far as the present political situation is concerned, which are rather strange. It was firstly, after admission of the no-confidence motion it has to be faced and that secondly it would be cowardice on the part of the Chief Minister to resign at this stage. I do not know what the leader meant. I cannot explain, Sir, that these points which he has canvassed in favour of the State Ministry for the continuance of the Ministry for a few days till the no-confidence motion is ultimately passed, whether these are in conformity with any principle or practice of the functioning of democracy through a legislature, for we find that it is the duty of a Ministry that when once it sees that it has not got the majority support of the House, to resign and get away. But they did not resign and get away. We hear, Sir, that the leaders who came from outside even directed the ministers to go out but they were not prepared to go out because they wanted to see, during the last three or four days, whether attempts could be made to defeat the Opposition, attempts could be made to fish out from the Opposition any possible friends, so that when the no-confidence motion ultimately came up there will not be a majority to support that motion. That I say is a most humiliating and insulting situation.

Sir, reference has been made about the death of an hon. Member of the House, Shri P. T. Chacko, and the way in which things developed after his death. It was stated by certain hon. Members belonging to the ruling party that it was the exit of Shri Chacko that prompted them to do things that they are doing today. I do not wish to go into all that but I would only state, Sir, that the way in which the Chief Minister has handled the entire problem and the way in which the hon. Chief Minister sought to do, that there was not even any reference to his death by the hon. Members of this House by associating themselves with the reference that you made from the Chair, is rather very lamentable, to say the least of it.

We have been hearing during the last few hours and yesterday allegations of corruption of Himalayan magnitude against the hon. Chief Minister. I am only referring to certain aspects of the matter

LIBRARY ARCHIVES Kerala Legislative Assembly

laid before the House by Shri Balakrihna Pillai, a member of the ruling party till very recently and again by hon. Shri Gopala Kurup. I do not wish to restate them and I do not want to add to the procession of events with regard to corruption that has already been laid before this House. I would only state, Sir, that whether the Ministry goes out or not—there is absolutely no doubt that the Ministry will go out—it is absolutely necessary in the interests of Democracy, in the interests of Cabinet Government that should evolve in a clean and healthy manner not only in this State but in the whole country, a judicial enquiry should be made into the charges of corruption. I demand that a Judge of the High Court or a Supreme Court Judge shall be immediately appointed by the Central Government to go into the allegations of corruption. I would denand the Governor to make an enquiry and if necessary charge the Chief Minister under the Anti-Corruption Act and Official Secrets Act because what has been laid on the floor of the House by the two hon. Members of this House would give prima facie proof for charges under these enactments. I am particularly referring to the Official Secrets Act. What did Mr. Chacko say a day before his death ? He said that he suspects that the hon. Chief Minister has given this document to the Press. I do not know anything about it. There is a large amount of suspicion that this could have been done only by the Chief Minister's office and if my information is correct, this document and the file relating to it were in the personal office of the Chief Minister for about three months till just two days prior to this occurrence. It is, therefore, necessary that the people who come to power in this State should not take it as a shade 'that there had been past allegations of corruption, not only in this State but in the other States also and that the allegations have got to be discarded and not seriously considered at all and, therefore the allegations of corruption against them also should not be taken into consideration.' That sort of attitude of the Ministers will not be a safeguard for democracy and the sound functioning of Cabinet Government. I am sorry, Sir, that I have to make these allegations—I am not sorry to make these allegations because I feel that it is my duty to do so, for unless this is done there will not be a clearance for good government even after the elections are over in February 1965. One hon. Member of this House yesterday referred to the clamping of President's rule in this State. Who is responsible for the clamping of the President's rule? There is no doubt that the Governor's rule seems to be inevitable in this State, because the no-confidence motion is going to be passed and there is no party who is having a majority in this House to take over the reins of Government.

Another hon. Member said that the Fourth Five Year Plan, the draft of which is in the anvil, will suffer as far as this State is concerned. I submit, Sir, that this is mischievous false propaganda. Even if the Fourth Five Year Plan were to suffer who is responsible? Mr. Sankar's Congress is responsible for this plight because if they would have behaved well, if they would have offered to this State a fair and good Government, if they had been able to see that the patches in their party were cemented, this state of affairs, as we see today, would not have happened. Then again, Sir, as far as I know things, the draft of the Fourth Five Year Plan, as far as this State is concerned is not yet

LIBRARY ARCHIVES Kerala Legislative Assembly

[Shri K. Chandrasekharan]

ready. The Fourth Five Year Plan is going to be commissioned only in 1967, the draft of which has to be finalised in 1965 and 1966 and there is enough time for that after the elections, as scheduled. By 1965 March, there will be a Government in this State, there will be a Cabinet Government in this State. So this contention that the Fourth Five Year Plan is likely to suffer on account of the no-confidence motion is something for cheap publicity, is something intended to fool the people of the State and the people outside the State.

I do not know, Sir, why the hon. Minister for Industries is smiling. I am not concerned if he smiles but I am certainly concerned.......

Shri K. A. Damodara Menon : Should I weep?

Shri K. Chandrasekharan : But I am certainly concerned with the fate of this State as far as Industry is concerned, when Member after Member in this House has charged the Minister for Industries yesterday that there is no industrial growth in this State, that there is industrial stagnation in the State and the Public sector has suffered and and that there is no growth as far as the private sector is concerned. It is a tragedy, Sir, that the hon. Minister for Industries should smile and not weep as he himself has said. I ask him to weep not on account of the fact that he has to leave his official residence but on account of the fact that his handling of the portfolio of the Industry is a complete failure as far as this State is concerned. It will be upto the next Government, it will be the first task of the next Government in February 1965 to see that there is industrial growth both in the public sector and private sector. If the Fourth Five Year Plan is not to suffer I would tell this hon. House, I would tell the peeple of this State that this no-confidence has got to be accepted which means this Ministry is to be unseated and the inevitable President's rule has got to be clamped upon the State because there is no other alternative. We have to go through President's rule until ultimately the elections are over and the people in the State are able to charge a Chief Minister and other Ministers with responsibility.

Sir, I would only now refer to certain aspects of the functioning of the administration, particularly during the last two years, under the present Chief Minister. I charge the Chief Minister with turmoil in the education sector. A complete chaos has been made as far as education is concerned. It is a tragedy, Sir, that not only in the State but in some other states also this thing is happening as far as education is concerned. It is the growing generation that ultimately suffers. We see as far as the State is concerned, there are difficulties in the field of education, on account of a complete reorientation as far as the pattern of education was concerned; Secondary education has been re-aligned; University education has been re-aligned. Numberless schools and numberless colleges have been opened. I do not propose to go into the history of the grant of these schools because it is street talk in Kerala.

Then again Sir, as far as the policy in the food sector is concerned although some hon. members believe that everything has been done, my party and I are not able to believe anything has been done at all. It is a complete mishandling of the situation and on account of that we have got a rather sorry spectacle. The poor people of the State are nable to get rice rations from fair price shops or to get sufficient

LIBRARY ARCHIVES Kerala Legislative Assembly

quantities. What is the remedy? As my party at the Central level has repeatedly stated unless State Trading in food grains is introduced there is no remedy. But the Government are not prepared to introduce State Trading. They not prepared to recommend to the Central Government that State Trading in food grains should be introduced. What is the condition? When the coalition Government was in office practically the first thing that the coalition Government did was to give subsidised rice through fair price shops. The scheme of subsidy cost the exchequer annually about a crore of rupees. It was thought that such a large amount has got to be borne by the State budget so that the people will be able to get rice at fair price. That policy of subsidised sale controlled the price of rice in the open market also. What happened when the coalition Government went out? The scheme of subsidised sale of rice in the fair price shops was Stopped and there was a very heavey rise in the price of rice: todaythe price of rice ranges from Rs. 60/- to 63- per bag, but when the coalition Government was in office the maximum price in the open market was only Rs. 42- to 43-. This difference of well nigh Rs. 20/- is due to the bad management of affairs in the food sector by the government as a whole.

Then Sir, another important aspect is the Agrarian sector. My learned friend, Mr. Thomman, is not responsible for the mess created there, for he is just trying to implement the foolish acts of somebody else, the foolish acts of the Government as a whole, because I believe, Sir, that the cancellation of the prior Agrarian Relations Act and the introduction of the Land Reforms Act, as we see today, is the greatest blunder, the greatest mistake that the Government in office today has committed. I would only tell the people of the State that whatever be the party Government that takes shape after the elections in 1965 February, the first task, the first duty of that Government will be to repeal the Kerala Land Reforms Act and re-enact the new Agrarian Relations Act so that the ills of the people in the Agrarian sector could be solved. It is in the prospect of the fulfilment of the promise, that my party has taken up the responsibility of moving this no-confidence motion, for this no-confidence motion is no personal motion but a no-confidence motion against Government as a whole as far as the policy in the agrarian sector, in the enactment of the Land Reforms Act is concerned. What is working today is not a Land Reforms Act but a tenancy legislation in which the people have no faith. Look at the statistics before the Land Tribunals! No one is willing to come before the land tribunal for fear of getting an adverse order from the tribunal. When in 1961 the Kerala Agrarian Relations Act was introduced tens of thousands of applications were filed before the 28 land tribunals in the State; today we find hardly a thousand petitions before the land tribunals in the State. The number has dwindled because the petitioners have lost hope of redress.

I have already referred, Sir, to the industrial policy. I have already submitted that in the sector of industries, this Government have not been able to do much. I am only referring to one or two aspects. Are we not eternally indebted to the ministry in power in 1957-1958 whatever the evils and defects of the Ministry be, for the private sector industries have been established in Ernakulam and Calicut? The Gwalior Rayons industry has developed without an inch of land

LIBRARY ARCHIVES Kerala Legislative Assembly

(Shri K. Chandrasekharan)

being acquired by the Government. The entire land was taken up by the Managing Director and so speedily were things commissioned that today the Gwalior Rayons in the private sector is certainly a benefit and a boon to the State. We have nothing of the kind subsequently We have been told that textile mills are coming; we have been told that other mills are coming; we have been told that constructions are going on but when we are being told of all that, companies which have been commissioned, mills which have been working well, industrial units which were working are closed and people in crores and crores of numbers are becoming unemployed. The task......

Shri M. Narayana Kurup : One question.

Shri K. Chandrasekharan : I am not yielding. The Congress Government, as I submitted Sir, is a failure in the industrial sector. I am finishing as I have been told by you that my time is out. I am finishing with some more words because, Shri Kurup has reminded me what I should say. I wanted to say something about him, not personally about him. Congress today is suffering, and in the plight in which it is, the Congress is engaged not only in the State but in the different states of the country in fishing M. L. As of other parties into their net, though the opposition has raised its voice against it. What has been done in U. P., Maharashtra and Bihar as far as my party is concerned is repeated here with a vengeance. Not one, or two or three or four as in Bihar or U. P. but the entire 15, I am told two or three more, I do not know in which fashion they are going to accommodate themselves, have deserted your ranks today. The history of Kerala has been badly touched by Kodakara Kesava Menons, C. G. Janardhanans and M. Narayana Kurups. The Prime Minister Shri Shastry told in 1962 that the S. S. P. should be eradicated from this State and from other States of the country. I would tell Prime Minister, the Congress leader, that in 1967 at least in six of the states in the country, it will be the united effort of the main opposition parties in the country to remove the Congress from power in those States, and as far as a fore-runner of that policy, I am glad that the opposition parties of this State have joined together to see that this no-confidence motion is successfully passed and afterwards a non-congress Government can be put into office in this State. I believe, Sir, that this motion will be passed with a thumping majority and the Ministers will quit their offices by 6 p. m. today.

<u>ശ്രീ. കെ. ഹസ്സൻഗനി:</u> സർ, ജനാധിപത്യത്തെ രക്ഷിക്കുവാൻ വേണ്ടി ഈ അവിശ്വാസപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ജനങ്ങൾക്കു വേണ്ടി ഭരണം നടത്തുന്ന ഒരു സുസ്ഥിരമായ ഗവണ്മെൻറിനെയാണ് ഞങ്ങൾ കാംക്ഷിക്കുന്നത്. എന്നാൽ, അങ്ങനെയുള്ള ഒരു ഗവണ്മെൻറ് ഇന്ന് നിലവിലില്ല എന്നുള്ളതാണ് പരമാർത്ഥം. പഞ്ചവത്സരപദ്ധതികളുടെ പ്രവർത്തനത്തെ സംബന്ധിച്ച് മുതലക്കണ്ണീർ പൊഴിക്കുന്നതു കേട്ടു. കഴിഞ്ഞ രണ്ടുകൊല്ലമായി പഞ്ചവത്സരപദ്ധതി പ്രവർത്തനം എന്നു പറഞ്ഞ് ഏകദേശം നാല്പതിലധികം കോടി രൂപാ പുതിയ ടാക്സിനത്തിൽ പിരിക്കാൻ ബഡ്ജററിൽ പ്രൊവൈഡുചെയ്യുകയുണ്ടായി. എന്നിട്ട് കേരളത്തിൽ ജീവിക്കുന്ന സാധുക്കളായ ആളുകളുടെ നില എന്താണെന്ന് നല്ലതുപോലെ ഈ ഗവണ്മെൻറു പരിശോധിച്ചിട്ടുണ്ടോ? പട്ടിണികിടന്നു മരിക്കാറായ ജനങ്ങളെ മാത്രമേ ഇന്നു കേരളത്തിൽ ദർശിക്കാൻ സാധിക്കു എന്നതാണ് പരമാർത്ഥമായ വസ്തുത. നിത്യോപയോഗസാധനങ്ങൾ ലഭിക്കുന്നതിനുപോലും വഴിയില്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങൾ വിഷണ്ണരായി കഴിയുകയാണ്. അവർ ഇന്നാവശ്യപ്പെടുന്നത് ഈ ഗവണ്മെൻറ് അധികാരത്തിൽ നിന്നു പോകണമെന്നാണ്. അതുകൊണ്ടാണ് ഞങ്ങളുടെ പാർട്ടി ഇന്ന് ഈ അവിശ്വാസ പ്രമേയത്തെ അനുകൂലിക്കുന്നത്. പഞ്ചവത്സരപദ്ധതിയിലെ പരമപ്രധാനമായ ലക്ഷ്യത്തെ ഇന്നു കാൺഗ്രസ്സിലെ ഗ്രൂപ്പുരാഷ്ട്രീയം തകർത്തിരിക്കുകയാണ്. നമ്മുടെ രാജ്യത്ത് ഭക്ഷ്യസാധനങ്ങൾ ധാരാളം വിളയിക്കുന്നതിനു സാദ്ധ്യത ഉണ്ടായിരുന്നെങ്കിൽ ഇന്ന് ഇവിടത്തെ ജനങ്ങൾ ഇത്ര വളരെ കഷ്ടപ്പെടുകയില്ലായിരുന്നു. ജനങ്ങളെ സേവിക്കുക എന്ന മനോഭാവം പോലും ഇന്നത്തെ ഗവണ്മെൻറിന് ഉണ്ടായിട്ടില്ലെന്നുള്ളത് കഷ്ടതരമായ ഒരവസ്ഥയാണ് കുറിക്കുന്നത്. കേരളം എന്നും ഇതു് അനുഭവിക്കണമെന്നാണോ പറയുന്നത് ? അതിനൊരു മാററം വരുത്തേണ്ടതു് ആവശ്യമാണ്. ഈ രാജ്യത്തു ജനാധിപത്യത്തെ വിശ്വസിക്കുന്ന, ജനാധിപത്യാടിസ്ഥാനത്തിൽ ഭരിക്കാൻ സാധിക്കുന്ന ഒരു ഗവണ്മെൻറ്, മറെറാരു ഗവണ്മെൻറ് വരേണ്ടതായിട്ടുണ്ട്. ശ്രീ. ചന്ദ്രശേഖരൻ സൂചിപ്പിച്ചതുപോലെ മററു പാർട്ടികളിലെ ആളുകളെ പിടിച്ചു വശത്താക്കുന്ന ഒരു സംപ്രദായം ഭരണകക്ഷി സ്വീകരിച്ചിരിക്കുന്നതു് ഒന്നു നിറുത്തണമെന്നാണ് പറയാനുള്ളതു്. അതിനുവേണ്ടി ഒരു ശ്രമം ഈ ഗവണ്മെൻറു രണ്ടുമൂന്നു ദിവസങ്ങൾക്കുമുൻപു് നടത്തിയെന്നാണ് കേൾക്കുന്നതു്. അതു ശരിയാണെങ്കിൽ ഇവർ ജനാധിപത്യത്തെ എത്രകണ്ട് മാനിക്കുന്നുവെന്നു മനസ്സിലാക്കാവുന്നതാണ്.

സർ, ഈ രാജ്യത്തു വളരെയേറെ അഴിമതിയാരോപണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. രാജ്യത്തിൻെറ ഭദ്രതയെപ്പോലും ആകമാനം തകർക്കുന്നരീതിയിലുള്ള അഴിമതിആരോപണമാണ് ഈ രാജ്യത്തുകേൾക്കുന്നതു്. സ്വന്തം പാർട്ടിയെ വളർത്തുന്നതിനും, സ്വന്തം പാർട്ടിയിലെ ആളുകളെ ധന്യരാക്കുന്നതിനുംവേണ്ടി അങ്ങേയററം ഈ ഗവണ്മെൻറു പ്രവർത്തിച്ചു എന്നു കാണുവാൻ കഴിയും. 500 സ്കൂളുകൾ ആദ്യം ഇവിടെ അനുവദിച്ചതിനുശേഷം, പിന്നെയും ഡിസ്ട്രിക്ററു കമ്മിററികളെ വ്യാമോഹിപ്പിക്കുന്നതിനായി ഒരു ലിസ്ററു കൂടി പ്രസിദ്ധപ്പെടുത്തുകയുണ്ടായി. കുറെ ആളുകൾ മറെറവിടെയോ പോയി മടങ്ങി വന്നപ്പോൾ അവർ കൊടുത്തിരുന്ന ലിസ്ററിലെ സ്കൂളുകൾ കാണാതെ വന്നതിനാൽ ഉടനെ പുതിയ ലിസ്ററ്—അപ്പീൽ കൊടുത്തതിനുശേഷമാണെങ്കിലും—പ്രസിദ്ധപ്പെടുത്തിയതായിട്ടാണ് മനസ്സിലാക്കാൻ കഴിഞ്ഞതു്. ഇതിൽ നിന്നും എന്താണു സർ മനസ്സിലാകുന്നതു് ? പാർട്ടിയിലെ ചിലർ ആവശ്യപ്പെടുന്നതനുസരിച്ച് സ്കൂളുകൾ നൽകുന്ന ഒരു പ്രത്യേക സാഹചര്യമാണ് ഇവിടെ ഉള്ളതെന്നല്ലേ ? ഈ രാജ്യത്തെ ജനങ്ങളോടു് ഇവർക്കു ബഹുമാനമുണ്ടെങ്കിൽ ഇങ്ങനെയൊരവസ്ഥ ഇവിടെ സൃഷ്ടിക്കുകയില്ലായിരുന്നു.

സർ, ഈ രാജ്യത്തെ ലേബർ പാളിസി എന്താണ് ? കാൺഗ്രസ്സിലെ ഐ. എൻ. ടി. യു. സി. വളരാനല്ലാതെ മററു തൊഴിലാളി സംഘടനകൾക്ക് വളരാൻ അവസരം നൽകുന്നില്ല. തൊഴിൽതർക്കങ്ങൾ പരിഹരിക്കാൻ കൺസിലിയേഷനാണ് ഏററവും പ്രധാനമായിട്ടുള്ളതു്. അതിനു ശേഷം വേണം ആർബിട്രേഷൻ നടപടി സ്വീകരിക്കാൻ. കൊച്ചിൻ എംപ്ലോയീസ് യൂണിയൻെറ തൊഴിൽ തർക്കം സംബന്ധിച്ച കൺസിലിയേഷൻ നടപടി ശ്രീ. രാമാനുജത്തിൻെറ ആവശ്യപ്രകാരം നിർത്തിവയ്ക്കാൻ ഗവണ്മെൻറു ആർഡറായിട്ടുള്ളതായി അറിയുന്നു. ഇതു തൊഴിലാളികളുടെ യഥാർത്ഥ താല്പര്യത്തെ ആദരിച്ചിട്ടാണോ എന്നു മനസ്സിലാകുന്നില്ല. അതുമൂലം കൊച്ചിൻ എംപ്ലോയീസ് യൂണിയൻ ഒരു സമരത്തിലേക്കു നീങ്ങാൻ തയ്യാറായിരിക്കുകയാണ്. ഈ ഗവണ്മെൻറു ഇങ്ങനെയുള്ള നടപടികൾ സ്വീകരിച്ചിട്ട് തൊഴിലാളികളോടു സഹതാപം പ്രദർശിപ്പിക്കുന്നതുകാണുമ്പോൾ അത്ഭുതം തോന്നുകയാണ്. ഇന്നുഭരണം നടത്തുന്ന കക്ഷിയുടെ തൊഴിലാളി സംഘടനകൾ മാത്രം വളരാൻ അനുവദിക്കുന്ന ഈ ഗവണ്മെൻറിൻെറ നയം തുടരുന്നതു ശരിയല്ല. ആ ഉദ്ദേശം ഒരിക്കലും വിജയിക്കാൻപോകുന്നില്ലെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

സർ, കോഴിക്കോട്ടും മററു പ്രദേശങ്ങളിലുമായി സ്വതന്ത്രയൂണിയനിൽപ്പെട്ട 12000 തൊഴിലാളികൾ ഉണ്ട്. എന്തുകൊണ്ടു തൊഴിലാളികളുടെ കാര്യം ആലോചിക്കുന്ന സമ്മേളനങ്ങളിൽ അതിൽ ഒരാളെ ക്ഷണിക്കാൻ ഗവ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ഹസ്സൻഗനി]

ണ്മെൻറു തയ്യാറാകുന്നില്ല. സ്വതന്ത്ര യൂണിയനെ തകർത്തുകൊണ്ടു് ഈ രാജ്യത്തെ ട്രെയിഡു യൂണിയൻ പ്രസ്ഥാനത്തെ വളർത്തിയെടുക്കാമെന്നു വിചാരിക്കുന്നതു ശരിയല്ല. കാൺഗ്രസ്സുപാർട്ടി തൊഴിലാളികളുടെ സംഘടനമാത്രം ഉൾപ്പെടുന്ന ട്രെയിഡുയൂണിയൻ പ്രസ്ഥാനത്തിനേ വളരാൻ സാധിക്കു എന്ന മനോഭാവം ഒരിക്കലും വിജയിക്കാൻ പോകുന്നില്ല എന്നു സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

സർ, ഈ രാജ്യത്തു് അങ്ങോളമിങ്ങോളം നടക്കുന്നതു് എന്താണു് ? എല്ലാ വിധത്തിലും അഴിമതിയാരോപണം ഇവിടെ ഉണ്ടായിട്ടുണ്ടു്. കാൺഗ്രസ്സു് പാർട്ടിയിലെ ആളുകൾക്കു് സിമൻറു് ഇഷ്ടംപോലെ വിതരണം ചെയ്യുന്നുണ്ടു്. 2400 ടൺവരെ കൊടുത്തിട്ടുള്ള സംഭവംവരെയുണ്ടു്. ഇന്നലെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി പഞ്ചസാര കൊണ്ടുണ്ടാക്കുന്ന മിഠായി വാങ്ങി കേരളത്തിലെ ഒട്ടുംധികം ആളുകൾ ഉപയോഗിക്കുന്നുണ്ടെന്നു്. അതുകൊണ്ടു കേരളത്തിൽ മിഠായി ഫാക്ടറിക്കു കൂടുതൽ പഞ്ചസാര കൊടുക്കുന്നുവെന്നു്. മുപ്പതും നാല്പതും ചാക്കു പഞ്ചസാര വിതരണം ചെയ്തു നാലായിരം രൂപാവരെ സമ്പാദിക്കാൻ ചിലർക്കു സൗകര്യം നൽകുന്നുണ്ടു്. ഇതിൻെറയെല്ലാം അടിസ്ഥാനത്തിൽ കേരളത്തിൽ ശരിയായ ജനാധിപത്യഭരണം തുടരാൻ ഈ ഗവണ്മെൻറിനു സാധ്യമല്ലെന്നു് മനസ്സിലാക്കിയിട്ടാണു് ഞങ്ങളുടെ പാർട്ടി ഈ അവിശ്വാസപ്രമേയത്തെ അനുകൂലിക്കുന്നതു്.

സർ, ശ്രീ. പി. ടി. ചാക്കോയെ സംബന്ധിച്ചു് ഒരു റഫറൻസു നടത്തുന്നതിനു് ഇന്നത്തെ മുഖ്യമന്ത്രി അനുവദിച്ചില്ല എന്നാണു് എനിക്കു് അറിയാൻ സാധിച്ചതു്.

ശ്രീ. ആർ. ശങ്കർ: റഫറൻസു നടത്തുന്നതും മുഖ്യമന്ത്രിയുമായി യാതൊരു ബന്ധവുമില്ലെന്നു് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. കെ. ഹസ്സൻഗനി: ഹൗസിൻെറ ലീഡറുടെ അഭിപ്രായം കൂടി അറിഞ്ഞിട്ടാണു് ബഹുമാനപ്പെട്ട സ്പീക്കർ നടപടികൾ തുടരുന്നതെന്നാണു് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. ഞങ്ങളുടെ പാർട്ടി ലീഡർ ബഹുമാനപ്പെട്ട സ്പീക്കറുടെ പേരിൽ ഒരു അവിശ്വാസപ്രമേയത്തിനു നോട്ടീസു് കൊടുത്തതുതന്നെ ഇത്തരം നടപടികൾ മേലാൽ തുടരാതിരിക്കാനാണു്. നോട്ടീസു് ഏതായാലും ഞങ്ങൾ പ്രസ്ചെയ്യുന്നില്ല. കാരണം ബഹുമാനപ്പെട്ട സ്പീക്കറോടു് ഞങ്ങൾക്കു് അശേഷം അവിശ്വാസമില്ല എന്നുള്ളതാണു്. സർ, ഈ മന്ത്രിസഭയുടെ മേലിലുള്ള അവിശ്വാസ പ്രമേയത്തെ ശക്തിയായി ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ഇ. പി. ഗോപാലൻ: സ്പീക്കർ സർ, 1959-ൽ കമ്മ്യൂണിസ്റ്റു് മന്ത്രിസഭയെ മറിച്ചിടാൻവേണ്ടി ഒരു കുററപത്രവും തലയിൽപേറി ദൽഹിക്കു പോയ കെ. പി. സി. സി. പ്രസിഡൻറു് ശ്രീ. ആർ. ശങ്കറിൻെറ ചിത്രം എൻെറ മുൻപിൽ വരികയാണു്. ഇപ്പോഴോ ? അഴിമതി, സ്വജനപക്ഷപാതം, കൈക്കൂലി, ടക്കു്, കവളപ്പാറ മൂപ്പിലെ ഭൂമി പതിക്കൽ, കായൽ നികത്തൽ എന്നിത്യാദി വ്രണങ്ങൾ ശരീരമാസകലം പൊട്ടി ഒലിച്ചു് ദുർഗ്ഗന്ധം വമിച്ചുകൊണ്ടു് ഒന്നുപോയി കിട്ടിയാൽമതി എന്നമട്ടിലുള്ള ചിത്രം ഇപ്പോൾ എൻെറ മുമ്പിലുണ്ടു്. അന്തരാളഘട്ടത്തിൽ സംഭവിച്ചവ പറയാൻ ഇപ്പോൾ സമയമില്ല. ആ ഭാഗത്തുനിന്നു് ഭരണകക്ഷിയിൽപ്പെട്ടവർ സ്ഥാപിതതാൽപ്പര്യ വർഗ്ഗീയ കൂട്ടുകെട്ടുണ്ടാക്കിയതിൽ അല്പം പശ്ചാത്താപം പ്രകടിപ്പിച്ചതായി കണ്ടു. കാർഷികബന്ധനിയമത്തിൽ ജന്മിമാർക്കനുകൂലമായി, കർഷകർക്കെതിരായി നിങ്ങൾ ഭേദഗതികൾ വരുത്തിയതു് തെററായിരുന്നില്ലേ ? അതുപോലെതന്നെ വിദ്യാഭ്യാസ ആക്ററിൽ അദ്ധ്യാപക ലക്ഷങ്ങൾക്കെതിരായി, മാനേജ്മെൻറുകൾക്കനുകൂലമായി ഭേദഗതിവരുത്താൻ നിങ്ങൾ കൂട്ടുനിന്നതു് തെററായിപ്പോയെന്നു ഇപ്പോൾ സമ്മതിക്കാൻ തയ്യാറാണോ ? അതുപോലെതന്നെ ഈ സംസ്ഥാനത്തെ ലക്ഷക്കണക്കിനുള്ള കർഷകതൊഴിലാളികൾക്കു മിനിമം വേജസ്സു നിജപ്പെടുത്തുന്ന കാര്യത്തിൽ നിങ്ങൾ അമാന്തം കാണിച്ചതു്

LIBRARY ARCHIVES Kerala Legislative Assembly

തെററല്ലേ? ഇങ്ങനെ ഈ നാട്ടിലെ ബഹുഭൂരിപക്ഷം ആളുകളുടെ താൽപര്യങ്ങൾക്കെതിരായി നിങ്ങൾ കളിച്ച കളികൾക്കെല്ലാം ഇപ്പോൾ ഒരു തിരിച്ചടി ഉണ്ടായിരിക്കുകയാണ്. അതു നിങ്ങൾ കൊണ്ടേ പററൂ. അതിൽനിന്നു ഒഴിഞ്ഞുമാറാൻ യാതൊരു നിവൃത്തിയുമില്ല. ഈ അടി കൊണ്ടു നിങ്ങൾ വീഴണം. വീഴുമ്പോൾ നിങ്ങൾക്ക് ശ്മശാനവൈരാഗ്യം ഉണ്ടാവുകയല്ലേ? ഇങ്ങനെതന്നെയാണ് ശ്മശാനവൈരാഗ്യം വരിക. ഈ മന്ത്രിസഭയെ സംബന്ധിച്ചുന്നയിക്കപ്പെട്ട ആരോപണങ്ങൾ അന്വേഷണ വിധേയമാക്കണമെന്ന് ഈ സഭയിലെ എല്ലാഭാഗത്തുനിന്നും ആവശ്യപ്പെട്ടതല്ലേ? എന്നിട്ടും നിങ്ങൾ അതിനു തയ്യാറായില്ല. ഇന്നു നിങ്ങൾ വീഴാൻനിൽക്കുകയാണ്. പോകുന്ന അവസരത്തിൽ നിങ്ങൾ ചെയ്തിട്ടുള്ള ദുഷ്ചെയ്തികൾ വൈററുവാഷ് ചെയ്തു പോകാൻ വെമ്പുകയാണ്. ഇപ്പോൾ നിങ്ങളെ എതിർക്കാൻ സ്വന്തം പാർട്ടിയിൽതന്നെ ആളുകൾ ഉണ്ടായിരിക്കുന്നു. അവിശ്വാസപ്രമേയത്തെ അനുകൂലിക്കുന്ന ചിലരുടെ യജമാനന്മാർ വെളിയിലുള്ളവരാണെന്നാണ് നിങ്ങളുടെ മഹാവീരനായ ശ്രീ. എസ്. കെ. പാട്ടീൽ പറയുന്നതു്; ആയിരിക്കാം. എന്നാൽ അവരെ കണ്ടെത്താൻ, ഇത്രയും പാടുപെട്ട ശ്രീ. പാട്ടീലിന്റെ യജമാനന്മാരോ, ഇൻഡ്യയ്ക്കു പുറത്താണ്. എന്നിട്ടും അദ്ദേഹം മന്നത്തിനെ കണ്ടു. ബാഫഖി തങ്ങളെ കാണാൻ ഉത്സാഹിച്ചു!

സർ, ഈ മന്ത്രിസഭ, ഈ ഗവണ്മെൻറ് ചെയ്തിട്ടുള്ളതു് അഴിമതി, സ്വജനപക്ഷപാതം മുതലായവ മാത്രമല്ല. ഈ സംസ്ഥാനത്തിന്റെ ഒരു ഭാഗമായ മലബാറിനെ ഇവർ അങ്ങേയററം അവഗണിച്ചുകളഞ്ഞു. മലബാർഭാഗത്തെ, ഭരണകക്ഷിയിൽപ്പെട്ടവർക്ക് ഭൂമിവാങ്ങാനായിട്ടാണ് ഇവർ ഉപയോഗിക്കുന്നതു്. ഭരണകക്ഷിക്ക് ഇരുന്ന് നിരങ്ങാനുള്ള സ്ഥലമായിട്ടാണ് മലബാറിനെ ഇവർ കരുതിയിരിക്കുന്നതു്. ഈ രാജ്യത്തെ പദ്ധതി പ്രവർത്തനങ്ങളിൽ ഇവർ കാര്യമായി ശ്രദ്ധിച്ചിട്ടുണ്ടോ; വികസന പ്രവർത്തനങ്ങളിൽ ഇവർക്ക് താല്പര്യമില്ല. വ്യവസായരംഗത്തു് എന്തെങ്കിലും പുരോഗതി ഇവർ ഉണ്ടാക്കിയിട്ടുണ്ടോ? ജന്മിമാരേയും, മുതലാളിമാരേയും വർഗീയവാദികളെയും തൃപ്തിപ്പെടുത്തിക്കൊണ്ടുള്ള ഒരു ഭരണമാണ് ഇവിടെ നടക്കുന്നതു്. ഇവർക്ക് നിൽക്കക്കള്ളിയില്ലാതെ വന്ന ഒരു അവസരത്തിലാണ് 1959—60—ൽ ഇവർ കമ്മ്യൂണിസ്റ്റ്‌വിരുദ്ധ കൂട്ടുകെട്ടുണ്ടാക്കിയതു്. ആ കഥകൾ എല്ലാവർക്കും അറിയാവുന്നതാണ്. അതിന്റെ ശക്തിയായ തിരിച്ചടിയാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നതു്. ഇവരെന്തെല്ലാം ചെയ്തു? പോലീസ് വെരിഫിക്കേഷൻമൂലം എത്ര സാധുകുടുംബങ്ങളെ ഇവർ നാശമാക്കി. പോലീസ് വെരിഫിക്കേഷൻ ഭരണകക്ഷിയിൽപെട്ടവർക്ക് പണം സമ്പാദിക്കാനുള്ള ഒരു മാർഗ്ഗമായി നിങ്ങൾ ദുരുപയോഗപ്പെടുത്തിയിട്ടില്ലേ? അത്തരം ദ്രോഹപ്രവൃത്തികൾക്കെല്ലാം ഇന്നു എണ്ണിയെണ്ണി കണക്കു പറയേണ്ടതല്ലേ? പാവപ്പെട്ടവരേ സംബന്ധിച്ചിടത്തോളം എല്ലാത്തരം കെടുതികളും വരുത്തിവച്ചിട്ട് ഇപ്പോൾ പിന്നാക്കസമുദായങ്ങളുടെയും പാവപ്പെട്ടവരുടെയും സംരക്ഷകരായി ചമയാൻ ശ്രമിക്കുന്നതു് വിചിത്രം തന്നെ. നിങ്ങൾ ചെയ്തിട്ടുള്ള കെടുതികൾ പിന്നാക്കസമുദായക്കാരെയും പാവപ്പെട്ടവരെയും അങ്ങേയററം നശിപ്പിച്ചിരിക്കുന്നു. ഭക്ഷ്യകാര്യം തന്നെ അതിന് മതിയായ തെളിവാണ്. നമുക്കൊരു ഭക്ഷ്യവകുപ്പുമന്ത്രിയുണ്ടു്. അദ്ദേഹത്തിന്റെ പണി പ്രസ്താവന ഇറക്കലാണ്. ഒററപ്പൈസപോലും വില കുറയ്ക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. പ്രസ്താവന ഇറക്കിയാൽ അരിവില കുറയുമോ? അദ്ദേഹത്തിന്റെ പ്രസ്താവനകൾ കരിഞ്ചന്തക്കാർക്ക് പഞ്ചസാരപോലെ മധുരമുള്ളതാണ്. കരിഞ്ചന്തയെ കർശനമായി തടയുമെന്ന് ഗവണ്മെൻറ് പ്രഖ്യാപിച്ചിട്ടുണ്ടു്. ആററുനോററ് ആലപ്പുഴ കളക്ടർ ഒരു കരിഞ്ചന്ത കണ്ടുപിടിച്ചു. എന്തായി അതിന്റെ കഥ? ഇനിയാരെങ്കിലും കരിഞ്ചന്ത പിടിക്കാൻ മെനക്കെടുമോ? സാധനവില വാണംപോലെ കുതിച്ചുകയറുമ്പോൾ, കൺട്രോൾ സാധനങ്ങളുടെ വിലയെങ്കിലും നിയന്ത്രിക്കാൻ ഈ ഗവണ്മെൻറിനു സാധിച്ചിട്ടുണ്ടോ! കരിഞ്ചന്തക്കെതിരായി ഒരൊററ നടപടിയെങ്കിലും എടുത്തോ? ഒന്നും ചെയ്യാതെ ഈ സംസ്ഥാനത്തെ ഭക്ഷ്യപ്രശ്നത്തെ അമ്പേ തകരാറിലാക്കിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. പി. ഗോപാലൻ]

സർ, ഈ പൊന്നിൻ ചിങ്ങമാസത്തിലെ തിരുവോണം ഉണ്ണാൻ പററാത്തവരുണ്ട്. ഉത്രാടത്തിന്നാൾ രാത്രിവരെകാത്തു് ഒരു മണി അരിപോലും കിട്ടാതെ കണ്ണീരുമായി മടങ്ങിയവരെ ഞാൻ കണ്ടതാണ്. അപ്പോൾ തീർച്ചപ്പെടുത്തി അതിനുത്തരവാദികളായവർ വീണുപോകുമെന്നു്.

വ്യവസായരംഗത്തെ കാര്യം പറയുകയാണെങ്കിൽ ഒട്ടേറെ പറയാനുണ്ട്. ശ്രീ. ദാമോദരമേനോൻ ഇരുന്നു ചിരിച്ചാലും വേണ്ടില്ല, കരഞ്ഞാലും വേണ്ടില്ല. സംഗതിമോശമാണ്. തൊഴിലാളിരംഗത്തു് എന്തു ചെയ്തു? തൊഴിൽ ചെയ്യുന്നവരുടെ അവകാശം സംരക്ഷിക്കാൻ എന്തു ചെയ്തു? തൊഴിലാളികളുടെ എല്ലാ താല്പര്യങ്ങളെയും ചവുട്ടി മെതിച്ചുകൊണ്ടു് മുതലാളിമാർക്ക് പാദസേവ ചെയ്യുന്ന നയമാണിവിടെ അനുവർത്തിക്കുന്നതു്.

സർ, ലാ ആൻഡ് ആർഡർ ഇന്നു് ഇവിടെ നിലവിലുണ്ടോ എന്നകാര്യം തന്നെ സംശയമായിരിക്കുന്നു. സംസ്ഥാനത്തെ ഐ. ജി. യെ പിടിച്ചു് കളിപ്പിച്ചു് കളിപ്പിച്ചു ശരിപ്പെടുത്തിയിരിക്കുകയാണ്. മുൻ പോലീസ് ഐ. ജി, യായിരുന്ന ശ്രീ. കൃഷ്ണമേനോൻ എഴുതിയ ഒരു ഡി. ഒ. ലററർ, ഇന്നത്തെ ഐ. ജി.യെ സംബന്ധിക്കുന്നതു് പരസ്യമായിക്കഴിഞ്ഞതല്ലേ? ആ കത്തു് ശരിയായിട്ടുള്ളതാണോ? ശരിയാണെങ്കിൽ പ്രമോഷൻ ലഭിച്ച ഇന്നത്തെ ഐ. ജി. യുടെ പ്രമോഷന്നാധാരമായ പ്രത്യേകതകളെന്തെല്ലാമാണ്? വ്യഭിചാരം, മദ്യപാനം, കൊള്ളരുതായ്മ എന്നിവയെല്ലാം പ്രമോഷനു വേണ്ടുന്ന ഉപാധികളാണോ ഇവിടെ? അല്ലെങ്കിൽ ഇതൊക്കെ എങ്ങനെ സംഭവിച്ചു? അന്വേഷണ വിധേയമാക്കേണ്ട കാര്യമല്ലേ ഇതെല്ലാം? ഒന്നും ചെയ്യാതെ സംസ്ഥാനത്തിലെ പോലീസ് മേധാവിയെ കരുതി കൊടുക്കുകയല്ലേ ചെയ്യുന്നതു്?

അനർഹമായി പ്രമോഷൻ നൽകിയും, അവിഹിതമായി ഉദ്യോഗങ്ങൾ നൽകിയും, സർക്കാർ മെഷിനറി സ്വന്തമായ താല്പര്യങ്ങൾക്കുവേണ്ടി ദുർവിനിയോഗം ചെയ്തും നാലരക്കൊല്ലം ഈ സംസ്ഥാനത്തിൽ ദുർഭരണം നടത്തിയ നിങ്ങൾ ഇപ്പോൾ ഇറങ്ങിപ്പോകുമ്പോൾ ആരും ഒരുതുള്ളി കണ്ണീർ വീഴ്ത്തുകയില്ല. നിങ്ങൾ ചെയ്ത കെടുതികളുടെ ഭാരവും വഹിച്ചു് തലയും താഴ്ത്തി ഇറങ്ങിപ്പോവുക. ഈ നാലരക്കൊല്ലക്കാലമായി നിങ്ങൾ ഈ സംസ്ഥാനത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി എന്തു ചെയ്തു? എമ്പാടും നികുതികെട്ടി ഏഴകളെ കഷ്ടത്തിലാക്കിയില്ലേ? തോട്ടം ഉടമകൾക്ക് വലിയ വലിയ പ്ലാന്റേഷൻ ഉടമകൾക്ക്, നികുതി കുറച്ചുകൊടുത്തപ്പോൾ ഇവിടത്തെ പാവപ്പെട്ട ആളുകളുടെ കൈയിൽനിന്നും കൂടുതൽ കൂടുതൽ നികുതി ഈടാക്കുകയല്ലേ ചെയ്യുന്നതു്? പിരിച്ചെടുത്ത പണം എങ്ങനെ ചെലവഴിക്കുന്നു. നിങ്ങൾ നിങ്ങൾക്കു സ്വന്തമായ അഭിവൃദ്ധിയുണ്ടാക്കുന്നു. കാൺഗ്രസ്സ് ഭരണത്തിന്റെ തനിനിറമാണിവിടെ കാണുന്നതു്. നിങ്ങൾ വന്ന വരവും പോകുന്ന പോക്കും എന്തു പഠിപ്പിക്കുന്നു? കമ്മ്യൂണിസ്ററു വിരോധമാണ് നിങ്ങളുടെ പ്രധാന ആയുധം. അതുമെടുത്തു കളിച്ചാണ് നിങ്ങൾ വന്നതും നിന്നതും. അതു നിങ്ങൾ തുടരുകയാണെങ്കിൽ, നിങ്ങൾക്കു് രക്ഷകിട്ടില്ല. കമ്മ്യൂണിസ്ററു വിരോധത്തിന്റെ മറപററിനിന്നു് സ്വാർത്ഥലാഭമടിക്കാൻ മോഹിച്ച ആർക്കുംതന്നെ ഗുണം പിടിച്ചിട്ടില്ല. ചരിത്രം പഠിക്കണം. സ്വന്തം തടി നന്നാക്കാൻ മാത്രം ശ്രമിച്ചാൽ പോരാ. ചരിത്രം പഠിക്കണം. ഇവിടെ ചരിത്രം ആവർത്തിക്കുകയാണ്. നിങ്ങൾ തെററായ മാർഗ്ഗത്തിൽക്കൂടി അധികാരത്തിലിരുന്ന ഒരു ഗവണ്മെൻറിനെ താഴെയിറക്കി. നിങ്ങളെ താഴെയിറക്കുവാൻ നിങ്ങളുടെ ആളുകൾക്കൂടി തയാറായി. നിങ്ങൾക്കു് നന്മവേണമെങ്കിൽ കമ്മ്യൂണിസ്ററു വിരോധം കൈവെടിയാൻ തയാറാകണം. അതിനു നിങ്ങൾ തയ്യാറുണ്ടോ? ഇതിനു മുൻപു ഉണ്ടായിരുന്ന ഗവണ്മെൻറിനെ ഇറക്കിവിടാൻ നിങ്ങൾ അംഗീകരിച്ച കുത്സിത പ്രവൃത്തികൾ ഈ സന്ദർഭത്തിൽ നിങ്ങളെത്തന്നെ തിരിഞ്ഞു കുത്തുകയാണ്. ഈ കുത്തു് കൊള്ളേണ്ടവരാണു്. ഇതു് നിങ്ങൾ കൊള്ളണം, കൊണ്ടു താഴെ വീഴണം. ഇതു നിങ്ങൾക്കും ഞങ്ങൾക്കും മററാളുകൾക്കും ഒരു പാഠമായിരിക്കട്ടെ. ഈ സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളെ നിങ്ങൾക്കു് ഇഷ്ടമുള്ള ചില ആളുകൾക്കു് വീതിച്ചു കൊടുത്തില്ലേ? നിങ്ങൾ നിങ്ങളെമാത്രം നന്നാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

നോക്കി. ദേവസ്വം ഭൂമികൾ നിങ്ങളുടെ സഹായികളും പാർശ്വവർത്തികളും വീതിച്ചെടുത്തില്ലേ? കൊട്ടിയൂർ ദേവന്റെ ഭൂമി ദഹിക്കില്ലകേട്ടോ. നിങ്ങൾ ഇറങ്ങുകതന്നെവേണം. ഇത്തരം അഴിമതികളും അതിക്രമങ്ങളും കാണിച്ചിട്ടുള്ള നിങ്ങൾ ഒട്ടും വൈകാതെ ഇറങ്ങിപ്പോവുക. ഇതിൽ ആരും ദുഖിക്കാനില്ല. അഭിമന്യുവിന്റെ കഥ പറഞ്ഞു് സമാധാനിക്കാൻ നോക്കുന്ന കുറുപ്പേ അതു കൊണ്ടൊന്നും രക്ഷകിട്ടുകയില്ല. കഴിയുംവേഗം സ്ഥലം കാലിയാക്കുകയാണു് നല്ലതു്. അവിശ്വാസപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ടി. കൃഷ്ണൻ: ഈ നിയമസഭയിൽ നാലാമത്തെ അവിശ്വാസ പ്രമേയമാണു് ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. നാലാമത്തെ ഈ അവിശ്വാസ പ്രമേയത്തെ അനുകൂലിക്കുവാനുള്ള സൗകര്യം ഉണ്ടാക്കിയതു് ഇൻഡ്യൻ നാഷണൽ കാൺഗ്രസിനും ഞങ്ങളെപ്പോലുള്ള രാജ്യസ്നേഹികൾക്കും വളരെയധികം ഹൃദയവേദന ഉളവാക്കുന്ന ഒരു കാര്യമാണു്. കാൺഗ്രസ് എന്നു പറയുമ്പോൾ ഇൻഡ്യയിലെ ജനകോടികൾ കാണുന്നതു് മഹാത്മാ ഗാന്ധിയെയാണു്. മഹാത്മാ ഗാന്ധിജി വിഭാവന ചെയ്തിട്ടുള്ള ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിൽ കൂടിയാണു് ആളുകൾ കാൺഗ്രസ്സിനെ വിശ്വസിക്കുന്നതു്. മഹാനായ മഹാത്മാ ഗാന്ധിപോലും കാൺഗ്രസ്സിൽ നിന്നും വിട്ടുപോന്ന സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടു്. 1934—ൽ ബാംബെയിൽ വച്ചുകൂടിയ ഒരു സമ്മേളനത്തിൽ അദ്ദേഹം കാൺഗ്രസ്സിൽ നിന്നും വിട്ടു ഗ്രാമാന്തരങ്ങളിലേയ്ക്കു ഇറങ്ങി ഹരിജനങ്ങളെ സംഘടിപ്പിച്ചു, അവരെ ഉദ്ധരിച്ചു കാൺഗ്രസ്സിനെ ശക്തിപ്പെടുത്തുവാൻ പോകുകയാണെന്നു പറഞ്ഞിട്ടുണ്ടു്. അതിന്റെയെല്ലാം ഫലമായിട്ടു കാൺഗ്രസ് ഇന്നു മഹത്തായ ഒരു സംഘടനയായി വളർന്നു വന്നു. ആ സംഘടന കഴിഞ്ഞ നാലുകൊല്ലമായി കേരളത്തിൽ ഭരണം നടത്തിക്കൊണ്ടിരിക്കുകയാണു്. തിരഞ്ഞെടുപ്പു അടുത്തപ്പോൾ ആ സംഘടനയിലെ ചില ആളുകൾ തമ്മിൽത്തല്ലി പിരിയുകയും ചില ഗ്രൂപ്പുകൾ ഉണ്ടാക്കുകയുംചെയ്തു കാൺഗ്രസ്സിനെ ശിഥിലമാക്കിയെന്നു ഇവിടെ ആക്ഷേപിക്കുന്നതു കേട്ടു. ആരാണു് സർ, അതിനു ഉത്തരവാദികൾ. ഞങ്ങളുടെ സങ്കടം ഞങ്ങൾ ഹൈക്കമാൻഡിനെ അറിയിച്ചു. ഈ കഴിഞ്ഞ ഒന്നരകൊല്ലമായി ഒരു വിഭാഗം ആളുകൾക്കു നേരിടേണ്ടിവന്നിട്ടുള്ള ദുഃഖം എല്ലാവർക്കും അറിവുള്ള കാര്യമാണു്. ഹൈക്കമാണ്ടിന്റെ അടുക്കൽ ഞങ്ങൾ പതിനഞ്ചുപേരും ശക്തിയായ നിവേദനം നടത്തി. എന്നാൽ ഞങ്ങൾക്കു യാതൊരു മറുപടിയും കിട്ടുകയുണ്ടായില്ല. ഞങ്ങൾ ട്രോജൻ കുതിരകളാണെന്നും ഞങ്ങൾക്കു ഏതാനും ചില വ്യക്തികളാണു് യജമാനന്മാർ എന്നും മററും പറഞ്ഞു ചിലർ ഞങ്ങളെ അധിക്ഷേപിക്കുകയുണ്ടായി. കാൺഗ്രസ്സിനു ശ്രീ. മന്നത്തു പത്മനാഭനേയും കുളത്തുങ്കൽ പോത്തനേയും ഒരു കാലത്തു ആവശ്യമായിരുന്നു. മന്നത്തു പത്മനാഭനും മററും കാൺഗ്രസ്സിനു ഇനിയും ആവശ്യമുണ്ടെന്നുള്ള അഭിപ്രായക്കാരനാണു് ഞാൻ. വിമോചനസമരകാലത്തു മന്നത്തു പത്മനാഭനെ തേരിലേററി മുക്കൊടിയും ചുമത്തി കൊണ്ടു പോയ സന്ദർഭങ്ങൾ ധാരാളമുണ്ടായിട്ടുണ്ടു്. ആ അർത്ഥത്തിലാണു് ഇനിയും ആവശ്യമുണ്ടെന്നു കരുതുന്നകൂട്ടത്തിലാണു് ഞാനെന്നു പറഞ്ഞതു്. കമ്മ്യൂണിസ്ററു പാർട്ടിയുടെ ദുർഭരണം കൊണ്ടു് രാജ്യം പൊറുതിമുട്ടി നിന്നപ്പോൾ അവരിൽ നിന്നും രാജ്യത്തെ രക്ഷിക്കുന്നതിനു മന്നത്തു പത്മനാഭനേയും അതുപോലുള്ള നേതാക്കന്മാരേയും കൺഗ്രസ്സിനു ആവശ്യമായിരുന്നു. ഇനിയും അതുപോലെ ഒരു സന്ദർഭം വരികയാണെങ്കിൽ ഇവർ വേണ്ടിവരികില്ല എന്നു എങ്ങനെ പറയാം സാർ. കാൺഗ്രസ് പാർട്ടി അധികാരത്തിലിരിക്കുന്ന സന്ദർഭത്തിൽ അതിലുള്ള ചില ആളുകളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുകയും ഞങ്ങളെ അവഗണിക്കപ്പെടുകയും ചെയ്തതിന്റെ ഫലമായിട്ടാണു് ആ ബെഞ്ചിൽ നിന്നും മാറി ഒരു പ്രത്യേക ബ്ലോക്കായി ഇവിടെ ഇരിക്കുന്നതും. അടുത്ത തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ തന്നെ പോകുന്നുണ്ടു്. ഞങ്ങളെ അച്ചടക്കനടപടിക്കു വിധേയരാക്കുമെന്നു ചിലർ ഭീഷണിപ്പെടുത്തി. ഞങ്ങൾ ഇപ്പോഴും കാൺഗ്രസ്സുകാരാണു്. 1960-ലെ തിരഞ്ഞെടുപ്പു നടക്കുമ്പോൾ അറിയാം ജനങ്ങൾ ആരുടെ ഭാഗത്താണു് എന്നു്. ജനാധിപത്യ വിശ്വാസികൾ ആരാണെന്നും ജനസേവനം ചെയ്യുന്നവർ ആരാണെന്നും അടുത്ത തിരഞ്ഞെടുപ്പിൽക്കൂടി ഒരു ഗവണ്മെൻറു ഉണ്ടാക്കുവാൻ ഇടവരികയാണെങ്കിൽ അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കൃഷ്ണൻ]

കാണാം. ഈ ഗവൺമെൻറിൻെറ പേരിൽ പല ആരോപണങ്ങളും പ്രതിപക്ഷങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ആരോപണങ്ങളെ സംബന്ധിച്ചൊന്നും ഞാൻ പറയാൻ തയാറില്ല. അച്ചടക്കനടപടി ഞങ്ങളുടെ നേരെ എടുക്കുന്നെങ്കിൽ ആരും വിഷമിക്കാനില്ല, എടുക്കുന്നുവെങ്കിൽ എടുത്തോട്ടെ. സഹിക്കുവാൻ തയാറാണ്. മഹാത്മാ ഗാന്ധി കാൺഗ്രസ്സിൽ നിന്നും പുറത്തുപോകാനുള്ള സാഹചര്യം ഉണ്ടായിട്ടില്ലേ ? പാറശാലയിൽ നിന്നും കാൺഗ്രസ്സിനെ എതിർത്തു തോൽപ്പിച്ച ശ്രീ. കുഞ്ഞുകൃഷ്ണൻ നാടാർ ഇന്നു കാൺഗ്രസ് എം. എൽ. എ. ആണ്. ശ്രീ. എം നാരായണക്കുറുപ്പും ഇന്നു കാൺഗ്രസ് എം എൽ. എ ആണ്. കാൺഗ്രസ് സ്ഥാനാർത്ഥിക്കു പല പ്രാവശ്യംഎതിരായി നിന്നിട്ടുള്ള ശ്രീ. പി. എസ്. നടരാജപിള്ള ഇന്നു ജനാധിപത്യ വിശ്വാസിയായ ഒരു കാൺഗ്രസ് എം. പി. യാണ്. കാൺഗ്രസ്സിൽ നിന്നും വിട്ടുപോയവർക്കും കാൺഗ്രസ്സിൽ ഇല്ലാതിരുന്നവർക്കും കാൺഗ്രസിൻെറ കവാടം തുറന്നിട്ടിരിക്കുമെങ്കിൽ ഞങ്ങൾക്കുവേണ്ടിയും ഇനിയും ആ കവാടം തുറന്നു തന്നെയിരിക്കും. ഈ അവിശ്വാസപ്രമേയത്തെ ഞങ്ങൾ പതിനഞ്ചു പേരും അനുകൂലിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീമതി ലീലാ ദാമോദരമേനോൻ : സ്പീക്കർ സർ, ഈ അവിശ്വാസപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് സംസാരിച്ചിട്ടുള്ളവരിൽ ആരും ഒരു ആരോപണവും ഈ നിയമസഭയുടെ മുമ്പാകെ വച്ചിട്ടില്ല. കഴിഞ്ഞ ബഡ്ജററു സമ്മേളനത്തിൽ പറഞ്ഞ കാര്യങ്ങൾ ഒന്നുകൂടി ഇവിടെ ആവർത്തിക്കുകയാണ് ചെയ്തിട്ടുള്ളത്. ഈ പ്രാവശ്യം, അങ്ങാടിയിൽ തോററാൽ അമ്മയോട് എന്നമാതിരിആരോപണങ്ങൾ മന്ത്രിമാരെ വിട്ടു അവരുടെ ഭാര്യമാരെ പിടികൂടിയിരിക്കുകയാണ്. ഇന്നലെ ഈ സഭയിൽ മന്ത്രിയുടെ ഭാര്യമാരെപ്പററി പരാമർശിക്കുകയുണ്ടായി. ഇവിടെ എട്ടു മന്ത്രിമാർ ഉണ്ട്. അവക്കു ഭാര്യമാരും ഉണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : എട്ടു ഭാര്യമാരെയുള്ളോ ?

ശ്രീമതി ലീലാ ദാമോദരമേനോൻ ; അതേ. ഓരോന്നെയുള്ളു. ഒരു മെമ്പർ ഇവിടെ വീററു ഹൌസിനെക്കുറിച്ച് ആരോപണം ഉന്നയിച്ചു. മന്ത്രിയുടെ ഭാര്യ ഉള്ളതുകൊണ്ടാണ് വീററു ഹൌസ് പൂട്ടിയതിനു ശേഷവും ഗ്രാൻറു നൽകിയതെന്നു പറഞ്ഞു. വീററു ഹൌസ് ട്രിവാൻട്രം വിമൻസ് ക്ലബ്ബാണ് നടത്തുന്നത്. രണ്ടു മന്ത്രിമാരുടെ ഭാര്യമാർ അതിൽ അംഗങ്ങളായി ഉണ്ടായിരുന്നു. അതിൽ ഒരു മന്ത്രിയുടെ ഭാര്യയായ മിസിസ് പട്ടം താണുപിള്ള പോയി. പിന്നെയുള്ളത് ഞാനാണ്. ഞാൻ ഈ സഭയിലെ ഒരു മെമ്പറാണ്, ആക്ഷേപം ഉന്നയിച്ച മെമ്പർ എന്നോട് ഒരു മെമ്പർ എന്നുള്ള നിലയിൽ ആ കാര്യം നേരിട്ടു ചോദിക്കാമായിരുന്നു. ഇവിടെ രണ്ടു കാര്യങ്ങൾ പറഞ്ഞു. വീററു ഹൌസ് നഷ്ടത്തിലാണ് നടത്തുന്നത്. ആ നഷ്ടം ഗവൺമെൻറു പരിഹരിച്ചു എന്ന്. ട്രിവാൻട്രം വിമൻസ് ക്ലബ്ബ് വീററു ഹൌസ് ഏറെറടുത്തത് ചില നിബന്ധനകളുടെ അടിസ്ഥാനത്തിലാണ്. ഗവൺമെൻറു ക്ലബ്ബിനയച്ച കത്തിൻെറ ഒരു ഭാഗം ഞാൻ വയിക്കാം. '' Government suggest that the implementation of the scheme is left entirely to non-official organisations on a purely voluntary basis subject only to the payment of subsidy to meet the loss as may be provided for under the scheme. I request you to kindly let me know at a very early date whether the Women's Club would be prepared to undertake this work and, if so, your terms and conditions.

ഈ ഉപാധിയിലാണു ട്രിവാൻട്രം വിമൻസ് ക്ലബ്ബ് വീററു ഹൌസിൻെറ പ്രവർത്തനം ഏറെറടുത്തത്. അതിൽ നിന്നും വ്യക്തമാണ് നഷ്ടപരിഹാരം നൽകാൻ ഗവൺമെൻറു ബാധ്യസ്തമാണെന്ന്. ആദ്യത്തെ വർഷം നഷ്ടം വന്നപ്പോൾ ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചു അന്വേഷണം നടത്തുകയുണ്ടായി. ആ ഉദ്യോഗസ്ഥൻെറ അന്വേഷണ റിപ്പോർട്ടിലെ ചില ഭാഗങ്ങൾ ഞാൻ ഇവിടെ വായിക്കാം:

LIBRARY ARCHIVES Kerala Legislative Assembly

As already observed the Club has incurred a loss viz. Rs. 4,286.04 till 31-8-1961 i. e, during the last 3 months. The present situation is such that unless a financial assistance of Rs. 6,000 in round figures to meet (1) the loss, (2) the capital expenditure incurred already, and (3) for stocking provisions in bulk for the future is given, it may not be in a position to continue the business.

It is hoped that the changes effected will reduce the loss at least by Rs. 700 per month and a further loss of about Rs. 700/ on an average will have to be incurred under the present prevailing circumstances by the Club if the same is to be run with a view to popularise wheat and its products.

സർ, ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നെയും ട്രിവാൻട്രം ക്ലബ്ബ് ഗവണ്മെന്റിനോട്ട് സഹായം അഭ്യർത്ഥിക്കുകയുണ്ടായി. ഇതു തുടരെ നഷ്ടത്തിൽ നടക്കുന്ന എന്നു കണ്ടിട്ട് സ്ഥാപനം പൂട്ടിയിടുകയും കരാർ പ്രകാരം നഷ്ടപരിഹാരം നൽകാൻ ഗവണ്മെന്റു ബാദ്ധ്യസ്ഥരാവുകയും ചെയ്തതാണ്. അതിന്റെ ഉത്തരവാദിത്വം ട്രിവാൻട്രം വിമൻസ് ക്ലബ്ബ് സെക്രട്ടറിക്കും വീററു ഹൌസ് കൺവീനർക്കുമാണ്. ബോർഡ് ഓഫ് റവന്യൂ അഡീഷണൽ സെക്രട്ടറി (സിവിൽ സപ്ലൈസ്) ഈ കമ്മററിയിലെ ഒരംഗമാണ്. അവിടെ കൊടുക്കുന്ന മൈദയും പഞ്ചസാരയും എടുക്കുന്ന എന്നുള്ളതാണ് മറെറാരു ആരോപണം ഉണ്ടായതു്. ട്രിവാൻട്രം വിമൻസ്ക്ലബ്ബ് സ്തുത്യർഹമായ പല സ്ഥാപനങ്ങളും നടത്തുന്നുണ്ട്. ഒരു വീററു ഡെമോൺസ്ട്രേഷൻ യൂണിററു തന്നെ നടത്തുന്നുണ്ട്. അതു കണ്ടിട്ടാണോ ഈ ആരോപണം പറയുന്നതെന്നു എനിക്കറിഞ്ഞുകൂടാ. യാഥാർത്ഥ്യം മനസ്സിലാക്കാതെ ഇവിടെ ചെയ്ത പ്രസ്താവനകൾ പിൻവലിക്കണമെന്നു ഞാൻ അവരോട്ട് ആവശ്യപ്പെടുകയാണ്. ഈ സ്ഥാപനം പൂട്ടിയതിനുശേഷം അതിന്റെ പേരിൽ ആരെങ്കിലും വല്ല കൃത്രിമങ്ങളും കാണിച്ചു പഞ്ചസാരയും മൈദയും വാങ്ങിയിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. അങ്ങനെയുണ്ടെങ്കിൽ അവരുടെ മേൽ കർശനമായ നടപടികൾ സ്വീകരിക്കണമെന്നു ഞാൻ ഗവണ്മെന്റിനോട്ട് അഭ്യർത്ഥിക്കുകയാണ്. സമയമില്ലാത്തതുകൊണ്ട് ഈ സഭ മുമ്പാകെ വന്നിട്ടുള്ള അവിശ്വാസ പ്രമേയത്തെ തള്ളിക്കളയണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

<u>ശ്രീമതി കെ. ആർ. ഗൌരി:</u> സർ, പൊതുവിൽ മരണസമയത്തും ജീവിച്ചിരുന്നപ്പോൾ ചെയ്തുപോയ തെററുകളേയും കുററങ്ങളേയും ഏററു പറയുന്ന ഒരു സംപ്രദായം ഉണ്ട്. ഏതാണ്ട് അതുപോലെയാണ് കാൺഗ്രസിന്റെ ഭാഗത്തുനിന്നും സംസാരിച്ചിട്ടുള്ള

9 A. M] ശ്രീ. സ്റ്റീഫനും ശ്രീ. ഗോപിനാഥപിള്ളയും എല്ലാം കഴിഞ്ഞ കാലങ്ങളിൽ അവർ ചെയ്തിട്ടുള്ള കുററങ്ങളേയും തെററുകളേയും സംബന്ധിച്ച് ഏററുപറയുകയുണ്ടായതു്. സർ പറച്ചിലുകൾ ഒന്നുംതന്നെ ഞാൻ വിശ്വസിക്കുന്നില്ല ഞാൻ മൂന്നുനാലു പ്രാവശ്യം ഇവരുടെ ഈ ഏററു പറച്ചിലുകൾ അസംബ്ലിയുടെ പ്രതിപക്ഷഭാഗത്തിരുന്ന് കേട്ടിട്ടുള്ളതാണ്. 1953—ലും 55—ലും പനമ്പിള്ളി ഗോവിന്ദമേനോൻ അന്ന് ഇവിടെ കാൺഗ്രസ്സിന്റെ ചീഫ് മിനിസ്റ്ററായിരുന്ന കാലത്തു് ആത്മാർത്ഥമായി, തുറന്നുകരഞ്ഞു പറയുകയുണ്ടായി കാൺഗ്രസ്സിന്റെ മന്ത്രിസഭ പോകലിനുള്ള പ്രധാനകാരണം കാൺഗ്രസ്സിനകത്തുള്ള കുതികാൽവെട്ടലും ചേരിതിരിവുകളും ആണെന്നു്. കാൺഗ്രസ് ചെയ്തിട്ടുള്ള, കുററങ്ങൾ ഒടുവിൽ അവർ തന്നെ ഏററു പറയുക ഒരു സാധാരണ സംഭവമാണ്. ഇങ്ങനെ ഏററു പറഞ്ഞിട്ട് പിന്നെയും കോൺഗ്രസ്സ് തെററുകളും കുററങ്ങളും ആവർത്തിക്കുകയാണ് ചെയ്യുന്നതു്. 1959—ൽ വിമോചന സമരം നടന്നു. അന്ന് വിമോചന സമരം നടന്നതു് തെററാണെന്ന് പറഞ്ഞതിൽ ഞാനിന്നു ആഹ്ലാദിക്കുന്നു. ശ്രീ. സ്റ്റീഫൻ ഇന്നലെ പറയുകയുണ്ടായി വിമോചന സമരം നടത്തിയതു് തെററാണെന്നു്. ഇപ്പോഴെങ്കിലും അങ്ങനെ പറഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എം. സ്റ്റീഫൻ: ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഏതായാലും നിങ്ങൾ ചെയ്തിട്ടുള്ള കുറ്റങ്ങൾ ഏറ്റു പറയുകയെന്നതു് സ്വാഭാവികമാണ്. കോൺഗ്രസ്സിന്റെ ദേശീയ പ്രബുദ്ധത കോൺഗ്രസ്സിൽനിന്നും ഭുവനേശ്വരത്തിലെ ദേശീയമാകുന്ന ബോധിവൃക്ഷത്തിന്റെ കീഴിൽ ഇരുന്നുകൊണ്ടു് വിമോചനസമരകാലത്തു് ചെയ്തിട്ടുള്ള കുറ്റങ്ങൾ ഏറ്റു പറയുകയാണ്. 1959 മുതൽ 1964 വരെ നമ്മുടെ രാജ്യത്തു് നോക്കുകയാണെങ്കിൽ ഓരോദിവസം ചെല്ലുംതോറും വർഗ്ഗീയതകൂടി വരികയാണെന്നു് കാണാവുന്നതാണ്. ഇന്നു് നിങ്ങൾ വർഗ്ഗീയത ഇല്ലെന്നു് അവകാശപ്പെടുന്നു. ദേശീയതയുടെ കൂടുതൽ കൊണ്ടാണു് ഇപ്പോൾ കോൺഗ്രസ്സ് പാർട്ടിയിൽനിന്നും ഒരു വിഭാഗം ആളുകൾ മാറി നിൽക്കുന്നതു്. അവർ ഇപ്പോൾ എൻ. എസ്. എസ്. ന്റെയും കത്തോലിക്കരുടേയും തണലിലാണു് മാറിനിൽക്കുന്നതു്. അവർ അങ്ങോട്ടു മാറിനിന്നു കൊണ്ടു് ഇവിടത്തെ ഈഴവനായ ചീഫ്മിനിസ്റ്ററെ മാറ്റുന്നതിനുവേണ്ടി ശ്രമിക്കുകയാണ്. അവർ എങ്ങനെയാണു് ചീഫ്മിനിസ്റ്ററെ നേരിടുന്നതു്? വർഗ്ഗീയതകൊണ്ടു മാത്രമാണെന്നു് എല്ലാവർക്കും കാണാം. ഈഴവനെന്നുള്ള വർഗ്ഗീയതവെച്ചുകൊണ്ടു് ഇവിടത്തെ ചീഫ്മിനിസ്റ്ററെ നേരിട്ടിട്ടു് അവർ ഇങ്ങോട്ടു മാറിനിന്നുകൊണ്ടു് പറയുകയാണു് ഞങ്ങൾ വർഗ്ഗീയത ഇല്ലാത്ത ഒരു ദേശീയ പാർട്ടിയാണെന്നു്. നിങ്ങളുടെ മഹാനായ നേതാവു ശ്രീ. പട്ടീൽ ഇവിടെ വന്നപ്പോൾ വർഗ്ഗീയത ഇല്ലാതാക്കാൻ ആരേ പോയി കണ്ടുവെന്നു് നമുക്കെല്ലാവർക്കും അറിയാം. ശ്രീ. മന്നത്തു പത്മനാഭന്റെ അടുക്കൽപോയി സഹായം അഭ്യർത്ഥിച്ചു. സഹായം കിട്ടാതെ വന്നപ്പോൾ പുറത്തു ഇറങ്ങി പറയുകയുണ്ടായി, ഇവിടെ കോൺഗ്രസിൽനിന്നും മാറിനിൽക്കുന്നവരുടെ നേതാക്കന്മാർ പുറത്താണെന്നു്. ഇത്രയൊക്കെയായിട്ടും ഇവർക്കു് ദേശീയപാർട്ടിയെന്നും പറഞ്ഞു നടക്കാൻ നാണമില്ലേയെന്നാണു് ഞാൻ ചോദിക്കുന്നതു്.

ഇവിടത്തെ ചീഫ്മിനിസ്റ്ററും അദ്ദേഹത്തിന്റെ കോൺഗ്രസ്സുംകൂടി ചെയ്യുന്നതു് എന്താണ്? പിന്നോക്ക സമുദായത്തിലുള്ള മുഖ്യമന്ത്രി, ഈഴവനായ മുഖ്യമന്ത്രി, പിന്നോക്കസമുദായക്കാരുടെ നേതാവായ മുഖ്യമന്ത്രി പിന്നോക്ക സമുദായക്കാരെ സഹായിക്കാൻ വേണ്ടി എന്താണു് ഇവിടെ ചെയ്തതു്? അദ്ദേഹം കാശുകാർക്കു് ആവശ്യമുള്ള സഹായങ്ങളെല്ലാം ചെയ്തുകൊടുത്തിട്ടുണ്ടു്. കാശുകാർക്കു് ലൈസൻസു് കൊടുത്തു, കോൺട്രാക്റ്റു കൊടുത്തു, ന്യായവിലഷാപ്പുകൾ അനുവദിച്ചു കൊടുത്തു, സ്കൂളുകൾ അനുവദിച്ചുകൊടുത്തു ഇങ്ങനെ മറ്റു പലതും കൊടുത്തിട്ടുണ്ടു്. എന്നാൽ പിന്നോക്ക സമുദായത്തിൽപ്പെടുന്ന പാവപ്പെട്ടവരായ ജന വിഭാഗങ്ങൾക്കുവേണ്ടി എന്തെങ്കിലും സഹായം ചെയ്തു കൊടുത്തിട്ടുണ്ടോ? അവർക്കു് ഈ രാജ്യത്തു് ഒരു വിധത്തിലും ജീവിക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാക്കികൊടുത്തു. അതാണു് ഇവിടത്തെ പിന്നോക്കസമുദായത്തിൽപ്പെട്ട ചീഫ് മിനിസ്റ്റർ ചെയ്തിട്ടുള്ളതു്. വർഗ്ഗീയതയെ വർഗ്ഗീയത കൊണ്ടു നേരിടുക, അങ്ങനെ വർഗ്ഗീയതയെ പെരുപ്പിക്കുക ഇതാണു് ഇന്നു് ഇവിടെ കാണുന്നതു്. വർഗ്ഗീയത വളർത്തി നിങ്ങൾ ഈ രാജ്യത്തെ നശിപ്പിക്കുകയാണു് ചെയ്യുന്നതു്. ഈ രാജ്യത്തിലെ സാധുക്കളായ ജനങ്ങൾ മുഴുവനും കോൺഗ്രസിനെ കാണുന്നതു് ഇങ്ങനെയാണ്. 1959-ൽ ഇവർ കത്തിച്ചിട്ടുള്ള വർഗ്ഗീയ ദീപം ഇപ്പോൾ ആളികത്തിക്കുകയാണു്. അതിൽക്കൂടി നിങ്ങൾ മുന്നോട്ടു ഭരണം നടത്തുകയാണ്.

പിന്നെ ഇവിടെ പറഞ്ഞു, ജനാധിപത്യത്തിൽ വിശ്വസിക്കുന്നവരാണു് കോൺഗ്രസ്സ് പാർട്ടിയെന്നു്. ശ്രീ. സ്റ്റീഫൻ ഇന്നലെ ഇവിടെ പറയുന്നതു കേട്ടു നിയമസഭയിൽ ഭൂരിപക്ഷം ഉള്ളവർ ഭരിക്കണമെന്നു്. ഞങ്ങൾ ഇവിടെ ഭരിച്ചിരുന്ന കാലത്തു് ഭൂരിപക്ഷം ഉണ്ടായിരുന്നു. അങ്ങനെ ഭൂരിപക്ഷം ഉണ്ടായിരുന്നപ്പോൾ തന്നെയാണു് ഞങ്ങൾ ഇവിടെനിന്നും ഇറങ്ങിപോയതു്. അന്നു് ഞങ്ങളുടെ പാർട്ടിയിലുള്ളവർ രണ്ടായി പിരിഞ്ഞു നിന്നു വോട്ടു ചെയ്തിട്ടില്ല. നിങ്ങൾ സായുധകലാപം ഇളക്കിവിട്ടു ഞങ്ങളെ ഇവിടെനിന്നും ഇറക്കിവിട്ടു. നിങ്ങൾ ഭൂരിപക്ഷം ഇല്ലാതായിട്ടും ഇറങ്ങി പോകാതെ ഇന്നിയും ഭരിക്കുകയാണു്.

അടുത്തതായി എനിക്കു് പറയുവാനുള്ളതു്. ഇവിടെ നടന്ന അറസ്റ്റിനെപ്പററിയാണു്. 30-ാം തീയതി ഇവിടെ സെക്രട്ടറിയേററിൽനിന്നും പുറപ്പെട്ട ഒരു ഓർഡർ ഇവിടത്തെ ചീഫ്മിനിസ്റ്റർ അറിഞ്ഞില്ലെന്നു് വിമാനത്താവളത്തിൽ വെച്ചു് പറയുകയുണ്ടായി. ഈ രാജ്യത്തെ ഭരണത്തലവൻ ഇവിടെ നടന്ന അറസ്റ്റിനെപ്പററി അറിഞ്ഞില്ലെന്നു പറഞ്ഞാൽ അതു് ഈ രാജ്യത്തിലെ ജനങ്ങൾ വിശ്വസിക്കുമോ? രാജ്യരക്ഷാ ചട്ടമനുസരിച്ചു് ആണു് അറസ്റ്റു ചെയ്തതെന്നു് പറയുന്നു. 30-ാം തീയതി സെക്രട്ടറിയേററിൽനിന്നും പുറപ്പെട്ട ഓർഡർ ഒപ്പിടാതെയാണോ പുറത്തിറങ്ങിയതു്. അതു് ഈ രാജ്യത്തെ ഭരണത്തലവൻ അറിഞ്ഞില്ലെന്നോ? എന്നെ രാത്രി മൂന്നു മണിക്കു് ഒരു സ്ത്രീപോലീസ് പോലും ഇല്ലാതെ ഉറങ്ങിക്കിടന്ന സ്ഥലത്തുനിന്നു് പിടിച്ചു ജയലിലാക്കുകയാണു് ചെയ്തതു്. എന്തിനാണു് ഇതൊക്കെ ചെയ്തതെന്നു വെച്ചാൽ അവിശ്വാസപ്രമേയം വരുമെന്നും അതിൽ വോട്ടു ചെയ്യാനുള്ള ഇട നൽകരുതെന്നുമുള്ള ഉദ്ദേശത്തിലായിരുന്നു. മുസ്ലീംലീഗു് അവിശ്വാസപ്രമേയത്തോടു എടുക്കുന്ന മനോഭാവത്തെപ്പററി ഒരു തീരുമാനവും അന്നു് എടുത്തിട്ടില്ലായിരുന്നു. ഞങ്ങൾ അവിശ്വാസപ്രമേയത്തെ അനുകൂലിച്ചു് വോട്ടു ചെയ്യുമെന്നുള്ള ബോദ്ധ്യം വന്നതുകൊണ്ടാണു് ഞങ്ങളെ പിടിച്ചു ജയിലിലാക്കിയതു്. ജനാധിപത്യത്തെ സംരക്ഷിക്കുന്നവരായ, ജനാധിപത്യത്തിൻെറ കാവൽക്കാരായ കാൺഗ്രസ്സുകാരാണു് ഇതെല്ലാം ചെയ്തതു്. ജനാധിപത്യമെന്നുപറഞ്ഞാൽ അവരവർ ഭരിക്കുക ആജീവാനന്തം ഭരിക്കുക തരപ്പെടുമെങ്കിൽ പ്രതിയോഗിയെ കൊല്ലുക, ഇതെല്ലാമാണു്. ഈ ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം, കാൺഗ്രസ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്കു് തീരെ വിശ്വാസമില്ല. ഇതു മാത്രമാണു് അവിശ്വാസപ്രമേയത്തെ സംബന്ധിച്ചു് ഞങ്ങൾ എടുത്തിട്ടുള്ള തീരുമാനം. ഈ മന്ത്രിസഭപോകുന്നതിൽ ശ്രീമതി ലീലാദാമോദരമേനോനുൾപ്പെടെ പലർക്കും സങ്കടമുണ്ടു്. ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നതിനുശേഷം സാധനങ്ങൾക്കു് അമിതമായ വിലക്കയററം ഉണ്ടായിട്ടുണ്ടു്. നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ സാധനങ്ങൾക്കുണ്ടായിരുന്ന വിലയും ഇപ്പോൾ ഇറങ്ങിപ്പോകാൻ സമയത്തു് സാധനങ്ങൾക്കുള്ള വിലയും തമ്മിലുള്ള അന്തരം കാണിക്കുന്നതിനു് ഞാൻ ചില കണക്കുകൾ ഇവിടെ വായിക്കാം. 1960-ൽ നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ ഈ നാട്ടിൽ സാധാരണ ജനവിഭാഗങ്ങൾ വാങ്ങിച്ചുകൊണ്ടിരുന്ന അരിയുടെ വില പതിമൂന്നണയായിരുന്നതു് ഇപ്പോൾ ഒരുരൂപ നാലണയായിരിക്കുകയാണു്. തീപ്പെട്ടിക്കു് 1960-ൽ മൂന്നു പൈസയായിരുന്നതു് ഇപ്പോൾ ആറര പൈസയായിരിയാണു്. സൺലൈററു സോപ്പിനു് 1960-ൽ നാലരയണയായിരുന്നതു് ഇപ്പോൾ എട്ടരയണയായിരിക്കുകയാണു്. പയറിനു് 1960-ൽ 13 ണ.യായിരുന്നതു് ഇപ്പോൾ രണ്ടു രൂപയായിരിക്കുകയാണു്. സാധനങ്ങളുടെവില ഇത്രയും വർദ്ധിച്ചിട്ടും ഇനിയും ഞങ്ങൾക്കു് അധികാരത്തിലിരിക്കണം എന്നുള്ള ഒരു വിചാരമേ നിങ്ങൾക്കുള്ളു. ഈ രാജ്യത്തെ ജനങ്ങൾക്കു് ഭക്ഷണം കൊടുക്കാൻ ബാദ്ധ്യതപ്പെട്ട ഒരു ഗവണ്മെൻറു ജനങ്ങൾക്കു ഭക്ഷണം കൊടുക്കുന്നില്ലെന്നു മാത്രമല്ല, ന്യായമായിട്ടുള്ള രീതിയിൽ ഭക്ഷണം കിട്ടണമെന്നാവശ്യപ്പെടുമ്പോൾ ജയലിൽ അയയ്ക്കുന്നതു് എന്തിനാണെന്നു് മനസ്സിലാകുന്നില്ല. മററു സംസ്ഥാനത്തിൽ കാൺഗ്രസ്സു സർക്കാർ ആത്മാർത്ഥമായിട്ടോ മററു പ്രതിപക്ഷ പാർട്ടികളുടെ സമ്മർദ്ദം കൊണ്ടോ ഭക്ഷണക്ഷാമം പരിഹരിക്കുന്നതിൽ എടുക്കുന്ന നടപടികൾ പോലും ഇവിടത്തെ ഗവണ്മെൻറു എടുക്കുന്നില്ല. അങ്ങനെയുള്ള നടപടികൾ എടുക്കുന്നില്ലെന്നു് മാത്രമല്ല ഈ ഗവണ്മെൻറു കൊള്ളക്കാർക്കും കരിഞ്ചന്തക്കാർക്കും സഹായങ്ങൾ ചെയ്തുകൊടുക്കുകയാണു് ചെയ്യുന്നതു്. ആലപ്പുഴയിൽ കച്ചവടക്കാരുടെ കൊള്ളയടി നടക്കുകയാണു്. റേഷൻ കടക്കാർ അവർക്കു് കിട്ടിയിട്ടുള്ള പഞ്ചസാരയുടെ ലൈസൻസ് വെച്ചു് വലിയ തോതിൽ കൊള്ളയടി നടത്തുകയാണു്. പാവപ്പെട്ട ജനങ്ങൾക്കു് വിതരണം ചെയ്യേണ്ട പഞ്ചസാരയിൽ ഒരു തരിപോലും കൊടുക്കാത്ത എത്രയോ കടക്കാർ ഇന്നു് നമ്മുടെ നാട്ടിലുണ്ടു്. അതുപോലെതന്നെ പലരും ഇന്നു് ഭക്ഷണസാധനങ്ങൾ പൂഴ്ത്തിവെച്ചിട്ടുണ്ടു്. പൂഴ്ത്തിവെച്ചിരിക്കുന്നതു് കണ്ടുപിടിച്ചെടുക്കാൻ ഈ ചീഫ്മിനിസ്റ്റർ തയ്യാറായിട്ടുണ്ടോ? ഈ മന്ത്രിസഭ അതിനുള്ള പ്രചോദനം

[ശ്രീമതി കെ. ആർ. ഗൗരി]

കൊടുത്തിട്ടുണ്ടോ? പൂഴ്ത്തിവെയ്പുകാർക്ക് എതിരായിട്ട് ഇതുവരെ എടുത്തിട്ടുള്ള നടപടികളെല്ലാം പരാജയപ്പെടുകയല്ലേ ചെയ്തിരിക്കുന്നത്. ഇങ്ങനെ പല കാരണങ്ങൾ കൊണ്ടും നിങ്ങൾ ഇവിടെനിന്നും ഇറങ്ങിപ്പോകേണ്ടതാണ്.

1955-ൽ ആവടി സോഷ്യലിസം വന്നു. 1955-ലെ ആവടി സോഷ്യലിസത്തെ തകർത്തിട്ട് 1963-ൽ ഭുവനേശ്വരം സോഷ്യലിസം വന്നു. ഇവിടെ പാട്ടം കൂട്ടി, വസ്തു ഒഴിപ്പിക്കലുകൾ നടന്നു. പിന്നോക്കസമുദായക്കാരനായ ചീഫ്മിനിസ്റ്റർ ഇവിടെ ഇരിക്കുമ്പോഴാണ് ഇതെല്ലാം സംഭവിച്ചത്. ഇതിനെയെല്ലാമാണ് സോഷ്യലിസമെന്ന് പറയുന്നതെങ്കിൽ അതിൽ ഞങ്ങൾക്ക് വിശ്വാസമില്ല, അംഗീകരിക്കാൻ ഞങ്ങൾ തയാറുമല്ല. ഇവിടെ കമ്മ്യൂണിസ്റ്റ് ഗവണ്മെന്റിന്റെ കാലത്ത് കർഷകതൊഴിലാളികൾക്ക് മിനിമംവേജ് നടപ്പിലാക്കി. എന്നാൽ മലബാർ ഭാഗത്ത് നടപ്പിലാക്കിയതിനെ റദ്ദാക്കുകയുണ്ടായി. മലബാർ ഭാഗത്തുള്ള കർഷകതൊഴിലാളികൾ പാവപ്പെട്ടവരാണ്. അതിൽ ഈഴവരും, മുസ്ലീങ്ങളും മററു പാവപ്പെട്ട ആളുകളും ഉണ്ട്. ഈ ഗവണ്മെന്റ് ഇവിടെ അധികാരത്തിൽ വന്നിട്ട് നാലരക്കൊല്ലത്തോളമായി. ഇതുവരെയെങ്കിലും നിങ്ങൾക്ക് മലബാർ ഭാഗത്ത് മിനിമംവേജ് നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ? അതിന് നിങ്ങൾ ശ്രമിച്ചിട്ടുണ്ടോ? പിന്നെ ആർക്കുവേണ്ടി നിങ്ങൾ ഭരിക്കണം. നിങ്ങൾ ഇവിടെ ഭരിക്കണമെന്ന് ഈ രാജ്യത്തിലെ ജനങ്ങൾക്കാർക്കും തന്നെ താൽപര്യമില്ല.

ഇവിടെ പറയുന്ന മറെറാരുവാദം കാൺഗ്രസ് ഗവണ്മെന്റില്ലെങ്കിൽ ഇവിടെക്കാവശ്യമുള്ള പദ്ധതി വിഹിതം കിട്ടുകയില്ലെന്നാണ്. രണ്ടാം പദ്ധതി തയാറാക്കിയപ്പോൾ ശ്രീ. ശങ്കർ കെ. പി. സി. സി. പ്രസിഡന്റായിരുന്നല്ലോ. അന്ന് നിങ്ങൾക്ക് അധികാരമില്ലെങ്കിലും പദ്ധതിവിഹിതത്തിനുവേണ്ടി ശുപാർശ ചെയ്യാമായിരുന്നില്ലേ? നാലാംപദ്ധതി തയാറാകുന്ന ഈ സന്ദർഭത്തിൽ ഒരു ഗവണ്മെന്റ് ഇവിടെയില്ലെങ്കിൽ നമുക്ക് കിട്ടേണ്ട വിഹിതം കിട്ടുകയില്ലെന്ന് പറയുന്നത് കേട്ടു. നിങ്ങൾ ഇവിടെ ഇരുന്നാൽ എന്തുഗുണമാണ് ഉള്ളത്? ഈ ഗവണ്മെന്റിന് സ്വന്തം കക്ഷിപക്ഷപാതം അങ്ങേയററം കൂടിക്കൊണ്ടിരിക്കുകയാണ്. കക്ഷിപരിഗണനവെച്ചുമാത്രമാണ് ഈ ഗവണ്മെന്റ് കമ്മിററികളെ നിയമിക്കുന്നത്. ഈ രാജ്യത്ത് സംഘടിപ്പിച്ചിട്ടുള്ള കോവാപ്പറേററീവ് സൊസൈററികൾക്ക് കൊടുത്തിട്ടുള്ള ലോണുകൾ, കടലാസിൽ മാത്രം ഉള്ള സൊസൈററികൾക്ക് കൊടുത്തിട്ടുള്ള ലോണുകൾ ഇതിനെപ്പററിയെല്ലാം നോക്കുകയാണെങ്കിൽ എല്ലാം കക്ഷിപരിഗണന വെച്ചുകൊണ്ടാണെന്നുകാണാം. പ്രതിപക്ഷ പാർട്ടികളിലുള്ളവർക്കാർക്കെങ്കിലും കൊടുത്തിട്ടുണ്ടോ? കാൺട്രാക്റ്റുകൾ നെഗോഷ്യേററു ചെയ്തു സ്വന്തം പാർട്ടിയിലുള്ളവർക്ക് കൊടുത്തു. പണക്കാർക്കും കായൽരാജാക്കന്മാർക്കും ഭൂഉടമകൾക്കും വേണ്ടി നിങ്ങൾ നിലകൊണ്ടു. വിദേശമൂലധന കുത്തകക്കാരെ രക്ഷിക്കാനുള്ള നടപടികളാണ് നിങ്ങൾ എടുത്തിട്ടുള്ളത്. ഒരു ജനാധിപത്യ ഗവണ്മെന്റിനുള്ള ചുമതല നിർവ്വഹിക്കുന്നതിലെല്ലാം നിങ്ങൾ പരാജയപ്പെട്ടിരിക്കുകയാണ്. ഈ ഗവണ്മെന്റ് ഇറങ്ങിപ്പോകേണ്ടതാണ്. പാവപ്പെട്ടവർക്കു വേണ്ടിയുള്ള ഒരു ഗവണ്മെന്റല്ല ഇത്. അതുകൊണ്ട് ആർക്കും വേണ്ടാത്ത ഈ ഗവണ്മെന്റിന്റെ ഭരണം അവസാനിക്കുക തന്നെ വേണം. ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

Shri P. Balachandra Menon : Mr. Speaker, Sir. On the 31st of July this year, the Kerala working classes expressed their opinion and desire and pronounced their judgment over the actions of this Government, which have been against the workers, middle classes, and the toiling sections of this State. This heroic action of the workers of Kerala was followed up by the Gujarat workers, the Bombay workers the U. P. workers, the Bihar workers and by the entire workers of India.

LIBRARY ARCHIVES Kerala Legislative Assembly

Why did they take such a course when the country was trying to forge ahead? At a time when we have to change the very structure of our economy the wo kers have to drop their tools down and this was because there was no other way to save themselves.

Your pol'cy has been a policy which was against the to'ling sections of the State. During the last Assembly session also we wanted you to do away with that policy. I am not going to speak about the various individual charges against the M nisters. But I want to concentrate on the food situation of the State and rights of the workers of the State. Your f od policy was a complete failure. Bourgeois economy has completely crashed.

The result is, it has accentuated the food cris's. Every time we asked you to change your policy; but you were not prepared to do that. At the Chief Ministers' Conference at New Delhi, the Central Government told the States that they could do as they like in regard to this question. But the Chief Minister and the Food Minister of the State thought that if only the restrictions in Tamil Nad and Andhra were removed it would be possible to get rice, at a lower price. Was that justifiable ? Thus you have allowed them to fix a higher price for the worst quality rice. Then what had happened ? Even then we were not able to get sufficient quantities of rice. Who was responsible for that. Have you taken any action against hoarders and mill owners? Our people were very tolerant. They have watched all along. They were prepared to forgive any evil of yours. But they cannot fo give you when you have taken away the last morsel of food from them. Sir, I come from Chittoor which is one of the surplus areas of the State. I have been asking this Ministry, especially the Food Minister, to open fair price shops there. You have got large numbers of fair price shops in the State. Cards a e now being distributed and new shops are being opened. There are Panchayats which have got no shops. You know the laws of Economics. The agricultural labourer is not getting sufficient rice. He is starving. The political workers are afraid to approach the people. When we approach them, they ask us: 'You are an M. L. A. and have you not got the responsib'lity of taking the necessary steps for the supply of rice to the people at a lower pr'ce? How can we then come here and support this M'nistry, which is responsible for the food scarcity in the State. Sir, how many times we have pointed out these things. We have been repeatedly requesting this Government to take a concrete decision. At the All India Labour Conference, it was decided that fair price shops should be set up in factories. You should have done that. But you have hit back the workers to a considerable extent and they revolted against you. Is it not correct to say that the people are angry against your action?

What is happening in your party? Is it not painful for political workers to see that their party is disintegrating? Mr. Stephen said that they were not able to solve the pr blems in a correct way. During the last Assembly Session, I had invited the attention of the House to the food problem and also spoke about 25 per cent wage increase to the workers and

LIBRARY ARCHIVES Kerala Legislative Assembly

[**Shri P. Balachandra Menon**]

the necessity for the introduction of State Trading in food grains. But you have not taken any action. The workers of Kerala under the HMS and AITUC demonstrated. The INTUC also stated that the policy of the Government was wrong, and the wo kers have got every right to demonstrate. But you have arrested the Leaders of various parties. Why ? You have done so for conducting peaceful demonstrations aga'nst your evil policy. Are we not justified in do ng that ? To demonstrate against the evil actions of any Government peacefully, was the great tradition of Mahatma Gandhi. Let not Mr. Patil be under the impression that he has been able to bring about some sort of understanding between the peoples here. He was seen contacting all manner of people here. He said later on that the people whom he had met were the masters of the p licies of the Congress Party here. If they want to bring about any change, then they can do that. But what they have to do is to stand along with the people of the State, redress their grievances, fulfil their rights etc. In all industries, where minimum wages are prescribed we have not been able to bring about any revision. We have been repeatedly asking the Government to do that. Also, we h ve been asking the Government to supply the Minimum Wages Board with sufficient facts and figures, so that they can revise the minimum wages. In the case of agricultural labourers, though the Minimum Wages Committee's report was sent to you months back, you have not put it into practice. Why are you hesitating ? The wo kers are toiling and the monopolists are accumulating their wealth. Should there not be an end to that ? Sir, I can say this much. You have been following a policy which was against the interests of plantation workers and such other kind of workers. We have been repeatedly ask'ng the Government to revise the minimum wages. A Minimum Wages Board was functioning for the last few months, but nothing could be done towards this end. Production has increased much; so also the work load. When the work load increased, the workers asked for some kind of increase in wages. You have refused. That resulted in a large number of plantation workers going on strike. You could not settle it yet. Some how or other we have come to a conclusion that the Plantation Committee would decide all those things. Sir, today the workers in the various fact ries are on strike. Innumerable strikes are going on in various parts of the State. Do not be under the impression that the kind of unity which you have created here will stand for a long time.

Mr. Balakrishna Pillai, in the course of his speech, praised the hon. Food Minister Mr. Poulose. Was it for depriving the workers from getting sufficient quantity of food stuffs ? Mr. Balakrishna Pillai did not see the sufferings of the people. Mr. Stephen is now seeing the people like a sinking pious Christian. It is too late for him. It is too late for you to understand the people. If we want to have a good Government take it from me that it is possible only if we co-operate with you. That is for the political parties to decide and the people to decide. We can build up a powerful Kerala by uniting ourselves. The present Government have failed to achieve that. You have failed to hear the call of the people. Let us all join to throw out the present Government and rebuild a new Kerala.

LIBRARY ARCHIVES Kerala Legislative Assembly

Shri V. R. Krishna Iyer: Mr. Speaker, Sir, Today, the 8th of September, will go indelibly in the history of Kerala as a day of revenge and a day of redemption. Here in this House, as I watch the passing out parade of the Congress junta, my mind goes back to the past, five years ago, when the Congress in Kerala, aided and abetted by the top leadership in Delhi, conspired with feudal and communal elements, made a foul play in the parliamentary game of democ acy to gain power. They did betray the people and came to power. After that they betrayed their brother parties and monopolised power; they now began to betray each other and concentrate power in a few hands. Of this story of betrayal and gloomy drama, I am witnessing the fifth Act here in this House. Now, even in the hour of crisis, the Indian National Cong ess has played a shady role, because a special envoy of the National Congress and of the Prime Minister of India came to this place and then began to c inge before the supreme feudal, communal and political arm in Kerala. Luckly he was disappointed. I would like to emphasise that in this State and elsewhere the Congress professions of secularism have been utterly falsified the Congress professions of socialistic policies have been utterly falsified, and therefore it is time they go away, because they must pay the penalty for all these. The wages of sin are undoubtedly death.

Now, your regime, this Government's regime, I must say, has assured the people the freedom to starve and the freedom to pay suffocating prices, if they want to live. They have considerable compassion and solicitude for the suffering of blackmarketeers and hoarders. When a Collector unsympathetically suspends the licence of a blackmarketeer, the Government in all their compassion hurries to stay that. People know what you are. This Government again, as I fancy, has given the freedom, particularly the officials, to augment their incomes unofficially and asked the people to contribute to this unofficial augmentation of income by bribery and corruption. Graft has become the order of the day. Not merely officials but even managers of schools and colleges, building owners, Committee Members, all take 'pagadi'. Why! Example has been set at the highest level of administration and others are simply copying it. It is at the top of the State, from knowledgeable former friends of this Government, all these are taking place. Something is rotten in the State of Denmark. When people ask for food they were given stone, when people's back-bone was broken because of the crushing difficulties in securing commodities and there was public demonstration in token of their protest, they were marched into jails and kept under detention. Again, in this State, Sir, is there fundamental freedom for the people? The police verification has been going on for some time past. Freedom of equal opportunity for employment under the State is available only, if there is a police approval, only if the party boss thinks well of the person and if there is favour of some top Congessmen. This Government has again gone a step further and extended the police verification even to aided school teachers, employment in public and private enterprises and everywhere. I was wondering when the time will come for the verification of the character and antecedents of this Government. Today, a couple of hours later, the people will pronounce upon the character and antecedents of this Ministry.

LIBRARY ARCHIVES Kerala Legislative Assembly

[**Shri V. R. Krishna Iyer**]

I would again say that the people have been convinced that they can achieve things from this Government only by black means, by bribery, and that people have lost faith in the cleanliness of the administration.

I would only emphasise on this occasion and recall what long ago in 1950, Prime Minister Nehru told a meeting of the Chemical Manufacturers Association, that he should have to'd the Kerala Congress politicians. "No Government can afford to ignore the urges of the common people. After all democracy has its basis on these very urges, and if any Government flouts them, it is pushed aside and another Government will take its place." Today this prophecy of Shri Jawaharlal Nehru stands vindicated in Kerala. Your Government has uniformly ill-treated all officials and thereby created discontent and they have all rushed to the High Court with writ petitions. Your Government has been exerting even for promotions, all kinds of obscure influences, with the result that the administration has come to a standstill. People are waiting for a change. How do you describe a Government which enforced police dossiers upon everybody for employment ? How would you describe a Government which detain people, when there is protest against food prices. Is it Police Raj ? Perhaps nowhere we can see the extraordinary spectacle of the Police chief being at cross purposes with the Chief Minister and the Chief Minister threatening to remove him from out of the State and the police chief saying that he would stay. Has any thing more humiliating and exasperating taken place in the history of the State, I ask ? Sir, this Government has made fun of the people's liberty. What happened the other day was under the Official Secrets Act journalists and pressmen. were arrested and tortured under the Chief Ministership of a man, of an honourable man, who himself was the editor of a newspaper and in turn was prosecuted once. I need not speak about the general inefficiency, the indifference and the callousness of the Ministry. Nothing gets done in the State, nothing gets moving in the State. People clamour but there is the deaf ear. I remember on this occasion what way back in 1962-63,while considering a routine matter, the High Court said that rules should be framed to regulate the grant of permits for buses. Of course if rules were framed patronage would cease and so this Government did not frame simple rules as has been done in other States. I would only say that the words of the High Court in a judgment, where they said that the Government of a welfare State is bound to do such things promptly, and issue rules for the guidance of the parties, went unheeded.

Before concluding, I would again say that the curses of the common people really bring about your downfall. If you really want to survive you have to break off your ties. If progress consists in taking bribes, the fees of politics are communalism. This Government have deliberately and consistently practised communalism and sown the seeds of corruption hidden, if possible and open, if inevitable. I know that among your Ministers here, there are some members, noble souls, pure individuals, but they are lost in company, so far as this Ministry is concerned I would only warn you before I conclude that if you coquet with communalism and if you cringe before the feudalists and you seek aid and succour of all reactionary

LIBRARY ARCHIVES Kerala Legislative Assembly

elements, you cannot hoax the people for long. Evil begets evil, today I see the working out of the nemesis. Way back in 1959, you were born in evil and today you die in evil. The memory of people is longer than what will suit your health.

<u>ശ്രീ. ടി. ഒ. ബാവാ</u> : സർ, ഈ മന്ത്രിസഭയ്ക്ക് എതിരായി പ്രതിപക്ഷത്തിലെ എസ്. എസ്. പി. നേതാവ് അവതരിപ്പിച്ചിട്ടുള്ള അവിശ്വാസപ്രമേയത്തെ കാൺഗ്രസേതരരെല്ലാം ഒരുമിച്ച് പിൻതാങ്ങുകയാണ്. ഇതിനു മുമ്പും ഇവിടെ അവിശ്വാസപ്രമേയങ്ങൾ പ്രതിപക്ഷത്തുനിന്നും പ്രതിപക്ഷവ്യക്തികളിൽനിന്നും വന്നിട്ടുണ്ട്; ചർച്ച ചെയ്തിട്ടും ഉണ്ട്. അതെല്ലാം സഭ തള്ളിക്കളയുകയാണു ചെയ്തിട്ടുള്ളത്. ഇന്ന് അവതരിപ്പിക്കപ്പെട്ടിട്ടുള്ള അവിശ്വാസപ്രമേയത്തിനുള്ള ഒരു പ്രത്യേകത ഈ ഭാഗത്തിരുന്ന 15 അംഗങ്ങൾ കൂറുമാറി പ്രത്യേക ഗ്രൂപ്പായി മാറിയിരുന്നുകൊണ്ട് ഈ പ്രമേയത്തെ അനുകൂലിക്കുന്നു എന്നുള്ളതുമാത്രമാണ്. മുമ്പു പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കപ്പുറം ഒന്നും തന്നെ ഇവിടെ ഇതുവരെ പ്രതിപാദിക്കപ്പെട്ടു കേട്ടില്ല. പുത്തനായി വലിയ ആരോപണങ്ങൾ വരുന്നു, പല പുതിയ ചാർജ്ജുകളും നിരത്തിവയ്ക്കാൻ പോകുന്നു എന്നെല്ലാം ഈ രാജ്യത്തുടനീളം പ്രചരണം നടത്തിയെങ്കിലും ഇതുവരെ പുത്തനായി ഒരൊററ ആരോപണംപോലും ഇവിടെ ഉന്നയിക്കപ്പെട്ടിട്ടില്ലെന്നുള്ളതാണു വസ്തുത. കഴിഞ്ഞകാലത്ത് ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങൾ ആവർത്തിക്കുകയാണു ഈ ഭാഗത്തുനിന്ന് അസൽ കാൺഗ്രസുകാർ എന്ന നാട്യത്തിൽ അപ്പുറത്തു മാറിനിൽക്കുന്നവർ ചെയ്യുന്നത്. അതിന് അവർ പറഞ്ഞു വരുന്ന ന്യായം ഇന്നു പി. ടി. ചാക്കോ മരിച്ചുപോയി എന്നുള്ളതാണ്. ശ്രീ. പി. ടി. ചാക്കോ ഉണ്ടായിരുന്നെങ്കിൽ ഈ അഴിമതികളൊന്നും ഈ രാജ്യത്തു നടക്കുകയില്ലായിരുന്നു എന്നാണു പത്തനാപുരം മെംബർ ഈ സഭാതലത്തിൽ പറഞ്ഞു കേട്ടത്. മുഖ്യമന്ത്രിയുടെ പേരിൽ അദ്ദേഹം പുറപ്പെടുവിച്ച ആരോപണങ്ങളെല്ലാം ശ്രീ. പി. ടി. ചാക്കോ മന്ത്രിസഭയിൽ ഇല്ലാതിരുന്ന കാലത്തു ഉണ്ടായതല്ലെന്നും, അദ്ദേഹം ഉണ്ടായിരുന്നകാലത്തു ഉന്നയിക്കപ്പെട്ടിട്ടുള്ളതാണെന്നും വളരെ വ്യക്തമാണ്. പുത്തനായി ഒന്നും കൊണ്ടുവരാൻ ഇല്ലാത്തനിലയിൽ മുമ്പ് തിരസ്കരിക്കപ്പെട്ട ആരോപണങ്ങൾ വീണ്ടും ഉന്നയിക്കുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ഈ അസൽകാൺഗ്രസ്സുകാർ അന്നു മുഖ്യമന്ത്രിക്കും വ്യവസായമന്ത്രിക്കും എതിരായി ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളുടെ പേരിൽ അമർഷം കൊണ്ടിട്ടുണ്ട്. കേരളാ കോൺഗ്രസ് കമ്മിററി നേതൃത്വം ഈ ആക്ഷേപങ്ങളെപ്പററി അന്വേഷിക്കണമെന്നു പറഞ്ഞപ്പോൾ, അതനാവശ്യമാണെന്നും, ആഭാസമാണെന്നും ഈ നാട്ടിൽ പ്രചരണം നടത്തിയവരാണിവർ. ഈ ആരോപണങ്ങൾ പ്രധാനമന്ത്രിയുടെ അന്വേഷണത്തിനു വിധേയമാക്കി മുഖ്യമന്ത്രി ശങ്കറിന്റെ ഭാര്യയുടെ വകയായിട്ടുള്ള വേളിയിലെ 9 ഏക്കർ കായലിന്റെ വിസ്തീർണ്ണവും സർവ്വേനമ്പരും അടങ്ങുന്ന രേഖകൾ ശ്രീ. സി. കെ. ഗോവിന്ദൻനായർ പണ്ഡിററ്ജിയുടെമുമ്പിൽ സമർപ്പിച്ചു. അതുപോലെ ചേലക്കരയുള്ള കുളപ്പാറ മൂപ്പിൽ നായരിൽ നിന്ന് ഏററു കൃഷിചെയ്തുവരുന്ന ഭൂമിയുടെ ആധാരത്തിന്റെ പകർപ്പും പ്രധാനമന്ത്രിയുടെ മുമ്പിൽ സമർപ്പിക്കുകയുണ്ടായി. ശ്രീ. ദാമോദരമേനോന്റെ പേരിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആക്ഷേപങ്ങൾക്ക് യാതൊരു രേഖയും ഇല്ലാതിരുന്നെങ്കിലും അതും പ്രധാനമന്ത്രിയുടെ അന്വേഷണത്തിനു വിധേയമാക്കി. കമ്മ്യൂണിസ്ററുപാർട്ടി നേതാവ് ശ്രീ. അച്യുതമേനോൻ ഇന്നലെ പറഞ്ഞുകേട്ടു ഒരു എക്സ് പാർട്ടി വിധിയാണുണ്ടായതെന്ന്. പണ്ഡിററ്ജിക്കുള്ള ബലഹീനത അദ്ദേഹത്തിന്റെ പാർശ്വവർത്തികൾക്കു അനുകൂലം ചെയ്യുന്നതാണെന്നും പറയുകയുണ്ടായി. ദേശാഭിമാനി പത്രാധിപരായ ശ്രീ. ഇന്ദുചൂഡനെ ആരോപണം പരസ്യപ്പെടുത്തിയ ആളെന്ന നിലയിൽ പണ്ഡിററ്ജി നോട്ടീസ് അയച്ചു വരുത്തി അദ്ദേഹത്തിന്റെ പക്കലുള്ള രേഖകൾ അവിടെ സമർപ്പിക്കാൻ പറയുകയും ഒരു പേഴ്സനൽ ഹീയറിംഗ് നടത്തുകയും ചെയ്ത കാര്യം ശ്രീ. അച്യുതമേനോൻ മറന്നുപോയിരിക്കണം. മുഖ്യമന്ത്രി ശങ്കറേയും, ശ്രീ. ദാമോദരമേനോനേയും, കെ. പി. സി. സി. പ്രസിഡൻറ് ശ്രീ. സി. കെ. ഗോവിന്ദൻ നായരേയും, ശ്രീ. സി. എം. സ്റ്റീഫനേയും സമൺസയച്ചുവരുത്തി രേഖകൾവച്ച് കാര്യങ്ങൾ മനസ്സിലാക്കി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. ഒ. ബാവാ]

യശേഷം, ഇൻഡ്യയിലുള്ള ഒരു ഹൈ ലീഗൽ ആഫീസറുടെമുമ്പിൽ അതു പരിശോധിക്കാൻ സമർപ്പിച്ചു. ഇതോടുകൂടി ശ്രീ. കെയ്റോണിന്റെ പേരിലുള്ള ആരോപണങ്ങളും അദ്ദേഹത്തിനെത്തന്നെ ഏൽപ്പിക്കുകയുണ്ടായി. അങ്ങനെ പരിശോധന നടത്തിയശേഷമാണ് കെയ്റോണിനെപ്പററിയുള്ള ആരോപണങ്ങൾ മറെറാരു കമ്മീഷനെകൊണ്ട് അന്വേഷിക്കാനും ഇവിടത്തെ മന്ത്രിമാരെപ്പററിയുള്ള ആരോപണങ്ങൾ വസ്തുനിഷ്ഠമല്ലാത്തതുകൊണ്ട് അന്വേഷിക്കേണ്ട കാര്യമില്ലെന്നും പ്രസ്താവിച്ചതു്. ഇതു് ഒരു ഏകകക്ഷീയമായ വിധിയാണെന്നു പറയുന്നതിൽ എന്തർത്ഥമാണുള്ളതെന്നു ഞാൻ ചോദിക്കുകയാണു്. ആ വിധി പുറത്തുവന്നപ്പോൾ, കൈകൊട്ടിക്കൂവി ശ്രീ. ശങ്കറിനെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് ഈ ആരോപണങ്ങൾ ഉന്നയിച്ച കെ. പി. സി. സി. നേതൃത്വത്തെ പത്തനാപുരം മെംബറും, മൂവ്വാററുപുഴ മെംബറും അപലപിച്ച വസ്തുത ഈ അവസരത്തിൽ ഞാൻ ഓർക്കുകയാണു്. ഇന്നു് ഉണ്ടായിട്ടുള്ള കാര്യം ശ്രീ. പി. ടി. ചാക്കോ മരിച്ചു എന്നുള്ളതാണു്. കേരളത്തിന്റെ ഭാഗ്യദോഷമെന്നല്ലാതെ മറെറാന്നും അതിനെക്കുറിച്ച് ഞാൻ പറയുന്നില്ല. ശ്രീ. പി. ടി. ചാക്കോ ഉണ്ടായിരുന്നുവെങ്കിൽ ഇന്നിവിടെ കാണുന്ന അപഹാസ്യമായ ഏർപ്പാട് ഉണ്ടാകുമായിരുന്നില്ലെന്നു ഞാൻ സമ്മതിക്കുന്നു. ശ്രീ. പി. ടി. ചാക്കോയെ മന്ത്രിസഭയിൽനിന്നും പുറത്താക്കണമെന്നു്, കഴിയുമെങ്കിൽ രണ്ടുമൂന്നു ദിവസങ്ങൾക്കകം പുറത്താക്കണമെന്നു അപ്പുറത്തിരിക്കുന്ന അസൽ കാൺഗ്രസ്സ് നേതാവ് ശ്രീ. കെ. എം. ജോർജ്ജ് ഈ മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ട വസ്തുത ഞാൻ മറച്ചുവയ്ക്കാൻ ആഗ്രഹിക്കുന്നില്ല. അദ്ദേഹം അന്നത്തെ കെ.പി.സി.സി. പ്രസിഡൻറിനോടും അതാവശ്യപ്പെടുകയുണ്ടായിട്ടുണ്ട്. ശ്രീ. ചാക്കോ രാജിവച്ചശേഷം ഈ രാജ്യത്തു നടക്കുന്ന കാര്യങ്ങളെക്കുറിച്ച് സൂക്ഷ്മമായി പരിശോധിച്ചുകൊണ്ടിരിക്കുമ്പോഴും, ശ്രീ. കെ. എം. ജോർജ്ജിൽനിന്നും ആവലാതികളൊന്നും വന്നിട്ടില്ല. ശ്രീ. ടി. എം. തൊമ്മൻ സത്യപ്രതിജ്ഞ ചെയ്തുകേറിയതുമുതൽ പി. ടി. ചാക്കൊക്കെതിരായി ഗൂഢാലോചന നടത്തിയെന്നു പറഞ്ഞു് ഒരു പ്രചരണപരിപാടി ആവിഷ്കരിക്കുകയും അതു് ഏറെറടുത്തു നടത്തുകയും ചെയ്കയുണ്ടായി എന്നു ഈ രാജ്യത്തെ സംഭവങ്ങൾ കണ്ടറിഞ്ഞിട്ടുള്ളവർക്കു മനസ്സിലാക്കാൻ കഴിയും. അതിനുശേഷം ശ്രീ. കെ. എം. ജോർജ്ജും അദ്ദേഹത്തിന്റെ പിന്നിലിരിക്കുന്ന ആളുകളുംകൂടി ഈ രാജ്യത്തു നടത്തിയതെന്താണെന്നു ഞാൻ ചോദിക്കുന്നു. തങ്ങൾ അസൽ കാൺഗ്രസുകാരാണെന്നു പറഞ്ഞുകൊണ്ടു കാൺഗ്രസിലെ ഉത്തരവാദിത്വമുള്ള മെമ്പറന്മാരായി ഈ സഭയിൽ ഇരുന്നുകൊണ്ടു അവർ പള്ളി ധ്വംസനങ്ങളുടെ പേരിൽ പ്രചരണയോഗങ്ങൾ സംഘടിപ്പിച്ച് ഈ രാജ്യത്തു് സമുദായവിദ്വേഷം ഇളക്കിവിടാൻ ശ്രമിക്കുകയുണ്ടായി. പള്ളി മേധാവികളും പുരോഹിത മേധാവികളും ഇതാപത്താണെന്നു മനസ്സിലാക്കി അവക്ക് താക്കീതു നൽകിയപ്പോൾ രക്ഷയില്ലെന്നു അവർ കണ്ടു. അപ്പോൾ ശ്രീ. പി. ടി. ചാക്കോ മരിച്ചു. ആ മരിച്ചയാളെ പൊക്കിപ്പിടിച്ചുകൊണ്ടാണു് രാഷ്ട്രീയ മുതലെടുപ്പു തുടങ്ങിയിരിക്കുന്നതു്. ചില കാര്യങ്ങൾ ശ്രീ. സ്റ്റീഫൻ ഇവിടെ പ്രസ്താവിച്ചു. ഇവിടത്തെ ഒന്നാമത്തെ മന്ത്രിസഭയെ പൊളിച്ചതു് ഈ രാജ്യത്തിന്റെ അഭിമാന സമ്പത്തായ ദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ദ്രവിച്ച എല്ലിൻകഷണങ്ങൾ പെറുക്കിക്കൊണ്ടുവന്നു പ്രചരണം നടത്തിയായിരുന്നുവെന്നുള്ളതു് നാം മറക്കരുതു്. ഇന്നു ശ്രീ. പി. ടി. ചാക്കോയുടെ ഭൗതികാവശിഷ്ടം കരസ്ഥമാക്കാൻ സാധിക്കാത്തതുകൊണ്ടു് അദ്ദേഹത്തിന്റെ പേരുംപറഞ്ഞു് അദ്ദേഹത്തിന്റെ ആത്മാവിനെ അലട്ടിക്കൊണ്ടു് രാഷ്ട്രീയ മുതലെടുപ്പിനു ശ്രമിക്കുന്ന ജൂഡാസുകളാണു് ഇവർ എന്നു ഈ രാജ്യത്തെ ബഹുജനങ്ങൾ മനസ്സിലാക്കണമെന്നുമാത്രമേ ഞാൻ പറയുന്നുള്ളു. ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ് പ്രസിഡൻറിനും, കേരളാ കാൺഗ്രസ്സ് കമ്മിററിയുടെ പ്രസിഡൻറിനും ശ്രീ. കെ. എം. ജോർജ്ജ് നിവേദനം സമർപ്പിച്ചു എന്നാണു പറയുന്നതു്. ആഗസ്ററ് 27—ാം തീയതി പോസ്ററു ചെയ്യപ്പെട്ട അന്ത്യശാസനമല്ലാതെ ഏതെങ്കിലുമൊരു തുണ്ടു കടലാസ്സ് എ.ഐ സി.സി.ക്കോ, കെ.പി.സി.സി.ക്കോ, അയച്ചിട്ടുണ്ടോയെന്നു ഞാൻ ചോദിക്കുകയാണു്. അങ്ങനെ യാതൊരു മെമ്മോറാണ്ടവും കൊടുത്തി

LIBRARY ARCHIVES Kerala Legislative Assembly

ട്ടില്ല. ശ്രീ കെ. എം. ജോർജ്ജും തോമസ് ജോണും ബോംബേയിൽ എ. ഐ. സി. സി. സമ്മേളനത്തിൽ നിവേദനംകൊടുക്കാൻ പോകുന്നു എന്നുള്ള യാത്രാപരിപാടി പത്രത്തിൽവരികയും അവർ അങ്ങോട്ട് പുറപ്പെട്ടിരിക്കുന്നതായി പരസ്യപ്പെടുത്തുകയും ചെയ്യുകയുണ്ടായി. പോയിട്ട് തിരിച്ചുവന്നു എന്നും പത്രത്തിൽ ഉണ്ടായിരുന്നു. ബോംബെയിൽ സമ്മേളനം നടക്കുന്നകാലത്തു് ഈ രണ്ടു സ്നേഹിതന്മാർ അവിടെ കാലെടുത്തു കുത്തിയിട്ടില്ല.

പക്ഷേ, ഇങ്ങനെ നുണപ്രചരണം നടത്തിക്കൊണ്ടു ഈ മന്ത്രിസഭയെ മറിച്ചിട്ടു തങ്ങളുടെ ഗൂഢോദ്ദേശം സാധിക്കുന്നതിനുവേണ്ടി വസ്തുതകൾ പുറത്തു വിടുകയോ യാഥാർത്ഥ്യങ്ങൾ പുറത്തു പറയുകയോ ചെയ്തിട്ടില്ല. കാൺഗ്രസ് ഹൈക്കമാൻറിനും കെ. പി. സി. സി. ക്കും ഒരു മെമ്മോറാണ്ടം ഇവർ ആഗസ്ററു 27—ാം തീയതി കൊടുത്തു എന്നു പറയുന്നു. അതിൽ പറഞ്ഞിട്ടുള്ള കാര്യം, അവർ അയച്ചിട്ടുള്ള കത്തിൽ പറഞ്ഞിട്ടുള്ള ഒരുകാര്യം ഞാനിവിടെ പരസ്യപ്പെടുത്താം.

"We the undersigned members of the Kerala Congress Legislature Party in meeting assembled do hereby resolve:—

(1) that the Chief Minister R. Sankar should relinquish forthwith the portfolios of Home Affairs and Education and subject himself to a judicial enquiry regarding the grave allegations against him" ഞാൻ ഒരു വാചകംകൂടി വായിക്കുകയാണു്.

(2) that proper representation be given to our group in the Election Committee and the Executive of the PCC

(3) that decision on these points be taken and communicated to us before the 2nd of September, 1964."

"We further resolve to inform the High Command that unless a favourable decision on these points is taken and communicated to us before the appointed time we will be constrained to withdraw our support to the present Government."

ഇതാണു് ആദ്യവും അവസാനവുമായി അവർ അയച്ചിട്ടുള്ള കത്തു്. ഈ കത്തല്ലാതെ ഒരു നിവേദനംപോലും എ. ഐ. സി. സി. ക്കോ, കെ. പി. സി. സി. ക്കോ അവർ അയച്ചിട്ടില്ലാ എന്നു ഞാൻ പറയുന്നു.

സർ, ഞാൻ അധികമൊന്നും പ്രതിപാദിക്കാനുദ്ദേശിക്കുന്നില്ല. ശ്രീമാൻ ചാക്കോയുടെ നിര്യാണത്തിനുശേഷം ഇവർ ഈ രാജ്യത്തു നടത്തിട്ടുള്ള പ്രചരണങ്ങൾ നമുക്കെല്ലാവർക്കും അറിയാവുന്നതാണു്. ഈ കഴിഞ്ഞ കാലത്തു ഇവിടെ നടത്തിട്ടുള്ള പ്രചരണപരിപാടികൾ എല്ലാം എടുത്തുനോക്കുകയാണെങ്കിൽ അതു ദുരുദ്ദേശപരമാണെന്നും ഈ രാജ്യത്തു ഒരു ജനാധിപത്യ സർക്കാർ ഉണ്ടായിരിക്കാൻ സമ്മതിക്കാതിരിക്കുന്നതായ മഹാരഥന്മാരുടെ കയ്യിൽ ഇവർ അകപ്പെട്ടുപോയിട്ടുണ്ടെന്നും കാണാം. സർ. ഇന്നു് അല്പംമുമ്പുതന്നെ ഇവിടെ നടന്ന പ്രസംഗത്തിൽനിന്നും അതു നമുക്കു വളരെ വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നതാണു്. എന്റെ യജമാനന്മാരും എന്റെ തമ്പുരാക്കന്മാരും ഈ രാജ്യത്തുണ്ടു്. അവരുടെ ആനുകൂല്യം ഇനിയും ഞങ്ങൾക്കു വേണം എന്നീ സഭാതലത്തിൽ പറഞ്ഞതു നാം മനസ്സിലാക്കികഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു യജമാനന്മാരുടെയും തമ്പുരാക്കന്മാരുടെയും ചൊല്പടിക്കു വിധേയമായി പ്രവർത്തിക്കുന്നു എന്നു ശ്രീമാൻ പട്ടീൽ ഇവിടെവച്ചുപറഞ്ഞതു ഒരു വാസ്തവമാണെന്നു ഇവിടെ തെളിയിക്കപ്പെട്ടു കഴിഞ്ഞു. അതുകൊണ്ടാണു് ശ്രീമാൻ പട്ടീൽ പറഞ്ഞതു്, അവരുടെ യജമാനന്മാർ പുറത്തുള്ളവരാണെന്നു്. അതുപോലെതന്നെ ഒരു സംഗതി എനിക്കു് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താതെ നിവൃത്തിയില്ല. കെ. പി. സി. സി. പ്രസിഡണ്ടു് തെരഞ്ഞെടുപ്പിൽ സ്കൂളുകൾകൊടുത്തു വോട്ടു മേടിക്കാൻ ശ്രമിച്ചു എന്നു ശ്രീമാൻ ഗോപാലക്കുറുപ്പു പറയുകയുണ്ടായി. അദ്ദേഹം സാധാരണ അങ്ങനെ പറയും. കെ. പി. സി. സി. യുടെ ഇന്നത്തെ ഘടന അതിന്റെ നേതൃത്വം മനസ്സിലാക്കീട്ടുള്ളവർക്കു അറിയാം. ശ്രീമാൻ ശങ്കറും അന്നത്തെ ആഭ്യന്തരമന്ത്രിയും കെ. എം. ജാർജ്ജും ഒന്നിച്ചു എതിർത്തിട്ടും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. ഒ. ബാവാ]

ഈ കേരള പ്രദേശത്തെ കാൺഗ്രസ് കമ്മിററിയിൽ ഏററവും പ്രഗത്ഭനായ ഒരു പ്രസിഡണ്ടുണ്ടായി എന്നു ഓർമ്മിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഇപ്പോഴും ഒരു പ്രസിഡണ്ടിനെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസിഡണ്ട് ഇലക്ഷനു വേണ്ടി സ്റ്റൂളിൻെറ പുറത്തുകയറിനിൽക്കാൻ ഈ കാൺഗ്രസ് ആഗ്രഹിക്കുന്നില്ല. പത്തനാപുരം മെമ്പർക്കു ആദ്യം മിഡിൽ സ്റ്റൂം കൊടുത്തു. പിന്നെ അതു ഹൈസ്കൂളായി ഉയർത്തി. എന്നിട്ടും ഇപ്പോഴും നായിൻെറക്കൂട്ട മുറുമുറുത്തുകൊണ്ടു നടക്കുകയാണ്. അരിയും തിന്നു ആശാരിച്ചിയേയും കടിച്ചു പിന്നെയും മുറുമുറുത്തു നായിൻെറക്കൂട്ട നടക്കുകയാണു ഇവർ, എന്നുള്ളതു പ്രതിപക്ഷത്തുള്ളവർ കൂടി മനസ്സിലാക്കിയാൽ നന്നായിരിക്കുമെന്നു മാത്രമേ ഞാനീയവസരത്തിൽ പറയുന്നുള്ളു. കെ. പി. സി. സി സ്കൂളുകൾ മേടിച്ചിട്ടില്ല. അതിലെ ഒരു മെമ്പർപോലും ഒരു സ്കൂം മേടിച്ചിട്ടില്ലാ എന്നു പറയാൻ ഈയവസരം ഞാൻ ഉപയോഗിച്ചുകൊള്ളട്ടെ.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സർ, ഒരു പായിൻറ് ആഫ് ആർഡർ. ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പറന്മാർ നായിൻെറക്കൂട്ട മുറുമുറുത്തുകൊണ്ടു നടക്കുന്നു എന്നു പറഞ്ഞാൽ എം. എൽ. ഏ.മാരെ ഒക്കെ ബാധിക്കുന്നതാണ്. നായിൻെറക്കൂട്ട നടക്കുന്നു എന്നു നായിൻെറക്കൂട്ടുള്ള ആളുകൾതന്നെ പറയുന്നതു ശരിയാണോ. നായിൻെറക്കൂട്ടന്നും നായിൻെറ മകനെന്നും മററും പറയുന്നതു ശരിയല്ല. അതുകൊണ്ടു അതു പിൻവലിക്കേണ്ടതാണ്.

മി. സ്പീക്കർ : നായ് എന്നു പറഞ്ഞാൽ ഇംഗ്ലീഷിൽ ഡാഗ് എന്നാണ്.

'Dog is the friend of man'

ശ്രീ. ടി. ഒ. ബാവാ : ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുകയാണ്. രാജ്യസഭാമെമ്പറന്മാരുടെ തെരഞ്ഞെടുപ്പിനെപ്പററി ഇവിടെ പരാമർശിക്കുയുണ്ടായി. അതിലേക്കുള്ള മെമ്പറാരാണെന്നു ഈ ആരോപണമുന്നയിച്ച മെമ്പറെ ഉപദേശിച്ചു കൊടുത്തതു ഞാനാണ്. അന്നു ഈ 15 മെമ്പറന്മാരിൽ ഒരാളെ ഒഴിച്ചു മറെറല്ലാവരും ശ്രീമതി ആനിതയ്യിലിനു് വോട്ടു ചെയ്യണമെന്നു വിപ്പു കൊടുത്തതാണ്. എന്നാൽ ഈ പതിനഞ്ചു പേരിൽ ആരൊക്കെയാണ് ആനിതയ്യിലിനു് എതിരായി വോട്ടു ചെയ്തതെന്നെല്ലാം ഞങ്ങൾക്കു മനസിലാക്കാൻ സാധിച്ചു, സ്ഥാപിതതാല്പര്യക്കാരുടെ പിടിയിൽ അമർന്നുകൊണ്ട് ഇങ്ങനെ അസംബന്ധങ്ങൾ പുലമ്പുന്നതാണ് അത്ഭുതം.

ശ്രീ. ഇ. പി. ഗോപാലൻ : സർ, ഒരു പായിൻറ് ആഫ് ആർഡർ. ഈ സീക്രററ് ബാലട്ട് സംപ്രദായമനുസരിച്ചുള്ള വോട്ടിംഗ് നടന്നുകഴിഞ്ഞാൽ പിന്നെ ഇന്നയിന്ന ആളുകൾ ഇന്നയിന്ന ആളുകൾക്കാണ് വോട്ടുചെയ്തതു് എന്നു സൂചിപ്പിക്കുന്നതുപോലും നിയമ പ്രകാരം കുററകരമാണ്. അങ്ങനെയുള്ള കാര്യങ്ങൾ ഈ നിയമസഭയിൽ പറയുന്നതും ആരോപണങ്ങൾ പുറപ്പെടുവിക്കുന്നതും ശരിയാണോ ?

മി. സ്പീക്കർ : ബാലട്ടിംഗിൻെറ സീക്രററ് പുറത്താക്കുന്നതു ശരിയല്ല. പക്ഷേ ഊഹങ്ങളും മററും പറയാം.

ശ്രീ. ടി. ഒ. ബാവാ : ഈ സന്ദർഭത്തിൽ എനിക്കു ഈ സഭയെ അറിയിക്കുവാനുള്ളതു ഈ സ്ഥാപിതതാൽപര്യക്കാരുടെ പിടിയിൽപ്പെട്ടുകൊണ്ടു അസ്സൽ കാൺഗ്രസുകാരായ ഇവർ കൊണ്ടുവന്നിട്ടുള്ള ആരോപണങ്ങൾ ദുരുദ്ദേശപരവും കഴമ്പില്ലാത്തവയുമാണെന്നാണ്. ഏതായിരുന്നാലും ഈവൈകിയവേളയിലെങ്കിലും അവർ അവരുടെ നിലപാടു ഒന്നു പുനഃപരിശോധന ചെയ്യണം എന്നു ഞാൻ അവരോട് അപേക്ഷിക്കുന്നു. അതുപോലെ എസ്. എസ്. പി. യും, മററു പ്രതിപക്ഷങ്ങളും എല്ലാവരുംതന്നെ ഈ അവിശ്വാസപ്രമേയത്തെപ്പററി പുനഃപരിശോധന ചെയ്യണമെന്നും അവർ ആത്മാർത്ഥമായി ചിന്തിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ജാൺ: എന്നെക്കുറിച്ച് ശ്രീമാൻ ബാവായുടെ പ്രസംഗത്തിൽ പരാമർശിക്കുകയുണ്ടായി. അതിനു എനിക്കു് ഒരു പേഴ്സണൽ എക്സ്പ്ലനേഷൻ ആവശ്യമാണു്. ശ്രീമാൻ കെ. എം. ജോർജ്ജ് എ. ഐ. സി. സി. മെമ്പറല്ല. എന്നാൽ ഞാൻ എ. ഐ. സി. സി. യിൽ ഒരു മെമ്പറാണു്. ഞങ്ങൾ എ. ഐ. സി. സി. യിൽ സന്നിഹിതരാകാൻ പോയതായി ഒരു പേപ്പറിലും വാർത്ത പ്രസിദ്ധപ്പെടുത്തീട്ടില്ല. അരഡസൻ ഹോംസെയിൽ ഷോപ്പുകൾ ശ്രീ. ബാവാക്കുണ്ടു്. ഇങ്ങനെ പ്രത്യേക ആനുകൂല്യങ്ങളും പാരിതോഷികങ്ങളും ലഭിച്ചിട്ടുള്ളവരും പ്രൂഷണക്കാരുമാണു് ഈ മുഖ്യമന്ത്രിയെയും ഈ ഗവണ്മെൻറിനേയും പിൻതാങ്ങുന്നതു്. സർ, ഈ ഗവണ്മെൻറിനേയും മുഖ്യമന്ത്രിയേയും പിൻതാങ്ങുന്നവരിൽ ഒരു കൂട്ടർ കഴിഞ്ഞ രാജ്യസഭാ തെരഞ്ഞെടുപ്പിനു് മുസ്ലീംലീഗ് സ്ഥാനാർത്ഥി ശ്രീ. സാലേ മുഹമ്മദിനു് വോട്ടുകൊടുത്തു് കോൺഗ്രസ് സ്ഥാനാർത്ഥി ശ്രീമതി ആനിജോസഫിനെ തോൽപ്പിച്ചവരും ആണു്. ശ്രീ. പി. സി. ചെറിയാനും, എം. സി. എബ്രഹാമും ഇക്കാര്യത്തിൽ ഒരു കമ്മിററി സംഘടിപ്പിച്ച് അന്വേഷണം നടത്തുകയുണ്ടായി. ഇപ്പോൾ അതു നിർത്തിവച്ചിരിക്കുകയാണു്. മുഖ്യമന്ത്രിയെ പിൻതാങ്ങുകയാണെങ്കിൽ അവരുടെ പേരിലുള്ള അന്വേഷണം നിർത്തിവയ്പിക്കാമെന്നും, ഹൈക്കമാണ്ടിൽ നിന്നും യാതൊരു നടപടി ഉണ്ടാകാതിരിക്കുവാനും അവക്കു് ഉറപ്പു് കൊടുത്തിട്ടുണ്ടു്. ഇങ്ങനെ ഗവണ്മെൻറു മുതൽ പ്രൂഷണം ചെയ്യുന്നവരും കോൺഗ്രസ്സിൻെറ സൽപേരിനെ കൊടുത്തിയിട്ടുള്ളവരുമാണു് ഈ മുഖ്യമന്ത്രിക്കു് സഹായകമായി നിൽക്കുന്നതു്.

ശ്രീ. പി. അബ്ദുൾ മജീദ്: സർ, ഞങ്ങളുടെ കക്ഷി ഈ അവിശ്വാസ പ്രമേയത്തെ അനുകൂലിക്കാൻ തീരുമാനം എടുക്കുകയുണ്ടായി. അതിൻെറ കാരണങ്ങൾ വിശദീകരിച്ചുകൊണ്ടു് എൻെറ പാർട്ടിയുടെ നേതാവു ഇവിടെ പ്രസംഗിക്കയും ചെയ്തിട്ടുണ്ടു്. സർ, ഞങ്ങൾ എപ്പോഴും ഈ രാജ്യത്തെ ജനങ്ങളുടെ അഭിലാഷത്തെ മാനിച്ചുകൊണ്ടും ജനങ്ങളുടെ വികാരങ്ങളെ മനസ്സിലാക്കിക്കൊണ്ടും അവയെ മാനിച്ചുകൊണ്ടും പ്രവർത്തിക്കുന്ന ഒരു സമുദായമാണു് അങ്ങനെ നോക്കുമ്പോൾ ഈ ഒരു തീരുമാനം എടുക്കുന്നതിനുള്ള സാദ്ധ്യത മാത്രമേ ഞങ്ങൾക്കു ഉണ്ടായിരുന്നുള്ളു. ഇന്നു് ഈ രാജ്യത്തു കുറെക്കാലമായി അഴിമതിയും അക്രമവും സ്വജനപക്ഷപാതവും വളരെ കൂടുതലായി നടക്കുന്നു എന്നു നിയമസഭയിലും അതിനു പുറത്തും ആരോപണങ്ങൾ ഉണ്ടായിട്ടുണ്ടു്. ആ ആരോപണങ്ങളുടെ വെളിച്ചത്തിൽ ഇന്നു പ്രതിപക്ഷങ്ങൾ മുഴുവനും കാൺഗ്രസ്സ വിഭാഗത്തിൽപ്പെട്ടവരും ഞങ്ങളോടൊപ്പം ഈ അവിശ്വാസപ്രമേയത്തെ അനുകൂലിക്കുകയാണു്. സർ, ഇന്നീ രാജ്യത്തെ പൊതുജനങ്ങളുടെ അഭിലാഷത്തിനനുസരണമായും അവരുടെ വികാരത്തെ മാനിച്ചുകൊണ്ടുംവേണം ഇവിടത്തെ ഭരണം നടത്താൻ. അതു ഇന്നത്തെ കാൺഗ്രസ്സ ഗവണ്മെൻറു മാനിച്ചിട്ടില്ല. അതിൻെറ ഫലമായിട്ടാണു് ഇന്നു കാൺഗ്രസ്സ് വിഭാഗംകൂടി അവിശ്വാസപ്രമേയത്തെ അനുകൂലിക്കുന്നതു്. സർ, ഞാൻ കാൺഗ്രസ് എന്നു പറഞ്ഞതു് അർത്ഥവത്തായിട്ടാണു്. ഒരിക്കൽ പി. എസ്. പി. സ്ഥാനാർത്ഥിയായിനിന്നു, വീണ്ടും കാൺഗ്രസ്സിൽ വന്നുചേർന്നു സ്ഥാനാർത്ഥിയായി നിന്നു ജയിച്ചുവന്ന ശ്രീ. കെ. എ. ദാമോദരമേനോനാണു് ഇന്നു മന്ത്രിയായിരിക്കുന്നതു്. അതുപോലെ കാൺഗ്രസ്സിൽ നിന്നും ഭിന്നിച്ചു ഹിന്ദുമഹാമണ്ഡലം രൂപീകരിക്കുകയും പിന്നീട് ഡെമോക്രാററിക്കു് കാൺഗ്രസ്സുണ്ടാക്കിയതിനു ശേഷം വീണ്ടും കാൺഗ്രസ്സിനകത്തു വന്ന ശ്രീമാൻ ശങ്കർ നേതൃത്വം നൽകുന്ന കാൺഗ്രസ്സ് ആണു് ഇവിടെ ഭരണം നടത്തുന്നതു്. അങ്ങനെയുള്ള കാൺഗ്രസ്സിനെ ഇവിടെ കാൺഗ്രസ്സായി അംഗീകരിച്ചിട്ടില്ല. ഇവിടെ ജൂഡാസുകളുടെ ഒരു ഫെഡറേഷൻ ഉൾക്കൊള്ളുന്ന കാൺഗ്രസ്സാണു് ഭരണം നടത്തുന്നതു്. ഇപ്പുറത്തുനിന്നും ഒന്നുരണ്ടുപേരെ ചാക്കിട്ടുപിടിച്ചു കുറെ ജൂഡാസുകളുടെ കൂട്ടോടുകൂടിയാണു് ഇവിടെ കാൺഗ്രസ്സ് ഭരിക്കുന്നതു്. ജനങ്ങളുടെ കാര്യം ഈ ജൂഡാസുകളുടെ ഫെഡറേഷനായ കാൺഗ്രസ്സ് ഭരണകൂടം ശ്രദ്ധിക്കുന്നില്ല എങ്കിൽ ഞങ്ങൾ അതിൽ വലിയ അത്ഭുതം കാണുന്നില്ല. ഹിന്ദുമണ്ഡലം രൂപീകരിച്ച ഡെമോക്രാററിക്കു് കാൺഗ്രസ്സുമായി കാൺഗ്രസ്സിനെ എതിർത്ത

[ശ്രീ. പി. അബ്ദുറഹ്മജീദ്]

ശങ്കറാണ് ഇന്നു കാൺഗ്രസ്സിന്റെ നേതൃത്വം വഹിക്കുന്നതു്. ഇന്നത്തെ ഈ കാൺഗ്രസ്സിനെ അങ്ങേയററം എതിർത്തുകൊണ്ടു ഈ കാൺഗ്രസ്സിനെതിരായി ശുദ്ധമായ ഒരു കാൺഗ്രസ്സ് ഈ രാജ്യത്തു വേണമെന്നാഗ്രഹിക്കുന്ന ജനങ്ങളാണ് ഇന്നുള്ളതു്. ഈ രാജ്യത്തെ കാൺഗ്രസ്സ് ഭരണകൂടം അഴിമതി നിറഞ്ഞതാണ്, അതുകൊണ്ടു നിങ്ങൾ പുറത്തു വരണം എന്നു പറഞ്ഞാൽ അതു ചെവിക്കൊള്ളാൻ തയാറില്ല. അഴിമതിയാരോപണങ്ങളെപ്പററി ഈ രാജ്യത്തെ പത്രങ്ങളും ജനങ്ങളും പറഞ്ഞിട്ടുകൂടി ഈ ജൂഡാസുകൾ അതൊന്നും കേൾക്കാൻ തയാറില്ല. പക്ഷെ ഞങ്ങൾക്ക അതിൽ അത്ഭുതപ്പെടാനില്ല. ഞങ്ങൾ ജനാധിപത്യത്തെ എന്നും മാനിച്ചിരുന്നു സർ.

1959-60-ൽ ഈ രാജ്യത്തു് കമ്മ്യൂണിസ്ററു ഭരണത്തിനെതിരായി ഒരു ജനപ്രവാഹം തന്നെ ഉണ്ടായി. കമ്മ്യൂണിസ്ററു പാർട്ടിയുടെ ദുശ്ശെപ്പ്റികൾ ഇല്ലാതാക്കാൻ മുന്നോട്ടുവന്ന ആ ജനപ്രവാഹത്തിൽ ഞങ്ങളും ഭാഗഭാക്കുകളായി. ഞങ്ങളുടെ സഹകരണം ഉണ്ടായാൽ അതു അവിശുദ്ധ

10 A. M. കൂട്ടുകെട്ടായി ആരെങ്കിലും വ്യാഖ്യാനിച്ചാൽ അതിൽ അർത്ഥമില്ല. മുസ്ലീംലീഗിന്റെ സഹകരണംകൊണ്ടു രാഷ്ട്രീയ പാർട്ടികളും, സാമുദായിക സംഘടനകളും പല പ്രസ്ഥാനത്തിലും വിജയിച്ചിട്ടുണ്ടു്. വർഗ്ഗീയ കൂട്ടുകെട്ടായാലും ശരി, ജനങ്ങളുടെ പ്രവാഹമായാലും ശരി, ഈ രാജ്യത്തു് കമ്മ്യൂണിസ്ററു പാർട്ടിക്കെതിരായി ഉയർന്നുവന്ന ജനങ്ങളുടെ രോഷപ്രകടനങ്ങളിൽ ഞങ്ങളും ഭാഗഭാക്കുകളായി; ജനങ്ങളുടെ തീരുമാനത്തെ ഞങ്ങൾ ബഹുമാനിച്ചു.

സർ, ഞങ്ങളുടെയും സോഷ്യലിസ്ററു പാർട്ടിയുടെയും അംഗീകാരത്തോടു കൂടി അധികാരത്തിൽ കയറിയവരാണ് കാൺഗ്രസ്സുകാർ. ഇന്നു ഞങ്ങൾ ഉച്ചിവച്ച കൈകൊണ്ടുതന്നെ ഉദയക്രിയയും നടത്തുകയാണ്. അതിൽ ഞങ്ങൾക്കു ഖേദം ഇല്ലാതില്ല. മുസ്ലീംലീഗിന്റെ പേരിൽ പല ഭീഷണികളും ഈ രാജ്യത്തു നടത്തിയിട്ടുണ്ടു്. വർഗ്ഗീയകക്ഷി എന്ന പേരിൽ ഞങ്ങളെ ആക്ഷേപിച്ചാൽ അതിൽ ഞങ്ങൾക്കു പരിഭവമില്ല. ശ്രീ. സി. എം. സ്റ്റീഫൻ ഇവിടെ പറഞ്ഞു, പാകിസ്ഥാനും ചൈനയും കൂടി കൂട്ടുചേർന്നതുപോലെയാണ് ഇവിടെ കൂട്ടുകെട്ടുണ്ടാകുന്നതെന്നു്. മുസ്ലിംലീഗു അവിശ്വാസപ്രമേയത്തെ അനുകൂലിക്കുന്നതു് അതുപോലെയാണത്രെ.

ശ്രീ. സി. എം. സ്റ്റീഫൻ: ഞാൻ അങ്ങനെ പറഞ്ഞില്ല.

ശ്രീ. പി. അബ്ദുൽ മജീദ്: എത്ര ഉന്നതന്മാരായ കാൺഗ്രസ്സ നേതാക്കന്മാർ വിചാരിച്ചാലും ന്യായമായ ഞങ്ങളുടെ അവകാശങ്ങൾ പല്ലും നഖവും ഉപയോഗിച്ചു എതിർത്തു പിടിച്ചുവാങ്ങും. ഈ രാജ്യത്തു വർഗ്ഗീയത തീരെ ഉണ്ടായിട്ടില്ലാത്ത ഒരു പാർട്ടി ഉണ്ടെങ്കിൽ അതു മുസ്ലിംലീഗാണെന്നു ആവർത്തിച്ചാവർത്തിച്ചു പറയാൻ ഞാനാഗ്രഹിക്കുന്നു. അതു തീരുമാനിക്കേണ്ടതു ഞങ്ങളുടെ ചെയ്തികൾ പരിശോധിച്ചിട്ടുവേണം. പാർട്ടിയുടെ പേരു നോക്കിയിട്ടല്ല, ഞങ്ങളുടെ രാഷ്ട്രീയ പെരുമാററവും പ്രവർത്തനങ്ങളും നോക്കിയിട്ടു വേണം അതു തീരുമാനിക്കാൻ. ഈ രാജ്യത്തു ഏതു രാഷ്ട്രീയ പാർട്ടിയാണ് വർഗ്ഗീയതയില്ലാത്തതെന്നു സൂക്ഷ്മ പരിശോധന നടത്തിയാൽ മനസ്സിലാകും എല്ലാ പാർട്ടികളിലും വർഗ്ഗീയതയുണ്ടു്. അതിനെപ്പററി കൂടുതൽ പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

സർ, നാലാം പഞ്ചവൽസര പദ്ധതി രൂപംകൊള്ളുന്ന ഈ സന്ദർഭത്തിൽ എല്ലാവരും ഒന്നിച്ചു നിൽക്കണമെന്നു ശ്രീ. സ്റ്റീഫൻ പറഞ്ഞു. നാലാം പഞ്ചവൽസരപദ്ധതി രൂപംകൊള്ളാൻപോകുന്നു; മൂന്നാം പദ്ധതി രൂപംകൊണ്ടു കഴിഞ്ഞതാണ്. മൂന്നാം പദ്ധതിയുടെ പ്രവർത്തനങ്ങൾ ഈ രാജ്യത്തു എങ്ങനെ നടക്കുന്നു എന്നു പരിശോധിച്ചാൽ, നാലാം പദ്ധതിക്കു രൂപംകൊടുക്കുന്ന ചുമതല ഈ കൊള്ളത്തലവന്മാരെ ഏല്പിക്കരുതെന്നു പറയേണ്ടിവരും. അത്രത്തോളം കൊള്ളകൊണ്ടു് ഈ രാജ്യത്തെ പ്രവർത്തനങ്ങൾ പരാജയപ്പെട്ടിരിക്കുമ്പോൾ, നാലാം പഞ്ചവൽസര പദ്ധതിക്കു രൂപംകൊടുക്കാനുള്ള ചുമതല കാൺഗ്രസ്സിനെ ഏൽപ്പിക്കരുതെന്നാണ് ഞങ്ങൾ പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

(Shri Joseph Chazhikkatt in the Chair)

സർ, ഒരു കാര്യംകൂടി പറഞ്ഞിട്ട ഞാൻ അവസാനിപ്പിക്കാം. ശ്രീമതി ലീലാദാമോദരമേനോൻ, എൻെറ പാർട്ടിനേതാവു പറഞ്ഞ ഒരു കാര്യത്തിനു് ഒരു വിശദീകരണം നൽകുകയുണ്ടായി. അതു സംബന്ധിച്ച എല്ലാ കാര്യങ്ങളും പരിശോധിച്ചാൽ മനസിലാകും ഗോതമ്പിൻെറ ഉപയോഗം കൂടുതൽ പ്രചരിപ്പിക്കാൻവേണ്ടി ഒരു കമ്മിററി ഇവിടെ ഉണ്ടാക്കിയെന്നു്. അതു സ്വതന്ത്രമായ ഒരു കമ്മിററിയാണെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷേ, ആ കമ്മിററിയുടെ നേതൃത്വം വഹിച്ചിരുന്നതു ശ്രീമതി ലീലാദാമോദരമേനോനായിരുന്നു. അങ്ങനെ നേതൃത്വം വഹിച്ചിരുന്ന കമ്മിററിയുടെ മേൽനോട്ടത്തിൽ തിരുവനന്തപുരത്തു പ്രവർത്തനം ആരംഭിച്ച വീററ ഹൗസ്സ് വളരെ നഷ്ടത്തിൽ കലാശിക്കുമയും ഹോട്ടൽ അടച്ചു പൂട്ടുകയും ചെയ്തു. ആ നഷ്ടം പരിഹരിക്കാൻ വീണ്ടും ഗവണ്മെൻറിൽ നിന്നു ഗ്രാൻറും ലോണും കൊടുത്തതിൻെറ ഉദ്ദേശം എന്താണെന്നു മനസിലാകുന്നില്ല.

<u>ശ്രീ. ഇ. പി. പൗലോസ്</u>: ശ്രീമതി ലീലാദാമോദരമേനോൻ പ്രസിഡണ്ടായിരുന്ന ഒരു വനിതാ ക്ലബ്ബ് പ്രത്യേകം തിരഞ്ഞെടുത്ത ഒരു കമ്മിററിയാണു് അതു നടത്തിയിരുന്നതു്.

Mr. Chairman: ചെയറിനോടു ചോദിച്ചിട്ട വേണ്ടേ ഇതു പറയാൻ? (ചിരി)

<u>ശ്രീ. പി. അബ്ദുൽ മജീദ്</u>: ശ്രീമതി ലീലാദാമോദരമേനോൻെറ നേതൃത്വത്തിലുള്ള ഒരു മഹിളാ സമാജത്തിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട ഒരു കമ്മിററി നടത്തിയ വീററ ഹൗസിനു് അമിതമായ ലോണും ഗ്രാൻറും കൊടുത്തതും അതു പരാജയപ്പെട്ടപ്പോൾ വീണ്ടും ഗ്രാൻറും ലോണും കൊടുത്തതും പ്രത്യേക പ്രേരണകൊണ്ടല്ലേ എന്നാണു ചോദിക്കുന്നതു്. ആ സ്ഥാപനത്തിനു നേരിട്ട കടം തീർക്കാൻ പിന്നെയും ലോൺ കൊടുത്തതു എന്തുദ്ദേശത്തിലായിരുന്നു?

<u>മി. ചെയർമാൻ</u>: മെമ്പർ സ്ത്രീകളെപ്പററി പറയുന്നതു കുറേക്കൂടി ആലോചിച്ചു മൃദുവായിട്ട വേണം.

<u>ശ്രീ. പി. അബ്ദുൽ മജീദ്</u>: സ്ത്രീകളോടു എനിക്കു ബഹുമാനമുണ്ടു് പക്ഷേ, എൻെറ പാർട്ടി നേതാവു പറഞ്ഞതിനെ എതിർക്കാൻ ശ്രമിച്ചതിനു കൗണ്ടർ തെളിവായി ഈ കാര്യം പറഞ്ഞതാണു്.

സർ, ഈ രാജ്യത്തു് ഇന്നത്തെ ഭരണം അവസാനിപ്പിക്കണമെന്നു് ഇവിടത്തെ ജനങ്ങൾ വിധി എഴുതിക്കഴിഞ്ഞിരിക്കുകയാണു്. വാസ്തവത്തിൽ ഇവർ അധികാരത്തിൽ നിന്നു ഇറങ്ങിപ്പോകാൻപോകുകയാണു്. ഈ അവിശ്വാസപ്രമേയത്തിനെ പിൻതാങ്ങിക്കൊണ്ടു അനുമതി നൽകിയ അവസരത്തിൽ എല്ലാ കക്ഷിയിൽപ്പെട്ട ആളുകളും എഴുന്നേററു നിൽക്കുകയുണ്ടായി. അന്നു തന്നെ വളരെ വ്യക്തമായി ഈ അവിശ്വാസപ്രമേയത്തിനു ഈ രാജ്യത്തു ഉടനീളം പിൻതുണയുണ്ടെന്നു്. പിന്നെ ഇതു് എന്തിനു നീട്ടിക്കൊണ്ടുപോയി? അതിൻെറ കാരണം ഇവിടെ വിശദീകരിക്കണമെന്നു വിചാരിക്കുന്നില്ല. പക്ഷേ, ചില സംഗതികൾ പറയാതിരിക്കാൻ നിവൃത്തിയില്ല. മുസ്ലീം ലീഗിനെ സ്വാധീനത്തിലാക്കാൻ ഒരു ശ്രമം നടത്തിനോക്കി. അതിനുവേണ്ടി പ്രധാനപ്പെട്ട ചില വ്യക്തികളെ ഉപയോഗപ്പെടുത്തി. വർഗ്ഗീയകക്ഷി അല്ലെന്നു അഭിമാനിക്കുന്ന കാൺഗ്രസിൻെറ നേതാവു്, കേരളത്തിലെ രാഷ്ട്രീയ ചരിത്രം നല്ലവണ്ണം അറിയാവുന്ന ശ്രീ. എസ്. കെ. പട്ടീൽ, ഇവിടെ വന്നിട്ടു് സമുദായ നേതാവായ ശ്രീ. ബാഫക്കിതങ്ങളെ അന്വേഷിക്കാൻ കാരണമെന്താണു്? സമുദായ നേതാവായ ശ്രീ. മന്നത്തു പത്മനാഭനെ സന്ദർശിക്കാൻ കാരണമെന്താണു്? ഞങ്ങൾക്കു് മനസ്സിലാകാത്തതു് അതാണു്. മുസ്ലീം ലീഗിലെ ആളുകളെ എന്തും പറഞ്ഞു ഭീഷണിപ്പെടുത്തി അവരുടെ പിണിയാളുകളാക്കാമെന്നാണ് വിചാരമെങ്കിൽ അതു സാധിക്കാൻ പോകുന്നില്ല. ഞങ്ങൾ ഈ രാജ്യത്തു ഉറച്ച ഒരു ഭരണം, ശക്തിയായ ഒരു ഭരണം ഉണ്ടാകണം, അതു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. അബ്ദുൾമജീദ്]

ഈ രാജ്യത്തെ എല്ലാ ജനങ്ങളും അഭിലഷിക്കുന്ന ഒരു ഭരണം ആയിരിക്കണം എന്നു് ആഗ്രഹിക്കുന്നവരാണു്. അതിനു വേണ്ടിയാണു് ഞങ്ങളുടെ പാർട്ടി ഇന്നു് നിലകൊള്ളുന്നതു്. കാൺഗ്രസിന്റെ അഴിമതി നിറഞ്ഞ ഭരണം, ശ്രീ. ആർ. ശങ്കറിന്റെ നേതൃത്വത്തിലുള്ള ഭരണം ഈ രാജ്യത്തെ ജനങ്ങൾ ഇഷ്ടപ്പെടുന്നില്ല. അതു അവസാനിപ്പിച്ചാൽ ഈ രാജ്യത്തു് ജനങ്ങൾ അങ്ങോളം ഇങ്ങോളം വെടിക്കെട്ടുകൾ നടത്തി സന്തോഷം പ്രകടിപ്പിക്കും. ഇവർ അധികാരത്തിൽ വന്നതു് ചില വാഗ്ദാനങ്ങളുമായിട്ടാണു്. വാഗ്ദാനങ്ങൾ നടപ്പാക്കാതെതന്നെ ആദ്യം കുറേപ്പേരെ പുറത്താക്കി. അതിനുശേഷം പി. എസ്. പി. യെ പുറത്താക്കി. ഇപ്പോൾ കാൺഗ്രസ്സും പുറത്തുപോകാൻ സമയമായിരിക്കുകയാണു്. ശ്രീ. ആർ. ശങ്കർ പിന്നാക്കസമുദായത്തിൽപ്പെട്ട ആളായതുകൊണ്ടു ഈ അവിശ്വാസപ്രമേയത്തെ മുസ്ലീംലീഗ് അനുകൂലിക്കുന്നതു ശരിയല്ലെന്നാണു പറയുന്നതു് ....

Chairman : The member will please sit down. Shri K. M. George may now speak.

ശ്രീ. കെ. എം. ജോർജ്ജ് : സർ, സമ്മിശ്രമായ വികാരങ്ങളോടുകൂടിയാണു് ഈ അവിശ്വാസപ്രമേയത്തെ അനുകൂലിച്ചുസംസാരിക്കാൻ ഞാൻ മുതിരുന്നതു്. സർ, ഈ രാജ്യത്തിന്റെ ചരിത്രത്തിൽ വളരെ പ്രധാനമായ ഒരു സംഭവമാണിതു്. കഴിഞ്ഞ മൂന്നു അവിശ്വാസ പ്രമേയങ്ങളെ അതിജീവിച്ച മന്ത്രിസഭ ഇന്നത്തെ അവിശ്വാസപ്രമേയത്തെ അതിജീവിക്കാൻ പോകുന്നില്ല. ഈ രാജ്യത്തെ ജനങ്ങളുടെ അഭിലാഷം അതാണെന്നു് ഈ സഭയിലെ അംഗങ്ങൾക്കെല്ലാവർക്കും അറിവുള്ളതാണു്. പക്ഷേ, ഈ സാഹചര്യത്തിൽ ചില സുഹൃത്തുക്കൾ പ്രകടിപ്പിക്കുന്ന മനോഭാവം വളരെ വിചിത്രമായിരിക്കുന്നു എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഞങ്ങളുടെ നിലപാടിനെപ്പററി ഒരു ബഹുമാന്യസുഹൃത്തു് ചില പരാമർശനങ്ങൾ നടത്തി. അതിനെപ്പററി സമയമില്ലാത്തതുകൊണ്ടു് അധികംപറയണമെന്നു വിചാരിക്കുന്നില്ല. ശ്രീ. ടി. ഒ. ബാവാ അദ്ദേഹത്തിന്റെ അവസാനമായ ചുമതലകൂടി ഇന്നത്തെ മുഖ്യമന്ത്രിയ്ക്കു വേണ്ടി നിർവ്വഹിക്കാൻ ഒരുമ്പെട്ടതിൽ ഞാൻ അത്ഭുതപ്പെടുന്നില്ല, സർ, ചില നല്ല നാട്ടുകാർ മോശപ്പെട്ട മനുഷ്യരുണ്ടു്. അവർ സ്ഥാനംവിട്ടുപോകുമ്പോൾ ഇങ്ങനെ കുരയ്ക്കുന്നതിൽ ഞങ്ങൾക്കു് സങ്കടമില്ല. ഏതായിരുന്നാലും ഇത്രമാത്രം വിദ്യാഭ്യാസവും സംസ്കാരവും പ്രകടിപ്പിക്കുന്ന ഒരു പ്രസംഗത്തിന്റെ ആവശ്യം ഈ അവസരത്തിൽ ഇല്ലായിരുന്നു എന്നുമാത്രമേ ഞാൻ അതിനെപ്പററിപറയുന്നുള്ളു. ഞങ്ങളുടെ പേരിൽ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെപ്പററി പിന്നാലെ സംസാരിച്ചുകൊള്ളാം.

സർ, കേരളത്തിൽ ജനാധിപത്യത്തെ സംരക്ഷിക്കാനും, 1965—ലെ തിരഞ്ഞെടുപ്പിനെ ജനാധിപത്യത്തെ പരാജയപ്പെടുത്താതിരിക്കാൻ സുധീരം നേരിടുന്നതിനും, അചഞ്ചലമായ രാജ്യസ്നേഹത്തോടുകൂടി ഉറച്ചുനിന്നു് ഒരു തീരുമാനം എടുത്തതിന്റെ ഫലമായിട്ടാണു് ഞങ്ങൾ ഈ അവിശ്വാസപ്രമേയത്തെ സ്വാഗതംചെയ്തു പിൻതാങ്ങുന്നതു്. ഈ രാജ്യത്തെ പ്രബുദ്ധരായ ജനങ്ങൾ ഞങ്ങളുടെ തീരുമാനത്തിന്മേൽ അടുത്തകാലത്തുതന്നെ വിധിയെഴുതിക്കൊള്ളും. ശ്രീ. ടി. ഒ. ബാവായുടെ നിയോജകമണ്ഡലത്തിലെ ജനങ്ങളും സമയം വരുമ്പോൾ ഞങ്ങളുടെ നിലപാടു് ശരിയാണെന്നു് വിധിയെഴുതുമെന്നാണു് എന്റെ വിശ്വാസം. ഇപ്പോൾതന്നെ ഇത്ര വെപ്രാളത്തിന്റെ ആവശ്യമില്ലല്ലോ. ആറേഴുമാസം കഴിയുമ്പോൾ ഈ കാര്യം നാം മനസ്സിലാക്കാൻ പോകുകയാണു്.

സർ, നാക്കിനു വേണ്ടിടത്തോളം നീളമുള്ള, ശ്രീ. സി. എം. സ്റ്റീഫൻ ഒരു കാര്യം സൂചിപ്പിക്കുകയുണ്ടായി. ഞങ്ങൾ ഈ അവിശ്വാസപ്രമേയത്തെ അനുകൂലിച്ചു് പാസ്സാക്കിയാൽ നാലാം പഞ്ചവത്സരപദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ എങ്ങനെ സാധിക്കുമെന്നു് ? ഒരു ഗവണ്മെന്റു ഇല്ലാതായാൽ നമ്മുടെ നാലാം പഞ്ചവത്സരപദ്ധതി ആകെ കുഴപ്പത്തിലാകുമെന്നാണു് അദ്ദേഹത്തിന്റെ പരാതി. ശ്രീ. സി. എം. സ്റ്റീഫൻ മാറി മാറി ഇങ്ങനെ പല ഉപ

LIBRARY ARCHIVES Kerala Legislative Assembly

ദേശങ്ങളും നൽകാറുള്ളത് ഈ സഭയിൽ എല്ലാവർക്കും അറിയാം അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങൾക്കും അത് മനസ്സിലായിട്ടുണ്ട്. അദ്ദേഹത്തിനു ഇപ്പോൾ നേരിട്ടിരിക്കുന്ന സംശയം നാലാം പഞ്ചവത്സരപദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ ഈ ഗവണ്മെന്റു ഇല്ലെങ്കിൽ സാധിക്കുമോ എന്നാണ്. ഇന്നത്തെ മുഖ്യമന്ത്രിക്ക് അതിനുള്ള കഴിവ് ഇന്നുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നത് ? ഈ രാജ്യത്തെ ഐ. എ. എസ്. ഉദ്യോഗസ്ഥന്മാരിൽ ഒരുവിഭാഗത്തോടും . മററു ചില ഉദ്യോഗമേധാവികളോടും നിരന്തരം ഒരു യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്ന നമ്മുടെ മുഖ്യമന്ത്രി. ചില ഉദ്യോഗസ്ഥന്മാരുടെ സ്ഥാനചലനത്തിനുവേണ്ടി സ്വജനപക്ഷപാതം അങ്ങേയററം പ്രകടിപ്പിക്കുകയും, പല ഉദ്യോഗസ്ഥന്മാരെയും നിശ്ചേഷ്ടരാക്കുകയും, പലരുടെയും വീര്യംകെടുത്തുകയും ചെയ്തിട്ടുള്ള മുഖ്യമന്ത്രിക്ക് എങ്ങനെയാണ് അവരുടെ സഹകരണത്തോടുകൂടി ഒരു രൂപരേഖ തയ്യാറാക്കാൻ സാധിക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. മറെറാരുവിധത്തിൽ പറഞ്ഞാൽ ഈ മുഖ്യമന്ത്രിക്ക് ഇന്നത്തെ സാഹചര്യത്തിൽ മെച്ചപ്പെട്ട ഒരു രൂപരേഖ തയ്യാറാക്കാൻ സാധ്യമല്ല തന്നെ. നമ്മുടെ രാജ്യത്തിന്റെ നന്മയ്ക്കു ഉതകുന്ന ഒരു രൂപരേഖ തയ്യാറാക്കാൻ ഈ മന്ത്രിസഭ മാറിപ്പോയാൽ മാത്രമേ സാധിക്കൂ. സർ, ശ്രീ. ആർ. ശങ്കറിന്റെ ഭരണത്തെപ്പററി ഞാൻ കൂടുതലൊന്നും പറയുന്നില്ല.

സർ, ഈ രാജ്യത്ത് ശ്രീ. ആർ. ശങ്കറിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ രാജിവച്ചാൽ പിന്നെ പ്രളയമാണെന്നാണ് ശ്രീ. സ്റ്റീഫന്റെയും ശ്രീ. ടി. ഓ. ബാവായുടെയും അഭിപ്രായം. ഈ മന്ത്രിസഭ മാറിയാൽ അവർക്ക് ഇന്നു കിട്ടുന്ന ചില ആനുകൂല്യങ്ങൾ ഇല്ലാതാകുമെന്നല്ലാതെ ഈ രാജ്യത്തിനു യാതൊരപകടവും സംഭവിക്കാൻ പോകുന്നില്ല. ഇൻഡ്യൻ ഭരണഘടന ഉറപ്പു നൽകുന്ന എല്ലാ സംരക്ഷണവും ഈ രാജ്യത്തിനു ലഭിക്കുകതന്നെചെയ്യും. ഗവണ്മെന്റുകൾ മാറിമാറി വരികയും പോകുകയുംചെയ്യുക പുതിയ സംഭവമല്ല

സർ, എന്റെ ബഹുമാന്യസുഹൃത്തുക്കൾ സൂചിപ്പിച്ചതുപോലെ ശ്രീ. ശങ്കറോടുള്ള വ്യക്തിപരമായ വിദ്വേഷംകൊണ്ടല്ല ഈ മന്ത്രിസഭപോകണമെന്നു പറയുന്നത്. അദ്ദേഹം ഒരു ഈഴവനായതുകൊണ്ടുമല്ല. ശ്രീ. കെ. ടി. അച്യുതൻ ഒരു പുതിയ മന്ത്രിസഭ രൂപവൽക്കരിച്ചാൽ അതിനെ ഞങ്ങൾ സസന്തോഷം സ്വാഗതംചെയ്യുമെന്നു ശ്രീ. ബാലകൃഷ്ണപിള്ള ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു. മുഖ്യമന്ത്രിയോടു പ്രത്യേക വൈരാഗ്യം ഉള്ളതുകൊണ്ടോ; അദ്ദേഹം ഒരു ഈഴവനായതുകൊണ്ടോ ഞങ്ങൾക്ക് ഇങ്ങനെയൊരു സമരാവേശം ഉണ്ടായതല്ല. വിവരമുള്ളവരാരും ഈ രാജ്യത്തെ പ്രബുദ്ധരായ ഈഴവസമുദായത്തെ അവഗണിക്കാനോ, അവരോടു വിദ്വേഷം പ്രകടിപ്പിക്കാനോ തയ്യാറാവുമെന്നു തോന്നുന്നില്ല. ഇതിനു മുൻപും ഇവിടെ ഈഴവമുഖ്യമന്ത്രിയും മന്ത്രിമാരും ഉണ്ടായിരുന്നു. ആ വാദഗതി അർത്ഥശൂന്യമാണ്, വർഗ്ഗീയമായ ചേരിതിരിവിനു വേണ്ടിയുള്ള ഒരു അടവാണ്.

സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സംബന്ധിച്ച് കൂടുതൽ ആരോപണങ്ങൾ മുൻപുണ്ടായിരുന്നതു കൂടാതെ ഉണ്ടായിട്ടുണ്ട്. ഈ രാജ്യത്തെ പ്രതിപക്ഷകക്ഷികളെല്ലാം അഴിമതി ആരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ട്. സ്വന്തംപാർട്ടിയിൽപെട്ടവർപോലും മുഖ്യമന്ത്രിയുടെ പേരിൽ ആരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഇവിടുത്തെ ബഹുഭൂരിപക്ഷം പത്രങ്ങളും ജനങ്ങളും ഒരേ അഭിപ്രായം ഈ കാര്യത്തിൽ പ്രകടിപ്പിച്ചിട്ടുണ്ട്. ഇത്രയൊക്കെയായിട്ടും മുഖ്യമന്ത്രി ഈ വൈകിയവേളയിലെങ്കിലും കേന്ദ്രത്തിന്റെ നിർദ്ദേശം അനുസരിച്ച് രാജിവച്ചൊഴിയേണ്ടതായിരുന്നു. കേന്ദ്രത്തിലെ നിർദ്ദേശം അനുസരിച്ചു പ്രവർത്തിക്കാതെ, ഈ പ്രതിസന്ധിഘട്ടത്തിൽ ഇവിടെ വന്ന ശ്രീ. എസ്സ്. കെ. പട്ടീൽ ഉപദേശിച്ചിട്ടുപോലും രാജിവയ്ക്കാൻ സന്നദ്ധനാകാതെ തന്റെ സ്വതസ്സിദ്ധമായ സ്വഭാവവിശേഷത്തോടുകൂടി മുമ്പോട്ടുപോകുകയാണ്.

ശ്രീ. ആർ. ശങ്കർ: ശ്രീ. എസ്സ്. കെ. പട്ടീൽ എവിടെ വച്ചാണ് ആ പ്രസ്താവനചെയ്തതെന്നു പറയാമോ ? അദ്ദേഹത്തിന്റെ പ്രസ്താവനയുമായി യാതൊരു ബന്ധവുമില്ലാതെ ഇങ്ങനെ പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്ജ് : സർ, അങ്ങനെ കളവുപറയുന്ന പാരമ്പര്യമോ രീതിയോ എനിക്കില്ല. മന്ത്രിയോടു പറഞ്ഞ കാര്യം അദ്ദേഹം സമ്മതിക്കുവാൻ തയ്യാറില്ല എന്നേ ഇതിനർത്ഥമുള്ളു. ശ്രീ. എസ്സ്. കെ. പട്ടീൽ രാജഭവനിൽ വച്ച് ഞങ്ങളെ കണ്ടപ്പോഴും, ഞാനും എന്റെ നാലു സ്നേഹിതന്മാരുമായി മന്നത്തുപത്മനാഭന്റെ വസതിയിൽവച്ച് കണ്ടപ്പോഴും മുഖ്യമന്ത്രി രാജി വയ്ക്കേണ്ടതാണ്, അതാണ് പാർട്ടിയ്ക്ക് നല്ലത് എന്നു പറയുകയുണ്ടായി. മുഖ്യമന്ത്രിക്ക് ഈ അവിശ്വാസപ്രമേയത്തിന്റെ തണലിൽ നിന്നുകൊണ്ട് മറുപടി പറഞ്ഞു ജനങ്ങളുടെ മനസ്സ് മാററാൻ സാധിക്കുമെന്ന് വാദിക്കുമ്പോൾ അദ്ദേഹത്തിനെ ഡിസ്മിസ് ചെയ്യുന്നതു് ശരിയാണോ? അതുകൊണ്ട് ഈ അവിശ്വാസപ്രമേയം അഭിമുഖീകരിക്കട്ടെ എന്നാണ് ശ്രീ. എസ്സ്. കെ. പട്ടീൽ പറഞ്ഞതു്. കാൺഗ്രസ്സ് താഴെ വീണാൽ പ്രളയം ഉണ്ടാകാൻ പോകുന്നു എന്ന ശ്രീ. സ്റ്റീഫന്റെ പ്രസ്താവന ശരിയല്ല. ഞങ്ങൾ അച്ചടക്ക ലംഘനം നടത്തിയിരിക്കുകയാണെന്നും, അസൽ കാൺഗ്രസ്സുകാരെന്ന് ഞങ്ങളെ ആക്ഷേപിച്ചുകൊണ്ട് ഞങ്ങൾ മാതൃഹത്യയ്ക്ക് നടക്കുകയാണെന്നും മററും ധർമ്മരോഷം കൊണ്ടു പറയുകയുണ്ടായി; ശ്രീമാൻ ബാവായും സ്റ്റീഫനും മററും. അത്രക്കൊന്നും ധർമ്മരോഷം കൊള്ളേണ്ട കാര്യമില്ല. അച്ചടക്കലംഘനം നടത്തുന്ന പാരമ്പര്യം ആരുടേതാണെന്നും ആരാണ് അതിന് പോകുന്നതെന്നുമുള്ള ചരിത്രം അച്ചടക്ക ലംഘനം നടത്തിയവർ മറന്നിരിക്കാമെങ്കിലും ജനങ്ങൾ മറക്കുകയില്ല അവർക്കറിയാം. നമ്മുടെ മുഖ്യമന്ത്രിയുടെ കാര്യം തന്നെയെടുക്കാം. അദ്ദേഹം ഇന്ന് കാൺഗ്രസ്സ് ടിക്കററിൽ നിന്ന് ജയിച്ചിരിക്കുകയാണ്. അദ്ദേഹം ഡെമോക്രാററിക് കാൺഗ്രസ്സ് ഉണ്ടാക്കി കാൺഗ്രസ്സിൽ നിന്നും പുറത്തു പോയ ആളാണ്. കാൺഗ്രസ്സ് എന്നു പറയുന്നതു് കൃസ്ത്യൻ കാൺഗ്രസ്സ് ആണ്, അതിനെ ആറടി മണ്ണിൽ കുഴിച്ചിടണം എന്നു മൈതാനംതോറും നടന്നു പ്രസംഗിച്ച ആളാണ്. ആ കാൺഗ്രസ്സ് സ്നേഹമുള്ള ആളാണ് ഇന്നു ഈ സ്ഥാനത്തിരിക്കുന്നതു്. അന്നത്തെ പള്ളിവിരോധവും കൃസ്ത്യൻ വിരോധവും ഇപ്പോൾ ഇല്ലാ എന്നു മുഖ്യമന്ത്രി പറയുമായിരിക്കും. അദ്ദേഹം പ്രചരിപ്പിച്ചിരുന്ന പള്ളിവിരോധവും കൃസ്ത്യൻ വിരോധവും കുപ്രസിദ്ധമാണ്. 'പനമ്പിള്ളി' എന്നുള്ളതു് ഒരു പള്ളിയാണെന്നുവരെ അദ്ദേഹം പ്രസംഗിച്ചിട്ടുണ്ട്. കൃസ്ത്യാനികളെപ്പററി ഏററവും പുശ്ചമായി പ്രസംഗിച്ചിട്ടുള്ളതു് അദ്ദേഹത്തിന്റെ പഴയ ആശയം തികട്ടിവരുന്നതുമാത്രമാണ്. അദ്ദേഹം അച്ചടക്കത്തെപ്പററിയെല്ലാം പ്രസംഗിക്കുമ്പോൾ ഞങ്ങൾക്ക് ചിരിയാണ് വരുന്നതു്. പാർലമെന്റു തെരഞ്ഞെടുപ്പിൽ കാൺഗ്രസ്സ് സ്ഥാനാർത്ഥിയെ എതിർത്തു് തോല്പിച്ചവരും കാൺഗ്രസ്സിലെ മന്ത്രിമാരായിരുന്നിട്ടുണ്ട്. അച്ചടക്കത്തെപ്പററിയുള്ള പ്രശ്നം അപ്പോൾ എവിടെ പോയി. പനമ്പിള്ളി ഗോവിന്ദമേനോൻ കൊച്ചുകുട്ടൻ തുടങ്ങിയവർ കൊച്ചിയ്ക്ക് മന്ത്രിസഭയിൽ ശരിയായ പ്രാതിനിധ്യം കിട്ടുന്നില്ല എന്ന പരാതി പറഞ്ഞു കാൺഗ്രസ്സിൽ നിന്നും മാറുകയും, കാൺഗ്രസ്സിനുവേണ്ടി വോട്ടു ചെയ്യാതിരിക്കുകയും ചെയ്ത കാര്യം ഞങ്ങൾക്കറിയാം. അച്ചടക്കത്തിന്റെ മാതൃക കാൺഗ്രസ്സ് പാർട്ടി കാണിച്ചിട്ടുണ്ട്. 1115-ൽ പട്ടംതാണുപിള്ള സ്റ്റേററു കാൺഗ്രസ്സ് പ്രവർത്തനത്തിന് മീനച്ചിൽതാലൂക്കിൽ പാലായിലുള്ള ഒരു യോഗത്തിൽ ചെന്നപ്പോൾ ചോദ്യം ചോദിച്ചു മടക്കി അയയ്ക്കുവാൻ ശ്രമിച്ചവരും, പരേതനായ എ. ജെ. ജോൺ കാൺഗ്രസ്സ് സ്ഥാനാർത്ഥിയായി പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നിന്നപ്പോൾ എതിർ സ്ഥാനാർത്ഥിയായി നിന്നവരും ഇപ്പോൾ ഇവിടെ രംഗപ്രവേശം ചെയ്തുകൊണ്ട് അച്ചടക്കത്തെപ്പററി പറയുന്നുണ്ട്. ഇങ്ങനെ ഓരോ മണ്ഡലങ്ങളിലും ഡി. സി. സി സെക്രട്ടറിയായാലും മെമ്പറായാലും സ്വയം അച്ചടക്കനടപടിക്ക് വിധേയമായിട്ടു ഇങ്ങനെ വളരെ മോശമായ ഭാഷയിൽ പറയുന്നതു് ഒട്ടും ഉചിതമല്ല. ചാത്തശാലയിൽ നിന്നും സ്വതന്ത്രസ്ഥാനാർത്ഥിയായി ജയിച്ചുവന്ന കുഞ്ഞുകൃഷ്ണൻ നാടാർ ഇന്ന് ആരാണ്. ശ്രീ. എം. നാരായണക്കുറുപ്പ് ഞങ്ങൾക്ക് ഉപദേശം തരുകയുണ്ടായി. കാൺഗ്രസ്സിനെതിരായി നിന്നുകൊണ്ട് ഒരുകാലത്തും കാൺഗ്രസ്സ് നന്നാകുകയില്ല എന്നുപ്രസംഗിച്ച ആളാണ് ശ്രീ. എം. നാരായണക്കുറുപ്പ്. ഇന്ന് അദ്ദേഹം കാൺഗ്രസ്സായി മാറിയിരിക്കുകയാണ്. മഹാനായ ശ്രീ. പി. ടി. ചാക്കോയുടെ അനിഷ്ടസംഭവത്തെ തുടർന്നു ഇവിടെ പല മാററങ്ങളും ഉണ്ടായി. പീച്ചി സംഭവത്തെത്തുടർന്ന് അദ്ദേഹത്തിന്റെ പ്രശ

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റിസ്സ് കളങ്കം ചേർക്കുന്നതിലേയ്ക്ക് ഈ രംഗത്തുനിന്നും കുറെപേർ പ്രതിപക്ഷത്തുചെന്നിരുന്ന് അവരെക്കൊണ്ട് പല ചോദ്യങ്ങളും ചോദിപ്പിച്ചതു് ഞാൻ കണ്ടതാണ്. സി. കെ. ഗോവിന്ദൻനായരുടെയും ഗ്രൂപ്പിന്റെയും പ്രവർത്തനങ്ങൾ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയപ്പോൾ, സി. കെ. യല്ല, ഞാനാണ് ഭരിക്കുന്നതെന്നു മുഖ്യമന്ത്രി അന്ന് മറുപടി പറഞ്ഞു. ശ്രീമാൻ പി. ഗോപാലന്റെ സുപ്രസിദ്ധമായ സത്യാഗ്രഹം. പി. ഗോപാലൻ നിയമസഭാഹാളിനു് വെളിയിൽ സത്യാഗ്രഹമിരുന്നതിന്റെ തലേദിവസം കെ. പി. സി. സി. പ്രസിഡണ്ടും ശ്രീ. ബാവായുംകൂടി അദ്ദേഹത്തിനു് നല്ല ട്രെയിനിംഗ് കൊടുത്തിരുന്നു. പിറേറദിവസം ശ്രീ.സി.കെ. സത്യാഗ്രഹം ഇരുന്ന ശ്രീ. ഗോപാലന്റെ ചുററും കൂടിയിരുന്ന പ്രതിപക്ഷങ്ങളോട് ചേർന്നു് ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാടിന്റെ തോളിൽ കൈയ്യും ഇട്ടു് ഗോപാലനു് ഉപദേശം കൊടുക്കുന്നതുകണ്ടു. ചെറുപ്പത്തിൽ അച്ഛനെ ധിക്കരിച്ചിട്ടുണ്ട്, അച്ഛൻ പറഞ്ഞിട്ടു് കേൾക്കാത്തവനാണ്, നല്ല തന്റേടമുള്ളവനാണ്, എന്നെല്ലാം പറഞ്ഞു മി. ഗോപാലനു് ഉപദേശംകൊടുത്ത ബാവായും സ്റ്റീഫനും മററുമാണ് ഇന്നു് എന്നെയും എന്റെ സ്നേഹിതന്മാരേയും ആക്ഷേപിക്കുന്നതു്. ശ്രീ. പി. ടി. ചാക്കോ അദ്ദേഹത്തിന്റെ പോർട്ട് ഫോളിയോ ഉപേക്ഷിച്ച മന്ത്രിസഭയിൽ തുടരട്ടെ എന്നായിരുന്നു കേന്ദ്രഗവണ്മെൻറു ആദ്യം നിർദ്ദേശിച്ചതു്. അപ്പോൾ ഈ ബാവയും സ്റ്റീഫനും എന്താണ് ചെയ്തതു് ? ഉടൻതന്നെ എറണാകുളത്തു് ഒരു ഹോട്ടലിൽവച്ചു് ഒരു പത്രസമ്മേളനം വിളിച്ചുകൂട്ടി. ചാക്കോ മന്ത്രിസഭയിൽ തുടരുന്ന കാലത്തോളം ഞങ്ങൾ കാൺഗ്രസ്സിൽ ഇരിക്കുകയില്ല, ഞങ്ങൾ പത്തുപതിനേഴുപേർ കാൺഗ്രസ്സിൽ നിന്നും പുറത്തുപോകും എന്നു പറഞ്ഞ മാന്യന്മാരാണ് ഇന്നു് ഞങ്ങളെ ആക്ഷേപിക്കുന്നതു്. ആ ആക്ഷേപങ്ങൾ ഒന്നും ഞങ്ങൾ കേൾക്കാൻ പോകുന്നില്ല. രാജ്യസഭാതെരഞ്ഞെടുപ്പു വന്നപ്പോൾ എന്താണ് ഉണ്ടായതു്. രാജ്യസഭാ തെരഞ്ഞെടുപ്പിൽ ഇലക്ഷൻ കമ്മററി നിർദ്ദേശിച്ച ഒരു നോമിനിയെ കേന്ദ്രപാർലമെൻററി ബോർഡു് ഭേദഗതി ചെയ്തു. അന്നു സ്റ്റീഫനും ചെറിയാനും കാൺഗ്രസ്സ് എക്സിക്യൂട്ടീവ് പാർട്ടിയോഗത്തിൽവച്ചു് രോഷാകുലരായി ഏതു് ഹൈക്കമാണ്ട്, ഏതു് പാർലമെൻററി ബോർഡു് എന്നെല്ലാം ചോദിക്കുകയും ഈ തീരുമാനത്തിനെതിരായി പ്രമേയം പാസ്സാക്കി അയയ്ക്കണമെന്നു് ആവശ്യപ്പെടുകയും ചെയ്തു. സർ, ഈ പറയുന്ന ആളുകളാണ് രാഷ്ട്രീയത്തിൽ കാൺഗ്രസ്സുകാർ. ഇൻഡ്യാക്കാരുടെ കാൺഗ്രസ്സ്, ആ കാൺഗ്രസ്സിൽ ഇരിക്കുവാൻ ഞങ്ങൾ മടി കാണിക്കുന്നതിൽ വിവരമുള്ളവർ യോജിക്കാതിരിക്കുകയില്ല. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സ്റ്റീഫൻ വിയററുനാമിലേയും മററും കാര്യങ്ങൾ ഇവിടെ പറഞ്ഞു. അവിടെ വലിയ ക്രൂസ്തീയ മർദ്ദനമാണ് നടക്കുന്നതെന്നു പറഞ്ഞു ഇവിടെ ഭീഷണിപ്പെടുത്തുകയുണ്ടായി. ഇതു ഇൻഡ്യയാണെന്നുള്ള കാര്യം നാം ഓർക്കണം. ഇൻഡ്യയിൽ 2000 കൊല്ലത്തെ മർദ്ദനങ്ങൾ സഹിച്ച പാരമ്പര്യമുള്ളവരാണ് ക്രൂസ്ത്യാനികൾ. അതുകൊണ്ടു് മർദ്ദനമാണെങ്കിൽതന്നെ അതു് ആയിക്കൊള്ളട്ടെ സഹിച്ചുകൊള്ളാം. ശ്രീ. സ്റ്റീഫനു് ക്രൂസ്തീയസമുദായവുമായി യാതൊരു ബന്ധവുമില്ല. മന്ത്രിസഭയിൽ നിന്നും ശ്രീ. പി. ടി. ചാക്കോ പോയശേഷം ഈ സ്റ്റീഫൻ എന്നോടു് പറഞ്ഞ കാര്യങ്ങൾ ഞാൻ മറന്നിട്ടില്ല. 'ഈ ശങ്കറെ നമുക്കു് എങ്ങനെ വഹിക്കാം ജോർജ്ജ്' ഞാൻ പറഞ്ഞു 'അദ്ദേഹം നല്ലവനാണ്, അതുകൊണ്ടു് കുഴപ്പമൊന്നും ഉണ്ടാകുകയില്ല' എന്നു്, അങ്ങനെയല്ല ജോർജ്ജ് അദ്ദേഹം കള്ളനാണ്, കൊള്ളക്കാരനാണ്, ജോർജ്ജിനു് അറിഞ്ഞുകൂടാ എന്നു പറഞ്ഞ മി. സ്റ്റീഫൻ ഇന്നു ശങ്കറോടുകൂടിയാണ്. അരിയെങ്കിൽഅരി, തുണിയെങ്കിൽതുണി, പഞ്ചസാരയെങ്കിൽ, പഞ്ചസാര, അവരവരുടെ വിഹിതം പററിക്കൊണ്ടു് ചാക്കോയെ കെ. പി. സി. സി. പ്രസിഡണ്ടുസ്ഥാനത്തു് നിന്നുതള്ളി. കെ. സി. ഏബ്രഹാം നല്ലയാളാണ്. എനിക്കു് അദ്ദേഹത്തിന്റെ പേരിൽ മതിപ്പാണു് ഉള്ളതു്. തനി അരികച്ചവടക്കാരൻ തന്നെയായിരിക്കുന്ന ബാവാ കാൺഗ്രസ്സിന്റെ കാവൽ മാലഖയായ അദ്ദേഹത്തെ കൊണ്ടുനടക്കുകയാണ്. പാവപ്പെട്ട ഏബ്രഹാം സാർ ഈ അധഃപതനത്തിനു് വിധേയനായല്ലോ എന്നു ഞാൻ സഹതപിക്കുക മാത്രമേ ഇപ്പോൾ ചെയ്യുന്നുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ എം. ജോർജ്ജ്]

സർ, അങ്ങനെ പി. ടി. ചാക്കോയെ കെ. പി. സി. സി. പ്രസിഡൻറ് സ്ഥാനത്തുനിന്നും താഴെയിട്ടു. പി ടി. ചാക്കോയിൽ അവിശ്വാസം ഉണ്ടെന്നു പറഞ്ഞു. പാർലമെൻററി പാർട്ടി ബോർഡ് ചാക്കോ തുടരണമെന്നുള്ള തീരുമാനമാണ് എടുത്തത്. ചാക്കോ ഈ മന്ത്രിസഭയിലേയും ഈ സഭയിലേയും ഒരു രജത രേഖതന്നെയായിരുന്നു. പീച്ചി സംഭവത്തിൽ ശ്രീ. ചാക്കോ യഥാർത്ഥത്തിൽ കുററവാളിയാണെങ്കിൽ അദ്ദേഹം രാജിവയ്ക്കുവാൻ പറയണമെന്നു ആ സംഭവം നടന്ന രണ്ടുമൂന്നു ദിവസം കഴിഞ്ഞു മുഖ്യമന്ത്രിയോടു ഞാൻ ആവശ്യപ്പെട്ടു. അന്നു് മുഖ്യമന്ത്രി പറഞ്ഞു അതു ശരിയല്ല, ഒരു മന്ത്രിയുടെ കൂടി അദ്ദേഹത്തിൻെറ ഭാര്യ പോയെന്നിരിക്കും. സഹോദരി പോയെന്നിരിക്കും ഇങ്ങനെ ഒരാറം കാറിൽകൂടി പോയി എന്നു പറഞ്ഞിട്ടു് രാജിവയ്ക്കുവാൻ ആവശ്യപ്പെടുകയാണെങ്കിൻ ഈ രാജ്യത്തു ഒരു ഗവണ്മെൻറിനും നിലനിൽക്കുവാൻ സാധിക്കുകയില്ല എന്നു്. ചാക്കോ മഹാനാണ്, മന്ത്രിസഭയിലെ രജത രേഖയാണ്. അദ്ദേഹത്തെ പിന്നിൽനിന്നും കുത്തി മുറിവു ഏല്പിക്കരുതേ എന്നു ഞാൻ അന്നു പറഞ്ഞതാണ്. പിന്നീടു് ഇവിടെ എന്തുണ്ടായി എന്നുള്ളതു എല്ലാവർക്കും അറിവുള്ള സംഗതിയാണ്. പി. ടി. ചാക്കോയെ രാഷ്ട്രീയമായി കൊന്നു. ഈ രാജ്യത്തെ ജനത ഒരിക്കലും ഇതു് ക്ഷമിക്കുകയില്ല.

സെപ്റ്റംബർ 2-ാംതീയതി നടന്ന പാർട്ടി യോഗത്തിനു ഞങ്ങളെ ക്ഷണിച്ചിരുന്നില്ല. ക്ഷണിച്ചെന്നും മററും ഇവിടെ അപവാദം പറയുന്നതു് കേട്ടു. ഞങ്ങൾ 'അട്ടിമേററം' നൽകിയിരുന്നു എന്നു പറഞ്ഞാണ് അതിനെ ന്യായീകരിക്കുന്നതു്. അട്ടിമേററം എന്നുവച്ചാൽ എന്താണെന്നു ഇവിടുള്ള എല്ലാവർക്കും അറിയാം.

ചാക്കോയുടെ രാജിപ്രശ്നം വരികയാണെങ്കിൽ ഒററക്കെട്ടായി ചാക്കോയെ അനുകൂലിക്കുമെന്നു ശങ്കർ ഉറപ്പു തന്നിരുന്നു. എന്നിട്ടു് ചാക്കോയ്ക്കു് പ്രതികൂലമായി നിന്നിരുന്നു എന്നതു മാത്രമല്ല, അദ്ദേഹം കോഴിക്കോട്ടുവച്ചു് മരിച്ചപ്പോൾ എന്താണു് ചെയ്തതു്. രാജ്യരാമാനം മൃതദേഹം ആക്കും കാണുന്നതിനു് ഒരു അവസരം കൊടുക്കാതെ അദ്ദേഹത്തിൻെറ വസതിയായ വാഴൂരിൽ ഒരു അടച്ചുപൂട്ടിയ വാനിലിട്ടു എത്തിക്കുവാനുള്ള സംരംഭമാണ് ഉണ്ടായതു്.

തൃശ്ശൂർ എത്തിയപ്പോൾ അവിടുള്ള ഡി സി. സി. അംഗങ്ങളും സെക്രട്ടറിയും ഒററപിടിയായി നിന്നിട്ടാണ് ആ നയത്തിൽ മാററം വരുത്തിയതു്. എതിരാളി മരിച്ചുകിട്ടിയില്ലേ? മരിച്ചുപോയ ഒരാളോടു ഇതു ചെയ്യരുതാത്തതായിരുന്നു. ചാക്കോയേയും ഗോവിന്ദൻനായരേയും കഴിച്ചിട്ടു ആളുകൾ ഇപ്പോൾ ശങ്കറെ പിൻതാങ്ങുന്നു എങ്കിലും ശങ്കർ നശിച്ചു പുഴുത്തു നാറുന്നതു് കാണുവാൻ തയ്യാറായിട്ടുള്ളവരാണ്. അതു പാവപ്പെട്ട മുഖ്യമന്ത്രിക്കറിയാമോ എന്തോ? ചാക്കോയുടെ മൃതദേഹം എം. സി. റോഡുവഴി കൊണ്ടുപോയാൽ പതിനായിരക്കണക്കിനു ആളുകൾക്ക് കാണാൻ സാധിക്കുമെന്നുവിചാരിച്ചു റൂട്ടുപോലും മാററിയാണ് കൊണ്ടുപോയതു്. പൂത്തോട്ട–വൈക്കം വഴിയാണ് കൊണ്ടുപോയതു്.

അതിനുശേഷം എന്താണ് ഉണ്ടായതു്. ഇവിടെ ഒരു റഫറൻസ് നടത്തി കേരളനിയമസഭയുടെ ചരിത്രത്തിൽ യാതൊരു മനുഷ്യരും ചെയ്തിട്ടില്ലാത്ത വിധത്തിൽ എത്ര നിർദ്ദയമായ രീതിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചതു്. 25 കൊല്ലക്കാലത്തെ ചരിത്രം ഞങ്ങൾക്കറിയാം. ശ്രീ. ചാക്കോയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുമെന്നു് ഞങ്ങളെ അറിയിച്ചിട്ടു് നേതാക്കന്മാർ ആരും ഒരക്ഷരംപോലും മിണ്ടിയില്ല. അതിൻെറ കാരണം എന്താണെന്നു് . അറിയുന്നതിനുവേണ്ടി ഞാൻ ബഹു: സ്പീക്കറുടെ അടുക്കൽ ചെന്നു ചോദിച്ചപ്പോൾ അദ്ദേഹത്തിൻെറ കണ്ണിൽ കണ്ണുനീർ നിറയുന്നതു കണ്ടു. അതിനെക്കുറിച്ചു് ഞാൻ പരാതി പറയുകയല്ല. ഇത്രയും പൈശാചികമായ തരത്തിൽ വൈരനിര്യാതന ബുദ്ധിയോടുകൂടി പ്രവർത്തിച്ചതിൽ ഞങ്ങൾക്ക് അങ്ങേയററം സങ്കടമുണ്ടു്. കെ. പി. സി. സി. പ്രസിഡണ്ടിനും മുഖ്യമന്ത്രിയ്ക്കും ഞങ്ങൾ ഒരു കൂട്ടരോടുണ്ടായിരുന്നധാരണ 'A few rascals and a few cowards' എന്നായിരുന്നു, പക്ഷെ ആ ധാരണ വളരെ തെററാണെന്നു് ഇപ്പോൾ വ്യക്ത

LIBRARY ARCHIVES Kerala Legislative Assembly

മായി കഴിഞ്ഞിരിക്കുകയാണ്. വിയറ്റ്നാമിനേയും പാകിസ്ഥാനേയും ചൂണ്ടിക്കാണിച്ച് കൃസ്ത്യാനികളെ ഒന്നടങ്കം ശ്രീ. സ്റ്റീഫൻ ഭയപ്പെടുത്തുകയുണ്ടായി. പാവപ്പെട്ട ആളുകൾ അത് വിശ്വസിച്ചുപോയി. അതിലൂടെ ഞങ്ങളേയും ഭയപ്പെടുത്താമെന്നാണ് ശ്രീ. സ്റ്റീഫൻ വിചാരിക്കുന്നത്. പക്ഷെ ശ്രീ. സ്റ്റീഫന് തൃക്കടവൂർ ചെന്നുനിന്ന് ഈ വീരവാദങ്ങൾ പറയാൻ സാധിക്കുമോയെന്നാണ് ഞാൻ ചോദിക്കുന്നത്. ഞങ്ങൾ ഇതിനു മുമ്പും ഇപ്പോഴും ഇൻഡ്യൻ നാഷണൽ കോൺഗ്രസിനും ജനാധിപത്യഭരണത്തിനും അനുകൂലമായ വിധത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. ശ്രീ. ബാവാ ഇവിടെ സൂചിപ്പിക്കുകയുണ്ടായി ശ്രീ. പി. ടി. ചാക്കോയുടെ മന്ത്രിക്കസേര കിട്ടാത്തതുകൊണ്ടാണ് ജോർജ്ജ് ഇങ്ങനെ മാറിനിൽക്കുന്നതെന്ന്. ശ്രീ. ബാവായുടെ ഈ അഭിപ്രായത്തിൽ ഞാൻ അത്ഭുതപ്പെടുകയാണ്. ശ്രീ. പി. ടി. ചാക്കോയുടെ മന്ത്രിക്കസേരയിലേയ്ക്ക് എന്നെ ക്ഷണിക്കുകയുണ്ടായില്ല. ക്ഷണിച്ചാൽ തന്നെയും ഞാൻ അതു സ്വീകരിക്കുകയുമില്ലായിരുന്നു. മുഖ്യമന്ത്രിയുടെ വിശ്വസ്താനുയായികളിൽ ഒരാളായ ശ്രീ. പി. എസ്സ്. കാർത്തികേയൻ ഒരു ദിവസം എന്റെ അടുക്കൽ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ സന്ദർഭവശാൽ ഒരു ഫീലർ പ്രയോഗിക്കുകയുണ്ടായി. ഞാൻ അതു സ്വീകരിക്കുന്നില്ലെന്നു പറയുകയും ചെയ്തു. ശ്രീ. പി. ടി. ചാക്കോയുടെ മന്ത്രിക്കസേര കോട്ടയം ഡിസ്ട്രിക്റ്റിലെ വകയാണെന്നും പറഞ്ഞു അവിടെയുള്ള നാലു എം. എൽ. എ. മാർ അതിനുവേണ്ടി കടിപിടികൂടി. അവസാനം പാർട്ടി ഗ്രൂപ്പിന്റെ സമർദ്ദംകൊണ്ട് തൊമ്മച്ചൻ മന്ത്രിയായി. ശ്രീ. പി. ടി. ചാക്കോയുടെ മന്ത്രിക്കസേരയെക്കാൾ, മുഖ്യമന്ത്രിയെക്കാൾ വലിയവനാണ് ഞാൻ എന്നു വിചാരിക്കുന്നവർ ഇവിടെയുണ്ട്. അതുപോലെതന്നെ മറ്റൊരു സംഭവം ഉണ്ടായതു ഞാൻ പറയാം, അതിൽ പി. ടി. ചാക്കോ എന്തു തെറ്റ് ചെയ്തു എന്ന് എനിക്കറിഞ്ഞുകൂടാ. ശ്രീ. ചാക്കോയുടെ ഒരു മകൻ സൈനിക സ്കൂളിൽ പഠിക്കുകയാണ്. അദ്ദേഹം മന്ത്രിയായിരുന്ന കാലത്ത് ആയിരുന്നു പ്രവേശനം കിട്ടിയത്. ആ കുട്ടി സ്കോളർഷിപ്പിന് അപേക്ഷിച്ചു. സ്കോളർഷിപ്പ് കിട്ടുകയും ചെയ്തു. എന്നാൽ അഭിമാനം കൊണ്ടും അന്തസുകൊണ്ടും താൻ മന്ത്രിയായതുകൊണ്ട് സ്വാധീനം പ്രയോഗിച്ചാണ് കിട്ടിയതെന്നുള്ള ആശങ്ക വരുമെന്ന് വിചാരിച്ചു. ശ്രീ. ചാക്കോ ആ സ്കോളർഷിപ്പ് നിരസിക്കുകയാണ് ചെയ്തത്. ശ്രീ. ചാക്കോയുടെ മരണത്തിനുശേഷം ആ കുടുംബം നിരാശ്രയരായപ്പോൾ ശ്രീ. ചാക്കോയുടെ അനുജൻ ആ കുട്ടിയുടെ സ്കോളർഷിപ്പു കാര്യം പുനഃപരിശോധിക്കണമെന്ന് കാണിച്ച് ഒരു അപേക്ഷ ഗവൺമെൻറിലേയ്ക്ക് കൊടുത്തു. എന്നാൽ അപേക്ഷ പരിശോധിച്ചിട്ട് ഈ കുട്ടി ഒരു മേജർ ഓപ്പറേഷന് വിധേയനായിരിക്കുന്നതുകൊണ്ട് സൈനികസേവനത്തിന് അൺഫിറ്റാണെന്ന് പറഞ്ഞു ആ അപേക്ഷ തള്ളികളയുകയാണ് ചെയ്തത്.

ശ്രീ. ആർ. ശങ്കർ: ഇതെന്തോന്ന്, ഭ്രാന്ത് പറയുകയാണോ ?

ശ്രീ. കെ. എം. ജോർജ്ജ്: ശ്രീ. പി. ടി. ചാക്കോയുടെ കുടുംബത്തിനു കൊടുക്കുന്നതിനുവേണ്ടി ഒരു ഫണ്ട് ആരംഭിച്ചു. ഇന്നലെ ശ്രീ. സ്റ്റീഫൻ പറയുന്നതുകേട്ടു അഞ്ചു ലക്ഷത്തോളം രൂപ പിരിച്ചു കഴിഞ്ഞുവെന്ന്. ഈ ഫണ്ടിലേക്ക് ശ്രീ. സ്റ്റീഫൻ അഞ്ചു പൈസയെങ്കിലും കൊടുത്തിട്ടുണ്ടോ ? ഈ രാജ്യത്തെ ജനങ്ങളെ തെററിദ്ധരിപ്പിക്കുന്നതിനുള്ള പ്രചരണത്തിനുവേണ്ടിയാണ് ഇതെല്ലാം പറയുന്നത്. ഞങ്ങളുടെ നേതാക്കന്മാർ ഈ രാജ്യത്തിലെ ജനങ്ങളാകുന്നു. ഐ. ജിയുടെ കാര്യത്തെ സംബന്ധിച്ചുള്ള രഹസ്യരേഖയുടെ ഫോട്ടോസ്റ്റാററുകേസിൽ പത്രപ്രതിനിധികളെ ചോദ്യം ചെയ്തു രഹസ്യരേഖയുടെ ചോർച്ചക്കു കാരണക്കാർ ആരാണെന്ന് പുറത്തുവരും എന്ന ഘട്ടമായപ്പോൾ ചോദ്യം ചെയ്യപ്പെട്ട പത്രപ്രതിനിധികളിലൊരാളുടെ ഭാര്യയിൽനിന്ന് ഒരു പെററിഷൻ വാങ്ങി പ്രതിയെ ആശുപത്രിയിലേക്ക് മാററുകയുണ്ടായി. ഇത് ഏററവും അവിഹിതമായ ഒരു നടപടിയാണ്. കേന്ദ്ര ഇൻറലിജൻസിനെക്കൊണ്ട് ഇക്കാര്യത്തെപ്പററി അന്വേഷിക്കണമെന്ന് ഈ മന്ത്രിസഭയിലെ ഒരംഗം മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടപ്പോൾ മുഖ്യമന്ത്രി പറയുകയുണ്ടായി അതിന്റെ ആവശ്യമില്ല ഇവിടത്തെ പോലീസ് അന്വേഷിച്ചാൽ മതിയെന്ന്. അതിന് വിഷമമാണെങ്കിൽ കേന്ദ്രത്തിൽ നിന്നും അന്വേഷി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. ജോർജ്ജ്]

പ്പിക്കാമെന്നു് പറഞ്ഞതായി അറിയുന്നു. ഇങ്ങനെ നിരവധി നിരവധി കാര്യങ്ങൾ ഈ രാജ്യത്തിലെ ജനങ്ങൾ അന്വേഷിക്കണമെന്നാവശ്യപ്പെട്ടിട്ടും ഒന്നും അന്വേഷിക്കാതെ തേച്ചുമാച്ചു കളയുകയാണു് ചെയ്യുന്നതു്. ഇക്കാര്യത്തെപ്പററി ഈ രാജ്യത്തിലെ ജനങ്ങളിൽനിന്നും ആയിരക്കണക്കിനു് എഴുത്തുകളും കമ്പികളുമാണു് വരുന്നതെന്നു് അറിയുന്നു. ഈ രാജ്യത്തെ വമ്പിച്ച ഒരു വിഭാഗം ജനങ്ങളുടെ ഏകകണ്ഠമായ അഭിപ്രായത്തിന്റേയും വേദനകളുടെയും രോദനങ്ങളുടേയും സ്വരമാണു് കേൾക്കുന്നതു്. അത്യധികം വേദനയോടുകൂടി മാത്രമാണു് ഞാൻ ഈ അവിശ്വാസപ്രമേയത്തെ പിൻതാങ്ങുന്നതു്.

ശ്രീ. കെ. ഭാർഗ്ഗവൻ: സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ ശക്തിയായി പിൻതാങ്ങുന്നു. ഈ ഗവണ്മെന്റു തകർന്നു മണ്ണടിഞ്ഞുപോകുന്നതിൽ ഈ സഭയിലേയും ഈ സംസ്ഥാനത്തിലേയും ജനങ്ങൾ വളരെ സന്തോഷിക്കുകയാണു്. വിമോചനസമരത്തിൽ ആരംഭിച്ചു് വളരെ ഭംഗിയായി അവസാനം ഉണ്ടാക്കാൻ ഇതിലെ പ്രതിനായകന്മാർക്കല്ലാതെ മററാർക്കും സാധിക്കുകയില്ല. അങ്ങേയററം സ്വജനപക്ഷപാതത്തിലും അഴിമതിയിലും അധികാര മോഹത്തിലും മത്തു്പിടിച്ച സകല വർഗ്ഗീയ വാദികളും തമ്മിൽ തല്ലിപ്പൊളിയുന്നതു് കാണാൻ വളരെ വളരെ സന്തോഷമുണ്ടു്. ഈ മന്ത്രിസഭ ഇങ്ങനെപൊളിയുന്നതിൽ ആരും ഖേദിക്കുമെന്നു തോന്നുന്നില്ല. ഇതിനുമുമ്പു തന്നെ ഇവിടത്തെ മുഖ്യമന്ത്രിക്കെതിരായും, മററു മന്ത്രിമാർക്കെതിരായും ഒട്ടു വളരെ ഗൗരവതരമായ ആരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ടു്. പൊതുവേ അത്തരത്തിലുള്ള ആരോപണങ്ങളേയും ആക്ഷേപങ്ങളേയും നിഷേധിക്കാൻ ഭരണകക്ഷിയിലുള്ളവർക്കോ മററാർക്കെങ്കിലുമോ കഴിഞ്ഞിട്ടില്ല. അതുകൊണ്ടു് ഭരണകക്ഷിയിൽപ്പെട്ടിട്ടുള്ളവർക്കും അറിയാം ഈ ആക്ഷേപങ്ങളെല്ലാം പുതിയതല്ല പണ്ടേ ഉള്ളവയാണെന്നു്. അപ്പോൾ പണ്ടേ ഈ മന്ത്രിസഭ അഴിമതി ചെയ്യുന്നതാണെന്നുള്ള ഒരു വിശ്വാസം ജനങ്ങളിൽ നിന്നും ആർജ്ജിച്ചിട്ടുണ്ടു്. എന്താണു് ഇതിന്റെ അർത്ഥം. ശ്രീ. ബാവാ മാത്രം ഈ ആക്ഷേപങ്ങളെല്ലാം തെററാണെന്നു് എതിർക്കുകയുണ്ടായി. പക്ഷെ മററാരുംതന്നെ ഈ ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണെന്നു് പറയാൻ ധൈര്യപ്പെട്ടില്ല. ഭരണകക്ഷിയിൽ ഇപ്പോഴുള്ളവരുടെ നേതാവാണു് ശ്രീ. ശങ്കർ. ഇവരുടെയെല്ലാം മഹാനായ നേതാവു് എസ്. കെ. പട്ടീൽ ഇവിടെ വന്നപ്പോൾ എന്താണു് പറഞ്ഞതു്? ഈ ആരോപണങ്ങളെപ്പററിയെല്ലാം അന്വേഷിക്കണമെന്നല്ലേ കാൺഗ്രസ് ഹൈക്കമാണ്ടിന്റെയും അഭിപ്രായം അഴിമതി ആരോപണങ്ങളെപ്പററി അന്വേഷിക്കണമെന്നാണു്. അങ്ങനെ എല്ലാവരുടേയും അഭിപ്രായം ഇതിനെപ്പററി അന്വേഷിക്കണമെന്നു തന്നെയാണു്. പിന്നെ ആർക്കാണു് അന്വേഷണം വേണ്ടാത്തതു്? അഴിമതിആരോപണത്തെക്കുറിച്ചു് അന്വേഷിക്കണമെന്നു് എല്ലാവരും ആവശ്യപ്പെടുന്ന ഈ മന്ത്രിസഭ തകർന്നു മണ്ണടിഞ്ഞു പോകുന്നതിൽ ആർക്കും ഖേദം കാണുകയില്ല. മന്ത്രിസഭയ്ക്കനുകൂലമായ ചില കാര്യങ്ങൾ സമർത്ഥിച്ചൊപ്പിക്കാൻ ശ്രീ. ബാവാ ഒരു ശ്രമം നടത്തുകയുണ്ടായി. അതായതു് കോൺഗ്രസ് പാർട്ടിയുടെ നേതാവെന്നുള്ള നിലയിൽ പ്രധാനമന്ത്രി ജവഹർലാൽ നെഹറു പറഞ്ഞിട്ടുണ്ടു്. ഈ മന്ത്രിസഭയുടെമേൽ യാതൊരു ആരോപണവും ഇല്ലെന്നു്. അതിൽ ഈ രാജ്യത്തിലെ ജനങ്ങൾക്കു് എന്താണു് വിശ്വാസം. ഇതിൽ ഒരു ജുഡീഷ്യൽ എൻക്വയറിയാണു് ആവശ്യമായിട്ടുള്ളതു്. അങ്ങനെ ഒരു ജുഡീഷ്യൽഎൻക്വയറിനടത്തി അതിന്റെ സത്യാവസ്ഥ ജനങ്ങൾക്കു മനസിലാക്കി കൊടുക്കുകയാണു് ചെയ്യേണ്ടതു്. അല്ലാതെ അന്വേഷണത്തിനു് വിധേയനായ പാർട്ടിയുടെ നേതവല്ല അന്വേഷണം നടത്തേണ്ടതു്. ഇതിന്റെയെല്ലാം മറപിടിച്ചുകൊണ്ടു് രക്ഷപ്പെടാമെന്നാണോ വിചാരിക്കുന്നതു്? എസ്. കെ. പട്ടീൽ എന്തിനു് ആവർത്തിച്ചു പറഞ്ഞു അന്വേഷണം ആവശ്യമാണെന്നു്. ഇന്നലെ ശ്രീ. സ്ററീഫൻ ജനാധിപത്യ പുരോഗമനത്തിന്റെ രക്തസാക്ഷിയാകാൻ പോകുന്നതു കണ്ടു. വർഗ്ഗീയ പ്രതിലോമകാരികളുടെ സമ്മർദ്ദത്തിൽപ്പെട്ടു പുരോഗമന വാദികളായ ഞങ്ങൾ ഇതാ രക്തസാക്ഷിയാകുന്നുവെന്നു്. ഈ നിയമസഭ പിരിച്ചു വിടാൻ പോകുന്ന ഈ അവസാന നിമിഷത്തിൽ ഇത്തരത്തിലുള്ള ഒരു വാദം കണ്ടുപിടിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സ്റ്റീഫന് കഴിഞ്ഞതിൽ ഞാൻ അദ്ദേഹത്തെ അനുമോദിക്കുന്നു. വർഗ്ഗീയവാദികളേയും സമുദായവാദികളേയും കുററപ്പെടുത്താൻ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള നിങ്ങൾ തയാറുണ്ടോ? ഒരു കൂട്ടം സമുദായവാദികളുടെയും ഒരു കൂട്ടം പ്രതിലോമകാരികളുടേയും മറപിടിച്ചുകൊണ്ട് മറെറാരു കൂട്ടം സമുദായവാദികളിരിക്കും. ഇതെല്ലാം തന്നെ താൽക്കാലികമാണ്. 1947—നുശേഷം ഈ രാജ്യത്തുള്ള സകല സമുദായവാദികൾക്കും, സകല വഗ്ഗീയവാദികൾക്കും അവസരോചിതം കോൺഗ്രസിനകത്ത് കടന്നുപോകുന്നതിന് കവാടം തുറന്നിട്ടുകൊടുത്തിട്ടുണ്ടായിരുന്നു. 1964 വരെ ആ പാരമ്പര്യം വച്ചു സൂക്ഷിക്കുകയല്ലേ നിങ്ങൾ ചെയ്തത്. വിമോചന സമരകാലത്ത് ഹംസരഥം തള്ളി മന്ത്രിസഭ രൂപീകരിക്കുകയുണ്ടായി. ആ മന്ത്രിസഭ രണ്ടു മൂന്നു ദിവസത്തിനു മുമ്പേ മരിച്ചു കഴിഞ്ഞിരിക്കുകയാണ്. ഈ രാജ്യത്തെ രാഷ്ട്രീയ പ്രവത്തകരോട് എനിക്കു പറയുവാനുള്ളത് ഈ രാജ്യത്തെ രാഷ്ട്രീയ കക്ഷികളെപ്പററി ജനങ്ങളുടെ ഇടയിലുണ്ടായിരുന്ന ആദർശനിഷ്ഠ മാഞ്ഞുപോയി എന്നതാണ്. പുതിയ തലമുറകൾ രാഷ്ട്രീയകക്ഷികളിൽ വിശ്വസിക്കുന്നില്ല. ആദർശത്തിന്റേയും ത്യാഗത്തിന്റേയും ചിത്രം ഭരതവാക്യമാണ്. ഈ പ്രശ്നത്തിന് വർഗ്ഗീയ വാദമോ, സാമുദായിക വാദമോ ഒന്നുകൊണ്ടും പരിഹാരം ഉണ്ടാകുന്നില്ല. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചെയ്യേണ്ടത് ഈ രാജ്യത്ത് വളന്നുവരുന്ന വിലക്കയററത്തെ തടയുകയാണ്. സ്റേററ്റു ട്രെയിഡ്യു കോർപ്പറേഷനെപ്പററി ശ്രീ. സ്ററീഫന് ഒരക്ഷരവും പറയാനില്ലായിരുന്നു. ഇവിടെ പാസാക്കിയ വിദ്യാഭ്യാസബില്ലിനെ കൊലചെയ്തതിൽ അദ്ദേഹം സന്തോഷിക്കുന്നു. ഇങ്ങനെ ജനങ്ങളുടെ ഓരോ അവകാശങ്ങൾക്കും ആവശ്യങ്ങൾക്കുമെതിരായി പടവെട്ടികൊണ്ട് ഭരിക്കാമെന്നാണോ നിങ്ങൾ വിചാരിക്കുന്നത്. ജനങ്ങൾക്കെതിരായി പ്രതിലോമകാരികൾക്ക് സംരക്ഷണം നൽകുന്ന നിങ്ങളുടെ ഭരണം അവസാനിക്കുക തന്നെ വേണം. ഈ മന്ത്രിസഭ തകർന്നു മണ്ണടിയുകതന്നെ വേണം. അതുകൊണ്ട് ഞാൻ ഈ അവിശ്വാസപ്രമേയത്തെ ശക്തിയായിഅനുകൂലിക്കുന്നു.

ശ്രീ. കെ.കെ. വിശ്വനാഥൻ: സർ, ഈ അവിശ്വാസ പ്രമേയത്തെ ഞാൻ ശക്തിയായി എതിക്കുന്നു. ഇവിടെ നടന്ന ചർച്ചകൾ വളരെ ശ്രദ്ധയോടുകൂടി ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഈ മന്ത്രിസഭയുടെ നിമിഷങ്ങൾ എണ്ണപ്പെട്ടുകഴിഞ്ഞിരിക്കുകയാണെന്ന് എല്ലാവക്കും അറിയാം കാൺഗ്രസിലെ ഏതാനും അംഗങ്ങൾ മാറിപോയതിന്റെ ഫലമായിട്ടാണ് ഇതു സംഭവിക്കുന്നതെന്നും എല്ലാവക്കും അറിയാം. കാൺഗ്രസിന്റെ ഭാഗത്തു നിന്നും മാറിയിട്ടുള്ളവർ ഒരു സൽകൃത്യമാണ് ചെയ്തിരിക്കുന്നതെന്നും, അവക്ക് കാൺഗ്രസിനോടു കൂറുണ്ടെന്നും, അവർ അച്ചടക്കലംഘനം നടത്തിയിട്ടില്ലെന്നും അവകാശപ്പെടുന്നു, ഇനിയും അവർ കാൺഗ്രസുകാരായി തിരിച്ചുവരുമെന്നും പറയുന്നു, ഇതിനുമുമ്പു കാൺഗ്രസ് പാർട്ടിക്കുള്ളിൽ അച്ചടക്കലംഘനം നടത്തിയവരുടെ പേരിൽ ഇതുവരെയായിട്ടും യാതൊരു നടപടിയും എടുത്തിട്ടില്ലെന്നും, കാൺഗ്രസ്സിന്റെ കഴിഞ്ഞകാലചരിത്രത്തിൽ അച്ചടക്കലംഘനങ്ങൾ പലതും സംഭവിച്ചിട്ടുണ്ടെന്നും പറയുകയുണ്ടായി. ശ്രീ. ജോർജ് ഇവിടെ പലതും പറഞ്ഞു. പക്ഷെ അദ്ദേഹം പറഞ്ഞ ചില കാര്യങ്ങൾ തീരെ ശരിയല്ല. ഞാനുൾപ്പെടെ കൊച്ചിയിലെ ചിലർ ഒരിക്കൽ കാൺഗ്രസിനു എതിരായി നിയമസഭയിൽ മാറിയിരുന്നിട്ടുണ്ടെന്ന് പറഞ്ഞു. ഞങ്ങൾ മാറിയിരുന്നിട്ടില്ല. ഞങ്ങൾ നിയമസഭയിൽ നിന്നും രാജിവച്ച് പോകുകയാണ് ചെയ്തിട്ടുള്ളത്. കാൺഗ്രസിലുള്ള ചിലർ ഈയിടെ അച്ചടക്കലംഘനം നടത്തിയിട്ടുണ്ട്. ശ്രീ. പി ഗോപാലന്റെ പേരിൽ അച്ചടക്കലംഘനത്തിനു നോട്ടീസ് കൊടുക്കുകയും, അദ്ദേഹം അതിന് എക്സ്പ്ളനേഷൻ തരികയും ഖേദപ്രകടനം നടത്തുകയും ചെയ്തിട്ടുണ്ട്. വേറെ ചില മെമ്പറന്മാർ അച്ചടക്കലംഘനം നടത്തിയതിനു അവരുടെ പേരിലും നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. പക്ഷെ ഒരു കാര്യം വ്യക്തമാണ്. ശ്രീ. ജോർജ്ജും കൂട്ടരും ചെയ്തിട്ടുള്ള ഒരു കുററം അവർ ചെയ്തിട്ടില്ല. അവർ കാൺഗ്രസ് ഹൈക്കമെൻഡിനെ ധിക്കരിച്ചിട്ടില്ല. ശ്രീ. പി. ഗോപലൻ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

സത്യാഗ്രഹം ഇരുന്ന അവസരത്തിൽ അതവസാനിപ്പിച്ച് എഴുന്നേററു പോകണമെന്ന് കോൺഗ്രസ് പ്രസിഡണ്ട് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം എഴുന്നേററുപോകയുണ്ടായി. അദ്ദേഹം നല്ല ഒരു കാൺഗ്രസുകാരനാണെന്നു തെളിയിക്കുകയാണ് അതു വഴി ചെയ്തത്.

കാൺഗ്രസ്സ് ഹൈക്കമാൻഡിൻെറ ഉപദേശം ഇതിനുമുമ്പത്തെ അച്ചടക്കലംഘകർ കേൾക്കാതിരുന്നിട്ടില്ല. പക്ഷേ ജോർജ്ജിൻെറയും കൂട്ടരുടെയും സ്ഥിതി അതല്ല. കോൺഗ്രസ്സ് പ്രസിഡൻറിൻെറ ആജ്ഞയെ ധിക്കരിച്ച് മനഃപൂർവ്വം അച്ചടക്കലംഘനം നടത്താൻ മുതിർന്നവരാണവർ. ആവേശം വരുമ്പോൾ ശ്രീ. ജോർജ്ജ് പലതും പറയും. അദ്ദേഹം പറയുന്നതെന്താണെന്നു അദ്ദേഹത്തിനുതന്നെ നിശ്ചയമുണ്ടായിരിക്കുകയില്ല. സ്വിററ്സർലണ്ടിലെ കോവിൽവച്ച് എം. ആർ. ഏ. സമ്മേളത്തിൽ അദ്ദേഹം പറഞ്ഞു, 'കത്തോലിക്കാസഭ പരാജയപ്പെട്ട സ്ഥാനത്ത് എം. ആർ. ഏ. വിജയിച്ചിരിക്കുന്നു' എന്ന്. ഞങ്ങൾ എല്ലാവരുംകൂടി അദ്ദേഹത്തെ ഇങ്ങനെ പറഞ്ഞതിനു ശാസിച്ചിട്ടുണ്ട്. ഇവിടെ അദ്ദേഹം പറഞ്ഞിട്ടുള്ളതുമൊക്കെ ഇങ്ങനെ തന്നെയാണ്—യാതൊരടിസ്ഥാനവുമില്ലാത്ത കാര്യങ്ങൾ. ശ്രീ. ജോർജ്ജ് ഉദ്യോഗസ്ഥന്മാരുടെ വികാരങ്ങളെപ്പററി പറഞ്ഞു. അവരുടെ വികാരങ്ങളെപ്പററി പറയുവാൻ അദ്ദേഹത്തെക്കാൾ യോഗ്യനായ ഒരാളെ വേറെ കിട്ടുകയില്ല. സെക്രട്ടറിയേററിൻെറ ഒരററംമുതൽ മറെറയററംവരെ ഒരുപററം ആളുകളുമായി ദിനംദിനം കയറിയിറങ്ങുന്ന ഒരാളാണ് അദ്ദേഹം. അദ്ദേഹം ശ്രീ. ടി. ഒ. ബാവയെ വെല്ലുവിളിക്കുന്നതു കേട്ടു; ആലുവായിൽനിന്നു തിരഞ്ഞെടുപ്പിൽ മൽസരിക്കാമോയെന്ന്. സർ, അദ്ദേഹം കോതമംഗലത്തു നിന്നു മൽസരിക്കാൻ തയ്യാറുണ്ടോ എന്നു ഞാനദ്ദേഹത്തെ വെല്ലുവിളിക്കുകയാണ്. അദ്ദേഹത്തിൻെറ നിയോജകമണ്ഡലത്തിലെ പൊതുപ്രശ്നങ്ങൾക്കുവേണ്ടിയല്ല സെക്രട്ടറിയേററിനകത്തു അദ്ദേഹം പോകുന്നതു വേറെ പല കാര്യങ്ങൾക്കുംവേണ്ടിയാണ് അദ്ദേഹം പോകുന്നതെന്നറിയാത്തവർ ഇവിടെയില്ല. ഞാൻ അതേപ്പററി കൂടുതലൊന്നും പറയുന്നില്ല. ഈ അവിശ്വാസപ്രമേയത്തെ എല്ലാ പ്രതിപക്ഷകക്ഷികളും പിൻതാങ്ങുന്നുണ്ട്. എസ്സ്. എസ്സ്. പി. വളരെ ശക്തിയായി അവിശ്വാസപ്രമേയത്തിനുവേണ്ടി നിലകൊള്ളുന്നു. ശ്രീമാൻ ചന്ദ്രശേഖരൻ പ്രസംഗിച്ച അവസരത്തിൽ അദ്ദേഹത്തിൻെറ രോഷം കാണേണ്ടതായിരുന്നു. ഈ മന്ത്രിസഭ അഴിമതി നിറഞ്ഞതാണത്രേ. അക്കാരണത്താൽ ഈ മന്ത്രിസഭ പോകണമെന്നു അദ്ദേഹം പറയുമ്പോൾ കഴിഞ്ഞകാല ചരിത്രം അദ്ദേഹം ഓർക്കുന്നില്ല, അദ്ദേഹംകൂടി ഇവിടെ മന്ത്രിയായിരുന്നപ്പോൾ, ശ്രീ പട്ടംതാണുപിള്ള ചീഫ് മിനിസ്റ്ററായിരുന്ന അവസരത്തിൽ, അദ്ദേഹത്തിൻെറ പാർട്ടിയിൽപ്പെട്ട ഒരു മെമ്പർതന്നെ പി. എസ്. പി. മന്ത്രിമാരുടെപേരിൽ അഴിമതി ആരോപിച്ചുകൊണ്ട് അവിശ്വാസപ്രമേയം കൊണ്ടുവന്നിരുന്നു. എന്നിട്ടെന്തുണ്ടായി? ശ്രീമാൻ ചന്ദ്രശേഖരൻ പറയണം. പ്രമേയം തള്ളിപ്പോയി. പക്ഷെ ആ ആരോപണങ്ങൾ ഇപ്പോഴും അതേപടി നിൽക്കുന്നു. ഒരു കേസുപോലും ആരും കൊടുത്തിട്ടില്ല. ശ്രീ. ശങ്കറിൻെറയും ശ്രീ. ദാമോദരമേനോൻെറയും പേരിൽ അഴിമതിആരോപണങ്ങൾ വന്നു. ഒരു കേസ് കൊടുക്കാനുള്ള മര്യാദയെങ്കിലും അവർ കാണിച്ചു. പി. എസ്. പി. മന്ത്രിമാർ കേസ് കൊടുക്കാതിരുന്നതിനെപ്പററി ആർക്കും ആക്ഷേപമില്ല. ചന്ദ്രശേഖരനു ആക്ഷേപമില്ല, പി. എസ്. പി.ക്കും ആക്ഷേപമില്ല ശ്രീ. പട്ടം താണുപിള്ളയുടെ പേരിലുള്ള അഴിമതി ആരോപണത്തെപ്പററി ആർക്കും ആക്ഷേപമില്ല. ശ്രീ. ശങ്കറുടെ പേരിലായപ്പോൾ വിധം ആകെ മാറി. സംയുക്തത്തിൽനിന്നു ലീഗും, പി. എസ്സ്. പി.യും വിട്ടുപോയ കാര്യം ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാടും കുരുക്കളും ചന്ദ്രശേഖരനും മററു പലരും പറഞ്ഞു. ആരാണ് അതിനുത്തരവാദികൾ? ആലോചിച്ചുനോക്കണം. വെറും വികാരങ്ങൾ പ്രകടിപ്പിച്ചതുകൊണ്ടായില്ല. ശ്രീ. ശങ്കർ ഇവരോടു വിട്ടുപോകുവാൻ പറഞ്ഞില്ല. കോൺഗ്രസ്സ് പാർട്ടിയും പറഞ്ഞില്ല. ദുർഗ്ഗാപ്പൂർ പ്രമേയത്തിൻെറ പേരുംപറഞ്ഞ് ലീഗ് സംയുക്തത്തിൽനിന്ന് വിട്ടുപോയി. ആ പ്രമേയത്തിനുത്തരവാദികൾ ഇവിടത്തെ കോൺഗ്രസ്സ് പാർട്ടിയോ ശങ്കറോ അല്ലായിരുന്നു. ദുർഗ്ഗാപ്പൂർ പ്രമേയം നിലവിലുണ്ടായിരുന്ന് സംയുക്തഏർപ്പാടിനു് എതിരല്ലാതിരുന്നിട്ടും

LIBRARY ARCHIVES Kerala Legislative Assembly

ലീഗ് സ്വയം തീരുമാനമെടുത്ത് വിട്ടുപോകുകയാണ് ചെയ്തത്. ശ്രീ. പട്ടം താണുപിള്ള ഗവർണ്ണറായിപ്പോയി. അദ്ദേഹം പോയതിനുശേഷം ചന്ദ്രശേഖരനും ദാമോദരൻപോററിയും മന്ത്രിസഭയിലുണ്ടായിരുന്നു. അവരോട് ആരെങ്കിലും ഇറങ്ങിപ്പോകണമെന്നു പറഞ്ഞോ? പട്ടം താണുപിള്ള പോയതുകൊണ്ട് സംയുക്തമവസാനിപ്പിക്കണമെന്നുണ്ടോ? നാഷണൽ എക്സിക്യൂട്ടീവ് പ്രമേയം പാസ്സാക്കിയപ്പോൾ പി. എസ്സ്. പി. സംയുക്തത്തിൽനിന്ന് സ്വയം വിട്ടുപോകാൻ തീരുമാനിച്ചു. എന്നിട്ട് ഇപ്പോൾ കോൺഗ്രസ്സിനെ കുററപ്പെടുത്തുകയാണ്. സംയുക്തത്തിനു തകരാറുകളുണ്ടായിട്ടുണ്ടെങ്കിൽ ആ തകരാറുകൾക്ക് ഉത്തരവാദി കോൺഗ്രസ്സല്ല. ശ്രീ. ചന്ദ്രശേഖരനോടു ഞാൻ മറെറാരു കാര്യം ചോദിക്കട്ടെ. 1960—ലെ തെരഞ്ഞെടുപ്പിൽ ഞങ്ങളും നിങ്ങളും ഇവിടത്തെ ജനങ്ങളുടെ മുമ്പിൽ ഒരു വാഗ്ദാനം വച്ചിരുന്നു. സ്ഥായിയായ ഒരു ഭരണം ഇവിടെ ഉണ്ടാക്കുമെന്ന്; അഞ്ചു കൊല്ലക്കാലം നിലനിൽക്കുന്ന ഒരു ഭരണം ഇവിടെ ഉണ്ടാക്കുമെന്ന്. അതു ഓർമ്മയുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഉണ്ടെങ്കിൽ പി. എസ്സ്. പി. ഈ നിലപാടെടുക്കുന്നതു ശരിയോ? അഞ്ചു കൊല്ലക്കാലം ഗവണ്മെൻറിനെ നിലനിറുത്തുമെന്നു ചെയ്തിട്ടുള്ള വാഗ്ദാനം നിറവേററാൻ ശ്രീ. ചന്ദ്രശേഖരനും കൂട്ടരും ബാദ്ധ്യസ്ഥരല്ലേ? പ്രതികാരബുദ്ധിയോടുകൂടിമാത്രം കാര്യങ്ങൾ കാണുന്നതു ശരിയല്ല. ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് ഒരു കാര്യം വ്യക്തമായി പറഞ്ഞു. ഈ പ്രമേയം പാസ്സാക്കിയതിനുശേഷം തങ്ങളൊരു പുതിയ പ്രസ്ഥാനം ഉണ്ടാക്കാൻ പോകുകയാണെന്ന്. ഇവിടെ ഒരു പകരം മന്ത്രിസഭ തൽക്കാലം വരുകയില്ലെന്ന സൂചന അദ്ദേഹം നൽകി. ഇവിടെയൊരു പുതിയ പ്രസ്ഥാനമുണ്ടാക്കാൻ പോകുകയാണത്രെ. ഈ പുതിയ പ്രസ്ഥാനമുണ്ടാക്കാൻ പോകുന്നതു—ആരൊക്കെക്കൂടിയാണ്? കമ്മ്യൂണിസ്ററു ഇടതും വലതും മററു ചില പാർട്ടികളുംകൂടി ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ പുതിയ പ്രസ്ഥാനമുണ്ടാക്കാൻ പോകുകയാണ്. ഒരു പാർട്ടിയായി ഒരുമിച്ചുനിന്നു മുന്നോട്ടു പോകാൻ സാധിക്കാത്തവർ രണ്ടായി മാറിനിന്നുകൊണ്ട് ഒരു മിനിമംപരിപാടിയുടെ അടിസ്ഥാനത്തിൽ മുന്നോട്ടു പോകും എന്നു പറഞ്ഞാൽ ഈ രാജ്യത്തെ ജനങ്ങൾ അതു വിശ്വസിച്ചുകൊള്ളണം. ആളുകളെ കബളിപ്പിക്കാനെന്തും ചെയ്യുമെന്നേ ഇതിനർത്ഥമുള്ളു. ഈ കൂട്ടുചേരുന്നവരെടുത്തിരിക്കുന്ന ഇപ്പോഴത്തെ നിലപാടൊന്നു സൂക്ഷ്മമായി പരിശോധിച്ചാൽ എന്താണു കാണുന്നതു്? പ്രസിഡണ്ടുഭരണം വരുത്താൻവേണ്ടി നിലകൊള്ളുന്ന കാഴ്ച. ശ്രീമാൻ ചന്ദ്രശേഖരൻ പറഞ്ഞു പ്രമേയം പാസ്സായാൽ പ്രസിഡണ്ടുഭരണം വരുമെന്ന്. ഈ രാജ്യത്തു പ്രസിഡണ്ടുഭരണം വരണമെന്നു ആഗ്രഹിക്കുന്നവർ ആരൊക്കെയാണ്?

ശ്രീ. കെ. ചന്ദ്രശേഖരൻ: പ്രസിഡൻറുഭരണം വരുമെന്നു ഞാനല്ല പറഞ്ഞതു്. എസ്. കെ. പട്ടീലാണ് അങ്ങനെ പറഞ്ഞതു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: ശ്രീമാൻ ചന്ദ്രശേഖരൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അതു് ആവർത്തിച്ചുപറഞ്ഞു. എന്തെങ്കിലുമാകട്ടെ, ഇവിടെ ഒരു പ്രസിഡൻറുഭരണം വരുത്താൻവേണ്ടിയുള്ള ഒരു അവിശ്വാസപ്രമേയമാണ് കൊണ്ടുവന്നിരിക്കുന്നതു്. ഇവിടെ പ്രസിഡൻറുഭരണം വരണമെന്നു ആഗ്രഹിക്കുന്നവർ ആരൊക്കെയാണ്? ഇവിടത്തെ രാഷ്ട്രീയപാർട്ടികളാണോ? അതു ഇതുവരെ മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല. ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഒരു രാഷ്ട്രീയകക്ഷിക്കും പ്രസിഡൻറുഭരണം വരുത്താനുള്ള നിലപാടെടുക്കുവാൻ ഒക്കുകയില്ല. ഇവിടെ പ്രസിഡൻറുഭരണം വരണമെന്നു ആഗ്രഹിക്കുന്ന ആളുകളുണ്ട്. ഈ രാജ്യത്തു് പഴയ ദിവാൻഭരണം വീണ്ടും വരണമെന്നു് ആഗ്രഹിക്കുന്ന ആളുകളുണ്ട്. കൈവിരലിൽ എണ്ണാവുന്ന മുതലാളിമാരും തോട്ടമുടമകളും ജന്മികളും ബൂർഷ്വാവർഗ്ഗവും ഈ ആഗ്രഹക്കാരാണ്. ഈ രാജ്യത്തു് പ്രസിഡൻറുഭരണം വരികയാണെങ്കിൽ അവർ വളരെ സന്തോഷത്തോടുകൂടി അതിനെ സ്വാഗതം ചെയ്യും. അതുകൊണ്ടു എല്ലാ കാലത്തും മന്ത്രിസഭകൾ മറിച്ചിടുക തങ്ങളുടെ ചുമതലയാണെന്നു അവർ വിചാരിക്കുന്നു. 1960—ലെ തിരഞ്ഞെടുപ്പിനുശേഷം ഇവിടെ ആരും മന്ത്രിസഭ മറിച്ചിടുകയില്ല, അഞ്ചു കൊല്ലക്കാലം തുടർച്ചയായി ഭരണമുണ്ടാവും എന്നൊക്കെയുള്ള പ്രതീക്ഷ ഈ നാട്ടിലെ ജനങ്ങൾക്കും ഗവണ്മെൻറിനും രാഷ്ട്രീയകക്ഷികൾക്കും ഉണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

യിരുന്നു. കഴിഞ്ഞ കാലസംഭവങ്ങൾ യഥാർത്ഥത്തിൽ വളരെയധികം വേദനയോടുകൂടി ഓർക്കേണ്ടവയാണ്. പക്ഷെ 196[illegible]—ന ശേഷം കാര്യങ്ങൾക്കൊരു മാററം വന്നുവെന്നു തെററായോ ശരിയായോ പലരും ധരിച്ചു. ഞങ്ങൾ ധരിച്ചു, ഈ നാട്ടിലെ ജനങ്ങൾ ധരിച്ചു, ഈ രാജ്യത്തെ രാഷ്ട്രീയത്തിൽ സ്ഥാപിതതാല്പര്യക്കാരുടെ പിടി അയഞ്ഞുവരികയാണെന്നു്; സ്ഥാപിതതാൽപ്പര്യക്കാർ രാഷ്ട്രീയത്തിൽ സ്വാധീനം ചെലുത്തുന്ന കാലം കഴിഞ്ഞുപോയെന്നു്. പക്ഷേ അങ്ങനെയല്ല കാണുന്നതു്. കൈവിരലിൽ ഒതുങ്ങുന്ന പിന്തിരിപ്പൻ മൂരാച്ചികൾ വിചാരിച്ചാൽ ഇവിടെ എന്നും ഏതു ഗവണ്മെൻറിൻേറയും പതനം ഉണ്ടാകുമെന്നു തെളിയിക്കുന്ന ഒരു പരിതഃസ്ഥിതി വന്നിരിക്കുകയാണ്. അങ്ങനെ വന്നിരിക്കുന്ന ഈ സന്ദർഭത്തിൽ അവർക്കെതിരായി നിൽക്കുന്നു എന്നവകാശപ്പെടുന്ന പാർട്ടികളുടെ നയമെന്താണ്? ആ പാർട്ടികൾ ഈ പിന്തിരിപ്പൻ ശക്തികളെ എതിർത്തു തോൽപ്പിക്കുമെന്നു പ്രതീക്ഷിച്ചു. പക്ഷേ ഇവിടെ എന്താണു കാണുന്നതു്? സ്ഥാപിതതാൽപ്പര്യക്കാർക്കെതിരായി നിൽക്കുന്നു എന്നഭിമാനിക്കുന്ന കക്ഷിക്കാർ, പുരോഗമനക്കാരെന്നു പറയുന്ന രാഷ്ട്രീയകക്ഷിക്കാർ അവരോടുകൂടി ചേർന്നുനിന്നു അവർ ആഗ്രഹിക്കുന്ന കാര്യം സാദ്ധ്യമാക്കിത്തീർക്കുന്ന ലജ്ജാകരമായ കാഴ്ച നാം ഇവിടെ കാണുകയാണ്. സർ, എനിക്കതിൽ വളരെ വേദനയുണ്ട്. ഈ രാജ്യത്തു് സോഷ്യലിസം വരണമെന്നും ജനാധിപത്യം പുലരണമെന്നും ആഗ്രഹിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. ജനാധിപത്യസോഷ്യലിസം ലക്ഷ്യമായി അംഗീകരിച്ചിട്ടുള്ള നമ്മുടെ രാജ്യത്തു് ഈ പതനത്തിൽ സോഷ്യലിസ്ററുവിരോധികളോടു ചേർന്നു പ്രതിപക്ഷകക്ഷികൾ ഇതുപോലുള്ള പ്രമേയം പാസ്സാക്കുകയാണെങ്കിൽ ഇവിടത്തെ അവസ്ഥ എന്തായിരിക്കുമെന്നു നാം ആലോചിക്കേണ്ടതാണ്. സോഷ്യലിസത്തിലും ജനാധിപത്യത്തിലും വിശ്വസിക്കുന്ന ഈ രാജ്യത്തെ രാഷ്ട്രീയപാർട്ടികളോടും വ്യക്തികളോടും ഇതു നല്ലതാണോ എന്നു ഞാൻ ചോദിക്കുകയാണ്. സോഷ്യലിസ്ററുവിരോധികളായ പിന്തിരിപ്പന്മാർ വിചാരിച്ചാൽ ഇവിടെ എന്തും നടക്കുമെന്നുള്ള സ്ഥിതിവിശേഷത്തെ മാററാൻ കിട്ടിയ അവസരം പാഴാക്കിയാൽ ഈ രാജ്യത്തെ രാഷ്ട്രീയപാർട്ടികൾ എങ്ങനെ ജനങ്ങളോടു സമാധാനം പറയുമെന്നു ഞാൻ ചോദിക്കുകയാണ്. ചില ചലിക്കുന്ന കൊട്ടാരങ്ങൾ ഇന്നു തിരുവനന്തപുരത്തു ചുററിക്കറങ്ങുന്നുണ്ട്. ഇതുവരെയായി ഒരു കട വാങ്ങിക്കാൻപോലും കഴിയാത്ത ചില എം. എൽ. ഏ.മാർ അതിൽ കയറിയിരുന്നു സഞ്ചരിക്കുകയാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: കായാത്തു ദാമോദരൻേറയും സുന്ദരേശൻേറയും കാറുകളാണോ?

ശ്രീ. കെ. കെ. വിശ്വനാഥൻ: അങ്ങനെ ചലിക്കുന്ന കൊട്ടാരങ്ങളിൽ പോകുന്ന എം. എൽ. ഏ.മാർ എന്തിനുവേണ്ടിയാണ് പോകുന്നതെന്നുള്ള കാര്യം നാം ആലോചിക്കേണ്ടതാണ്. ഇവിടെ മുഖ്യമന്ത്രിയുടെപേരിൽ ചില ആരോപണങ്ങൾ ഉന്നയിച്ചു. ആരോപണങ്ങൾ ഉന്നയിക്കാൻ പ്രയാസമില്ല. പക്ഷേ ചങ്കുറപ്പുണ്ടെങ്കിൽ ആ ആരോപണങ്ങൾ വെളിയിലിറങ്ങിനിന്നു പറയണം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: വെളിയിലിറങ്ങി പറയാം.

ശ്രീ. കെ. കെ. വിശ്വനാഥൻ: പറയണം. ആരോപണങ്ങൾ പറയാൻ പ്രയാസമില്ല. മററുള്ളവരെക്കുറിച്ചും ആരോപണങ്ങൾ ഉന്നയിക്കാൻ സാധിക്കും. ബാലകൃഷ്ണപിള്ള ഉൾപ്പെടെയുള്ള ആളുകളെപ്പററി ഇവിടെ ആരോപണങ്ങൾ ഉന്നയിക്കാൻ തുടങ്ങിക്കഴിഞ്ഞാൽ ഈ നിയമസഭയിലെ സ്ഥിതി എന്തായിരിക്കുമെന്നു ആലോചിക്കണം. ഞാൻ പറയുന്നതു് നിരുത്തരവാദപരമായി ആരോപണങ്ങൾ ഉന്നയിക്കരുതു് എന്നാണ്. അങ്ങനെ ചെയ്താൽ, തെളിയിച്ചില്ലെങ്കിലും വിരോധമില്ല എന്നുള്ള ഒരു നിലപാടു വന്നുകഴിഞ്ഞാൽ ഈ സഭയിലിരിക്കുന്ന എല്ലാവരെപ്പററിയും ആർക്കും എന്തുവേണമെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

പറയുവാൻ കഴിയും. അതുകൊണ്ട് തെളിയിക്കാൻ കഴിയാത്ത കാര്യങ്ങൾ അങ്ങനെ പറയരുത്. തെളിയിക്കാവുന്ന ഏതെങ്കിലും സ്പെസിഫിക് ചാർജ്ജുണ്ടെങ്കിൽ നിരത്തിവയ്ക്കണം. അല്ലാതെ എന്തെങ്കിലും പറയുന്നതു ശരിയല്ല. ഒരു ജനാധിപത്യവ്യവസ്ഥയിൽ രാഷ്ട്രീയകക്ഷികളാണ് ഭരിക്കുന്നത്. അതിൽ എത്രയോ അംഗങ്ങൾ കാണും. അവരെയെല്ലാം കരിതേയ്ക്കാൻ ആരെങ്കിലും വിചാരിക്കുകയാണെങ്കിൽ ഒരു പ്രയാസവുമുണ്ടാവുകയില്ല. അങ്ങനെ ഈ രാജ്യത്ത് എത്രയോ ആളുകളെ കരിതേച്ചിട്ടുണ്ട്. ഇവിടെ പ്രതിപക്ഷത്തിരിക്കുന്ന ആളുകളെപ്പററിയും ധാരാളം അങ്ങനെ പറഞ്ഞിട്ടുണ്ട്. ആ പ്രവണത വളർത്തണമോ? അതു വളർത്തിയാൽ ഈ രാജ്യത്തു ആർക്കും രക്ഷയില്ല. ഉത്തരവാദിത്വബോധത്തോടുകൂടിയുള്ള ഒരു നിലപാട് എല്ലാവരും സ്വീകരിക്കുകയായിരിക്കും നല്ലതെന്നു ഞാൻ വിശ്വസിക്കുന്നു. ഈ അവിശ്വാസപ്രമേയത്തിന്റെ കാര്യത്തിൽ അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ എടുത്തിരിക്കുന്ന നിലപാടിൽ ഞാൻ അത്യന്തം ഖേദിക്കുന്നു. ഈ അവിശ്വാസപ്രമേയം പാസ്സാകുമെന്നുള്ള കാര്യത്തിൽ ആർക്കും സംശയമില്ല. ഓരോരുത്തരേയും ഓരോ തരത്തിൽ ഇവിടെ ദുഷിക്കുകയാണ്. പഴയ കഥകളും ഇപ്പോഴത്തെ സാഹചര്യവും മറക്കുകയാണ്. മുഖ്യമന്ത്രി ശങ്കറിനെ കേന്ദ്രീകരിച്ചുകൊണ്ട് അദ്ദേഹത്തിനുനേരെ വെറുപ്പുണ്ടാക്കുന്നതിനുള്ള ഗൂഢാലോചന കുറെയെങ്കിലും വിജയിച്ചു എന്നു ഞാൻ വിശ്വസിക്കുകയാണ്. ഈ ഗൂഢാലോചന എന്തിനായിരുന്നു എന്നു വളരെ വേഗം തെളിയുമെന്നു ഞാൻ കരുതുന്നു. ലീഗ്പോലും ശങ്കറിനെ കേന്ദ്രീകരിച്ചുകൊണ്ടു മാത്രം എതിർപ്പു പ്രകടിപ്പിച്ചു അദ്ദേഹത്തെ കശാപ്പു ചെയ്യുന്ന ഒരു പ്രസ്ഥാനമായി മുന്നോട്ടു വന്നിരിക്കുകയാണ്. അവർക്കു ഇതാണു രക്ഷയെന്നു കരുതുന്നു. ഈ രാജ്യത്തു ഇതിനുമുമ്പും മുഖ്യമന്ത്രിമാർ ഉണ്ടായിട്ടുണ്ട്. അവരേക്കാൾ ഭീകരനാണ് ശങ്കറെന്ന് അവർ പറയുന്നു. ഈ രാജ്യത്ത് മററാരും അങ്ങനെ പറഞ്ഞിട്ടില്ല. ഇതുപോലെയുള്ള സന്ദർഭം ഉപയോഗിച്ച് ഒരാളെ അങ്ങനെ ചിത്രീകരിച്ച് തങ്ങൾക്കു ശക്തി സമ്പാദിക്കാൻ ശ്രമിക്കുന്നത് ഒരിക്കലും രാഷ്ട്രീയമായ മര്യാദയല്ലെന്നുമാത്രമേ ഞാൻ പറയുന്നുള്ളു. എന്തിനുവേണ്ടി ഈ ഗവണ്മെന്റു പോകണം? എന്തിനുവേണ്ടി അവിശ്വാസപ്രമേയം പാസ്സാകണം? നാലര കൊല്ലത്തിനിടയ്ക്ക് യാതൊരു മാററവും ഉണ്ടായിട്ടില്ലേ? ഈ രാജ്യത്ത് വ്യവസായങ്ങൾ അനവധി വന്നിട്ടില്ലേ? സമാധാനം നിലനിന്നിട്ടില്ലേ? ഈ രാജ്യത്ത് മുമ്പില്ലാതിരുന്ന സാമൂഹ്യരക്ഷാപരിപാടികൾ വന്നിട്ടില്ലേ? പദ്ധതിവിഹിതം പണ്ടത്തേക്കാൾ കൂടുതൽ കണക്കു പറഞ്ഞു വാങ്ങിയില്ലേ? അതൊന്നും കാണാൻ അവർക്കു കണ്ണുണ്ടായില്ല. പി. ടി. ചാക്കോ പോയാൽ മന്ത്രിസഭ പോവുക എന്നർത്ഥമില്ല. ഒരു വ്യക്തി പോയാൽ രാജ്യം അധഃപ്പതിക്കുമെന്ന് ആരും വിശ്വസിക്കുന്നില്ല. വ്യക്തികൾ ഉന്നതന്മാരായിരിക്കാം. വ്യക്തികളല്ല രാഷ്ട്രീയകക്ഷികളാണ് പ്രധാനം. രാഷ്ട്രീയകക്ഷികൾ ഉത്തരവാദിത്വമില്ലാത്ത നിലയിൽ പ്രവർത്തിക്കരുത്. ഭരണം ഏൽക്കാൻ കൊതിച്ചുകൊണ്ടിരിക്കുന്ന രാഷ്ട്രീയകക്ഷികളെപ്പററിയാണു ഞാൻ പറയുന്നത്. കോൺഗ്രസ്സിന് ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ ഈ രാജ്യത്തെ ജനങ്ങളുടെമുമ്പിൽ നിരത്തിവയ്ക്കുന്ന അവസരത്തിൽ പ്രതിപക്ഷത്തിരിക്കുന്നവർക്ക് ബുദ്ധിമുട്ട് ഉണ്ടാകുമെന്നു എനിക്കറിയാം. കോൺഗ്രസ്സ് സോഷ്യലിസം സ്വീകരിച്ചുകൊണ്ടു മുമ്പോട്ടു പോകുന്ന ലക്ഷണം കണ്ടപ്പോൾ ഇവിടത്തെ രാഷ്ട്രീയകക്ഷികൾക്ക് വിഷമം തോന്നിയിട്ടുണ്ടെന്നെനിക്കറിയാം. അതുകൊണ്ട് ഇങ്ങനെയൊരു അവിശ്വാസപ്രമേയം കൊണ്ടുവന്നിരിക്കുകയാണ്. ഈ അവിശ്വാസപ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.

__ஸ்ரீ. எம். எம். சுந்தரம்:__ ஸர், இனியும் இரண்டு மணி நேரத்தில் ஸ்ரீ. சங்கர் தலைமையிலுள்ள மந்திரி சபையின் ஆயுள் முடிவடையப்போகிறது. இச்சமயத்தில் நம்பிக்கையில்லா தீர்மானத்தை எதிர்த்து ஆளும் கட்சி மெம்பர் திரு. விஸ்வநாதன் அவர்கள் பேசுகையில் மந்திரி சபையை மாற்றிவிட்டு பிரசிடண்டு ஆட்சி கொண்டுவரவேண்டுமென்ற நோக்கத்தோடு நான் நம்பிக்கையில்லா தீர்மானம் எதிர் கட்சிகள் கொண்டுவந்திருக்கிறது என்றால் பிரசிடெண்டு ஆட்சியை விரும்புவது எதிர்கட்சிகளல்ல,

LIBRARY ARCHIVES Kerala Legislative Assembly

[ஸ்ரீ. எம். எம். சுந்தரம்]

ஸ்ரீ. பட்டேல் இங்கு வந்திருந்தபோது பெப்ரவரியில் தேர்தல் நடக்கும் என்று கூறினர். அதே சமயம் காங்கிரஸ் எம். எல். ஏ. மார் சிலர் அவரிடம் இந்தியா முழுவதும் நடக்கும் அடுத்த பொது தேர்தல் வரை அதாவது இனியும் $2\frac{1}{2}$ வருட காலம் பிரஸிடெண்டு ஆட்சி தொடரவேண்டுமென்று கூறியதாக அறிந்தோம். இதிலிருந்து தெரிவது பிரசிடெண்டு ஆட்சியை விரும்புவதும் தேர்தலை பயப்படுந்துவதும் எதிர்கட்சிகளல்ல. ஆளும் கட்சி தான். இல்லையேல் இந்த மந்திரி சபை போன உடனே 6 மாதம்வரை காத்திருக்காமல் உடனடி எலக்ஷன் நடத்தவேண்டுமென மத்திய சர்க்காரை நிர்பந்திக்க நீங்கள் தயாரா என்று கேட்கிறேன். உடனடி தேர்தலைத் தான் விரும்புகிறோமே தவிர பிரஸிடெண்டு ஆட்சி தொடருவதையல்ல. ஸர், இன்றைய ஆளுங் கட்சியும், மந்திரி சபையும் ஜாதிவெறி பிடித்தது என்று நான் குற்றஞ்சாட்டுகிறேன். ஸர், ஒரு உதாரணம் எடுத்துக் காட்ட நான் விரும்புகிறேன். ஜனநாயகம், சோஷியலிசம் இதுதான் இப்போது இவர்களுடைய தர்க்க மந்திரம். இப்படி சதா மந்திரம் ஜெபிக்கும் இந்த கபட சந்நியாசிகள் இவ்வருடம் பள்ளிக்கூடங்கள் கொடுத்ததைப் பார்ப்போம். தேவையுள்ள இடத்திலா கொடுத்தார்கள். ஜாதி வீதத்தில் பங்கு வைத்தார்கள். என். எஸ். எஸ்-க்கு இத்தனை, எஸ். என். டி. பி. க்கு இத்தனை, கத்தோலிக்கருக்கு இத்தனை, முஸ்லீம்களுக்கு இத்தனை என்று இப்படி ஜாதி வீதம் வைக்கும் இன்றைய ஆட்சி பீடத்திற்கு ஜனநாயகத்தைப் பற்றி பேச என்ன யோக்கியதை இருக்கிறது என்று நான் கேட்கிறேன்.

ஸர். நாட்டிலே ஜனங்கள் முழுவதும் இந்த ஆட்சியை வெறுக்கிறார்கள். காரணமென்ன? வாழமுடியாத ஒரு நிலை இன்றிருக்கிறது. விலைவாசி உயர்வின் பாரம் தாங்கமுடியாமல் சாதாரண தொழிலாளி, விவசாயி, நடுத்தர மக்கள் மூச்சுத்திணறுகிறார்கள். அரிசி கிடைக்காமல் அல்லல் பட்டு பட்டினி கிடக்கும் மக்கள் ஆயிரமாயிரம் பேர். இதற்கு பரிகாரம் உண்டாக்க, பதுக்கல் பேர்வழிகளைக் கண்டுபிடித்து நடவடிக்கை எடுக்க, விலைவாசி உயர்வைக் கட்டுப்படுத்த கையாலாகாத ஒரு சர்க்கார் இருந்தாலென்ன இறந்தாலென்னஎன்று நான் கேட்கிறேன்! இது ஒரு முதலாளித்துவ சர்க்கார் என்று நான் குற்ளிஞ்சாட்டுகிறேன். தொழிலாளிக்கு இழைத்துள்ள துரோகங்கள் கொஞ்சநஞ்சமன்று. சமீபத்தில் முண்டக்கயம் பகுதியில் ஆயிரமாயிரம் தொழிலாளிகள் வேலை நிறுத்தம் செய்தார்கள். அதில் இந்த சர்க்கார் நடந்துகொண்டது. எடுத்த நடவடிக்கைகள் துரோகத்தின் சின்னமாகும். தொழிலாளிகளின் நியாயமான கோரிக்கைகளைக் கொடுப்பதற்கு முதலாளிகளுக்கு எதிராக ஒரு சுண்டுவிரலை அசைக்கக்கூட இந்த சர்க்கார் தயாரில்லை என்பது தெளிவு. ஸர், தோட்டம் தொழிலாளிகளின் சம்பள ரிவிஷன், போனஸ் இவைகளுக்கு இதுவரை யாதொரு நடவடிக்கையும் எடுக்காத முதலாளித்வ அடிவருடிகளான இம்மந்திரிமார் இனி ஒரு நிமிஷம்கூட ஆட்சியில் தொடர அருகதையில்லை. ஸர், இந்த சர்க்காரின் முதலாளித்வ பிரேமத்திற்கு ஒரு உதாரணம் கூறுகிறேன். கடந்த பஞ்சாயத்து டிலிமிட்டேஷன் வந்தபோது கோட்டயத்தல் கூடிய கூட்டத்தில் கண்ணன்தேவன் கம்பெனி சாம்ராஜ்யமான மூணாரில் பஞ்சாயத்து தேவையில்லை என ஆளும்கட்சி மெம்பர்கள் வாதித்தனர். எங்களது சக்தியான எதிர்ப்பின் மூலமாக அங்கு பஞ்சாயத்து ஏற்படுத்தவேண்டிய நிர்பந்தம் சர்க்காருக்கு ஏற்பட்டது. தற்போது அங்கு பஞ்சாயத்தை ஒழிக்க டவுன் சிப் கொண்டுவருவதற்காக சர்க்கார் ஒரு திருத்த பில்லே கொண்டுவந்திருக்கிறது. இது கண்ணன்தேவன் கம்பெனிக்கு வேண்டி, அவர்களுடைய பழைய ஆதிக்கத்தை நிலைநிறுத்த வேண்டி மக்களுக்கு செய்யும் பச்சைத் துரோகமல்லவா என்று நான் கேட்கிறேன்,

LIBRARY ARCHIVES Kerala Legislative Assembly

ஸ்ர், இந்த சர்க்கார் அதிகாரத்திற்கு வந்ததும் ஒரு பிரகடனம் நடத்தியது. ஹரிஜனங்களை எல்லாம் சிங்கக் குட்டிகளாக மாற்றப்போகிறோம் என்று. பூனைக்குட்டிகளாகத்தான் மாற்றிவிட்டார்கள். மனிதனாக வாழ முடியாமல் பட்டினியும், தரித்திரமும் உற்ற துணையாக வாடி வதங்கும் ஹரிஜனங்களின் உயர்விற்கு ஏதாவது ஒரு காரியம் செய்ததாக எடுத்துக் கூற முடியுமா? ஸர், மொழி சிறுபான்மை மக்களான கன்னட, தமிழ் மக்களின் நிலைமையை எடுத்துக்கொள்வோம். எத்தனையோ முறை இவர்களின் நலன் பாதுகாக்கப்படும் என முதன் மந்திரி வாக்குறுதி அளித்தாரே தவிர உருப்படியான நடவடிக்கை ஏதாவது எடுத்தார்களா? கடந்த பஞ்சாயத்து தேர்தலில் பீருமேடு பகுதியில் தமிழ் ஓட்டர் பட்டிகை கூட விநியோகிக்கப்படவில்லை. கல்வியில் மிகவும் பின்னடைந்து நிற்கும் தமிழ், கன்னட மக்கள் வாழும் பகுதிகளில் போதிய பள்ளிக்கூடங்கள் அனுமதிக்கவில்லை என்பதை மட்டுமல்ல இருக்கும் பள்ளிக்கூடங்களில்கூட போதிய ஆசிரியர்கள் நியமிக்கப்படவில்லை. இப்படிப்பட்ட சர்க்கார் இனியும் இரண்டு மணி நேரமல்ல இரண்டு நிமிஷம்கூட அதிகாரத்தில் இருக்க அருகதையற்றது என்று கூறிக்கொண்டு நம்பிக்கையில்லவா தீர்மானத்தை நான் பரிபூர்ணமாக ஆதரிக்கிறேன்.

ശ്രീ. എ. എ. റഹിം : എന്റെ സ്നേഹിതൻ ശ്രീ. സുന്ദരം ഇവിടെ സൂചിപ്പിച്ചതുപോലെ ഒന്നുരണ്ടു മണിക്കൂറുകൾ കഴിഞ്ഞാൽ, ഈ അവി-
11 a. m. ശ്വാസ പ്രമേയത്തിന്മേൽ വോട്ടു ചെയ്യുകയും ഈ ഗവൺമെന്റു പുറംതള്ളുകയും ചെയ്യുമെന്നുള്ള കാര്യത്തിൽ സംശയത്തിനവകാശമില്ല. ഈ രാജ്യത്തു് അവിശ്വാസപ്രമേയം വരുന്നതു് ഇന്നാദ്യമായിട്ടല്ല. ഈ അസംബ്ലിയിൽ ഈ മന്ത്രിസഭയെച്ചൊല്ലി അവിശ്വാസപ്രമേയം വരുന്നതും ഒരു പുതിയ സംഭവമല്ല. നമ്മുടെ രാജ്യത്തു് ഭരണം നടത്തിയിട്ടുള്ള പ്രഗത്ഭന്മാരായ എല്ലാ മുഖ്യമന്ത്രിമാർക്കും എതിരായി അവിശ്വാസപ്രമേയം അവതരിപ്പിച്ചിട്ടുണ്ടു്. രാഷ്ട്രീയമായ കാരണങ്ങളെ ചൊല്ലിയാണു് അവയെല്ലാം വന്നിട്ടുള്ളതെന്നു പറയുക സാദ്ധ്യമല്ല. രാഷ്ട്രീയപാരമ്പര്യമുള്ള ശ്രീ. പട്ടം താണുപിള്ളക്കെതിരായി അവിശ്വാസ പ്രമേയം വന്നിട്ടുണ്ടു്. സമരവീര്യനെന്നു് അറിയപ്പെടുന്ന ശ്രീ. സി. കേശവനെതിരായി, നിഷ്കളങ്കമതിയായ ശ്രീ. എ. ജെ. ജാണിനെതിരായി, ബുദ്ധിജീവിയായ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനെതിരായി ഈ രാജ്യത്തു് അവിശ്വാസ പ്രമേയങ്ങളും കാലുമാററങ്ങളും ഉണ്ടായിട്ടുണ്ടു്. അതിന്റെയെല്ലാംതന്നെ പശ്ചാത്തലങ്ങൾ എന്തായിരുന്നു എന്നു സ്മരിച്ചുകൊണ്ടാവണം ഈ അവിശ്വാസപ്രമേയം ചർച്ച ചെയ്യപ്പെടുന്നതു്. പരാജയം നേരത്തെ കണ്ടുകൊണ്ടുതന്നെ പരാജയത്തിന്റെ നേരെ പുഞ്ചിരി തൂകികൊണ്ടാണു് ഈ അവിശ്വാസപ്രമേയത്തെ നേരിടുന്നതു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: പുഞ്ചിരി തൂകുന്നതു് നിവൃത്തിയില്ലാതെ വന്നിട്ടല്ലേ?

ശ്രീ. എ. എ. റഹിം : ഒരു പാർട്ടിയിൽ അഭിപ്രായവ്യത്യാസമുണ്ടായാൽ പാർട്ടിയുടെ സാമാന്യതത്വമനുസരിച്ചു് അതു പാർട്ടിയിൽത്തന്നെ അവതരിപ്പിക്കുകയും പരിഹാരം നേടുകയും അതു സാദ്ധ്യമല്ലാത്ത സ്ഥിതിയിൽ. പാർട്ടി ഉന്നതകേന്ദ്ര തീരുമാനത്തിനു വിടുകയും, സ്വീകാര്യമല്ലാതെവന്നാൽ പാർട്ടിയിൽനിന്നും രാജിവയ്ക്കുകയും ചെയ്യുകയെന്നതു് സാമാന്യ മര്യാദമാത്രമാണു്. ആ സാമാന്യ മര്യാദപോലും അംഗീകരിക്കാത്ത ഒരു സംഭവമാണു് ഇന്നിവിടെ നടക്കുന്നതു്. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഈ രാജ്യത്തെ മുഖ്യമന്ത്രിയായിരുന്ന കാലത്തു് ആ മന്ത്രിസഭയിലെ ഒരംഗമായി കഴിയാൻ എനിക്കു് അവസരം ലഭിച്ചിട്ടുണ്ടു്. അന്നു് 'അഖണ്ഡന്മാർ' ആറു പേർ ആ മന്ത്രിസഭയ്ക്കു് നൽകിയിരുന്ന പിന്തുണ പിൻവലിച്ചപ്പോൾ അന്തസ്സായി ഇവിടെ ഈ സഭാതലത്തിൽ വന്നു രാജി സമർപ്പിച്ചു് പിരിഞ്ഞുപോവുകയാണു ചെയ്തതു്. പഴയ കാര്യങ്ങളിലേക്കു് ഞാൻ അധികം കടക്കുന്നില്ല. ഈ അവിശ്വാസപ്രമേയം അവതരിപ്പിച്ചശേഷമാണു് 15 അംഗങ്ങൾ കാൺഗ്രസ്സിൽനിന്നും പിരിയുന്ന കത്തു് ലഭിച്ചതു്. ആ കത്തു് അവിശ്വാസപ്രമേ-

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. എ. റഹീം]

യത്തിനുള്ള നോട്ടീസ് ലഭിക്കുന്നതിനുമുമ്പാണ് ലഭിച്ചിരുന്നതെങ്കിൽ നിശ്ചയമായും അന്തസ്സോടുകൂടി രാജിവച്ച് പോകുമായിരുന്നു. അവിശ്വാസപ്രമേയം അവതരിപ്പിച്ചശേഷം ആ കത്തു ലഭിച്ചപ്പോൾ അവിശ്വാസപ്രമേയത്തെ നേരിടാതെ ഇറങ്ങിപ്പോകുന്നതു് ഭീരുത്വമാണെന്നു ഞങ്ങൾ കരുതി. അതു മാത്രവുമല്ല, ബഹുജനങ്ങളോട് ഉത്തരവാദിത്വമുള്ള ഒരു പാർട്ടിയെന്നുള്ള നിലയിൽ, ഉത്തരവാദിത്വമുള്ള ഒരു ഭരണകൂടമെന്നുള്ള നിലയിൽ, അനവധിയാരോപണങ്ങൾ ഉണ്ടെന്നു ആവർത്തിച്ചാവർത്തിച്ചു പത്രങ്ങളിൽ ചിലർ പറയുമ്പോൾ, അതു ഞങ്ങൾക്കറിയണം. ആരോപണങ്ങൾ ഉണ്ടെങ്കിൽ അതു ഞങ്ങൾക്ക് അന്വേഷിക്കണം, അവയ്ക്കു മറുപടി നൽകുകയും ആയതു് ഈ രാജ്യത്തെ ബഹുജനങ്ങളെ അറിയിക്കുകയും വേണമെന്നു് ഞങ്ങൾക്ക് നിർബന്ധമുണ്ട്. ഈ മന്ത്രിസഭക്കെതിരായി ആരോപണങ്ങളുടെ വലിയ പട്ടികകൾ നിരത്തി നിരത്തി വയ്ക്കാനുണ്ടെന്നു ഇവിടെ എല്ലാ മെമ്പറന്മാരും പറഞ്ഞുകേട്ടു. പക്ഷെ അവയൊന്നും നിരത്തിവച്ചു കണ്ടില്ല. രസമുണ്ടു കേൾക്കാൻ. അവരുടെ മുമ്പിലുള്ള കൊച്ചു മേശപ്പുറത്തു് അവ എല്ലാം നിരത്തിവയ്ക്കാനുള്ള വിസ്തീർണ്ണമില്ലെങ്കിൽ ഈ അസംബ്ലിയുടെ മുമ്പിൽ ഒരു വലിയ ചിക്കുപായ് വിരിച്ചു കൊടുക്കണം. അവർ അതെല്ലാം അവിടെ നിരത്തിയുണക്കട്ടെ. ഇവിടെ അവിശ്വാസപ്രമേയം അവതരിപ്പിച്ചുകൊണ്ടു് ആദ്യമായി സംസാരിച്ചതു് എന്റെ ബന്ധുവും എസ്സ്. എസ്സ്. പി. നേതാവുമായ പി. കെ. കുഞ്ഞുസാഹിബ്ബാണ്. അദ്ദേഹം ചില ആരോപണങ്ങളെല്ലാം ഉന്നയിക്കുകയുണ്ടായി. അതിൽ എത്രമാത്രം കഴമ്പുണ്ടായിരുന്നു എന്നുള്ളതു് അതു കേട്ടിട്ടുള്ള നമുക്കെല്ലാമറിയാം. പ്രധാനമായി അദ്ദേഹം ഉന്നയിച്ച ഒരാരോപണം സെയിൽ ടാക്സ് കാര്യത്തിൽ ഇൻസ്റ്റാൾമെൻറു് അനുവദിച്ചു എന്നുള്ളതാണ്. കുടിശ്ശികയുണ്ടെങ്കിൽ ഇൻസ്റ്റാൾമെൻറായി അടച്ചുതീർക്കുന്നതിനുള്ള അനുമതിമാത്രമല്ലേ കൊടുത്തുള്ളു. അതുപോകട്ടെ, അദ്ദേഹം ആരോപണങ്ങൾക്ക് ഒരു അഥാറിട്ടിയായി ഉന്നയിച്ചതു് വടക്കനെച്ചനേയാണ്. അന്വേഷണ വിദഗ്ദ്ധനായ അദ്ദേഹം കൊണ്ടുവന്നതു് വടക്കനെച്ചൻ വളരെ പരസ്യമായി പറഞ്ഞ ചില ആരോപണങ്ങളാണ്. അദ്ദേഹം തേടി തേടി കണ്ടുപടിച്ച ആരോപണം. വടക്കനെച്ചൻ അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒരു ധീരദേശാഭിമാനിയും ഒരു തികഞ്ഞ പുരോഹിതശ്രേഷ്ഠനുമാണ്. അദ്ദേഹം ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളെപ്പററി നിങ്ങൾ അന്വേഷണം നടത്തിയോ. അതു നിങ്ങൾക്കു നിഷേധിക്കാൻ കഴിയുമോ എന്നാണു ചോദിക്കുന്നതു്. അദ്ദേഹം അന്വേഷിച്ചു അന്വേഷിച്ചു ഒടുവിൽ കണ്ടുപിടിച്ചതു് ഒരു സെയിൽസ് ടാക്സ് കുടിശ്ശിക അടയ്ക്കാനുള്ള കാര്യത്തിനു ഇൻസ്റ്റാൾമെൻറായി അടയ്ക്കാൻ അനുവാദം കൊടുത്തതൊഴിച്ചാൽ പിന്നെ വടക്കനെച്ചന്റെ അഥാറിററി മാത്രമാണു സർ.

ഇവിടത്തെ ഐ. ജി. ക്കു പകരം ഗുജറാത്തിൽനിന്നോ മററോ ഒരാൾ ഇവിടെ വരാൻപോകുന്നു എന്നു കേട്ടു. അദ്ദേഹത്തിന്റെ വരവിനെപ്പററി എന്തുമാത്രം കാര്യമായി അന്വേഷണം നടത്തി എന്നുള്ളതാണ് ഏററവും രസകരമായിട്ടുള്ള ഒരു കാര്യം. നമ്മുടെ രാജ്യത്തു ഒരു ഉദ്യോഗസ്ഥൻ വന്നാൽ ആദ്യമായി അന്വേഷിക്കുന്നതു് അദ്ദേഹത്തിന്റെ കഴിവിനെപററിയും യോഗ്യതകളെപററിയും ആയിരിക്കും. അല്ലാതെ ജാതി എന്താണെന്നും അദ്ദേഹം വിവാഹം കഴിച്ചിട്ടുണ്ടോ എന്നും മററുമല്ല. S. S. P. നേതാവു് ഉദ്യോഗസ്ഥനെപററിമാത്രമല്ല അന്വേഷിച്ചതു്. ഭാര്യയെപ്പററിയും അന്വേഷണം നടത്തി. അദ്ദേഹം വിവാഹം കഴിച്ചിരിക്കുന്നതു അദ്ദേഹത്തിന്റെ ജാതിയിൽ നിന്നല്ല ഒരു ഈഴവസ്ത്രീയെയാണ് എന്നാണു കണ്ടുപിടിച്ചിരിക്കുന്നതു്. ഈമാതിരിയുള്ള കഴമ്പില്ലാത്ത ലജ്ജാവഹമായ ആരോപണങ്ങളല്ലാതെ മററാരോപണങ്ങളൊന്നും ഉന്നയിച്ചുകണ്ടില്ല. അതാണു സർ സത്യം. അങ്ങനെ കഴമ്പില്ലാത്ത ആരോപണങ്ങളെ സംബന്ധിച്ചിടത്തോളം വളരെ അധികം പ്രസംഗങ്ങൾ കഴിഞ്ഞു. ഇപ്പോൾ വോട്ടു എടുക്കാൻ പോകുകയാണ്. ഒരു ഭരണകക്ഷിക്കു എതിരായി സന്ദർഭം കിട്ടുമ്പോഴെല്ലാം ആരോപണങ്ങൾ ഉന്നയിക്കുകയും ജനങ്ങളുടെ അഭിലാഷങ്ങളും വികാരങ്ങളും ഗങ്ങൾക്കു പ്രയോജനകരമായി ഉപയോഗിക്കുകയും ജനങ്ങളെ അറിയിക്കുന്നതിനുവേണ്ടി പ്രവർത്തി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയും ഭരണകൂടത്തെ നയിക്കുകയും ചെയ്യേണ്ട ചുമതല ഈ രാജ്യത്തെ പ്രതിപക്ഷത്തിനുണ്ട് സർ. ഇപ്പോൾ അപ്പുറത്തു് പ്രതിപക്ഷങ്ങൾ ആഹ്ലാദവും ആക്രോശവും വീരവാദവും മുഴക്കുമ്പോൾ അവർ കണ്ടുകൊണ്ടാണു് അങ്ങനെ ചെയ്യുന്നതു എന്നും ഞങ്ങൾക്കറിയാം. ഇവിടെ മാറി ഇരിക്കുന്ന പത്തോ പതിനഞ്ചോ കുതികാൽ വെട്ടികളെ കണ്ടുകൊണ്ടുമാത്രമാണു്. ഞങ്ങൾക്കു് അതിൽ ദണ്ഡമില്ല, ഞങ്ങൾക്കു വേദനയില്ല. ഞങ്ങൾക്കു ദണ്ഡമുള്ളതു അവിടെ ഇരിക്കുന്ന ആ പതിനഞ്ചു ആളുകളെ ചൊല്ലിയാണു്. ഞാൻ ഈയവസരത്തിൽ ബൈബിളിലെ ഒരു ഭാഗം ഓർത്തുപോകുന്നു. യേശുക്രിസ്തുവിനെ കുരിശിലേററാനായി പിടിച്ചു ഇഴച്ചുകൊണ്ടുപോയ അവസരത്തിൽ അദ്ദേഹത്തിൻെറ ശിഷ്യകളായിട്ടുള്ള ജറൂസലത്തെ സ്ത്രീ ജനങ്ങൾ വിലപിച്ചുകൊണ്ടു് ഓടി അടുത്തപ്പോൾ ശ്രീ ക്രിസ്തു പറഞ്ഞതു് പ്രിയപ്പെട്ട പുത്രിമാരേ നിങ്ങൾ എന്നെച്ചൊല്ലി കേഴേണ്ട നിങ്ങൾ നിങ്ങളെച്ചൊല്ലി കേഴുക, നിങ്ങളുടെ സന്താനങ്ങളെ ചൊല്ലിക്കേഴുക എന്നായിരുന്നു. അതുപോലെ നിങ്ങൾ കാൺഗ്രസ്സിനെ ചൊല്ലി വേദനപ്പെടേണ്ട നിങ്ങളെ ചൊല്ലി വേദനിച്ചാൽ മതി അതാണു് എനിക്കു പറയാനുള്ളതു്. കള്ളസത്യം ചെയ്തതിനു് ചെരിപ്പിനു് അടി കൊണ്ടതിനുശേഷം ആ കേസു പണംവാങ്ങി രാജിയായ പാരമ്പര്യമുള്ളവർ കുതികാൽ വെട്ടികൾ പിരിഞ്ഞുകിട്ടിയല്ലോ എന്നുള്ളതു ഓർത്തു സമാധാനിക്കുകയാണു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഒരു പായിൻറു് ആഫ് ആർഡർ. ഇവിടെ ഇരിക്കുന്ന ബഹുമാനപ്പെട്ട മെമ്പറന്മാരുടെ കൂട്ടത്തിലിരിക്കുന്ന ഒരു അംഗത്തെ സംബന്ധിച്ചാണു് അദ്ദേഹം പറഞ്ഞതു്. അങ്ങനെ പറയാവുന്നതാണോ സർ. ഇവിടെ ഇല്ലാത്ത മിഠായിക്കമ്പനികൾക്കുവേണ്ടി പഞ്ചസാര അനുവദിപ്പിക്കുകയും കാളേജു അഡ്മിഷനുവേണ്ടി കൈക്കൂലി വാങ്ങിക്കുകയും ചെയ്യുന്ന പാരമ്പര്യമുള്ളവരുമുണ്ടെന്നു അറിയാമോ?

ശ്രീ. എ. എ. റഹിം : എനിക്കു് അതിൽ ഒരു സമാധാനമേ ഉള്ളു സർ.

ശ്രീ. പി. നാരായണൻതമ്പി : സർ, ഒരു പായിൻറു് ആഫ് ആർഡർ. അരമണിക്കൂറായി ഇവിടെ പല മെമ്പറന്മാരും പേഴ്സണൽ ഇൻസിനുവേഷൻസു പറയുന്നതായി കേട്ടു. ഇതും അതുപോലെ ഒരു പേഴ്സണൽ ഇൻസിനുവേഷനാണു്. അതു അനുവദിക്കത്തക്കതാണോ ?

ശ്രീ. എ. എ. റഹിം : ഞാനൊന്നും പറഞ്ഞില്ല. എനിക്കു ഒന്നു പറയാനുണ്ടു്. കോഴിയെ കട്ടവൻെറ തലയിൽ പൂട കാണും എന്നു പറഞ്ഞാൽ അതു കേട്ടയുടനെ എഴുന്നേററു തലയിൽ തപ്പിനോക്കിയിട്ടു പൂടയില്ല എന്നു പറയുന്നതുപോലെയാണു്.

സർ, ഈ രാജ്യത്തു ഇപ്പോൾ പ്രത്യേകിച്ചു് ക്രിസ്തുസമുദായത്തിനുവേണ്ടി വാദിക്കുന്നതിനു് ഹിന്ദുക്കളായ ചില ക്രിസ്തുഭക്തന്മാരെ ഇവിടെ കാണുകയാണു്. ചില ആളുകൾ പള്ളികളിൽ ഉണ്ടായ ആക്രമണത്തെപ്പററി വളരെ ഒക്കെ പറയുന്നതു കേട്ടു. അതേ സംബന്ധിച്ചു ഇപ്പുറത്തിരിക്കുന്ന ക്രിസ്ത്യൻ സഹോദരന്മാർ ഒന്നും പറഞ്ഞില്ലാ എന്നു്—അപ്പുറത്തിരിക്കുന്ന ശ്രീമാൻ ബാലകൃഷ്ണപിള്ളയെപ്പോലുള്ള സ്നേഹിതന്മാർ കുററപ്പെടുത്തുകയും അവരെ ജൂഡാസുകളാണെന്നു ചിത്രീകരിക്കുകയും ചെയ്തു. ഈക്കഴിഞ്ഞ ഏതാനും മണിക്കൂർ ഇവിടെ നടന്ന ചിലരുടെ പ്രസംഗത്തെപ്പററിയല്ല ഞാൻ പറയുന്നതു്. ഇവിടെ വർഗ്ഗീയത ഇളക്കിവിട്ടു് ഈ രാജ്യത്തെ കുട്ടിച്ചോറാക്കുന്നതിനുള്ള ശ്രമങ്ങളെപ്പററിയാണു്. ഈ രാജ്യത്തു് ഈത്തരം ദേവാലയാക്രമണ—സംഭവങ്ങൾ ധാരാളമുണ്ടായിട്ടുണ്ടു്. അതിൽ പ്രധാനമായും ഞാൻ ഓർമ്മിക്കുന്നതു് ശബരിമലക്ഷേത്രം തീവച്ചു നശിപ്പിച്ച സംഭവത്തെപ്പററിയാണു്. ഈ രാജ്യത്തെ ഏററവും പരമപ്രധാനമായ ഒരു ഹിന്ദുക്ഷേത്രമായിരുന്നു. അന്നു ശ്രീമാൻ ടി. എം. വർഗീസായിരുന്നു ആഭ്യന്തരമന്ത്രി എന്നാണെൻെറ ഓർമ്മ. അന്നു ശ്രീമാൻ ടി. എം. വർഗീസിനെതിരായിട്ടു് ഹിന്ദുസമുദായത്തിൽപ്പെട്ടവർ ഇത്രമാത്രം കോലാഹലങ്ങളൊന്നും ഉണ്ടാക്കിയതായിക്കാണാൻ കഴിഞ്ഞില്ല. എന്നാൽ ഈ അടുത്തകാലത്തായി ഇവിടെ ചില പള്ളികൾ ആക്രമിക്കപ്പെട്ടു. അവി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. എ. റഹിം]

ടത്തെ വിശുദ്ധവസ്തുക്കൾ അവിടെ സൂക്ഷിച്ചിരുന്നവ ആപഹരിക്കപ്പെടുകയും നശിപ്പിക്കുകയുമുണ്ടായി. എന്നാൽ അതിന്റെ ഫലമായി ഇപ്പോൾ ഉണ്ടായിട്ടുള്ള കോലാഹലങ്ങളും അന്നത്തേതുമായി ഒന്നു തട്ടിച്ചുനോക്കണം. അന്ന് ശ്രീമാൻ ടി. എം. വർഗ്ഗീസിന്റെ പേരിൽ അസ്സൽ കാൺഗ്രസ്സുകാരെന്നു പറയുന്നവർ ഇന്നു കാണിക്കുന്ന കോലാഹലങ്ങളൊന്നും കാണിച്ചില്ല. അന്നത്തേയും ഇന്നത്തേയും സമീപനങ്ങൾ തമ്മിലുള്ള വ്യത്യാസം ഞാൻ ഒന്നു ചൂണ്ടിക്കാണിക്കുകയാണ്.

സർ, ഈ വെള്ളായണി അമ്പലത്തിലെ ബിംബത്തിൽ അണിയിച്ചിരുന്ന തിരുവാഭരണങ്ങൾ മോഷണം പോയതു ശ്രീമാൻ പി. ടി. ചാക്കോ പോലീസ് മന്ത്രിയായിരുന്ന കാലത്താണ്. അതു ഇന്നുവരെയും തെളിയിക്കാൻ കഴിഞ്ഞിട്ടില്ല. പക്ഷേ, അതേപ്പററി ഒരു ശബ്ദംപോലും പുറപ്പെടുവിക്കാൻ ശ്രീമാൻ ആർ. ബാലകൃഷ്ണപിള്ള തയാറായില്ല. കാരണം, അതേപ്പററി ഹിന്ദുസമുദായത്തിന് ഖേദമില്ലാത്തതുകൊണ്ടാണോ. അതല്ല കാരണം പിന്നെ അദ്ദേഹത്തിനെ സമീപിക്കേണ്ട രീതിയിൽ സമീപിക്കാത്തതുകൊണ്ടായിരിക്കാം. കഴിഞ്ഞ രണ്ടുമൂന്നു കൊല്ലങ്ങളായിട്ടും അതു തെളിയിക്കാൻ കഴിഞ്ഞിട്ടില്ല സർ. ഇതൊന്നും ഹിന്ദുസമുദായത്തെ ഇളക്കിവിടുവാനോ ക്രിസ്ത്യൻ സമുദായത്തെ ഇളക്കിവിടുവാനോവേണ്ടി ഞാൻ പറയുകയല്ല. നാളെ ഈ രാജ്യത്തിന്റെ രാഷ്ട്രീയചുമതല ഏറെറടുക്കേണ്ടവർ ധരിക്കാൻവേണ്ടി ഞാൻ ചില വസ്തുതകൾ പറയുകയാണ്. ഇന്ന് ഇവിടെ ഈ നടക്കുന്ന രംഗങ്ങൾ അവർ മറക്കട്ടെ. അവർ പകുത്താതിരിക്കട്ടെ. ശുദ്ധമായ അന്തസ്സുള്ള ഒരു രാഷ്ട്രീയപാരമ്പര്യം ഈ രാജ്യത്തുണ്ടാകാൻ ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുകയാണ്. ഇത്തരം ആളുകളുടെ അവിശ്വാസപ്രമേയം ഇപ്പോൾ വിജയിച്ചേക്കാം. ഞങ്ങൾ പുഞ്ചിരിയോടുകൂടിത്തന്നെ അതിനെ നേരിടുകയാണ്. ഞങ്ങൾ വീണ്ടും യാഥാർത്ഥ്യങ്ങൾ ഈ രാജ്യത്തെ പൊതുജനങ്ങളെ അറിയിക്കുകയാണ്.

ശ്രീമാൻ ആർ. ബാലകൃഷ്ണപിള്ള കൊണ്ടുവന്ന ആരോപണങ്ങളിൽ ഒന്ന്, പെൻഷനായ ഒരു നാരായണന് എക്സ്റ്റൻഷൻ കൊടുത്തു എന്നുള്ളതാണ്. ശ്രീ. നാരായണൻ ഒരു ഈഴവനായതുകൊണ്ട് ഈഴവനായ മുഖ്യമന്ത്രി അദ്ദേഹത്തിനു എക്സ്റ്റൻഷൻ കൊടുത്തുവെന്ന വലിയ ഒരു ആരോപണം. ഉദ്യോഗസ്ഥന്മാർക്ക് അവരുടെ കലാവധി ചില സന്ദർഭങ്ങളിൽ നീട്ടിക്കൊടുക്കുക ഈ നാട്ടിൽ ഒരു പുതിയ സംഭവമല്ല. അവരെ ഭരമേല്പിച്ച ഒരു ജോലി തീരാതെ വരുമ്പോൾ കാലാവധി നീട്ടിക്കൊടുക്കാറുണ്ട്. ശ്രീമാൻ ബാലകൃഷ്ണപിള്ളയുടെ പ്രസംഗത്തിൽ അദ്ദേഹം ഒരു ഈഴവനായതുകൊണ്ട് എക്സ്റ്റൻഷൻ കൊടുത്തതാണ് എന്നൊരു ധ്വനിയുണ്ട് സർ. ശ്രീമാൻ നാരായണൻ ഒരു ഈഴവനായി പോയതുകൊണ്ടാണ് അങ്ങനെ പറയുന്നതെന്നു ഞാൻ ആരോപണം ഉന്നയിക്കുകയാണ്. എന്നാൽ ഒരു രാധാകൃഷ്ണമേനോനും, നമ്പിനായർക്കും, ശങ്കരൻ ഇളയതിനും, വെങ്കിടേശ്വരയ്യർക്കും കാലാവധി നീട്ടിക്കൊടുത്ത വിവരം ശ്രീമാൻ ബാലകൃഷ്ണപിള്ളയുടെ കയ്യിൽ കിട്ടീട്ടില്ല. അഥവാ കിട്ടിയിട്ടുണ്ടെങ്കിൽ അതു മറച്ചുവച്ചിരിക്കാം. അദ്ദേഹത്തിനു കിട്ടിയ ഏകനാമം നാരായണന്റെ മാത്രമാണ്. ഈഴവനായ മുഖ്യമന്ത്രിയായതുകൊണ്ട് അദ്ദേഹത്തിന്റെ കാലാവധി 5 മാസത്തേക്കുകൂടി നീട്ടിക്കൊടുത്തു എന്നുള്ളതാണ് അദ്ദേഹത്തിന്റെ ആരോപണം.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഒരു ചോദ്യം.

ശ്രീ. എ. എ. റഹിം: ഞാൻ വഴങ്ങുന്നില്ല. എന്താണീ ഇടയ്ക്കിട്ടു കുത്തുന്നതു്.

Mr. Speaker: Members are not allowed to indulge in personal controversies among themselves.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. റഹിം : സർ, ഈ സബ്ജക്റ്റ് ഇൻസ്പെക്റ്റർമാരുടെ സെലക്ഷൻകമ്മിറ്റിയിൽ ശ്രീ. നാരായണൻ ഒരംഗമാണെന്നു പറഞ്ഞു. ആ കമ്മിറ്റിയിൽ ശ്രീ. നാരായണൻ അംഗമല്ലെന്നു മാത്രമല്ല, അംഗമല്ലെന്നു പറഞ്ഞ ഡയറക്ടർ അതിലെ അംഗവുമാണ്. അപ്പോൾ അതും യാതൊരാവശ്യമില്ലാതെ പത്രങ്ങളിൽ സ്ഥലം പിടിക്കുവാൻ വേണ്ടിയും തെററിദ്ധാരണകൾ വളർത്തുന്നതിനുവേണ്ടിയും ഈ മാതിരിയുള്ള പ്രസംഗങ്ങൾ നടത്തി അതിനുള്ള ഫീസു വാങ്ങിക്കാൻ വേണ്ടിയുമാണ്.

പിന്നെ ഏതോ തട്ടാന്റെ കയ്യിൽ സ്വർണ്ണം കൊടുത്തതായിട്ടും വേലിക്കായൽ നികത്തിയതായിട്ടും ഒക്കെ ആരോപണങ്ങൾ കൊണ്ടുവന്നു. എനിക്ക് അതിനെക്കുറിച്ചൊന്നും അന്വേഷിച്ചിട്ടു കാര്യമില്ല. അതിനുള്ള മറുപടി മുഖ്യമന്ത്രി വേണ്ടവിധം പറഞ്ഞുകൊള്ളും.

സർ, ഇതു പാസാകുമ്പോൾ ഈ മന്ത്രിസഭ രാജിവക്കുകയും ഇവിടെ ഒരു അഡ്മിനിസ്ട്രേറ്റർഭരണം വരുകയും ചെയ്യും. ഇതു് ഖേദകരമായ ഒരവസ്ഥയാണ്. എന്നാൽ അതു കൂടാതെ കഴിക്കുവാൻ യാതൊരു സാഹചര്യങ്ങളും ഇവിടെ കാണുന്നില്ല. അഭിപ്രായവത്യാസമുള്ള, അഭിപ്രായഭിന്നതകളുള്ള പ്രതിപക്ഷപാർട്ടികളെല്ലാംകൂടി ചേർന്നു ഒരു മന്ത്രിസഭ ഉണ്ടാകുവാൻ സാദ്ധ്യമല്ല സർ. ഇതു് കേരളത്തെ സംബന്ധിച്ചിടത്തോളം, ഇൻഡ്യയെ സംബന്ധിച്ചിടത്തോളം, ഈ രാജ്യത്തോടു ചെയ്യുന്ന ഒരു വലിയ, കടുത്ത അനീതിയാണ്. ശ്രീമാൻ ശങ്കർ പോകുന്നു എന്നുള്ളതുകൊണ്ടല്ല. സ്തുതിപാഠകന്മാരായി നടന്നു്, കഴിയുന്ന പങ്കുപററിയ ആളുകൾ തന്നെ മാറിയിരിക്കുമ്പോൾ അവരോടും, ഈ പ്രമേയം പാസാകുന്നതു കൊണ്ടുണ്ടാകുന്ന ദോഷഫലങ്ങൾ മററുള്ളവരോടും പറയേണ്ടതുണ്ടു്. പഞ്ചവത്സരപദ്ധതിയുടെ നാലാംപദ്ധതിക്കു് കരടുരൂപം കൊള്ളാൻ പോകുന്ന അവസരമാണ് ഇപ്പോൾ. അതിനു ഈ മന്ത്രിസഭയ്ക്കുള്ള കഴിവിനെ പററിയല്ല സർ, എന്നിരുന്നാലും ഒരു മന്ത്രിസഭ ഉണ്ടായിരിക്കുന്നതു് നല്ലതാണ്. രാജ്യത്തിന്റെ ആവശ്യത്തിനു വേണ്ടി ആ മന്ത്രിസഭയ്ക്കു എല്ലാ പിൻതുണയും എല്ലാ പാർട്ടിയും കൊടുക്കാൻ തയ്യാറാകേണ്ടതുമാണ്. ഒരു മന്ത്രിസഭ ഉണ്ടായിരിക്കുകയും അതിനു ഈ സഭയുടെ പിൻതുണ നൾകുവാൻ കഴിയുന്നതും ഈ രാജ്യത്തിനും ജനങ്ങളുടെ നന്മയ്ക്കും അത്യാവശ്യമാണ്. ഈ മന്ത്രിസഭയ്ക്കു് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്തിട്ടുണ്ടു് സർ. അതു ചെയ്തില്ലാ എന്നു പറയുന്നതു് ഖേദകരമാണ്—മനപൂർവ്വമാണ്.

ഇൻഡ്യയിൽ മൊത്തത്തിൽ നിത്യഉപയോഗസാധനങ്ങൾക്കു് വിലക്കൂടുതൽ ഉണ്ടായിട്ടുണ്ടു് ഈ സംസ്ഥാനത്തു മാത്രമല്ല മറെറല്ലാ സംസ്ഥാനങ്ങളിലും വിലക്കൂടുതൽ ഉണ്ടായിട്ടുണ്ടു്. ഭക്ഷ്യക്ഷാമം രൂക്ഷമാകുന്നുണ്ടു്. മധുര പട്ടണത്തിൽ പോലും അരിയില്ലാത്ത പ്രയാസം ഉണ്ടായിട്ടുള്ളതു് നമുക്കെല്ലാവർക്കും അറിയാം. അതിനെ നേരിടാൻ ഭക്ഷ്യവകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഈ കാര്യത്തിൽ കഴിവുള്ളതെല്ലാം ചെയ്തിട്ടുണ്ടു്. കേന്ദ്രഗവണ്മെന്റിൽ നിന്നു് കിട്ടാവുന്നിടത്തോളം അരി വാങ്ങി, ന്യായവിലഷാപ്പുകൾവഴി വിതരണം ചെയ്യുക മാത്രമല്ല, മററു വിധത്തിലും വില നിയന്ത്രിക്കുന്നതിനുള്ള പരിശ്രമം നടത്തിയിട്ടുണ്ടു്. ഏതായാലും ഈ കാര്യത്തിൽ ഗവണ്മെന്റു് ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ടെന്നുള്ളതു ഒരു വസ്തുതയാണ്, സത്യമാണ്.

സർ, ഇൻഡ്യയിൽ ഒരു പുതിയ മന്ത്രിസഭ രൂപമെടുത്തിരിക്കുകയാണ് മഹാനായ പ്രധാനമന്ത്രി പണ്ഡിറ്റ് നെഹ്റു നമ്മിൽ നിന്നു് മറഞ്ഞുപോയതിനുശേഷം, ഒരു പുതിയ മന്ത്രിസഭ കേന്ദ്രത്തിൽ രൂപം കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ, രാജ്യത്തു് വിലക്കയററവും ഭക്ഷ്യക്ഷാമവുമുള്ള ഈ ഘട്ടത്തിൽ രാജ്യാതിർത്തിയിൽ ശത്രുക്കൾ ആക്രമിക്കാൻ പതിയിരിക്കുന്ന ഈ അവസരത്തിൽ കേരളത്തിൽ ഒരു മന്ത്രിസഭ ഇല്ലാതിരിക്കുന്ന സാഹചര്യം ഉണ്ടാകുന്നതു വേദനാജനകമാണ്. എന്നിരുന്നാലും പുറത്തുപോകുന്ന ഞങ്ങൾ സന്തോഷത്തോടുകൂടി, പുഞ്ചിരിയോടുകൂടി സുഹൃത്തുക്കളായ നിങ്ങൾക്കു കൂപ്പുകൈ അർപ്പിച്ചുകൊണ്ടു പിരിഞ്ഞുപോകാൻ തയ്യാറാണ്. പുറത്തു ഇനിയും നമുക്കു പരസ്പരം കാണാം, സൗകര്യം ഉണ്ടാകുമെങ്കിൽ വീണ്ടും ഇവിടെവച്ചു തന്നെ തിരഞ്ഞെടുപ്പുകഴിഞ്ഞു കാണാമെന്നു പറഞ്ഞുകൊണ്ടു ഞാൻ ഈ അവിശ്വാസപ്രമേയത്തെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവകുപ്പു മന്ത്രി (ശ്രീ. കെ.എ. ദാമോദര മേനോൻ): മി. സ്പീക്കർ സർ, ഞാൻ അല്പസമയംമാത്രമേ ഈ വാദപ്രതിവാദത്തിൽ പങ്കെടുത്തു കൊണ്ടു സംസാരിക്കുന്നുള്ളു. ആദ്യമായി എനിക്കു് ഒരുകാര്യം പറയാനുള്ളതു്, ശ്രീ. സി. അച്യുതമേനോന്റെ പ്രസംഗത്തിൽ, ഇവിടത്തെ മുഖ്യമന്ത്രിക്കും, എനിക്കും എതിരായുണ്ടായ ആരോപണങ്ങളെ സംബന്ധിച്ചു് പരേതനായ നമ്മുടെ മഹാനേതാവു് പണ്ഡിററു് നെഹ്റു ചെയ്ത തീരുമാനത്തെ പരാമർശിച്ചു അദ്ദേഹം ചെയ്ത പ്രസംഗത്തെപ്പററിയാണു്. എന്റെ മാന്യസ്നേഹിതൻ ശ്രീ. ടി. ഒ. ബാവാ അതിനെസംബന്ധിച്ചു് സവിസ്തരം ഇവിടെ പ്രതിപാദിച്ചുകഴിഞ്ഞതാണു്. എങ്കിലും രണ്ടുവാക്കു് അതുസംബന്ധിച്ചു പറയേണ്ടതു് എന്റെ ധർമ്മമാണെന്നു എനിക്കു തോന്നുന്നു. അദ്ദേഹം പറഞ്ഞു: പണ്ഡിററ്ജി ഈ വിഷയത്തെപ്പററി ഒരു എക്സ്പാർട്ടി തീരുമാനം എടുത്തുവെന്നു്. ആ തീരുമാനം തെററായിരുന്നുവെന്നു വേണമെങ്കിൽ ശ്രീ. അച്യുതമേനോനു പറയാം, അതിൽ പരിഭവമില്ല. ആ തീരുമാനം പുനഃപ്പരിശോധനചെയ്യേണ്ടതാണെന്നു പറഞ്ഞാലും എനിക്കു മനസ്സിലാക്കാം. മഹാനായ പണ്ഡിററു നെഹ്റുവിനെപ്പററി ഇത്തരത്തിലുള്ള ആരോപണങ്ങൾ, സ്വന്തം പാർട്ടിയിൽപെട്ട ആളുകളെപ്പററി പറയാറുള്ളതുപോലെ, പരേതനായ നമ്മുടെ പണ്ഡിററ്ജിയെപ്പററി യാതൊരു ഉത്തരവാദിത്വവുമില്ലാതെ ഉന്നയിച്ചതു തീരെ ശരിയായില്ല എന്നാണെന്റെ അഭിപ്രായം. ഈ കേസ്സിൽ പ്രധാനമന്ത്രി എക്സ്പാർട്ടിയായിട്ടു് ഒരു തീരുമാനം എടുത്തതായിട്ടാണു് ശ്രീ. അച്യുതമേനോൻ പറഞ്ഞതു്. ശ്രീ. ടി. ഒ. ബാവാ പറഞ്ഞു, ഈ ആരോപണം ഉന്നയിച്ച ആളുകൾക്കു് പറയാനുള്ള കാര്യങ്ങൾ പറയാനും, തെളിവുകൾ ഹാജരാക്കാനും സമയം അനുവദിച്ചതിനുശേഷമാണു് അതിന്മേൽ ഒരു തീരുമാനം എടുത്തതെന്നു്. ഈ വസ്തുത ഞാൻ ഇതിനുമുൻപുതന്നെ അവിശ്വാസപ്രമേയം അവതരിപ്പിച്ചപ്പോൾ പറഞ്ഞിട്ടുള്ളതാണു്. സർ, പണ്ഡിററ്ജി ഇതിനെ സംബന്ധിച്ചു് ശ്രീ. ഇന്ദുചൂഡനു് അയച്ച കത്തിന്റെ ഒരു കോപ്പി അദ്ദേഹത്തിന്റെ കൈയൊപ്പോടുകൂടി എനിക്കു അയച്ചതിന്റെ വിവരം ഈ സഭമുൻപാകെ അറിയിക്കുകയാണു്. ഞാൻ അതു വായിക്കാം. അതു മേശപ്പുറത്തു് വയ്ക്കുകയും ചെയ്യാം. മഹാനായ അദ്ദേഹത്തിന്റെ നീതിനിഷ്ഠയെപ്പററി തെററിദ്ധാരണ പരത്തുന്നതു ശരിയല്ലല്ലോ. അദ്ദേഹത്തോടു ചെയ്യേണ്ട ഒരു കർത്തവ്യം എന്ന നിലയ്ക്കു ഞാൻ അതു വായിക്കാം.

No. 315-PMO/63

CONFIDENTIAL

New Delhi,

August 2, 1963.

"My dear Damodara Menon,

After my talk with you, I have written a letter to Indu Chudan, the Editor of the Deshabhimani of Calicut. I enclose a copy of it.

Yours sincerely,

(Sd.)

Shri K. A. Damodara Menon,
Minister,
Government of Kerala,
Kerala House,
NEW DELHI.

LIBRARY ARCHIVES Kerala Legislative Assembly

No. 313-PMD/63,
New Delhi,
August 2, 1963.

CONFIDENTAL.

Dear Mr. Editor,

I understand that your paper The Deshabhimani was one of the newspapers that made or hinted at some charges of corruption and the like against Shri Sankar, Chief Minister of Kerala and Shri K. A. Damodara Menon, Minister, Kerala Government. The matter was taken to court by the Chief Minister and Shri Damodara Menon and some hearings took place there. Subsequently, on the Emergency being declared as a consequence of the Chinese invasion, an appeal was made on behalf of a gathering of newspaper men in Kerala to the Chief Minister to withdraw these judicial proceedings and the Government of Kerala ultimately agreed to withdraw these proceedings.

Some time later these charges against the two Ministers were repeated. The matter has now been referred to me and I have had talks with Chief Minister Sankar and Minister Damodara Menon on this Subject. I have also discussed them with Shri C. K. Govindan Nair. I have suggested to all these gentlemen to be good enough to send me full chronological accounts of what has happened in this connection so that all the facts may be before me.

As your newspaper was apparently one of theose who made these charges against the Ministers, I shall be grateful if you will kindly send me any papers, facts or particulars which will help me in understanding and dealing with this matter. Perhaps, you could also inform some of the Editors of newspapers which may be concerned with making these charges to help me in this connection by supplying such material as may be relevant.

Should you be coming to Delhi, I shall be glad to see you also in this connection. I would request you to treat this letter as confidential and not for publication.

Shri Indu Chudan,
Editor,
The Deshabhimani.
Calicut—Kerala.

Yours Sincerely,
(Sd.) J. Nehru.

ഇങ്ങനെയൊരു ലററർ അയച്ചതിനുശേഷം അദ്ദേഹം എക്സ്‌പാർട്ടി ആയിട്ടാണ് ഇതിന്മേൽ ഒരു തീരുമാനം എടുത്തതെന്നു പറയുന്നതു ശരിയാണോ? മഹാനായ ആ നേതാവിന്റെ നീതിനിഷ്ഠയുടെ പേരിൽ നാം ചെയ്യുന്ന കയ്യേററമല്ലേ എന്നു വ്യക്തമാക്കാൻ വേണ്ടി ഈ കത്തു ഞാൻ വായിച്ചതാണ്. അദ്ദേഹത്തിന്റെ ആ തീരുമാനത്തെപ്പററി അഭിപ്രായവ്യത്യാസം ഉണ്ടാകാം, ഉണ്ടെങ്കിൽ അതു പറയാം. പണ്ഡിററ് നെഹ്റു പ്രധാനമന്ത്രിയായിരിക്കുമ്പോഴും, കോൺഗ്രസ്സമന്ത്രിമാരെ സംബന്ധിച്ച ആരോപണം അന്വേഷിക്കുന്നതിനുവേണ്ടി പരാതി സമർപ്പിക്കപ്പെട്ടപ്പോഴും, ആരോപണം സമർപ്പിച്ച ആളുകൾക്ക് അവരുടെ കാര്യങ്ങൾ പറയുവാനും തെളിവു നൽകാനും സമയം നൽകിയതിനുശേഷം ഒരു തീരുമാനം എടുത്തതു്, എക്സ് പാർട്ടിയായിട്ടു തീരുമാനം എടുത്തു എന്നു് വളരെ നിന്ദ്യമായ ആരോപണം ഉന്നയിച്ചതു് ശരിയായില്ല എന്നു് വ്യക്തമാക്കാനാണ് ഞാൻ ഇതു് ഇവിടെ വായിച്ചതു്.

സർ, അവിശ്വാസപ്രമേയത്തിന്റെ വാദപ്രതിവാദത്തിനിടയിൽ ഇവിടെ നടന്ന ചെളിയേറിനെപ്പററി ഞാൻ വിശദമായി ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. എന്റെ മാന്യസ്നേഹിതൻ ശ്രീ. ചന്ദ്രശേഖരൻ പ്രസംഗിച്ചപ്പോഴും ഇടക്കു് ഞാൻ ഒന്നു ചിരിച്ചുപോയി. ഉടനെ ചോദ്യമായി എന്തിനു ചിരി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എ. ദാമോദരമേനോൻ]

കുന്നു എന്നു്. ഞാൻ സ്വാഭാവികമായി ചോദിച്ചു 'പിന്നെ കരയണോ' എന്നു്. ഞാൻ ചിരിച്ചതിൽ അദ്ദേഹം എന്തിനു പരിഭവിക്കണം? അദ്ദേഹം വ്യവസായരംഗം പരാജയപ്പെട്ടതിനെപ്പററി ഉള്ളരെയൊക്കെ പറഞ്ഞു. ഇന്നു് അദ്ദേഹത്തിനു അങ്ങനെ പറയേണ്ടതു് ഒരാവശ്യമായിത്തീർന്നിട്ടുണ്ടായിരിക്കാം. മുൻപു് രണ്ടുകൊല്ലക്കാലം അദ്ദേഹം ഞങ്ങളോടൊത്തു് മന്ത്രിസഭയിൽ ഉണ്ടായിരുന്നു. അന്നത്തെ അദ്ദേഹത്തിൻെറ അഭിപ്രായം ഇതായിരുന്നില്ല. ഇന്നു് വ്യവസായരംഗത്തു് എന്തെല്ലാം മാററങ്ങൾ വന്നുകൊണ്ടിരിക്കുന്നു, പുതിയ വ്യവസായങ്ങൾ ഏതെല്ലാം നടപ്പിലായി അതിനു മുതൽമുടക്കു എത്രമാത്രമുണ്ടു് എന്നൊന്നും ഇപ്പോൾ വിശദമാക്കണമെന്നു് വിചാരിക്കുന്നില്ല. ശ്രീ ചന്ദ്രശേഖരൻ കുതിരയ്ക്കു് മുഖത്തു പട്ടവച്ചു കെട്ടുന്നതുപോലെ ഇരുവശവും കാണാൻപാടില്ലാത്ത രീതിയിലാണോ സഞ്ചരിക്കുന്നതു്? വ്യാവസായികമായി ഈ രാജ്യത്തു നടക്കുന്ന മാററങ്ങളൊന്നും കാണുന്നില്ലേ?

ശ്രീ. കെ ചന്ദ്രശേഖരൻ: ഞാൻ കെ. എം. പി. പി. യിലും മററുമായി നടക്കുകയാണു്:

ശ്രീ. കെ. എ. ദാമോദര മേനോൻ: എന്തെങ്കിലും പറഞ്ഞു് ഒഴിഞ്ഞു മാറാൻ ശ്രമിക്കുകയാണു്. എന്തിനു് ശുണ്ഠി വരുന്നു? എനിക്കു് ശുണ്ഠി വരുന്നില്ലല്ലോ.

അദ്ദേഹം എറണാകുളത്തു താമസിക്കുകയാണെന്നു പറയുന്നു. കുതിര പട്ട വച്ചതുപോലെ ഇരുവശവും കാണാതെ പട്ടണത്തിൽ കൂടി സഞ്ചരിക്കുന്നതുകൊണ്ടായിരിക്കും വ്യവസായപരമായ മാററത്തെപ്പററി അറിയാൻ കഴിയാത്തതെന്നു തോന്നുന്നു. അദ്ദേഹം അടുത്ത തിരഞ്ഞെടുപ്പിനെപ്പററി പറഞ്ഞു. 1967—ൽ വരുന്ന തെരഞ്ഞെടുപ്പിനെപ്പററിയാണു് സൂചിപ്പിച്ചതെന്നു തോന്നുന്നു. ഇൻഡ്യയിലെ ആറു സംസ്ഥാനങ്ങളിൽ വരുന്ന മാററത്തെപ്പററി പറഞ്ഞു. ആറു സംസ്ഥാനങ്ങളിൽ പി. എസ്സ്. പി. ഇപ്പോൾ അതല്ലല്ലോ എസ്സ്. എസ്സ്. പി. അല്ലേ—മന്ത്രിസഭ ഉണ്ടാകുമെന്നു പറയുമെന്നാണു് ഞാൻ വിചാരിച്ചതു്. പിന്നെ മററു ചില ആരോപണങ്ങളും നടത്തി. അവരുടെ പാർട്ടിയിൽ നിന്നു ആരെയൊക്കെയോ ചാക്കിട്ടു പിടിച്ചതായും മററും. ഏതായാലും ആറു സംസ്ഥാനങ്ങളിൽ എസ്സ്. എസ്സ്. പി. അധികാരം പിടിച്ചെടുക്കുമെന്നല്ല പറഞ്ഞതു്. സംയുക്തക്കൂട്ടുകെട്ടിൽ കാൺഗ്രസിനെ നശിപ്പിക്കാൻ കഴിയുമെന്നാണു് പറയുന്നതു്. അല്ലാതെ അവരുടെ മന്ത്രിസഭ സ്ഥാപിക്കുമെന്നു പറയുന്നില്ല. രണ്ടുകൊല്ലം അദ്ദേഹം മന്ത്രിസഭയിൽ ഇരുന്നകാലത്തു് ഒരു കാര്യം ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കമ്മ്യൂണിസ്ററു കക്ഷിയിൽപെട്ട ആരെങ്കിലും എന്തെങ്കിലും ചോദിക്കാൻ എഴുന്നേൽക്കുന്നു എന്നു കാണുമ്പോൾ ചാടിയെണീററു ചുട്ട മറുപടികൊടുക്കും. ഇപ്പോൾ ശ്രീ. കരുണാകരമേനോനും, ശ്രീ. കൊച്ചുകുട്ടനും ഇരിക്കുന്ന സീററിലായിരുന്നു അന്നു് ശ്രീ. ചന്ദ്രശേഖരനും, ശ്രീ. ഈ. പി. പൗലോസും ഇരുന്നിരുന്നതു്. മറുപടി പറയാൻ അദ്ദേഹം കൂടക്കൂടെ ചാടി എഴുന്നേൽക്കുകയും ശക്തിയായി ഇരിക്കുകയും ചെയ്യുമ്പോൾ ശ്രീ. ഈ. പി. പൗലോസു് കൂടുകൽ ആയാസപ്പെടുന്നതു് കണ്ടിട്ടു് ഞാൻ പത്തുക്കെ പറയാറുണ്ടായിരുന്നു മി. പൗലോസിനു പ്രത്യേകം സീററു കൊടുക്കണമെന്നു്..............

അന്നത്തെ അഭിപ്രായം അദ്ദേഹത്തിനു് മാറിയിരിക്കുകയാണു്. പുതിയ സാഹചര്യത്തിൽ അദ്ദേഹത്തിനു് ബോധോദയമുണ്ടായിരിക്കുകയാണെന്നു തോന്നുന്നു. ഏതായാലും ഇവിടെനിന്നു് മാറിയപ്പോൾ അദ്ദേഹത്തിനുണ്ടായ ഈ പരിവർത്തനം അദ്ദേഹത്തിൻെറ ആത്മാവിനെ രക്ഷിക്കട്ടേ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

സർ, ഞാൻ ആദ്യമേ പറഞ്ഞതുപോലെ ഈ അവിശ്വാസപ്രമേയം ഈ അവസരത്തിൽ വന്നതു് ഒരു പ്രത്യേക സന്ദർഭത്തിലാണു്. ഫെബ്രുവരി 15-ാം തീയതിയോടു കൂടി പൊതുതിരഞ്ഞെടുപ്പു ഉണ്ടാകാൻ പോകുകയാണു്. ഇതിനിടയിൽ ഇങ്ങനെയൊരു അവിശ്വാസപ്രമേയത്തിൻെറ ആവശ്യമുണ്ടായിരുന്നോ എന്നു സംശയിക്കുന്നവരുണ്ടു്. സംശയമില്ലാത്തവരും ചിലരുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

നാലാം പഞ്ചവത്സരപദ്ധതി രൂപം കൊള്ളുന്ന അവസരത്തിൽ ഇങ്ങനെയൊരു മാററം വരുന്നതു് തീർച്ചയായും നല്ലതല്ലെന്ന അഭിപ്രായമാണു് എനിക്കുള്ളതെന്നു പറഞ്ഞു. ഹതഭാഗ്യയായ കേരളം എന്നു് ഞാൻ പറഞ്ഞതായി ശ്രീ. അച്യുതമേനോൻ ആക്ഷേപിച്ചു. ഞാൻ പൊതുവേ ഒരു തത്വം പറഞ്ഞതാണു്. ജനകീയ ഭരണക്രമത്തിൽ, ജനകീയ ഭരണം തുടങ്ങി അധികകാലം ആയിട്ടില്ലാത്ത സ്ഥിതിക്കു് ചില കുറവുകൾ വരാമെന്നിരുന്നാലും പൊതുവേ മററു പാർട്ടികളുടെ ഡിസ്കഷൻ കേട്ടു് ഓരോ കാര്യത്തിലും തീരുമാനം എടുക്കാനുള്ള പരിശീലനം നമുക്കു ലഭിച്ചുകഴിഞ്ഞിട്ടില്ല. എങ്കിൽകൂടി നമ്മുടെ രാജ്യത്തു ജനകീയ ഭരണവ്യവസ്ഥയനുസരിച്ചു് ഒരു ഗവണ്മെൻറു് നിലവിലില്ലെങ്കിൽ, ഗവണ്മെൻറു കൂടക്കൂടെ മാറിക്കൊണ്ടിരുന്നാൽ അതു നമുക്കു് ദോഷം ചെയ്യുമെന്ന അഭിപ്രായമാണു് ഞാൻ പറഞ്ഞതു്. പ്രത്യേകിച്ചു് ആസൂത്രിതമായ പഞ്ചവത്സരപദ്ധതി നടപ്പിൽ വരുത്തുന്ന അവസരത്തിൽ നമ്മുടെ ആവശ്യങ്ങൾ ശക്തിയായി ഉന്നയിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായിരിക്കണം

ശ്രീമതി കെ. ആർ. ഗൗരി ചോദിച്ചു, നാലാം പദ്ധതിക്കുവേണ്ടി ഏതെല്ലാം വ്യവസായങ്ങളാണു് വേണ്ടതു്, സാമൂഹിക ക്ഷേമത്തിനു് എന്തെല്ലാം കാര്യങ്ങൾ ചെയ്യണം എന്നുംമററും കേന്ദ്രമന്ത്രിമാരെ കണ്ടു് പുറകേ നടന്നു് നിവേദനം നടത്തുകയല്ലാതെ എന്താണു് ചെയ്യാൻ പോകുന്നതെന്നു്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെൻറു കാൺഗ്രസ്സ ഗവണ്മെൻറായതുകൊണ്ടു് കേന്ദ്രത്തിൽ ചെന്നു് കാര്യങ്ങൾ ശക്തിയായി നിവേദനം നടത്തി പഞ്ചവത്സരപദ്ധതി രൂപവൽക്കരിക്കാൻ ശ്രമിക്കുകയേയുള്ളു. നിങ്ങളാണെങ്കിൽ എല്ലാം സമരം ചെയ്തു വാങ്ങിക്കുകയായിരിക്കും. കുറേക്കാലം അധികാരത്തിൽ ഇരുന്നപ്പോൾ സമരംചെയ്തു നേടിയതൊക്കെ എത്രത്തോളമെന്നു മനസ്സിലായിട്ടുണ്ടു്.

<u>ശ്രീമതി കെ. ആർ. ഗൗരി</u> : ഞങ്ങളെക്കൊണ്ടു് ഒന്നും ചെയ്യിക്കാൻ നിങ്ങൾ സമ്മതിച്ചില്ലല്ലോ.

<u>ശ്രീ. കെ എ. ദാമോദരമേനോൻ</u> : സ്ത്രീകളോടു് വഴക്കുപിടിക്കുന്ന പതിവു് എനിക്കില്ല. നിങ്ങൾക്കെതിരായി വിമോചനസമരം നടത്തി ശക്തിയായ പൊതുജനാഭിപ്രായം ഉണ്ടായതിൻെറ ഫലമായി നിങ്ങൾ അധികാരത്തിൽ നിന്നു് പോയി. സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ എതിർക്കുന്നു.

<u>ശ്രീ. ഈ. പി. പൗലോസ്</u>: സർ, പ്രതിപക്ഷത്തുള്ള പല ആളുകളും പല കാരണങ്ങളും ഉന്നയിച്ചിട്ടുണ്ടു്, ഈ മന്ത്രിസഭ ഇവിടെ ഇരിക്കുന്നതിൻെറ അപാകതയെ കാണിക്കുന്നതിനുവേണ്ടി. അതെല്ലാം ഇവിടെ ഈ സഭയേയും ഈ രാജ്യത്തെ ജനങ്ങളേയും തെററിദ്ധരിപ്പിക്കുന്നതിനുവേണ്ടിമാത്രമാണു്. അതിൽ പല കാര്യങ്ങളും ഉൾക്കൊള്ളുന്നുണ്ടെങ്കിലും എന്നെ സംബന്ധിച്ചിടത്തോളം ഭക്ഷ്യ പ്രശ്നത്തെ സംബന്ധിച്ചു ചെയ്ത ആരോപണങ്ങൾക്കുമാത്രം ഞാൻ മറുപടി പറയാം എന്നു വിചാരിക്കുകയാണു്. ഭക്ഷ്യ പ്രശ്നത്തെ ഈ ഗവണ്മെൻറു് കൈകാര്യം ചെയ്ത രീതി വളരെ മോശമായിപോയി, അതൃപ്തികരമായിപ്പോയി എന്നാണു് ഇവിടെ വാദിച്ചതു്. എനിക്കു വെറും പത്തു മിന്നിട്ടുമാത്രമേ അനുവദിച്ചിട്ടുള്ളു. അതുകൊണ്ടു് വളരെ ദീർഘമായിട്ടൊന്നും ഇതിൽ അടങ്ങിയിട്ടുള്ള വസ്തുതകളെപ്പററി പരാമർശിക്കുവാൻ എനിക്കു സമയം ഇല്ല. ചില കണക്കുകൾ മാത്രം ഉദ്ധരിച്ചുകൊണ്ടു് ഭക്ഷ്യ പ്രശ്നത്തെ സംബന്ധിച്ചു് പറയാനുള്ളതു് പറഞ്ഞു് അവസാനിപ്പിച്ചു കൊള്ളാം. ഇവിടെ ഭക്ഷ്യ പ്രശ്നം വളരെ രൂക്ഷമായി വന്നനാൾമുതൽ ഇന്നുവരെ ഗവണ്മെൻറു് ലക്ഷ്യമായി സ്വീകരിച്ചിട്ടുള്ളതു് പ്രായപൂർത്തിയായിട്ടുള്ള എല്ലാ ആളുകൾക്കും പതിനാറു് ഔൺസ് അരി റേഷൻ കൊടുക്കുകയെന്നതാണു്. പതിനാറു് ഔൺസു് അരി എന്നു പറയുമ്പോൾ ഏതാണ്ടു് രണ്ടു നാഴിമുതൽ മൂന്നുനാഴിവരെ വരും. ഇതായിരുന്നു ഞങ്ങളുടെ ലക്ഷ്യം. 1944 മുതൽ യുദ്ധമുണ്ടായകാലംമുതൽ, 1960 വരെ പരിശ്രമിച്ചിട്ടും പന്ത്രണ്ടൗൺസിൽ കൂടുതൽ അരി റേഷൻ കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. പതിനേഴ ലക്ഷം ടൺ അരിയാണു് ഇവിടെ ഉൽപാദിപ്പിക്കുന്നതുൾപ്പെടെ കച്ചവടക്കാർ സാധാരണ വ്യാപാര മാർഗ്ഗങ്ങളിൽകൂടിയും ന്യായ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. പൗലോസ്]

വില ഷാപ്പുകൾ വഴിയായും വിതരണം ചെയ്തിട്ടുള്ളതു്. കഴിഞ്ഞ മൂന്നു് നാലു വർഷമായിട്ടാണു് ഏററവും കൂടുതൽ അരി വിതരണം ചെയ്യുന്നതു്. ഒരു ബാലൻസ്ഡ് ഡയററു വേണമെന്നു ഡാക്ടർമാർ നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ചു് പ്രായപൂർത്തിവന്നിട്ടുള്ള ആളിനു് പതിനാറു ഔൺസ് അരി വേണ്ടിയിരുന്നു. അതിൽ നാലൗൺസ് കുറച്ചു് പന്ത്രണ്ടൗൺസ് അരിയെങ്കിലും കൊടുക്കുവാൻ കഴിഞ്ഞതു് 1960—ൽ ആണു്. ആ മൂന്നുനാലു വർഷം വിതരണം ചെയ്ത അരിയുടെ കണക്കുകൾമാത്രം ഉദ്ധരിച്ചുകൊണ്ടു് ആ വിഷയം അവസാനിപ്പിച്ചേക്കാം. 1960-61—ൽ 18 ലക്ഷം ടൺ, 1961-62—ൽ 19 ലക്ഷം ടൺ, 1962 63-ൽ 20 ലക്ഷം ടൺ. 1963—64-ൽ 22 ലക്ഷം ടൺ. 22 ലക്ഷത്തിനു സ്വല്പം കുറവു വരും. 22 ലക്ഷം ടൺ അരിയാണു് 16 ഔൺസ് അരി പ്രായപൂർത്തിയായിട്ടുള്ള ഒരാൾക്കു് കൊടുക്കുന്നതിലേക്കു് ഈ സംസ്ഥാനത്തിനു ആവശ്യമുള്ളതു്. അങ്ങനെ പതിനാറു ഔൺസ് അരിവീതം പ്രായപൂർത്തിവന്നിട്ടുള്ള ആളുകൾക്കു് കൊടുക്കുവാൻ കഴിഞ്ഞതു് 1963—64 ലാണു്. ജനസംഖ്യാടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ ഈ രാജ്യത്തു് വൃദ്ധന്മാരും ശിശുക്കളും രോഗികളുമായിട്ടുള്ള ആളുകളെ നീക്കി ബാക്കി ഏതാണ്ടു 80 ശതമാനത്തോളം ആളുകൾ അരി ഉപയോഗിക്കുന്നുണ്ടെന്നു് കണക്കാക്കാം. ഭക്ഷ്യപ്രശ്നത്തെപ്പററി വളരെ ആക്ഷേപങ്ങളും പല പ്രക്ഷോഭണങ്ങളും ഇൻഡ്യാ ഒട്ടാകെ നടക്കുമ്പോൾ അതിനെ അനുകരിച്ചുകൊണ്ടു് രണ്ടു മൂന്നാഴ്ക്കാലമായി ഇവിടെ ഓരോ പാർട്ടിയും അവരവരുടെ വീതം സംഭാവന ചെയ്തിട്ടുണ്ടെങ്കിലും 1963—64 നേക്കാൾ ഇന്നു വിതരണം ചെയ്തിട്ടുള്ള അരി ഒട്ടും കുറവല്ല എന്നു ഞാൻ അവരെ ഓർമ്മിപ്പിക്കുകയാണു്. ഭക്ഷ്യകാര്യത്തിൽ എവിടെയാണു് പരാജയം വന്നിട്ടുള്ളതെന്നു നാം ആലോചിക്കണം. ഭക്ഷ്യനയത്തിൽ ഇവിടെ ബുദ്ധിമുട്ടുണ്ടു്. ഞാൻ സമ്മതിക്കുന്നു. വിലയെ സംബന്ധിച്ചിടത്തോളം; അല്ലാതെ വിതരണത്തിൻെറ തോതിലല്ല. ഏതായാലും ഈ രാജ്യത്തെ ആളുകൾ അരിയുടെ ഉപയോഗം ഈ അടുത്ത കാലത്തു് വർദ്ധിപ്പിച്ചിട്ടുണ്ടു്. 1959—ൽ ഇതുപോലൊരു അവസരമുണ്ടായി. അരി കിട്ടാനില്ല. എത്ര വില കൊടുത്താലും കിട്ടാനില്ല. അന്നു കമ്മ്യൂണിസ്ററു ഗവണ്മെൻറിനെതിരായിട്ടു പ്രതിപക്ഷത്തിരുന്ന ആളുകൾ ഈ മാതിരി പ്രക്ഷോഭണം ഉണ്ടാക്കി ഈ രാജ്യത്തു പട്ടിണി കൂടുതൽ വർദ്ധിപ്പിക്കുവാനുള്ള സംരംഭമൊന്നും ഉണ്ടാക്കിയിട്ടില്ല. 'അരിയെവിടെ തുണിയെവിടെ തിരുമേനി' എന്നെല്ലാം ചോദിച്ചിട്ടുണ്ടായിരുന്നിരിക്കാം. അന്നു് അരി കിട്ടാനില്ലായിരുന്നു എന്നുള്ളതാണു് പരമാർത്ഥം.

ശ്രീ. പി. ബാലചന്ദ്രമേനോൻ: സർ, ഈ സമയത്തു ഒരു ഔൺസ് അരിപോലും ചിററൂർ വില്ലേജിൽ കിട്ടാനുണ്ടായിരുന്നില്ല എന്നു് പല പ്രാവശ്യവും ഇവിടെ പല മെമ്പറന്മാരും ഉന്നയിച്ചിട്ടില്ലേ ?

ശ്രീ. ഈ. പി. പൗലോസ്: സർ, ഇതു ശരിയല്ല. രണ്ടു ദിവസം തുടർച്ചയായി ഇവിടെ വാദപ്രതിവാദം നടന്ന അവസരത്തിൽ ഗവണ്മെൻറിനെതിരായ അടിസ്ഥാനമില്ലാതെ പലതും പറഞ്ഞതിൽ ആക്ഷേപം ഇല്ലാത്തതു കൊണ്ടു മിണ്ടാതെയിരുന്നിട്ടുള്ളതല്ല. അവിശ്വാസ പ്രമേയത്തിൻെറ ഹാലിളക്കത്തിൽ മറുപടി പറയേണ്ട കാര്യമില്ല എന്നു കരുതിയാണു് പോരെങ്കിൽ ഇറങ്ങിപ്പോകുവാൻ തയാറായിട്ടു ഒരാഴ്ചയായി നിൽക്കുകയുമാണു്. പിന്നെ എന്തിനു മറുപടി പറയണം. 1959–60 ലും അതുമാതിരി വൈഷമ്യമേറിയ പരിതഃസ്ഥിതി ഉണ്ടായി. അന്നു നിങ്ങൾ എന്തു ചെയ്തു. 25,000 ടൺ അരി ഗവണ്മെൻറു് വിലയ്ക്കു് എടുത്തിട്ടു് വിതരണം ചെയ്യാൻ ഏർപ്പാടു് ചെയ്തു. ആന്ധ്റായിൽ നിന്നും അയ്യായിരം ടൺ അരി ഇവിടെ വന്നു. എന്നാൽ ആന്ധ്റായിലെ മിൽ ഉടമസ്ഥന്മാർ ആ കരാർ പാലിക്കുവാൻ കൂട്ടാക്കിയല്ലി. കേന്ദ്രഗവണ്മെൻറു അരിയുടെ വില നിശ്ചയിച്ചു. ആ അരി ഇവിടെ എത്തിക്കുന്നതിനു ഗവണ്മെൻറിനു കഴിഞ്ഞിട്ടില്ല. ഫലമോ തുടർച്ചയായ പട്ടിണി. വിലയ്ക്കു് അരി കിട്ടാനുമില്ല. അരിയുമില്ല. ഇന്നത്തെ സ്ഥിതി അതല്ല. ഇന്നു ആ സ്ഥിതി വരുത്തരുതെന്നു വിചാരിച്ചു ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരു

LIBRARY ARCHIVES Kerala Legislative Assembly

മായി ആലോചിച്ച് തീരുമാനം എടുക്കുകയാണുണ്ടായത്. ഞാൻ ഓടി മദ്രാസിലും ആന്ധ്റായിലും എന്നെല്ലാം ആക്ഷേപിക്കുകയുണ്ടായി. ശരിയാണ്. ഞാൻ ഓടി. മദ്രാസിൽ ഓടിച്ചെന്നു. മദ്രാസിലേയും ഹൈദരാബാദിലേയും സിവിൽസപ്ലൈസിലുള്ള ഉദ്യോഗസ്ഥന്മാരെ പോയികണ്ടു. ഒരു നിശ്ചിത വിലയ്ക്ക് അരി അയച്ചുതരുവാൻ നിർബന്ധമായി ആവശ്യപ്പെട്ടു. അതു കുറെയൊക്കെ ഫലിച്ചു. പിന്നെയും തടസ്സം ഉണ്ടായി. കളക്റ്റർക്ക് ഭീതി അരികൊടുത്താൽ ആ ജില്ലാ പട്ടിണിയാകുമോ എന്ന്. അതുപോലെ തന്നെ സംസ്ഥാന ഗവണ്മെന്റുകൾക്ക് ഭീതി അവിടത്തെ ജനങ്ങൾ പട്ടിണിയാകുമോ എന്ന്. താൽക്കാലികമായി രണ്ടു മൂന്ന് ദിവസത്തേക്കു കുറെ വിഷമം അതുകൊണ്ടുണ്ടായി. എന്നാൽ ഗവണ്മെന്റ് ഊർജ്ജിതനടപടികൾ എടുക്കുകയും പുറത്തുനിന്നും അരിയുടെ വരവ് പ്രത്യേകിച്ചും വടക്കൻ ജില്ലകളെ സംബന്ധിച്ചിടത്തോളം മെച്ചപ്പെട്ടുവെന്നും ന്യായമായി അവകാശപ്പെടാവുന്നതാണ്. തിരുവനന്തപുരത്തേയും കൊല്ലത്തേയും ഇന്നത്തെ സ്ഥിതിഗതികളെപ്പററി എനിക്കു വിവരം ലഭിച്ചില്ല. ഇവിടെയും സ്ഥിതിഗതികൾ മെച്ചപ്പെട്ടുകൊണ്ടിരിക്കുന്നു. ക്ലിപ്തപ്പെടുത്തിയതിൽ കൂടുതൽ വില കൊടുക്കേണ്ടിവരികയും ഇഷ്ടമുള്ള വിലകൊടുത്തു വാങ്ങേണ്ടിവരുകയും ചെയ്തു. ഗവണ്മെന്റിന്റെ നിർബന്ധം എന്തു വില കൊടുത്താലും അരി കിട്ടുന്ന ഒരു സ്ഥിതി ഉണ്ടായിരിക്കണമെന്നും, എന്തു വില കൊടുത്തിരുന്നാൽതന്നെയും അരി ലഭിക്കാതെവരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് പരമാവധി ശ്രമിക്കണമെന്നുമുള്ളതായിരുന്നു. നമ്മുടെ പ്രധാനമന്ത്രി അരിയുടെ വില നിശ്ചയിച്ച രണ്ടാഴ്ചക്കാലത്തേയ്ക്ക് യാതൊരുവിധ പ്രോസിക്യൂഷൻ നടപടികളും എടുക്കരുതെന്ന് നിർദ്ദേശിച്ചുവെന്നുള്ളത് ഈ അവസരത്തിൽ ഓർക്കേണ്ടതുണ്ട്. കൈവശമുള്ള അരി വെളിയിൽ കൊണ്ടുവരാൻ അവർക്ക് അവസരം നൽകണമെന്നാണ് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടത്. ഒരു പക്ഷേ ഈ നിർദ്ദേശം കിട്ടിയിരുന്നില്ലെങ്കിൽ തന്നെയും പ്രോസിക്യൂഷൻ നടപടികൾ പെട്ടെന്ന് ബുദ്ധിപൂർവ്വകമായിരിക്കയില്ലെന്ന് ഗവണ്മെന്റിന് അഭിപ്രായമുണ്ടായിരുന്നു. സിവിൽസപ്ലൈസ് ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശവും ഉപദേശവും ഇതുതന്നെയായിരുന്നു. റവന്യൂ ബോർഡ് സെക്കൻഡ് മെമ്പർ ശ്രീ. പത്മനാഭൻതന്നെയാണ് 1959-ലും ഈ സംഗതി കൈകാര്യം ചെയ്തത്. വളരെ കർശനമായി പ്രോസിക്യൂഷൻ നടപടി എടുക്കുന്നത് ആപത്തായിരിക്കുമെന്നുള്ള ഉപദേശം എനിക്ക് കിട്ടി 1959-ലെ അനുഭവം വന്നു കഴിഞ്ഞാൽ വലിയ സ്തംഭനാവസ്ഥ ഉണ്ടാകും എന്നാണ്. അതുകൊണ്ട് വലിയ ദോഷമുണ്ടാകുകയും ചെയ്യും. അതുതന്നെയാണ് ഇന്നും എന്റെ അഭിപ്രായം. ആദ്യം അരി ആവശ്യാനുസരണം ലഭിക്കുന്നതിന് ഏർപ്പാടു ചെയ്യുക. രണ്ടാമതായി നമുക്കു ചെയ്യാവുന്ന നടപടിയാണ് ന്യായമായ വിലയ്ക്ക് അരി വിതരണം ചെയ്യുകയെന്നുള്ളത്,

മററു ചില ആരോപണങ്ങൾ ഇവിടെ വരുകയുണ്ടായി. പതിനാലു റേഷൻകടക്കാരുടെ ലൈസൻസ് ക്യാൻസൽ ചെയ്തിരുന്നത് റദ്ദ് ചെയ്തു എന്നെല്ലാം ഇവിടെ പറഞ്ഞു. ഫോണിൽകൂടി വിളിച്ചുപറഞ്ഞിട്ടാണ് അങ്ങനെ ചെയ്തതെന്നും മററും പറയുകയുണ്ടായി. അങ്ങനെ ഒരു നിർദ്ദേശവും ഞാൻ കൊടുത്തിട്ടില്ല. ഇങ്ങനെ ഒരു കേസ് എന്റെ മുമ്പിൽ വന്നിട്ടുമില്ല. പിന്നെ ഇവിടെ വാദകോലാഹലമുണ്ടാക്കിയതു പഞ്ചസാര കേസാണ്. ഇന്നതു സബ്ജ്യൂഡിസാണ്. ഹൈക്കോർട്ടിൽ റിററു പെററിഷൻ കൊടുത്തു നിലവിൽ ഇരിക്കുകയാണ്. എന്നാലും തർക്കമില്ലാത്ത വിവരങ്ങൾ പറയാം. ആലപ്പുഴ ജില്ലാ കളക്ടർ ചെയ്ത ഉത്തരവ് സ്റ്റേചെയ്തു എന്നുള്ളതാണ് പ്രധാനമായിട്ടുള്ള ആക്ഷേപം. കളക്ടർ ക്വോട്ട സസ്പെണ്ട് ചെയ്ത തൽകാല ഉത്തരവ് ഇട്ടു. അവസാന തീരുമാനം കളക്ടർ ചെയ്യുന്നതുവരെ അതു സ്റ്റേചെയ്തു. ഓരോരോ ബിസിനസ്സ് സ്ഥാപനത്തിനും ഇത്ര ക്വോട്ടാവീതം കൊടുക്കണമെന്ന് കളക്ടർതന്നെ തീരുമാനിച്ചിരുന്നതാണ്. പഞ്ചസാരയുടെ കഴിഞ്ഞ കാലത്തെ ഉപയോഗം തഹസീൽദാരെക്കൊണ്ടന്വേഷിപ്പിച്ചുസെയിൽസ്ടാക്സ് ഡിപ്പാർട്ടുമെന്റ് ടേൺ ഓവർ സംബന്ധിച്ച് കൊടുക്കുന്ന കണക്കുകൾവച്ചും ഇത്ര ക്വോട്ടാ കൊടുക്കണമെന്ന് കളക്ടറാണ് നിശ്ചയിക്കുന്നത്. ഗവണ്മെന്റ് ക്വോട്ടാ നിശ്ചയിക്കാറില്ല. കൺസ്യൂമേഴ്സിന് ക്വോട്ടാ കുറഞ്ഞുപോയി എന്നും മററും ചിലപ്പോൾ പരാതി വന്നേക്കാമെങ്കിലും ഗവണ്മെന്റും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. പൗലോസ്]

അതിൽ ഇടപെടാറില്ല. അങ്ങനെ കളക്ടർ ചെയ്ത ഒരു തൽക്കാല തീരുമാനത്തെ കളക്ടരുടെ അവസാന തീരുമാനംവരെ സ്റ്റേ ചെയ്തു എന്നേയുള്ളു. അതിൽ കവിഞ്ഞ വലിയ പ്രശ്നമൊന്നും ഇതിൽ ഇല്ല.

ശ്രീ. ഈ. പി. ഗോപാലൻ: വസ്തുതകൾ അറിവിനുവേണ്ടി ചോദിക്കുകയാണ്. ഈ പഞ്ചസാരകേസിലെ പ്രതി ആരുടെ ഭർത്താവാണെന്നും അദ്ദേഹത്തിന്റെ ഭാര്യ ആരാണെന്നും ഒക്കെയുള്ള വിവരങ്ങൾ വെളിപ്പെടുത്തുവാൻ ദയവുണ്ടാകുമോ?

ശ്രീ. ഈ. പി. പൗലോസ്: ആലപ്പുഴ പഞ്ചസാരക്കേസിലെ പ്രതി ആരുടെ ഭർത്താവാണെന്നും അദ്ദേഹത്തിന്റെ ഭാര്യ ആരാണെന്നും മററുമുള്ളത് ഈ നാട്ടിലെ എല്ലാവർക്കും അറിവുള്ള സംഗതിയാണ്. അതു അറിവില്ലെങ്കിൽ അവരുടെ അജ്ഞതയെ മാററാൻ ഞാൻ ശ്രമിക്കുന്നതു തെററായിരിക്കും. അതു അറിഞ്ഞുകൊള്ളണം എന്നുമാത്രമേ എനിക്കു അഭ്യർത്ഥിക്കുവാനുള്ളു.

വീററുഹൗസ് നടത്തിയതിൽ വന്ന നഷ്ടം ഈ ഗവണ്മെന്റ് പരിഹരിച്ചതിനു എന്റെ സ്നേഹിതൻ ശ്രീ. ദാമോദരമേനോന്റെ ഭാര്യയെ സംബന്ധിച്ചും വിമൻസ് ക്ലബ്ബിനെ സംബന്ധിച്ചും പല വിമർശനങ്ങളും നടത്തുകയുണ്ടായി. ഞങ്ങൾക്കു വീററുഹൗസിന്റെ ചുമതല ഏറെറടുത്തപ്പോൾ പരിചയം ഇല്ലാത്തതുകൊണ്ട് വല്ല നഷ്ടവും വന്നാൽ അതിനു നഷ്ടപരിഹാരം തരുമോ എന്നു അവർ ചോദിച്ചു. അങ്ങനെ നഷ്ടം സംഭവിക്കുകയാണെങ്കിൽ കാംപെൻസേഷൻ കൊടുക്കാമെന്നു കളക്ടർ അറിയിച്ചതിനുശേഷമാണ് വീററുഹൗസിന്റെ പ്രവർത്തനം ആരംഭിച്ചതു. മഹിളാസമാജത്തിന്റെ ഒരു സബ്കമ്മിററിയാണ് ഇതിനു തയാറായിവന്നതു. അതിൽ കുറെ നഷ്ടം വന്നു. ആദ്യത്തെ വർഷം കുറെ കൂടുതൽ നഷ്ടം വന്നു. രണ്ടാമത്തെ കൊല്ലവും ഇതു ലാഭകരമായി നടത്തുവാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഇതു മുന്നോട്ടു കൊണ്ടുപോകുവാൻ വിഷമകരമാണെന്നു പറഞ്ഞു. നേരത്തെ കളക്ടർ കൊടുത്തിരുന്ന വാഗ്ദാനം അനുസരിച്ച് ആ നഷ്ടം പരിഹരിച്ചു. ഇതാണ് വസ്തുത. ഇവിടെ പല ആരോപണ പ്രത്യാരോപണങ്ങൾ ഉണ്ടായി. ഇതേപ്പററി എനിക്കൊന്നേ പറയാനുള്ളു. ഒരു അവിശ്വാസ പ്രമേയം ചർച്ച ചെയ്തുകൊണ്ട് സംസാരിക്കുമ്പോൾപോലും ഈ സഭയിൽ ഉപയോഗിക്കാവുന്ന ഭാഷയിലും അതിനു ചേർന്ന അന്തസ്സിലും മാത്രം ചർച്ചകൾ നടത്തുന്നതിനും ഭാവിയിൽ ഇന്നു ഇവിടെ നടന്ന രീതിയിൽ ആരോപണ പ്രത്യാരോപണങ്ങൾ നടത്താതിരിക്കത്തക്കവണ്ണവും ദൈവം സഹായിക്കട്ടെ. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കട്ടെ.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): സ്പീക്കർ സർ, ജനാധിപത്യ മുറയനുസരിച്ച്, ഭരണം നടത്തുന്ന മന്ത്രിസഭയോടു് അവിശ്വാസം തോന്നിയാൽ അവിശ്വാസപ്രമേയം അവതരിപ്പിക്കുകയും, അതിനുള്ള കാരണങ്ങൾ വിശദീകരിക്കുകയും ആവശ്യമെന്നു കണ്ടാൽ സഭയുടെ അഭിപ്രായം വോട്ടുമൂലം രേഖപ്പെടുത്തുകയും ചെയ്യുന്നതു് സ്വാഭാവികമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു കാര്യമാണ്. ചില അവസരങ്ങളിൽ സഭയിൽ പാസ്സാകാൻ ഇടയില്ലെന്നു ബോദ്ധ്യമുണ്ടായാൽപോലും അവിശ്വാസപ്രമേയം അവതരിപ്പിച്ചുവെന്നുവരാം. അപ്പോൾ വളരെ നിശിതമായ വിമർശനങ്ങളുണ്ടാകുകയും, ഗവണ്മെന്റിന്റെ ചെയ്തികളെപ്പററി അവരുടെ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്യും. അങ്ങനെ അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുമ്പോൾ ഗവണ്മെന്റിന്റെ ചെയ്തികളിൽ തെററുകൾ ഉണ്ടെങ്കിൽ അതു് തിരുത്തുവാനുള്ള അവസരം ഗവണ്മെന്റിനു ലഭിക്കുകയും ചെയ്യും. അങ്ങനെയുള്ള അവസരങ്ങളിൽ വരുന്ന അവിശ്വാസപ്രമേയങ്ങളെപ്പററി മനസ്സിലാക്കാൻ യാതൊരു പ്രയാസവുമില്ല. ഈ നിയമസഭയുടെ ചരിത്രത്തിൽ പല അവിശ്വാസപ്രമേയങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇപ്പോഴത്തേതിന്റെ ഉദ്ദേശം എന്താണെന്നുള്ളതിനെപ്പററി പ്രബലമായി സംശയിക്കേണ്ട സാഹചര്യമാണുണ്ടായിരിക്കുന്നതു്. എല്ലാ തവണയും അവിശ്വാസ പ്രമേയങ്ങൾ കൊണ്ടുവരുന്നതിനു മുമ്പു അഴിമതി, കൈക്കൂലി മുതലായ ആരോ

LIBRARY ARCHIVES Kerala Legislative Assembly

പണങ്ങൾ കൊണ്ടുവരികയും അതു് നേരത്തെതന്നെ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. ഇവിടെ ഉന്നയിച്ചിട്ടുള്ള പ്രധാനപ്പെട്ട ആരോപണങ്ങളെപ്പററി അന്വേഷണം നടത്തുകയും അതിന്റെ ഫലം എന്താണെന്നുള്ളതു് ഈ സഭയിൽ പറയുകയും ചെയ്തിട്ടുള്ളതാണു്. കഴിഞ്ഞ സെഷനിൽ ആ വിഷയത്തെപ്പററി വീണ്ടും സംസാരം ഉണ്ടായി. അന്നു് ഞാൻ അതിനു് മറുപടി പറയുകയും ചെയ്തു. എന്നാൽ അതിനുശേഷം ആറുമാസം കഴിഞ്ഞ ഈ അവസരത്തിൽ വീണ്ടും ഭയങ്കരമായ അഴിമതി ആരോപണത്തോടുകൂടി ഒരു അവിശ്വാസ പ്രമേയം വരുന്നുവെന്നു് കേൾക്കാൻ തുടങ്ങി. ഈ തവണ അതിന്റെ ആരംഭം ഉണ്ടായതു് പ്രതിപക്ഷത്തുനിന്നായിരുന്നില്ല. ഇവിടെ കാൺഗ്രസ്സിൽതന്നെ ചെറിയ ഒരു വിഭാഗം ഇപ്പോൾ മാറി നിൽക്കുകയാണു്. അവർ എന്തോ പേരും പറഞ്ഞു മാറി നിൽക്കുകയാണു്. അതിന്റെ പേരു് എനിക്കു് അറിയാൻ പാടില്ലാത്തതുകൊണ്ടു് ഇങ്ങനെ പറഞ്ഞതാണു്. അവരെ പിൻതാങ്ങുന്ന ചില പത്രങ്ങളും അവർ സംബന്ധിച്ചിരുന്ന ചില യോഗങ്ങളിലെ പ്രസംഗങ്ങളുമാണു് ഈ അഴിമതിയെപ്പററിയുള്ള വലിയ ഒരു മേഘാവരണം സൃഷ്ടിക്കാൻ ശ്രമിച്ചതു്. ഇങ്ങനെ അഴിമതിയുണ്ടെന്നു് പറയുന്നതു് ഓരോ ദിവസവും കേൾക്കാമായിരുന്നു. ഇവിടെ എന്തോ വലിയ അഴിമതിയുണ്ടെന്നു് പറഞ്ഞു് കെ. പി. സി. സി. പ്രസിഡണ്ടിന്റെ അടുക്കൽ പോയിരുന്നു, പ്രധാനമന്ത്രിയുടെ മുമ്പിൽ പോയിരുന്നു, കാൺഗ്രസ്സ് പ്രസിഡൻറിന്റെ മുമ്പിൽ പോയിരുന്നു, പാർലമെൻററി ബോർഡിന്റെ മുമ്പിൽ പോയിരുന്നു, മററുള്ളവരുടെ എല്ലാം അടുത്തുപോയിരുന്നു. ഇതെല്ലാംതന്നെ ഞാൻ പത്രങ്ങളിൽ വായിച്ചിട്ടുള്ളതല്ലാതെ, ഏതാനും ദിവസങ്ങൾക്കുമുമ്പു ഈ പാർട്ടിയിൽനിന്നും പിരിഞ്ഞുപോയ സുഹൃത്തുക്കളിൽ ഒരാളെങ്കിലും ഈ ആരോപണം എന്താണെന്നുള്ളതു് എന്നെ അറിയിക്കുകയോ എഴുതി അയയ്ക്കുകയോ ചെയ്തിട്ടില്ല. ഇവിടത്തെ മുഖ്യമന്ത്രിയുടെ പേരിൽ അഴിമതി ആരോപണം ഉണ്ടു് അതിനെപ്പററി അന്വേഷണം നടത്തണമെന്നു് പാർലമെൻററി ബോർഡിനോടു ആവശ്യപ്പെട്ടിരുന്നു, കാൺഗ്രസ്സ് പ്രസിഡൻറിനോടു ആവശ്യപ്പെട്ടിരുന്നു, പ്രധാനമന്ത്രിയോടു ആവശ്യപ്പെട്ടിരുന്നു. ഇങ്ങനെ അഴിമതിയാരോപണം, അഴിമതിയാരോപണം എന്നു് ദിവസവും എഴുതുകയും പറയുകയും ചെയ്തിട്ടുള്ളതല്ലാതെ അഴിമതി എന്താണെന്നു് ആരും ഇതുവരെയും പറഞ്ഞിട്ടില്ല. ഞാൻ കാൺഗ്രസ്സ് പ്രസിഡൻറിനോടു ചോദിച്ചു അഴിമതിയാരോപണം എന്നു പറയുന്ന വല്ലതും ഇവിടെ എത്തിയിട്ടുണ്ടെങ്കിൽ എന്നെ ഒന്നു് അറിയിക്കുമോ എന്നു്. പക്ഷെ അവിടെയും ഒന്നും കിട്ടിയിട്ടില്ലെന്നു് അറിയുകയുണ്ടായി. അതുപോലെതന്നെയാണു് പ്രധാനമന്ത്രിയോടും അന്വേഷിച്ചപ്പോൾ കിട്ടിയ മറുപടി. പത്രങ്ങളിൽ ആരോപണം എന്നുള്ള പദമല്ലാതെ മറെറാന്നും കണ്ടില്ല. എന്റെ പാർട്ടിയിൽപെട്ട ആരും എന്നെ അറിയിച്ചതുമല്ല. ഈ സാഹചര്യത്തിൽ ആ ആരോപണം എന്താണെന്നു് അറിയണമെന്നുള്ള ജിജ്ഞാസ വളരെ സ്വാഭാവികമായി എനിക്കുണ്ടായി. നിയമസഭയിൽ ആരോപണം വരുമ്പോൾ കേൾക്കാമെന്നു് വിചാരിച്ചു് ഞാൻ ഇരിക്കുകയായിരുന്നു. അതുകൊണ്ടു് ഈ അവിശ്വാസപ്രമേയം ഇവിടെ വന്നപ്പോൾ സാമാന്യത്തിൽ കവിഞ്ഞ താൽപര്യത്തോടുകൂടി ഇവിടെ നടന്ന വാദപ്രതിവാദങ്ങൾ ശ്രദ്ധിക്കുകയായിരുന്നു. ഇവിടെ എന്തു് ആരോപണമാണു് ഉന്നയിച്ചതെന്നുള്ളതു് ഞാൻ പറയാതെ തന്നെ എല്ലാവർക്കും അറിയാം. ഈ രാജ്യത്തെ പത്രങ്ങൾ വായിക്കുന്നവർക്കും അതറിയാം. ഇതിനുമുമ്പുള്ള നിയമസഭാ പ്രൊസീഡിംഗ്സ് വായിച്ചുനോക്കിയിട്ടുള്ളവർക്കെല്ലാംതന്നെ അതറിയാം. ഇതിനു മുമ്പുണ്ടായിട്ടുള്ളതിൽ കവിഞ്ഞു് എന്തെങ്കിലും ആരോപണങ്ങൾ വന്നിട്ടുണ്ടെന്നു് തോന്നുന്നില്ല. ഇപ്പോൾ ഇവിടെയുണ്ടായ ഒരു വിശേഷം ഭരണകക്ഷിയിലുള്ള കുറെ മെമ്പറന്മാർകൂടി അവിശ്വാസപ്രമേയം അവതരിപ്പിക്കുന്നതിനു് അനുമതി ചോദിച്ചപ്പോൾ എഴുന്നേററുനിന്നു എന്നുള്ളതാണു്. അന്നുമുതൽ തുടങ്ങിയ ഒരു വാദം ഇനി എന്തിനു് മന്ത്രിസഭ രാജിവയ്ക്കാതെ കാത്തിരിക്കുന്നെന്നാണു്. ഭൂരിപക്ഷം അംഗങ്ങളും എതിർപക്ഷത്താണെന്നു് കണ്ടാൽ ഉടനെ രാജി വയ്ക്കേണ്ടതല്ലേ ഗവണ്മെൻറു എന്നു് ഒരു വാദം ഇവിടെ ഉണ്ടായി. പുറത്തും അത്തരത്തിലുള്ള ഒരു വാദമുണ്ടായി. സാധാരണ ഗതിയിൽ അവിശ്വാസ പ്രമേയം അവതരിപ്പിക്കാൻ അനുമതി ചോദിക്കുമ്പോൾ അനുമതി നൽകണ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

മെന്നു് പറയുന്നവർ എല്ലാം അതിനുശേഷമുള്ള വാദപ്രതിവാദം നടന്നുകഴിഞ്ഞിട്ടു് അവിശ്വാസപ്രമേയത്തിനു് അനുകൂലമായി വോട്ടു ചെയ്യണമെന്നില്ല അവക്കു് വേണമെങ്കിൽ നിഷ്പക്ഷമായി നിൽക്കാം. മറിച്ചും വോട്ടുചെയ്യാം. അതു് സ്വാഭാവികമാണു്. അഴിമതി, സ്വജനപക്ഷപാതം, കൈക്കൂലിയെന്നുള്ള പദങ്ങളെല്ലാം പൊക്കിപ്പിടിച്ചു് വലിയ പ്രചരണമായി വന്നു ഇവിടെ ഉണ്ടായിരുന്നതു്. എന്നാൽ അവിശ്വാസപ്രമേയം വന്നപ്പോൾ അതൊന്നുംതന്നെ ഉണ്ടായിക്കണ്ടില്ല. അതിൽ പറഞ്ഞിരിക്കുന്നതു് ശങ്കറിന്റെ നേതൃത്വം വഹിക്കുന്ന മന്ത്രിസഭയുടെ പേരിൽ അവിശ്വാസം രേഖപ്പെടുത്തുന്നുവെന്നാണു്. ഈ അവിശ്വാസപ്രമേയം ഇവിടെ അവതരിപ്പിച്ച എസ്സ്. എസ്സ്. പി.യുടെ നേതാവു് ശ്രീ. പി. കെ. കുഞ്ഞു് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ എന്തുകൊണ്ടു് മന്ത്രിസഭ രാജിവയ്ക്കണമെന്നു് വ്യക്തമായിപറയുമെന്നു് ഞാൻ പ്രതീക്ഷിച്ചു. അല്ലെങ്കിൽ വേറെ ഒരു അവിശ്വാസപ്രമേയം ഇവിടെ അവതരിപ്പിക്കുന്നതിനുവേണ്ടി അയച്ചിരുന്ന കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതാവു് ശ്രീ. അച്യുതമേനോൻ അതിനുള്ള ഒരു പട്ടിക ഹാജരാക്കുമെന്നും അതിനുള്ള തെളിവുകൾ പറയുമെന്നും ഞാൻ വിചാരിച്ചു. പക്ഷേ അങ്ങനെയൊന്നും ഉണ്ടായില്ല. എന്തോ അപകടം പററിയിട്ടുണ്ടെന്നു് തെററിദ്ധാരണ ഉണ്ടാക്കത്തക്കവണ്ണം ഒരു പുകയെങ്കിലും ഉണ്ടാകുന്നതരത്തിൽ എന്തെങ്കിലും പറയുകയല്ലാതെ വ്യക്തമായിട്ടൊന്നുംതന്നെ പറഞ്ഞില്ലെന്നുള്ളതാണു് വാസ്തവം. ഇവിടെ ആകപ്പാടെ ഇരുപത്തിയെട്ടു ബഹുമാനപ്പെട്ട അംഗങ്ങൾ പ്രസംഗിച്ചിട്ടുണ്ടു്. ഇവിടെ പലതരത്തിലുള്ള പ്രസംഗങ്ങൾ നടന്നു. അങ്ങോട്ടുമിങ്ങോട്ടും പറയാനുള്ളതെല്ലാം പറഞ്ഞു. മുഖ്യമായി ഈ ഗവണ്മെന്റു എന്തുകൊണ്ടു് രാജിവയ്ക്കണമെന്നു മാത്രം പറഞ്ഞില്ല. അവിശ്വാസപ്രമേയം അവതരിപ്പിക്കുന്നതിനു് അനുമതി ആവശ്യപ്പെട്ട അംഗങ്ങളുടെ ഇടയിൽ അവിശ്വാസപ്രമേയങ്ങൾ അയച്ചിട്ടില്ലാത്ത മൂന്നുകൂട്ടർ ഉണ്ടു്. അവർക്കു് ഈ ഗവണ്മെന്റു പോകണമെന്നു് തോന്നിയിരുന്നുവെങ്കിൽ അവരും അവിശ്വാസപ്രമേയങ്ങൾ അയയ്ക്കുമായിരുന്നു. മുസ്ലീംലീഗു് അവിശ്വാസപ്രമേയം അവതരിപ്പിച്ചില്ലെന്നു മാത്രമല്ല അവർക്കു് അതിനോടു യാതൊരു താൽപര്യവും ഇല്ലായിരുന്നുവെന്നാണു് രണ്ടു ദിവസത്തിനുമുമ്പു അറിയാൻ കഴിഞ്ഞിരുന്നതു്. പിന്നെ ഇടതുപക്ഷ കമ്മ്യൂണിസ്റ്റു പാർട്ടിയിലുള്ളവർ അവിശ്വാസപ്രമേയം അവതരിപ്പിക്കുന്നതിനെപ്പററി ഒന്നും പറഞ്ഞിരുന്നില്ല.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു് : ഒരു മാസത്തിനുമുമ്പു ഞങ്ങൾ അവിശ്വാസപ്രമേയം അവതരിപ്പിക്കുന്നതാണെന്നു് പത്രങ്ങളിൽ കൊടുത്തിട്ടുണ്ടായിരുന്നു.

ശ്രീ. ആർ. ശങ്കർ : പിന്നെ മൂന്നാമത്തെ കൂട്ടർ ഞങ്ങളുടെ പാർട്ടിയുടെ ഒരു അംശമാണു്. ശരീരത്തിൽനിന്നും ഒരു വിരൽ മുറിഞ്ഞുവീണാൽ അതു കുറെനേരം കിടന്നു് പിടയ്ക്കും. ഞാനാണു് ശരീരം എന്നുള്ള രീതിയിൽ പിടയ്ക്കും. അങ്ങനെ കുറെനേരം കിടന്നു് പിടച്ചിട്ടു് അതിന്റെ ചൈതന്യം പോകുകയും ചെയ്യും. ഒരു വിരൽ പോയിയെന്നു വിചാരിച്ചു് വലിയ അപകടമൊന്നും ഉണ്ടാകുകയില്ല. വിരൽ ഒരുപക്ഷേ മുളയ്ക്കുകയില്ലായിരിക്കും. പക്ഷേ വേറെ ഭാഗങ്ങൾ കൂടുതൽ വളർന്നുകൊള്ളും. അതുപോലെ ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട ചെറിയ ഒരു അംശം ഈ അവിശ്വാസപ്രമേയത്തെ അനുകൂലിക്കാൻ തീരുമാനിച്ചിരിക്കുകയാണു്. അവർ അങ്ങനെ തീരുമാനിച്ചതുതന്നെ ഈ അടുത്ത മൂന്നുനാലു ദിവസങ്ങൾക്കുമുമ്പാണു്. ഇതാണു് ഇവിടെ ഇപ്പോഴുണ്ടായിട്ടുള്ള പ്രത്യേക സാഹചര്യം. ഇവിടെ വേറൊരു പ്രത്യേകതയുണ്ടായിരുന്നതു് ഇപ്പോൾ അവിശ്വാസപ്രമേയത്തെ അനുകൂലിച്ചുകൊണ്ടു സംസാരിക്കുന്നതിൽ ഒരു പങ്കുവയ്ക്കൽ നടന്നിട്ടുണ്ടെന്നുള്ളതാണു്. അഴിമതിയാരോപണങ്ങളെല്ലാം പറയുന്നതിനു് ഞങ്ങളുടെ പാർട്ടിയിൽനിന്നും വിട്ടുനിൽക്കുന്നവർ; അന്തസ്സായിട്ടു നിയമസഭയിൽ പറയാനുള്ളതെല്ലാം പറയാൻ മറേറക്കൂട്ടർ. ഇങ്ങനെ പോകുന്നു പങ്കുവയ്ക്കൽ. ഇവരുടെ പാർട്ടിക്കുള്ളിൽതന്നെ ആരാച്ചാരന്മാരുണ്ടു്. ഈ കൊച്ചു പാർട്ടിക്കകത്തും ആരാച്ചാരുണ്ടു്. മൂർച്ചയില്ലാത്ത കത്തിവെച്ചായാലും ശരി

LIBRARY ARCHIVES Kerala Legislative Assembly

അവർ ഒന്നു് പ്രയോഗിക്കാൻ നോക്കി. വളരെ ആഗ്രഹമുണ്ടു് പ്രയോഗിക്കണമെന്നു. പക്ഷെ ഫലമില്ല. ഇവിടെ നടന്ന എല്ലാ പ്രസംഗങ്ങളും ഞാൻ ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടിരിക്കുകയായിരുന്നു. നിർഭാഗ്യവശാൽ ഒരു പ്രസംഗത്തിലും അത്ര വലിയ കാര്യങ്ങളൊന്നും ഉണ്ടായിരുന്നില്ല ഒരു കാര്യം വച്ചിട്ടുണ്ടു്; ജുഡീഷ്യൽ എൻക്വയറി വരുമ്പോൾ കൊടുത്തേക്കാമെന്നു് ഒരാൾ പറഞ്ഞു. എന്താണു് ഈ ജുഡീഷ്യൽ എൻക്വയറി. ഈ രാജ്യത്തെ മനുഷ്യർ മാനമായി ജീവിക്കണം. പൊതുരംഗത്തു പ്രവർത്തിക്കുന്നവരെ മനഃപൂർവ്വമായി അവഹേളിക്കാൻ തുടങ്ങിയാൽ രാജ്യം പൊതുവേ നശിക്കും. ആത്മാർത്ഥമായി എന്തെങ്കിലും ഉണ്ടെങ്കിൽ അതു് പരസ്യമായി പറയുവാനുള്ള മാർഗ്ഗമുണ്ടു്. അവിശ്വാസപ്രമേയം അവതരിപ്പിച്ചുകൊണ്ടു് മന്ത്രിസഭ പോകണമെന്നു് പറയുന്നതിൽ ഒരു സാധൂകരണമെങ്കിലും വേണ്ടേ? ഈ കൂട്ടർക്കാണെങ്കിൽ അങ്ങനെയൊരു സാധൂകരണവുമില്ല. ഇവിടത്തെ മന്ത്രിസഭ പോകണം. പക്ഷേ അതിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ ഒരു ബഡ്ജററു സമ്മേളനത്തിൽ കട്ടു് മോഷൻ അവതരിപ്പിച്ചുകൊണ്ടു് പറയുന്നതുപോലെ അത്ര പ്രധാനമല്ലാത്ത കാര്യങ്ങളാണു്. ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ള സുഹൃത്തുക്കൾ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഒന്നു് വിശകലനം ചെയ്യുവാൻ ഞാൻ നോക്കി. പ്രമേയം അവതരിപ്പിച്ചുകൊണ്ടു് ശ്രീ. പി. കെ. കുഞ്ഞു പറഞ്ഞതു് ഈ ഗവൺമെൻറു മരിച്ചുകഴിഞ്ഞുവെന്നാണു്.

സർ, അവിശ്വാസപ്രമേയത്തിൽ അതിനുള്ള കാരണം പറഞ്ഞിട്ടില്ലാത്തതിനാൽ കാരണങ്ങൾ എന്താണെന്നു പറഞ്ഞു അതിൽ മററു കക്ഷികൾക്കു പറയുവാനുള്ള സമാധാനവും എന്താണെന്നു കേട്ടിട്ടു് സ്വതന്ത്രമായ ഒരു തീരുമാനം എടുക്കേണ്ട ചുമതലയാണു് ഒരു പാർട്ടിക്കു് ഉള്ളതു്. മുസ്ലീംലീഗു പാർട്ടി എങ്ങനെ തീരുമാനിച്ചു, കമ്മ്യൂണിസ്ററു ഇടതുപക്ഷം ഈ അവിശ്വാസപ്രമേയത്തെ അനുകൂലിക്കണമെന്നു ഒരു മാസം മുൻപേ എങ്ങനെ തീരുമാനിച്ചു, എന്നൊക്കെ മനസ്സിലാക്കുവാൻ പ്രയാസമാണു്. ഭൂരിപക്ഷം അവിശ്വാസപ്രമേയത്തെ അനുകൂലിക്കുന്നു എന്നുമാത്രമാണു ശ്രീ. രാഘവമേനോൻ പറഞ്ഞതു്. കാരണമൊന്നുമില്ല, ഞങ്ങളിൽ കൂടുതൽ ആളുകൾക്കു് നിങ്ങൾ ഇവിടെയിരിക്കുന്നതു ഇഷ്ടമില്ല, അതുകൊണ്ടു് നിങ്ങൾ ഇറങ്ങിപ്പോകണമെന്നാണു് അദ്ദേഹം പറഞ്ഞതു്; ശരിയാണു്. അങ്ങനെയൊരു നിലപാടു് എടുക്കാൻ അവക്കവകാശമില്ലേ? ശ്രീ. രാഘവമേനോൻ മാത്രം അതു നേരെ തുറന്നു പറഞ്ഞു. ഒരു അന്യായം കൊടുത്താൽ അന്യായം എന്താണെന്നു കേൾക്കണം, പത്രിക എന്താണെന്നു അറിയണം, പിന്നെ തെളിവുകൾ എന്താണെന്നു നോക്കണം, അതിനുശേഷമേ അതിന്മേൽ ഒരു നീതിപൂർവ്വമായ തീരുമാനമുണ്ടാകുകയുള്ളൂ. അതുകൊണ്ടു് അവിശ്വാസപ്രമേയം അവതരിപ്പിച്ചു കഴിഞ്ഞ ഉടനെതന്നെ മന്ത്രിസഭ മരിച്ചു കഴിഞ്ഞു എന്നു പറയുന്നതു് ഞാൻ സമ്മതിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ അവിശ്വാസപ്രമേയം ഇവിടെ ആലോചനയ്ക്കു് എടുക്കേണ്ടതാണെന്നു പറയുന്നവരെല്ലാം അതിനെ അനുകൂലിക്കുന്നവരാണെന്നു വരുന്നില്ല. അങ്ങനെ ആയിക്കൂടെന്നില്ല, അതു വേറൊരു കാര്യം. എത്ര പേർ അവിശ്വാസപ്രമേയം ചർച്ചയ്ക്കെടുക്കണമെന്നു പറഞ്ഞ സമയത്തു് എഴുന്നേററുനിന്നു എന്നു സ്പീക്കർ നോക്കേണ്ട ആവശ്യമില്ല. 20 പേരെങ്കിലും ഉണ്ടോ എന്നു നോക്കണം. അങ്ങനെ നോക്കിയപ്പോൾ 20—ലധികമുണ്ടു്. അതുകൊണ്ടു് അതിനു അനുവാദം നൽകിയിരിക്കുന്നു എന്നു പറഞ്ഞു. അതിനപ്പുറത്തു് ഉടനെ ഇറങ്ങിപ്പോകണമെന്നു പറയുന്നതു ശരിയല്ല. ഞങ്ങൾക്കറിയാം ഇത്രയും ആളുകൾ വോട്ടുചെയ്യുകയാണെങ്കിൽ ഈ ഗവൺമെൻറു് പോകുമെന്നുള്ളതു് അതിൽ യാതൊരു സംശയവുമില്ല. രണ്ടു് ദിവസംകൂടി ഇരുന്നാൽ വല്ല ഗുണവുമുണ്ടോ? പക്ഷേ ജനങ്ങളുടെ മുൻപിൽ, രാജ്യത്തിൻെറ മുൻപിൽ, ലോകത്തിൻെറ മുൻപിൽ, ഈ പാർട്ടിയെപ്പററിയും ഈ മന്ത്രിസഭയെപ്പററിയും വലിയ തെററിദ്ധാരണകളുണ്ടാക്കാൻ പര്യാപ്തമായ നിലയിൽ പ്രചരണം നടത്തിയതിനുശേഷം അവിശ്വാസപ്രമേയം വന്നപ്പോൾ രാജിവച്ചുപോയിരിക്കുന്നു എന്നു പറയുവാൻ ഞങ്ങൾ തയ്യാറില്ല. നേരെമറിച്ചു് ഈ അവിശ്വാസ പ്രമേയത്തിൻെറ കാരണങ്ങൾ ഞങ്ങളുടെ മുൻപിൽ വയ്ക്കട്ടെ, ഞങ്ങൾ അതിനു സമാധാനം പറയും. എന്നിട്ടു് നിഷ്പക്ഷമതികൾ എന്നുള്ള നിലയിൽ ഈ രാജ്യത്തെ ജനങ്ങളെ പ്രതിനിധീകരിക്കുന്നവരായ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ ആർ. ശങ്കർ]

നിയമസഭയിലെ അംഗങ്ങൾ ഒരു അവസാന തീരുമാനമെടുക്കും. ഈ ചിന്ത കൊണ്ടുതന്നെയാണ് ഞങ്ങൾ ഈ പ്രമേയം വരുന്നതുവരെ കാത്തിരിക്കുന്നത്. പ്രമേയംവന്നു. രണ്ടു ദിവസം കൊണ്ട് ഏകദേശം 9 മണിക്കൂറിലധികം സമയം ഇവിടെ വാദപ്രതിവാദങ്ങൾ നടന്നു. ഞാൻ ഇപ്പോൾ ആ വാദപ്രതിവാദങ്ങൾക്കെല്ലാം സമാധാനം പറയുകയാണ്. അതിനാൽ ചത്തുപോയ മന്ത്രിസഭയാണ് ഇതെന്നു പറഞ്ഞതിൽ കാര്യമില്ല. കുറേപ്പേരെ അറസ്ററു ചെയ്ത കാര്യത്തെപ്പററി ഇവിടെ പറഞ്ഞു. അറസ്ററു ചെയ്തിരുന്നു. അങ്ങനെ ചെയ്തതു് അവിശ്വാസപ്രമേയത്തെ തോല്പിക്കാനാണെന്നു പറയുന്നതിൽ കാര്യമില്ല. അറസ്ററ നടന്നതിന്റെ പിറേറദിവസമാണ് ഞാൻ ഡൽഹിയിൽനിന്നു തിരുവനന്തപുരത്തു എത്തിയതു്. എയർപോർട്ടിൽവച്ചു് പത്രപ്രതിനിധികൾ പറഞ്ഞു, ഇന്നലെ രാത്രിയും ഇന്നു രാവിലെയുമായി കുറേ പേരെ അറസ്ററു ചെയ്തിട്ടുണ്ടെന്നു്. ഡിഫൻസ് ആഫ് ഇൻഡ്യാ ആക്ററനുസരിച്ചുമാണ് അവരെ അറസ്ററു ചെയ്തിരിക്കുന്നതെന്നും പറഞ്ഞു. എത്രപേരെ അറസ്ററു ചെയ്തു ഏതെല്ലാം സംഗതികൾ വച്ചാണ് അറസ്ററു ചെയ്തിരിക്കുന്നതെന്നു ഞാൻ ചോദിച്ചു. എത്രപേരെ അറസ്ററു ചെയ്തിട്ടുണ്ടെന്നു എനിക്കറിയാൻ പാടില്ലായിരുന്നു. അപ്പോഴാണ് ഞാൻ ഈ കാര്യങ്ങൾ അറിയുന്നതു്. പക്ഷേ പൊതുവിൽ ചില ആക്ഷനെടുക്കാൻ ഒരു കാൺഫറൻസിൽ വച്ചു് ഞാൻ അനുവാദം കൊടുത്തിരുന്നു. അതു ഞാൻ എഴുതി കൊടുത്തതല്ല. വാക്കാൽ പറഞ്ഞതാണ് ഇന്നയിന്ന രീതിയിൽ ആക്ഷൻ എടുക്കണമെന്നു്. എന്തു ആക്ഷൻ എടുത്തുവെന്നു് ഇവിടെ വന്നതിനുശേഷമാണ് ഞാൻ അറിയുന്നതു്. ചില ബഹുമാനപ്പെട്ട സ്നേഹിതന്മാർ പറഞ്ഞു, ഇവരെയെല്ലാം ഇങ്ങനെ അറസ്ററു ചെയ്തതു് അവിശ്വാസപ്രമേയത്തെ നേരിടുമ്പോൾ പ്രതിപക്ഷത്തിന്റെ ശക്തി കുറയ്ക്കാനാണെന്നു് അങ്ങനെ വളഞ്ഞ മാർഗ്ഗങ്ങളിൽക്കൂടി അവിശ്വാസ പ്രമേയത്തെ നേരിടുകയില്ലെന്നുള്ള വസ്തുത ഞാൻ പറഞ്ഞിട്ടുണ്ടു്. അതൊക്കെ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചുവന്നതുമാണ്. ആരുടേയോ സമ്മർദ്ദം കൊണ്ടാണ് അവരെ വിടാൻ ഞാൻ തയ്യാറായതെന്നു ഇവിടെ പറഞ്ഞുകേട്ടു. കേന്ദ്ര സമ്മർദ്ദം ചെലുത്തിയതുകൊണ്ടാണ് അവരെ വിട്ടതെന്നും അല്ലെങ്കിൽ വിടുകയില്ലെന്നും മററുമൊക്കെ ഇവിടെ പറഞ്ഞുകേട്ടു. അതിലൊന്നും കാര്യമില്ല. ഈ അവിശ്വാസപ്രമേയത്തെക്കുറിച്ചു് ആലോചിച്ചു് ഞങ്ങളൊരു തീരുമാനമെടുത്തിട്ടുണ്ടു്. "ഞങ്ങളെ വളരെയാളുകളെ ജയിലിൽ വച്ചിരിക്കുന്നു, ഇങ്ങനെയുള്ള ഒരന്തരീക്ഷത്തിലാണോ ഈ രാജ്യത്തെ ഭരണം മുമ്പോട്ടു കൊണ്ടുപോകുന്നതു്, രാജ്യാഭിമാനികളായ ഞങ്ങൾ അട്ടിമറി പ്രവർത്തകരാണോ,, എന്നൊക്കെ ഇടതുപക്ഷകമ്മ്യൂണിസ്ററുകാർ ഇവിടെ ചോദിക്കുന്നതുകേട്ടു. അവരുടെ രാജ്യാഭിമാനമൊക്കെ തെർമ്മോമീററർവച്ചു് അളന്നിട്ടുണ്ടു്. ഇവിടെവച്ചു മാത്രമല്ല, രാജ്യത്തിന്റെ മററു പല ഭാഗങ്ങളിൽ വെച്ചും തെന്നാലിയിൽവച്ചും അതു പറഞ്ഞിട്ടു കാര്യമില്ല. ഗവണ്മെൻറിനു ആവശ്യമെന്നു തോന്നുന്ന സന്ദർഭങ്ങളിൽ ആവശ്യമായ നടപടികളെടുക്കും. അങ്ങനെ നടപടികളെടുക്കുമ്പോൾ അതിനെ ന്യായമായി നേരിടാനുള്ള രീതിയിൽ നേരിട്ടുകൊള്ളണം. ഈ ഗവണ്മെൻറിനു ഇപ്പോൾ എന്തെങ്കിലും വളരെ ഗൗരവതരമായ നടപടികളെടുക്കണമെന്നു വിചാരമുണ്ടായിരുന്നില്ല. അതുകൊണ്ടാണ് ഈ. എം. എൽ. ഏ. മാരെ വിടാൻ ഉത്തരവായതു്. എം. എൽ. ഏ. മാരല്ലാത്ത കുറേ ആളുകൾ ഇപ്പോഴും ജയിലിലുണ്ടെന്നു പറയുകയുണ്ടായി. അവരേയും വിടാൻ ആർഡർ കൊടുത്തുകഴിഞ്ഞു. അടുത്ത തിരഞ്ഞെടുപ്പിൽ ആണത്വത്തോടുകൂടി നിങ്ങളുടെ മുൻപിൽ നിങ്ങളെ എതിർത്തുകൊണ്ടു് ജനങ്ങളെ സമീപിക്കുവാൻ പോകുകയാണ്. അതിനു മററു മാർഗ്ഗങ്ങൾ ഞങ്ങൾ സ്വീകരിക്കുകയില്ല. അതേപ്പററി ഇപ്പോൾ കൂടുതൽ പറയുന്നില്ല.

ശ്രീ. പി. കെ. കുഞ്ഞു് ഐ. ജി. യെ മാററുന്ന കാര്യവും വരാൻ പോകുന്ന ഐ. ജി. യുടെ കാര്യവും പറഞ്ഞു. വരാൻ പോകുന്ന ഐ. ജി. യുടെ ഭാര്യ ശ്രീമതി ഗൗരിയുടെ ജാതിയിൽപ്പെട്ടതാണെന്നു പറയുകയുണ്ടായി. അദ്ദേഹ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞത് ആ ഭാര്യ സ്ത്രീയാണെന്നാണ്. മിസ്റ്റർ കുഞ്ഞിന് ഭാര്യ പുരുഷനോ സ്ത്രീയോ എന്ന സംശയമായിരുന്നു. അന്വേഷിച്ചപ്പോൾ അത് സ്ത്രീയാണെന്ന് മനസ്സിലായി. ഇവിടെ നോക്കിയപ്പോൾ ഒരു സ്ത്രീയെകണ്ടതുകൊണ്ട് അവരുടെ വർഗ്ഗത്തിൽപ്പെട്ടതാണെന്ന് പറഞ്ഞു. പുതിയ ഐ. ജി. യെപ്പററിയും അദ്ദേഹത്തിന്റെ റിക്കാർഡ് എങ്ങനെയുള്ളതാണെന്നതിനെപ്പററിയും ഇൻഡ്യാഗവണ്മെന്റിലെ ഉദ്യോഗസ്ഥന്മാർ എന്നോട് പറഞ്ഞു. ഞാനാദ്യമായിട്ടാണ് ഇങ്ങനെയൊരു പേര് കേൾക്കുന്നത്. അദ്ദേഹത്തിന്റെ ഭാര്യ ആരാണെന്നുള്ളതിനെപ്പററി ഞാൻ അന്വേഷിച്ചിട്ടില്ല. ഇവിടെ ചിലർ അത് അന്വേഷിച്ചുകണ്ടുപിടിച്ച ബന്ധങ്ങളും മുറകളും വയസ്സുമൊക്കെ പറയുന്നതുകേട്ടു. പക്ഷേ അതൊക്കെ തെററിപ്പോയി എന്ന് ഇന്നൊരാൾ എന്നോടു പറഞ്ഞു. ശ്രീ. കുഞ്ഞ് ഉദ്ദേശിക്കുന്നത് ശ്രീമതി ഗൗരിയുടെ സ്ത്രീവർഗ്ഗത്തെയല്ല, ജാതിയെപ്പററിയാണെന്ന് മനസ്സിലായപ്പോൾ ഞാനതേപ്പററി അന്വേഷിച്ചു. മുൻപ് ഗവണ്മെന്റ് ഇതൊന്നും അന്വേഷിച്ചിരുന്നില്ല. ഐ. ജി. യെ അല്ലേ നിയമിക്കുന്നത്, ഭാര്യയെ അല്ലല്ലോ. ഏതായാലും മിസ്റ്റർ കുഞ്ഞിന്റെ ആരോപണങ്ങളെപ്പററി അന്വേഷിച്ചപ്പോൾ രാമയ്യരുടെ ഭാര്യ ശ്രീമതി ഗൗരിയുടെ സമുദായത്തിൽപ്പെട്ടതല്ല, ഈഴത്തിയല്ല, തീയത്തിയല്ല ഒരസ്സൽ ബ്രാഹ്മണസ്ത്രീയാണെന്ന് എനിക്ക് അറിവ് കിട്ടി. ഇത്രയും പാടുപെട്ട് ഒരാരോപണം ഉണ്ടാക്കേണ്ട വല്ല ആവശ്യവുമുണ്ടോ എന്റെ സുഹൃത്തേ.

ശ്രീ. പി. കെ. കുഞ്ഞ്: ആരോപണമായിട്ടല്ല ഞാൻ പറഞ്ഞത്. ഗവണ്മെന്റിനെ അതിന് പ്രേരിപ്പിക്കാനുള്ള കാരണമെന്താണ്?

ശ്രീ. ആർ. ശങ്കർ: അതു ആരോപണമായി പൊതുവിൽ പറഞ്ഞതുകൊണ്ടാണ് ഞാനിത്രയും പറഞ്ഞത്.

പിന്നെ ഫാദർവടക്കൻ പരസ്യമായി അഴിമതി ആരോപണങ്ങളെപ്പററി പറഞ്ഞിട്ട് അദ്ദേഹത്തിന്റെ പേരിൽ നടപടി എടുക്കാത്തതെന്താണെന്നു ചോദിച്ചു. ആ പ്രസംഗത്തിന്റെ ലാംഗ്ഹാന്റ് വരുത്തിച്ച് മുഴുവൻ നിയമജ്ഞന്മാരെക്കൊണ്ട് പരിശോധിപ്പിച്ചു. ആക്ഷൻ എടുക്കാവുന്ന നിലയിലല്ല കാര്യങ്ങൾ പറഞ്ഞത് എന്നുള്ള നിലയായതുകൊണ്ട് ആക്ഷൻ എടുത്തില്ല. ഒരു എം. എൽ. ഏ. 25,000 രൂപ വാങ്ങിച്ചു, 40,000 രൂപ വാങ്ങിച്ചു മന്ത്രിമാരും എം. എൽ. ഏ. മാരും ഇങ്ങനെ ചെയ്യുന്നു എന്നൊക്കെ പറഞ്ഞാൽ ആക്ഷൻ എടുക്കാൻ സാധിക്കുകയില്ല. തെളിവ് ആവശ്യപ്പെട്ടാൽ അതു തരാൻ തയ്യാറില്ല. ഭീരുക്കൾ അവക്ക് ഭയംമൂലം നേരിടാൻധൈര്യമില്ലാതെ വളരെ അവ്യക്തമായ രീതിയിൽ ആരോപണങ്ങൾ നടത്തുന്നത് ഇവിടെ പതിവാണ്. ഏതായാലും വിശദവിവരങ്ങൾ അന്വേഷിച്ച് വേണ്ട നടപടി നടത്താൻ കെ.പി.സി.സി. എക്സിക്യൂട്ടീവ് കെ.പി.സി. സി. പ്രസിഡന്റിനെ ചുമതലപ്പെടുത്തി. ഇതൊക്കെ പത്രങ്ങളിൽ വന്ന കാര്യങ്ങളാണ്. അദ്ദേഹം ഫാദർവടക്കനെ സമീപിച്ച് എന്തെങ്കിലും തെളിവുണ്ടെങ്കിൽ ആവശ്യപ്പെട്ടപ്പോൾ, കെ. പി. സി. സി. പ്രസിഡന്റ് എം. എൽ. ഏ. യാണ്, അതുകൊണ്ട് തെളിവുതരാൻ തയ്യാറില്ലെന്ന് പറഞ്ഞു. ഇങ്ങനെ നിരുത്തരവാദപരമായി ആരോപണങ്ങൾ ഉന്നയിക്കുകയും പിന്നീട് അതിൽനിന്നു ഒഴിഞ്ഞുമാറുകയും ചെയ്യുന്നത് ഇവിടെ ഒരു പതിവാണ്.

ഭക്ഷ്യപ്രശ്നത്തെ സംബന്ധിച്ച് ഗവണ്മെന്റ് ആ കാര്യത്തിൽ പരാജയപ്പെട്ടു എന്നൊക്കെ ഇവിടെ പറഞ്ഞു. മിസ്റ്റർ പൗലോസ് അതിനൊക്കെ സമാധാനം പറഞ്ഞ നിലക്കു ഞാൻ അതിലേക്ക് പ്രവേശിക്കുന്നില്ല. പിന്നെ ഒരാൾ ചോദിച്ചു, പതിനായിരം ടൺ അരി കേന്ദ്രസ്റ്റാക്കിൽനിന്നു മാർക്കററിൽ കൊണ്ടുവരുമെന്നു പറഞ്ഞിരുന്നു, എന്നിട്ടെന്തായി എന്ന്. അങ്ങനെ ചോദിച്ചത് ശ്രീ വിശ്വംഭരനാണെന്നാണ് എന്റെ ഓർമ്മ. അത് മാർക്കററിൽ കൊണ്ടുവന്നോ എന്നു ചോദിച്ചു. പതിനായിരം ടൺ എന്നു പറഞ്ഞത് ശരിയല്ല. ഏഴായിരം ടൺ അരി എമർജൻസി ഉണ്ടായാൽ ഇവിടെ മാർക്കററിൽ കൊടുക്കുന്നതിന് ഞാൻ അനുമതി വാങ്ങിയിട്ടുണ്ട്. അതനുസരിച്ച് വളരെ വിഷമം വന്ന സ്ഥലങ്ങളിൽ കുറേ റിലീസ് ചെയ്തിട്ടുണ്ട്. ഇനിയും അപകടം വന്നാൽ റിലീസ് ചെയ്യും.

2/3260.V

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിശ്വംഭരൻ: ഇതിനകം എത്ര റിലീസ് ചെയ്തു എന്നു പറയാമോ?

ശ്രീ. ആർ. ശങ്കർ: റിലീസ് ചെയ്തതു് ഇരുപതിനായിരം ചാക്ക് അതായതു് 1400 ടണ്ണോളംവരും. ബാക്കി കൈവശമുണ്ടു്. ഇനിയും വിഷമം വന്നാൽ സ്റ്റാക്കിൽനിന്നു റിലീസ് ചെയ്യുന്നതാണു്.

പിന്നെ സർവ്വീസ് നീട്ടികൊടുത്തതിനെപ്പററി പറഞ്ഞു. അതിനു സമാധാനം ഇവിടെ മുമ്പു പ്രസംഗിച്ച ശ്രീ റഹീം പറഞ്ഞതാണു്. അതുകൊണ്ടു് ഞാനതിനെപ്പററി എടുത്തു പറയുന്നില്ല.

ഇവിടെ വിദ്യാഭ്യാസത്തിൽ ചില മാററങ്ങൾ വരുത്തിയതിനെപ്പററി പറഞ്ഞു. പത്തുവർഷത്തെ സ്കൂൾ കോഴ്സും രണ്ടുകൊല്ലത്തെ പ്രീഡിഗ്രികോഴ്സും ഉണ്ടാക്കിയതു് ആരോടു ചോദിച്ചുകൊണ്ടു ചെയ്തു, മുഖ്യമന്ത്രിയുടെ തോന്ന്യാസമല്ലേ എന്നു വിശ്വംഭരൻ ഇവിടെ ചോദിച്ചു. ഞാൻ മുൻപു് ഇതിനു സമാധാനം പറഞ്ഞിട്ടുണ്ടു്. കാളേജ് കോഴ്സിന്റെ സിലബസ്സും, അദ്ധ്യാപകരുടെ യോഗ്യതയും, പിന്നെ അതുപോലെതന്നെ മററു ഉപാധികളും ഒക്കെ നിശ്ചയിക്കുന്നതു് യൂണിവേഴ്സിററിയാണു്. പക്ഷേ ഈ വിഷയം എഡ്യൂക്കേഷൻ മിനിസ്റേറഴ്സിന്റെ കാൺഫറൻസിൽ ചർച്ചചെയ്തു് വന്നിട്ടുള്ളതാണു്. ആ കാര്യം ഇവിടെ ഞാൻ പറഞ്ഞിട്ടുണ്ടു്. പത്തു വർഷത്തെ സ്കൂൾ കോഴ്സ് എന്നു പറയുന്നതു് വളരെ അപകടമാണു്; അതുമൂലം സ്റ്റാൻഡേർഡു് അധപതിക്കുന്നു എന്നു വിശ്വംഭരൻ പറയുകയുണ്ടായി. അതിന്റെ യാഥാർത്ഥ്യം എങ്ങനെയോ ഇരിക്കട്ടെ. പക്ഷേ ഇവിടെ പറയുന്നതിന്റെ സാരം ഇതൊക്കെ ഉണ്ടാക്കിയതു് മുഖ്യമന്ത്രിയാണെന്നാണു്.

പത്തുവർഷത്തെ സ്കൂൾസംപ്രദായം ഏർപ്പെടുത്തിയതു് ഈ മന്ത്രിസഭ വരുന്നതിനു മുമ്പാണു്. എന്റെ ഓർമ്മ ശരിയാണെങ്കിൽ കമ്മ്യൂണിസ്ററു മന്ത്രിസഭയുടെ കാലത്താണു് ഈ പരിഷ്ക്കാരം വന്നതു്. കഴിഞ്ഞകൊല്ലമാണു ആ സെററുകാർ സ്കൂൾഫൈനൽ ക്ലാസിൽ എത്തിയതു്. ഡൽഹി കോൺഫറൻസിലെ തീരുമാനവും, അതുപോലെയുള്ള മററു കോൺഫറൻസുകളുടെ തീരുമാനവും ഡിഗ്രിക്കുപോകുന്നതിനുമുമ്പു 12 കൊല്ലം പഠിച്ചിരിക്കണമെന്നും, ഡിഗ്രിക്കു് 3 കൊല്ലം വേണമെന്നുമായിരുന്നു. സ്വാഭാവികമായി 10 കൊല്ലംവരെയുള്ള ഹൈസ്കൂൾവിദ്യാഭ്യാസം കഴിഞ്ഞാൽ 2 കൊല്ലത്തേക്കു ഡിഗ്രിക്കുമുമ്പുള്ള ഒരു പഠനം ആവശ്യമാണെന്നു യൂണിവേഴ്സിററി തീരുമാനിച്ചു. അതു വേണമെങ്കിൽ ഒരു കൊല്ലം സ്കൂളിലും ഒരു കൊല്ലം പ്രീയൂണിവേഴ്സിററിയിലും ആകാം, എന്നാൽ യൂണിവേഴ്സിററി തീരുമാനിച്ചതു് ഡിഗ്രിക്കുമുമ്പു രണ്ടു കൊല്ലം പ്രീഡിഗ്രികോഴ്സു വേണമെന്നാണു്. എന്റെ വ്യക്തിപരമായ അഭിപ്രായം അങ്ങനെ വരുത്തിയ മാററം ഗുണകരമാണെന്നാണു്. പക്ഷേ എന്റെ വ്യക്തിപരമായ അഭിപ്രായത്തിനും ഈ പരിഷ്ക്കാരത്തിനും തമ്മിൽ വലിയ ബന്ധമൊന്നുമില്ല. ഞാൻ അനൗപചാരികമായി വൈസ്ചാൻസലറുമായി സംസാരിച്ചിട്ടുണ്ടു്. അതനുസരിച്ചു് പ്രീഡിഗ്രികാളേജുകൾ ഉണ്ടായി. അതിൽ ഈ ഗവണ്മെന്റു് എന്തെങ്കിലും തെററുചെയ്തു എന്നുപറയുന്നതു് ഒരിക്കലും ശരിയല്ല. പിന്നെ സ്കൂൾ കൊടുത്തതു സംബന്ധിച്ചും ആക്ഷേപമുണ്ടായി. 500—ൽപരം സ്കൂളുകൾ കൊടുത്തു. തിരുവനന്തപുരം ഡി. സി. സി. ഒരു പ്രമേയം പാസാക്കിയെന്നും അതിൽ ഡി. സി. സി. യോടാലോചിക്കാതെ സ്കൂൾ കൊടുത്തുകളഞ്ഞതിൽ പ്രതിഷേധം രേഖപ്പെടുത്തിയിട്ടുണ്ടെന്നും പറയുകയുണ്ടായി.

ശ്രീ. പി. വിശ്വംഭരൻ: മററു ഡി. സി. സി. കളോടു് കാണിച്ച പരിഗണന തിരുവനന്തപുരം ഡി. സി. സി. യോടു് കാണിച്ചില്ലെന്നു പ്രമേയം പാസാക്കിയിട്ടുണ്ടു്.

ശ്രീ. ആർ. ശങ്കർ: അങ്ങനെയല്ല പ്രമേയം, എന്തായാലും അതു് എനിക്കു് അയച്ചുതന്നില്ല. പാസാക്കിയവരോടു ഞാൻ പറഞ്ഞു; നിങ്ങൾ അങ്ങനെ എന്തെങ്കിലും പ്രമേയംപാസാക്കിയിട്ടുണ്ടെങ്കിൽ [ഇതിൽപരം ഒരാക്ഷേപം കോൺഗ്രസ്സ്സംഘടനയ്ക്കുവരാനില്ലെന്നു്, കോൺഗ്രസ്സ് ഗവണ്മെന്റിനു

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെയുള്ള ആളുകൾ പറയുന്നതുകേട്ട് പള്ളിക്കൂടങ്ങൾ കൊടുക്കുന്ന ഏർപ്പാടില്ല. മുമ്പ് അങ്ങനെ നടന്നിട്ടുണ്ടായിരിക്കാം; ഇപ്പോൾ നടക്കുകയില്ലെന്നു പറഞ്ഞു. സംഘടനയുടെ ഒരു വിഭാഗം സമ്മർദ്ദം ചെലുത്തിയിട്ട് കേട്ടില്ലെന്നാണോ എന്റെ പേരിലുള്ള കുററം?

ശ്രീ. പി. എസ്. ശ്രീനിവാസൻ: തിരുവനന്തപുരത്തു കുറഞ്ഞുപോയി എന്നുള്ള പരാതിയാണല്ലോ ഉള്ളതു്.

ശ്രീ. ആർ. ശങ്കർ: ഇതിൽ കൂടുതലും കുറവുമൊന്നുമില്ല. ആവശ്യമുള്ളിടത്തു് സ്കൂളുകൾ കൊടുത്തു. കഴിഞ്ഞ കൊല്ലം രണ്ടരലക്ഷം കുട്ടികൾ കൂടുതലായി പള്ളിക്കൂടങ്ങളിൽ ചേർന്നിട്ടുണ്ടു്. കുറേപ്പേരെ ഉള്ള പള്ളിക്കൂടങ്ങളിൽ ചേർത്തു. കൂടുതൽ പള്ളിക്കൂടങ്ങൾ ആവശ്യമാണെന്നു ആ ഡിപ്പാർട്ടുമെൻറിനും ഇവിടത്തെ വിദ്യാഭ്യാസകാര്യവുമായി പഴകിയിട്ടുള്ള പക്ഷം അറിയാം. 550-ൽ പരം സ്കൂളുകൾ അനുവദിച്ചതിലെല്ലാം കുട്ടികളുണ്ടു്. പിന്നെയും പല സ്കൂളുകളിൽ പുതിയ ഡിവിഷൻ വച്ചിട്ടുണ്ടു്. സ്കൂൾ കൊടുത്താലും ഇല്ലെങ്കിലും അദ്ധ്യാപകന്റെ ശമ്പളം ഗവൺമെൻറു കൊടുക്കണം. ഉള്ളപള്ളിക്കൂടങ്ങളിൽ പുതിയഡിവിഷനുകളുണ്ടാക്കി അദ്ധ്യയനത്തിന്റെ കാര്യക്ഷമത കുറയ്ക്കുന്നതിനേക്കാൾ നല്ലതു് പുതിയസ്കൂളുകൾ വരുന്നതാണെന്നു തീരുമാനിച്ചു. 13 സ്കൂളുകൾ അവസാനം വേറെ കൊടുത്തു എന്നും അതു് കെ. പി. സി. സി. യിൽ വോട്ടു പിടിക്കാനാണെന്നും പറഞ്ഞുകേട്ടു. അപ്പീലുകേട്ട ഏതാനുംസ്കൂളുകളും ചിലഅൺഎയിഡഡ് സ്കൂളുകളും സംസ്കൃതസ്കൂളുകളും കൊടുത്തതാണിതു്. അൺ എയിഡഡ് സ്കൂളുകളെ സംബന്ധിച്ചിടത്തോളം സർക്കാരിനൊരു ബാദ്ധ്യതയുമില്ല. യോഗ്യതയുള്ള അദ്ധ്യാപകരെ വച്ച് ശമ്പളം കൊടുത്തു സിലബസ്സനുസരിച്ചു പഠിപ്പിക്കുന്നതാണു റെക്കഗ്നൈസ്ഡ് സ്കൂളുകൾ; അതുപോലെയുള്ള ഒരു സ്കൂൾ ഒരു കെ. പി. സി. സി. അംഗത്തിനും കൊടുത്തിട്ടുണ്ടു്. ചോദിച്ചവർക്കെല്ലാം കിട്ടിയപ്പോൾ അദ്ദേഹത്തിനും കിട്ടി. അതാണ് തിരഞ്ഞെടുപ്പിനെ ബാധിക്കത്തക്കവണ്ണം കൊടുത്തു എന്നു പറഞ്ഞതു്. ബാക്കി പള്ളിക്കൂടങ്ങൾ കിട്ടിയതൊക്കെ സാധാരണ സ്കൂൾ നടത്തുന്ന മാനേജരന്മാർക്കാണു്.

ശ്രീ. വിശ്വംഭരൻ വ്യവസായങ്ങളെപ്പററിയും പറഞ്ഞു. ശ്രീ. ദാമോദരമേനോൻ അതിനു സമാധാനം പറഞ്ഞ സ്ഥിതിക്കു് ഞാൻ അതിലേക്കു് കടക്കുന്നില്ല. അവിശ്വാസപ്രമേയം വന്നപ്പോൾ ചീഫ് മിനിസ്റ്റർ അതിനെപ്പററി പുച്ഛമായി പറഞ്ഞുവെന്നു് ശ്രീ. അച്യുതമേനോൻ പറയുകയുണ്ടായി. പുച്ഛമായി ഒന്നും പറഞ്ഞില്ല. ഒരു സെഷനും, അവിശ്വാസപ്രമേയംഇല്ലാതെ കഴിയാറില്ല. ഇത്തവണയും വരുന്നുണ്ടു്, അതിൽ അത്ഭുതമില്ല എന്നു പറഞ്ഞു. അതുതന്നെയാണ് ഇപ്പോഴും പറയുന്നതു്. ഒരത്ഭുതവും തോന്നുന്നില്ല. ചില ആളുകൾക്കു് പുച്ഛമായി പറഞ്ഞു, ധിക്കാരമായി പറഞ്ഞു എന്നെല്ലാം പറയുന്ന ഏർപ്പാടുണ്ടെന്നേ ഞാൻ പറയുന്നുള്ളു. അദ്ദേഹം ഭക്ഷ്യപ്രശ്നത്തെപ്പററി ദീർഘമായി സംസാരിച്ചതിനു് ശ്രീ. പൗലോസ് മറുപടി പറഞ്ഞിട്ടുണ്ടു്. പിന്നെ ഈ മുഖ്യമന്ത്രി പിന്നാക്കക്കാരുടെ ശത്രുവാണെന്നു പറയുകയുണ്ടായി. ഞാൻ ആരുടേയും ശത്രുവല്ല; ആരുടേയും പ്രത്യേക മിത്രവുമല്ല. ഈ രാജ്യത്തു പല സമുദായങ്ങളുമുണ്ടു്. അവയുടെ വളർച്ച ചരിത്രപരമായ കാരണങ്ങളാൽ അൽപാല്പം ഭിന്നമായ നിലയിലാണു നിൽക്കുന്നതു്. അവരെല്ലാം ഒരേരീതിയിൽ വളർന്നു ഒരു ജനതയായി തീരാവുന്ന സാഹചര്യം സൃഷ്ടിക്കാൻ ചില പിന്നാക്കസമുദായക്കാർക്കു ചില പരിരക്ഷകൾ നൽകേണ്ടിവരും. അതിനു ചില വ്യവസ്ഥകളുണ്ടു്. അതു പരിപാലിക്കുന്നതിൽ ഈ ഗവൺമെൻറ് ശ്രദ്ധിച്ചിട്ടുണ്ടു്. അതിൽകവിഞ്ഞു് പിന്നാക്കക്കാർക്കു് ആനുകൂല്യമോ, മുന്നാക്കക്കാർക്കു പ്രതികൂലമോ ചെയ്യുന്ന ഏർപ്പാടു് ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളമില്ല.

ശ്രീ. നമ്പൂതിരിപ്പാട്ട് അദ്ദേഹത്തിന്റെ പാർട്ടിയിൽപെട്ടവരെ ഡിഫൻസ് ആഫ് ഇൻഡ്യാ റൂൾസ് അനുസരിച്ച് അറസ്ററുചെയ്തിനെപ്പററി ദീർഘമായി പറയുകയും അതു നിയമവിധേയമാണോയെന്ന സംശയം പ്രകടിപ്പിക്കുകയും ചെയ്തു. അതിനെപ്പററി ഞാൻ ഇവിടെയൊന്നും പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

അദ്ദേഹത്തിനു് ആ വിഷയത്തിൽ ഇനി പരാതിക്കു് അവകാശമില്ലല്ലൊ. അദ്ദേഹത്തിന്റെ പാർട്ടിയുടെ ഇലക്ഷൻ സ്ട്രാറ്റജി നിശ്ചയിച്ചു പ്രഖ്യാപിച്ചു. കമ്മ്യൂണിസ്റ്റു് ഇടതും വലതുംകൂടി ചേരുക, ആർ. എസ്സ്. പി. അതിനോടു ചേരുക. പിന്നെ കർഷക തൊഴിലാളികൾ അങ്ങനെയൊരു രാഷ്ട്രീയപാർട്ടിയുണ്ടോയെന്നെനിക്കറിഞ്ഞുകൂടാ. കൂടി ചേരുക; പിന്നെ എസ്സ്. എസ്സ്. പി. അവർ അതു് അറിഞ്ഞോ എന്നറിവില്ല. ആരും അറിയാതെയാണു് ചേർക്കുന്നതു്. അങ്ങനെയൊരു സംയുക്തപാർട്ടിയുണ്ടാക്കി മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ജനങ്ങളെ നേരിടാൻ പോവുകയാണു്. അങ്ങനെയുള്ള ഒരാഗ്രഹം അവക്കു് ഉണ്ടെന്നു ഇതിനുമുമ്പുതന്നെ അറിയാം. അതിവിടെ അദ്ദേഹം പ്രഖ്യാപിച്ചുവെന്നതേയുള്ളു. ഏകദേശം ഒരിലക്ഷൻ പ്രചരണം തുടങ്ങിയിരിക്കുകയാണു്. അതിവിടവച്ചു് ഉൽഘാടനം ചെയ്തു. അതിനെ തനിച്ചു നിന്നുതന്നെ ഞങ്ങൾ നേരിട്ടു കൊള്ളാമെന്നു ശ്രീ. നമ്പൂതിരിപ്പാടിനു് ഒരുറപ്പു തരാം. ഞങ്ങൾ ആരുടേയും കൂട്ടുകൂടാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി: മുമ്പുള്ള സ്റ്റേറ്റുമെന്റു് പിൻവലിച്ചോ; ഇലക്ഷൻ ടാക്റ്റിക്സ്?

ശ്രീ. ആർ ശങ്കർ: അതു് ഇവിടെ പറയേണ്ടകാര്യമില്ല.

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടു്: അപ്പോൾ പട്ടിൽ ബാധകിതങ്ങളെ കാണുന്നതു് ആരോഗ്യമന്വേഷിക്കാനായിരിക്കും?

ശ്രീ. ആർ. ശങ്കർ: അതു് അദ്ദേഹത്തോടു ചോദിക്കണം.

എനിക്കു് വളരെ അത്ഭുതകരമായി തോന്നിയതു് ഈ അവിശ്വാസ പ്രമേയത്തെ പിൻതാങ്ങാൻ മുസ്ലീം ലീഗുപാർട്ടിയിലെ സുഹൃത്തുക്കൾ ചെയ്ത പ്രസംഗങ്ങളാണു്. വളരെ ഭയങ്കരമായ അനീതി അവരോടു് കാണിക്കുന്നുണ്ടു്; അവക്കു് ഇതുവരെ അനുഭവപ്പെട്ടിട്ടില്ലാത്ത എല്ലാ അനീതിയും ഉണ്ടായിട്ടുണ്ടു് എന്നെല്ലാം പറഞ്ഞു. അതവർ കുറെ കഴിഞ്ഞു മനസ്സിലാക്കും. മുസ്ലീംസമുദായത്തെ അവഗണിച്ചു എന്നു പറഞ്ഞു. അതിലൊന്നു് പിന്നോക്കസമുദായക്കാരുടെ റിസർവേഷൻ സംബന്ധിച്ചു് ഒരു കമ്മിററി ഉണ്ടാക്കിയതിൽ അവക്കു് പ്രാതിനിദ്ധ്യം കൊടുത്തില്ല എന്നുള്ളതാണു്. ഈ കമ്മിററിയിൽ 5 അംഗങ്ങൾ ഉണ്ടു്. അതിൽ ഒന്നു ശ്രീ. പി. കെ. അബ്ദുള്ളയാണു്. അദ്ദേഹം ഒരു മുസ്ലീം ആണെന്നാണു ഞാൻ ധരിച്ചിട്ടുള്ളതു്. മററു് ആക്ഷേപമില്ലാത്ത ഒരു അധികാരം കൂടി അദ്ദേഹത്തിനുണ്ടു്.

ശ്രീ പി. അബ്ദുൾമജീദു്: അദ്ദേഹം ഉദ്യോഗസ്ഥനല്ലേ; അംഗങ്ങളെല്ലാം ഉദ്യോഗസ്ഥന്മാരാണോ?

ശ്രീ. ആർ. ശങ്കർ: അതിനകത്തു് ഉദ്യോഗസ്ഥൻ അനുദ്യോഗസ്ഥൻ എന്നൊന്നുമില്ല. അദ്ദേഹം അതിന്റെ സെക്രട്ടറിയാണു്. മററാക്ഷേപമില്ലാത്ത ഒരധികാരംകൂടി അദ്ദേഹത്തിനു കിട്ടിയതു് തെററായിപ്പോയി എന്നാണു പറയുന്നതു്, 'പാവം, എന്നല്ലാതെ എന്താണു സമാധാനം പറയുക. പിന്നൊന്നുകേട്ടു. ഏതോ ഒരു സ്കൂളിൽ അറബി മുൻഷിയെ നിയമിച്ചിട്ടില്ല, അതുകൊണ്ടു് ഈ ഗവണ്മെന്റു് ഉടൻ പോകണമെന്നാണു പറയുന്നതു്. അവിശ്വാസപ്രമേയത്തെ അനുകൂലിച്ചുകൊണ്ടുള്ള പ്രസംഗങ്ങളാണിതു്. ഒരു കാര്യഗൗരവം വേണ്ടതാണു്. ഈ നിസ്സാരകാര്യത്തിനു് മിനിസ്റ്ററും വേണ്ട, എഡ്യൂക്കേഷൻ ഡയറക്റ്ററും വേണ്ട, എഡ്യൂക്കേഷൻ സെക്രട്ടറിയും വേണ്ട, ഡി. ഇ. ഓ. യ്ക്കു ഒരു ലററർ എഴുതി അയച്ചാൽ മതിയായിരുന്നു, നിയമനം നടക്കും.

ശ്രീ. എം. പി. എം. അഹമ്മദു കുരിക്കൾ: എത്രയോ ലററർ അയച്ചു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : ഇത്തരം കാര്യങ്ങൾ ഈ അവസരത്തിൽ പറയുന്നതിൽ ഞാൻ അത്ഭുതപ്പെടുകയാണു്. പിന്നെ ഒന്നു പറഞ്ഞതു് ബർമ്മാ അഭയാർത്ഥികളുടെ കാര്യമാണു്. അവർക്കു് എന്തെങ്കിലും അപകടമുള്ളതായി ഒരു ലററർപോലും ഇവരാരും അയച്ചിട്ടില്ല. ബർമ്മാ അഭയാർത്ഥികൾക്കു ഗോൾഡ്സ്മിത്തിനു കൊടുത്ത എല്ലാ പരിഗണനകളും കൊടുക്കാൻ ഈ ഗവണ്മെൻറു ഒരു മാസത്തിനുമുമ്പു് ഉത്തരവു കളക്ററർമാർക്കു കൊടുത്തിട്ടുണ്ടു്. ഇതൊക്കെയാണു് മുസ്ലീം ലീഗു പറഞ്ഞ കാര്യങ്ങൾ.

പിന്നെ ശ്രീ. ബാലകൃഷ്ണപിള്ള ഓരോ പാർട്ടിയിലും ആരാച്ചാരന്മാരുണ്ടെന്നു ഞാൻ മുമ്പു പറഞ്ഞല്ലൊ പുതിയ പാർട്ടിയുടെ ആരാച്ചാരാണു് അദ്ദേഹം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : നിയമസഭാനടപടികളിൽ പങ്കെടുക്കുമ്പോൾ വ്യക്തിപരമായ ആരോപണങ്ങൾ ഉന്നയിക്കരുതെന്നു് അങ്ങു് ഇന്നലെ റൂൾചെയ്തു. പുതിയ പാർട്ടിയുടെ ആരാച്ചാരെന്നു് എന്നെ പറഞ്ഞപ്പോൾ കാൺഗ്രസ്സിന്റെ ആരാച്ചാരാണു് ആർ. ശങ്കർ എന്നു പറഞ്ഞാൽ അങ്ങു് അനുവദിക്കുമോ?

ശ്രീ. ആർ. ശങ്കർ : ഓ, എസ്സ്. പറഞ്ഞുകൊള്ളൂ. ഞാൻ സമ്മതിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ കൈയിൽ വളരെ ആരോപണങ്ങൾ ഉണ്ടെന്നും അതെടുത്തു് നിയമസഭയെ കലക്കാൻ പോവുകയാണെന്നും ആയിരുന്നു പുറത്തു പ്രസംഗിച്ചതും പത്രങ്ങളോടു പറഞ്ഞതും.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : ആരാച്ചാർ എന്നുള്ള വാക്കിന്റെ അർത്ഥം എന്താണെന്നു മനസ്സിലാകുന്നില്ല.

മിസ്റ്റർ സ്പീക്കർ : അതു മലയാളത്തിലുള്ള ഒരു വാക്കാണല്ലൊ.

ശ്രീ. സി. അച്യുതമേനോൻ : സർ, ഒരു പായിൻറു് ആഫ്ു് ആർഡർ ഈ സഭയിലുള്ള പാർട്ടിയിലെ ആളുകളെ ആരാച്ചാരെന്നു വിളിക്കുന്നതു് ആൻഡറിലാണോ; മുഖ്യമന്ത്രിക്കും ശ്രീ. ബാലകൃഷ്ണപിള്ളയ്ക്കും അതിൽ ആക്ഷേപം കണ്ടില്ല. ഞങ്ങളുടെ പാർട്ടിയെസംബന്ധിച്ചിടത്തോളം അങ്ങനെ വിളിക്കാൻ പാടില്ല. അതുസംബന്ധിച്ചൊരു റൂളിംഗു വേണം.

മിസ്റ്റർ സ്പീക്കർ : ആരാച്ചാർ എന്നുള്ള പദം അത്ര ഭംഗിയായിട്ടുള്ളതല്ല. ആ നിലയിൽ അതു് ഒഴിവാക്കുകയാണു നല്ലതു്.

ശ്രീ. ആർ. ശങ്കർ : അദ്ദേഹം കൊണ്ടുവരാൻ പോകുന്ന ഈ വലിയ ആരോപണങ്ങൾ എന്താണെന്നു നോക്കി. അദ്ദേഹം പറഞ്ഞു, തന്റെ കൈയിൽ ആരോപണങ്ങളുടെ വലുതായ ഒരു ഭാണ്ഡമുണ്ടു്, അതു് ജൂഡീഷ്യൽ എൻക്വയറി വരുമ്പോൾ ഇറക്കാം എന്നു്. എന്നിട്ടും അതിൽ മൂന്നുനാലെണ്ണം പറയുകയാണു് എന്നാണു പറഞ്ഞതു് അതിൽ ഒന്നു ഒഴിച്ചെല്ലാം മുമ്പു പറഞ്ഞതാണു്. പ്രധാനമന്ത്രിയുടെ തീരുമാനം അതു കവർ ചെയ്തു കഴിഞ്ഞതാണു്. എന്നിരുന്നാലും ഒരു കാര്യത്തെപ്പററി ഒന്നുകൂടി പറയണം.

അദ്ദേഹം പറഞ്ഞതു് വേളിയിൽ 20 ഏക്കർ സ്ഥലം നികത്തി എടുത്തു് അതിനു ആറുലക്ഷം രൂപ ചെലവാക്കി നികത്തി എന്നാണു്. അങ്ങനെ നിരുത്തരവാദപരമായി ഇവിടെ പറയുന്നതിൽ വല്ല അർത്ഥവുമുണ്ടോ. ഇവിടെ നിന്നും അങ്ങോട്ടു ബസ്സുണ്ടു്. നാലണ ബസ്സിനു കൊടുത്താൽമതി അവിടെ പോയി കാര്യങ്ങളുടെ യഥാർത്ഥസ്ഥിതി മനസ്സിലാക്കാം. അതു ചെയ്യാതെ ഈ നിയമസഭയിൽ വന്നു നിന്നുകൊണ്ടു് ഇവിടത്തെ ഒരു മുഖ്യമന്ത്രിയെപ്പററി പറയുകയാണു്, വേളിയിൽ ഇരുപതേക്കർ സ്ഥലം ഗവണ്മെൻറു വക നികത്തി, അതിനു ആറു ലക്ഷം ചെലവാക്കി എന്നെല്ലാം. അവിടെ 20 ഏക്കർ സ്ഥലം പോയിട്ടു് 20 സെൻറു് സ്ഥലം എനിക്കൊ എന്റെ ഭാര്യയ്ക്കോ നികത്തിയുണ്ടായിരുന്നെങ്കിൽ തരക്കേടില്ലായിരുന്നു. എന്റെ ഭാര്യയുടെ അച്ഛൻ 1079-ാമാണ്ടു് അവിടെ ഒരു തെങ്ങിൻതോപ്പു് വാങ്ങിച്ചിരുന്നു. അതു് 82 ഏക്കർ സ്ഥലം ഉണ്ടായിരുന്നു. അതിൽ അദ്ദേഹത്തിന്റെ മരണശേഷം എന്റെ ഭാര്യയ്ക്കും ഒരു ഷെയർ കിട്ടി. അതായതു് 9 ഏക്കറിന്റെ ഒരു ഷെയർ.

[ശ്രീ. ആർ. ശങ്കർ]

അങ്ങനെ 60 കൊല്ലം മുമ്പുണ്ടായിരുന്ന സ്ഥലമല്ലാതെ അര ഇഞ്ചു സ്ഥലം കൂടുതൽ അവിടെ ഇല്ല. എന്നിട്ട നാണമില്ലാതെ യാതൊരുത്തരവാദിത്വവും ഇല്ലാതെ യാഥാർത്ഥ്യം മനസ്സിലാക്കാൻ ശ്രമിക്കാതെ നിയമസഭയിൽവന്നു നിന്നുകൊണ്ടു അസംബന്ധം പുലമ്പുകയാണു്.

പിന്നെ ഏതൊ ഒരു ആശാരിയുടെ പേരു പറഞ്ഞിട്ട അയാളുടെ അടുത്തു് ആഭരണങ്ങൾ പണിയിക്കുന്നതിനായി 125 പവൻ കൊടുത്തിരിക്കുന്നു എന്നു പറഞ്ഞു. ഞാൻ അങ്ങനെ ഒരു ഗ്രെയിൻ സ്വർണ്ണമൊ പണമൊ കൊടുത്തിട്ടില്ല. അതാണു പരമാർത്ഥം. ഈ പവൻ കൊടുത്തിട്ടുള്ള ആശാരി ആരാണെന്നു പറയാമോ ? പറയാമെന്നുണ്ടെങ്കിൽ അയാൾ നിങ്ങളെ ജയിലിൽ അയയ്ക്കും. സർ, ഇവിടെ ഇപ്പോൾ അസംബന്ധങ്ങൾ എന്തും പറയാം എന്നു വന്നിരിക്കുകയാണു്. 125 പവൻ ഞാൻ കൊടുത്തു എന്നു എന്തിനു പറയുന്നു. അഞ്ഞൂറു പവനെന്നൊ ആയിരം പവനെന്നൊ പറയാമായിരുന്നു. ഇവിടെ ഇപ്പോൾ എന്തെങ്കിലും നിയമസഭയിൽ വന്നു പറയുക എന്നുള്ളതല്ലാതെ മറ്റൊരു ഉത്തരവാദിത്വവുമില്ല. ഇവിടെ എന്തെല്ലാമാണു് പറയുന്നതു്. ഇവിടത്തെ അഴിമതി ആരോപണങ്ങളെക്കുറിച്ചു് ഇൻഡ്യൻ പ്രധാനമന്ത്രിക്കു് എഴുതിയിട്ടുണ്ടു്. ഇൻഡ്യൻ പ്രധാനമന്ത്രി ഒരു എക്സ്പാർട്ടി വിധി പുറപ്പെടുവിക്കയുണ്ടായി. ഈ ആരോപണങ്ങൾ ഒരു സുപ്രീം കോടതി ജഡ്ജിയുടെ സ്ഥാനത്തിൽ കുറയാത്ത ഒരാളെക്കൊണ്ടു അന്വേഷണം നടത്തണം. ഞാൻ ഒരു ആശാരിയുടെ പക്കൽ ആഭരണങ്ങൾ ഉണ്ടാക്കാനായി 125 പവൻ കൊടുത്തിരിക്കുന്നു എന്നെല്ലാമാണു പറയുന്നതു്. എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമുണ്ടു്. അതായതു്, ഈ രാജ്യത്തു എന്തു അസംബന്ധവും പറയാം. അതിനു വേണ്ടിടത്തോളം പ്രസിദ്ധീകരണം കൊടുക്കാം. ഇവിടെ പബ്ലിക്ക് ജീവിതം തന്നെ സാദ്ധ്യമല്ലാതായിത്തീർന്നിട്ടുണ്ടു്. ഞാൻ അതിനെ ധീരമായി നേരിടുകയാണു്. ഈ ഓലപ്പാമ്പുകൾകൊണ്ടു് എന്നെ ഓടിക്കാം എന്നു വിചാരിച്ചു. അതിനു എന്തെല്ലാം മാർഗ്ഗങ്ങൾ നോക്കുന്നു?

മറ്റു ചിലർ എനിക്കു എന്തെല്ലാമാണു് കുറ്റങ്ങൾ എന്നു നോക്കുന്നു. ഞാൻ ഞെളിഞ്ഞാണു് നടക്കുന്നതു് എന്നൊരു കുറ്റം. അതു എന്തുകൊണ്ടാണെന്നുള്ളതു എന്നെ സൃഷ്ടിച്ച ബ്രഹ്മാവിനോടുപോയി ചോദിക്കണം. അതു് അദ്ദേഹത്തിന്റെ കുറ്റമാണു്. ഞാൻ സ്വല്പം ഞെളിഞ്ഞുതന്നെയാണു നടക്കുന്നതു്. അതു എന്റെ കുറ്റമല്ല. എന്റെ അനാട്ടമി അങ്ങനെയാണു്. പിന്നെ ഞാൻ ധിക്കാരിയാണെന്നു പറഞ്ഞു. ഞാൻ ഞെളിഞ്ഞു നിവന്നു നടക്കുന്നതുകൊണ്ടു് ധിക്കാരിയാണെന്നു വല്ലവരും പറഞ്ഞാൽ ഞാനെന്തു ചെയ്യും. വളരെ പ്രായം ചെന്ന ആളുകളും അങ്ങനെ പറയുന്നതിലാണു അത്ഭുതം. ഇതൊന്നും അധികനാൾ ചെലവാകുകയില്ല. രാഷ്ട്രീയത്തിന്റെ നേരെയാണെങ്കിൽ തന്നെയും സത്യസന്ധമായി പെരുമാറണം. കബളിപ്പിക്കൽ അരുതു്. വല്ലവരും വല്ല ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞു ജനങ്ങളെ കബളിപ്പിച്ചു അവരെ മോശക്കാരാക്കാൻ ശ്രമിക്കുകയല്ല വേണ്ടതു്. തങ്ങളുടെ പാർട്ടിയുടെ മേന്മയ്ക്കുവേണ്ടി മറ്റുള്ളവരുടെ കുറ്റങ്ങൾ പറയാം. പക്ഷെ, ഇല്ലാത്ത കുറ്റങ്ങൾ പറഞ്ഞു പരത്തുന്നതു ശരിയല്ല. അതു എക്കാലവും ജനങ്ങൾ വിശ്വസിക്കും എന്നു വിചാരിക്കരുതു്. ഗീബൽസ് അതു വിശ്വസിച്ചിരുന്നു. ജർമ്മനിയിൽ അങ്ങനെ 1933 മുതൽ 1945 വരെ അവിടത്തെ ജനങ്ങൾ വിശ്വസിക്കയുണ്ടായി. കുറെക്കാലം അതു് നടക്കും. എന്നാൽ കുറെക്കാലം കഴിഞ്ഞപ്പോൾ ജർമ്മനിയിലും അതു് സാദ്ധ്യമാകാതെ വന്നു. അസത്യംകൊണ്ടു രാഷ്ട്രീയം കെട്ടിപ്പടുക്കാൻ ശ്രമിക്കണ്ട. സത്യവും ധർമ്മവും കൊണ്ടു മാത്രമെ സാദ്ധ്യമാകുകയുള്ളു. അതുകൊണ്ടു എന്റെ പേരിൽ എന്തെല്ലാം അസത്യങ്ങളും ആരോപണങ്ങളും കൊണ്ടുവന്നാലും എനിക്കു ഇതൊന്നും ഒരു കാര്യവുമല്ല. സത്യത്തേയും ധർമ്മത്തേയും വിട്ടു ചരിക്കുന്നവർക്കു് അതിന്റെ ഫലം അനുഭവിക്കേണ്ടിവരും.

ശ്രീമതി കെ. ആർ. ഗൗരി : അതാണു് ഇന്നത്തെ അനുഭവം എന്നാണോ ?

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ആർ. ശങ്കർ</u> : എന്റെ അനുഭവം അതു തന്നെയാണു്. പിന്നെ ഒന്നു എന്റെ സുഹൃത്തു് ശ്രീമാൻ ചന്ദ്രശേഖരൻ പറഞ്ഞ കാര്യമാണു്. സബ്ജുഡീസു് ആണെന്നുള്ളതുകൊണ്ടു് അതേപ്പററി കൂടുതൽ ഒന്നും ഞാൻ പറയുന്നില്ല. അതു ഫോട്ടോ സ്റ്റാററു കേസ്സിന്റെ കാര്യമാണു്. ആ കേസ്സു് കോടതിയിൽ ഇരിക്കുന്നതുകൊണ്ടു് അതിനകത്തു കടന്നു ഞാൻ ഒന്നും പറയുന്നില്ല. ഈ കേസ്സു് ഫയൽ ചെയ്യുന്നതിനു രണ്ടോ മൂന്നോ ദിവസം മുമ്പുവരെ ആ ഫയൽ എന്റെ കൈവശം ഉണ്ടായിരുന്നു എന്നാണെന്നു തോന്നുന്നു അദ്ദേഹം പറഞ്ഞതു്. അദ്ദേഹം അങ്ങനെ പറഞ്ഞതു് തെററാണു്. ഈ കേസ്സു് ഫയൽ ചെയ്യുന്നതിനു അനേകം മാസങ്ങൾക്കു മുമ്പെ അതു് വേറെ ആളിന്റെ കയ്യിലാണു്.

<u>ശ്രീ. കെ. ചന്ദ്രശേഖരൻ</u>: എനിക്കു അറിയാൻ കഴിഞ്ഞിട്ടുള്ളതു അങ്ങനെയാണു്.

<u>ശ്രീ. ആർ. ശങ്കർ</u> : പിന്നെ അദ്ദേഹം പറഞ്ഞതു്, എസ്സു്. എസ്സു്. പി അടുത്ത തിരഞ്ഞെടുപ്പിൽ വിജയിച്ച ചില സംസ്ഥാനങ്ങളിലെങ്കിലും മുമ്പിൽ വരുമെന്നാണു്.

<u>ശ്രീ. പി. വിശ്വംഭരൻ</u> : അങ്ങനെ എസ്സ്. എസ്സ്. പി. എന്നു പറഞ്ഞില്ല. കാൺഗ്രസ്സു് കക്ഷിയല്ലാതെയുള്ള ആളുകൾ വരുമെന്നാണു് പറഞ്ഞതു്.

<u>ശ്രീ. ആർ. ശങ്കർ</u> : എല്ലാ സംസ്ഥാനത്തും പ്രതിപക്ഷക്കാർ കാണും. ഏതായിരുന്നാലും ശരി എസ്സ്. എസ്സു്. പി. ഇൻഡ്യയുടെ മററു ഭാഗങ്ങളിൽ എത്രകണ്ടു ശക്തി പ്രാപിച്ചുവരികയാണെന്നു നമുക്കറിയാം. അക്കൂട്ടത്തിൽ എസ്സു്. എസ്സു്. പി. യിലുള്ളവർ വേറെ എങ്ങോട്ടോ പോകുന്നു എന്നുള്ളതിനെ സംബന്ധിച്ചും ഇവിടെ കേട്ടു.

ശ്രീമതി ഗൗരി ചോദിച്ച കാര്യങ്ങളിൽ ഒന്നു കർഷകത്തൊഴിലാളികളുടെ മിനിമം വേജസ് നടപ്പിലാക്കിയോ എന്നാണു്. അതിന്റെ റിപ്പോർട്ടു് വന്നിട്ടു് വളരെക്കാലമായില്ലേ അതു നടപ്പിലാക്കിയോ എന്നു ചോദിച്ചു. ഞാൻ അതേപ്പററി അന്വേഷിച്ചു. അതിനു ഒരു മെജോറിററി റിപ്പോർട്ടും ഒരു മൈനോറിററി റിപ്പോർട്ടും കൂടിയാണു് വന്നതു്. അതു പരിശോധിച്ചു മെജോറിററി റിപ്പോർട്ടു നടപ്പിലാക്കാൻ നടപടി എടുത്തിട്ടുണ്ടു്. അതിൽ പറയുന്ന വ്യവസ്ഥയനുസരിച്ചാണെങ്കിൽ ഒരു പ്രായമായ പുരുഷനു ഒരു രൂപ എഴുപത്തു നയാപൈസയും, ഒരു സ്ത്രീക്കു് ഒരു രൂപ പതിനഞ്ചു നയാപൈസയും ആണു് കൂലി നിജപ്പെടുത്തിയിട്ടുള്ളതു്. എന്നാൽ ഇപ്പോൾ അതിലെത്രയൊ കൂടുതലായിട്ടുള്ള കൂലി നമ്മുടെ നാട്ടിൽ നടപ്പുണ്ടു്. സാധാരണ ഒരു പുരുഷനു മൂന്നു രൂപയും ഒരു സ്ത്രീക്കു് രണ്ടു രൂപയും ഇന്നു നാട്ടിൽ കൂലി കിട്ടുന്നുണ്ടു്.

<u>ശ്രീമതി കെ. ആർ. ഗൗരി</u> : മിനിമം വേജസ്സ് എന്നു പറഞ്ഞാൽ അതു് കുറവാണു്. അതു കൂട്ടാമല്ലോ.

<u>ശ്രീ. ആർ. ശങ്കർ</u> : മി. കെ. എം. ജോർജ്ജ് പറഞ്ഞു ഈ മന്ത്രിസഭ ഇവിടത്തെ ഉദ്യോഗസ്ഥന്മാരെ വെറുപ്പിച്ചു എന്നു്. ആരെയാണു ഞാൻ പ്രത്യേകമായി വെറുപ്പിച്ചതു് എന്നു എനിക്കു അറിവില്ല. ഉദ്യോഗസ്ഥന്മാർക്കു ഇഷ്ടമെന്താണു്, ഇഷ്ടമില്ലാത്തതു് എന്താണു എന്നു് ആലോചിച്ചല്ല കാര്യങ്ങൾ ചെയ്യുന്നതു്. മി. ജോർജ്ജ് ഇപ്പോൾ ഒരു പാർട്ടിയുടെ നേതാവാകാൻ ശ്രമിക്കുകയാണു്. അദ്ദേഹത്തിന്റെ പാർട്ടി ഭൂരിപക്ഷമാകുമെന്നും മന്ത്രിസഭ രൂപീകരിക്കുന്ന പക്ഷം പലയിടത്തും ഇന്നു നിൽക്കുന്ന ആളുകളെ കാണിച്ചു തരാം എന്നും മററും പറഞ്ഞിട്ടുള്ള സ്ഥിതിയ്ക്കു അദ്ദേഹം നേതാവാകും എന്നുള്ളതു തീർച്ചയാണു്. അപ്പോൾ അദ്ദേഹം ഒരു മുഖ്യമന്ത്രിയായി വരുമെന്നുള്ളതും തീർച്ചയാണു്. അങ്ങനെ അദ്ദേഹം മുഖ്യമന്ത്രിയായി വരുമ്പോൾ ഉദ്യോഗസ്ഥന്മാരെ വെറുപ്പിക്കാതെ കാര്യം നടത്താൻ സാദ്ധ്യമായേക്കാം. ഉദ്യോഗസ്ഥന്റെ ഇഷ്ടാനിഷ്ടങ്ങൾ നോക്കാതെ വേണം ഭരണം നടത്തുവാൻ. നിയമവും നീതിയും പാലിക്കുകയാണു് മുഖ്യമായിട്ടുള്ളതു്. ഞാൻ ഒരു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

ഉദ്യോഗസ്ഥനേയും വെറുപ്പിച്ചിട്ടില്ല. വല്ല ഉദ്യോഗസ്ഥനും വെറുപ്പ് തോന്നിയിട്ടുണ്ടെങ്കിൽ അതിനു ഞാൻ ഉത്തരവാദിയല്ല. അങ്ങനെ വെറുപ്പുള്ള ഉദ്യോഗസ്ഥന്മാർ ഉണ്ടായിട്ടുണ്ടെന്നു മി. ജോർജ്ജിനു തോന്നുന്നുണ്ടെങ്കിൽ അവരെ വെറുപ്പിക്കാതെ അവരിൽനിന്നും വല്ല ഗുണവുമുണ്ടാകുന്നതിനു സാദ്ധ്യതയുണ്ടെങ്കിൽ അതു് മി. ജോർജ്ജ് ഏറ്റെടുത്തുകൊള്ളണം.

എന്റെ സുഹൃത്തു് മി. ജോർജ്ജ് പിന്നീടു് ഒന്നു് പറഞ്ഞതു്, ശ്രീമാൻ പി. ടി. ചാക്കോയുടെ മകനു് സൈനിക സ്കൂളിൽ ഒരു സ്കാളർഷിപ്പിനു അപേക്ഷിച്ചു എന്നും, അതു അനുവദിച്ചില്ല എന്നുമാണു്. സൈനികസ്കൂളിൽ ഒരു കുട്ടി സ്കാളർഷിപ്പിനു അപേക്ഷിച്ചാൽ അതു് പ്രിൻസിപ്പാളിന്റെ റെക്കമെൻഡേഷനോടുകൂടി എഡ്യൂക്കേഷൻ സെക്രട്ടറിക്കു അയയ്ക്കും. എഡ്യൂക്കേഷൻ സെക്രട്ടറിക്കു് വന്നാൽ തന്നെയും സ്കാളർഷിപ്പ് അനുവദിക്കുന്നതു് ഇൻഡ്യാ ഗവണ്മെന്റു പ്രതിനിധികളുള്ള ഒരു ബോർഡാണു്. എഡ്യൂക്കേഷൻ സെക്രട്ടറി ആ ബോർഡിലെ ഒരു മെമ്പറാണു്. ആ കമ്മിറ്റിയിൽവച്ചാണു് ഇതു് പാസ്സാകുന്നതു്. അതിൽ സംഭവിച്ചതെന്താണെന്നു പറയാം. മി. ചാക്കോ മന്ത്രിയായിരുന്ന കാലത്തു് അദ്ദേഹത്തിന്റെ ഒരു മകനെ സൈനിക സ്കൂളിൽ ചേർത്തിരുന്നു. അദ്ദേഹം മന്ത്രിയായിരുന്ന കാലത്തു് സ്കാളർഷിപ്പിനു വേണ്ടി അപേക്ഷിച്ചപ്പോൾ അന്നു മന്ത്രിയായിരുന്നതുകൊണ്ടു പ്രതിവർഷ വരുമാനം പതിനായിരം രൂപയിൽ അധികമായിരുന്നതുകൊണ്ടു മിനിസ്റ്റർ എന്നുള്ള നിലയ്ക്കു് കൊടുക്കാൻ സാദ്ധ്യമല്ല എന്നു തീരുമാനിച്ചിരുന്നു. റൂളനുസരിച്ചു് അന്നു സ്കാളർഷിപ്പ് ലഭിച്ചില്ല. എന്നാൽ അദ്ദേഹം മന്ത്രിപദത്തിൽ നിന്നും വിട്ടുപോയതിനുശേഷം അദ്ദേഹം മരിക്കുന്നതിനുമുമ്പു് വീണ്ടും അപേക്ഷിച്ചു. അന്നു എഴുന്നൂറു രൂപയെ വരുമാനമുള്ളവെന്നും അതിൽ പറഞ്ഞിരുന്നു. പിന്നെ നോക്കീട്ടും അവരുടെ റൂൾ അനുസരിച്ചും സ്കാളർഷിപ്പ് കൊടുക്കാൻ സാധിച്ചില്ല. അതേസംബന്ധിച്ചു സൈനിക സ്കൂൾ പ്രിൻസിപ്പാൾ അയച്ച കത്തിന്റെ അടക്കം ഞാൻ വായിച്ചു കേൾപ്പിക്കാം. എഡ്യൂക്കേഷൻ സെക്രട്ടറിക്കു അദ്ദേഹം അയച്ച കത്താണു്.

Sub : Sainik School Trivandrum—Award of Scholarship to Roll No. 167, PC Thomas.

Ref : Your No. 27212/31/64-1/Edn. dated 22nd April 64 addressed to Shri PT Chacko and copy to this School.

I invite a reference to your letter quoted above.

2. Our remarks are as under :—

(a) PC Thomas, son of Shri P. T. Chacko, has been medically examined. An extract from the report of the Medical Officer is given below :—

'He has a congenital lesion in his heart for which he has undergone a major operation. Having had such a defect he will not be physically fit to join the Defence Services as per standards laid down'.

(b) One of the conditions governing the scholarship is that the boy will join the National Defence Academy; clause (iv) of Annexure III—Bond, to be executed by the parent/guardian of the boy who is granted a scholarship, also refers.

3. As in the opinion of the Medical Officer, the boy will not be physically fit to join the Defence Services, his case for the grant of a scholarship cannot be recommended. He can however continue his studies as a full payment scholar in which case the obligation to join the National Defence Academy is not there.

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് മിനിസ്ററർ മനപൂർവ്വമായിട്ട് സ്കാളർഷിപ്പ് നിഷേധിച്ചു എന്ന് ശ്രീ. ജോർജ്ജ് പറഞ്ഞതിൽ ഞാൻ അത്ഭുതപ്പെടുകയാണ്.

സർ, പി. ടി. ചാക്കോയുടെ മൃതദേഹം കോഴിക്കോട്ടു നിന്ന് അടച്ചുപൂട്ടിയ പോലീസ് വാനിൽ കൊണ്ടുവരാൻ ശ്രമിച്ചു എന്നുള്ളതാണ് മറെറാരാരോപണം. സർ, ഞാൻ നിർവ്യാജം വ്യസനിക്കുകയാണ്; ഇത്തരം മനുഷ്യത്വത്തെ മാനിക്കാത്ത, മനസ്സാക്ഷി ഇല്ലാത്തവർ നമ്മുടെ ഇടയിൽ ഉണ്ടല്ലോ; ശ്രീ. പി. ടി ചാക്കോ എവിടെയെങ്കിലും പോയതായി ഞാൻ അറിഞ്ഞിരുന്നില്ല. റീജിയനൽ എൻജിനീയറിംഗ് കാളേജിൻെറ ഗവേണിംഗ് ബാഡി മീററിംഗിൽ സംബന്ധിക്കുന്നതിന് ഞാൻ കോഴിക്കോട്ടു പോയിരുന്നു. അതു കഴിഞ്ഞ് കണ്ണൂരും മററു ചില സ്ഥലങ്ങളിലും ചില പ്രോഗ്രാം ഉണ്ടായിരുന്നു. മിററിംഗ് കഴിഞ്ഞതിനുശേഷം ഡി. സി. സി. ആഫീസിൽ കാൺഗ്രസ്സ് വർക്കേഴ്സിൻെറ ഒരു മീററിംഗിൽ സംബന്ധിക്കാൻ പോകണമായിരുന്നു. ഇതിനിടയിൽ, ശ്രീ. പി. ടി. ചാക്കോ കോഴിക്കോട്ടു വന്നിരുന്നു. അദ്ദേഹത്തിന് എന്തോ വലിയ സുഖക്കേടുമൂലം ആശുപത്രിയിൽ കൊണ്ടു പോയിരിക്കുകയാണെന്നു ഫോൺ സന്ദേശം ലഭിച്ചതായി ഡ്രൈവർ വന്നു പറഞ്ഞു. കഴിഞ്ഞു പോയി എന്നാണു പറയുന്നത്. എന്നു വിശ്വസിക്കാൻവയ്യാത്ത മട്ടിൽ ആവാർത്ത അറിയിച്ചു. സത്യം പറഞ്ഞാൽ ഞാനും വിശ്വസിച്ചില്ല. ഞാൻ ഉടനെ കാറിൽ കയറി ഡി. സി. സി. ആഫീസിൽ പോയി. അപ്പോൾ അവിടെ ഉണ്ടായിരുന്ന വർക്കേഴ്സ് മൗനജാഥയായി ആശുപത്രിയിലേക്കു പുറപ്പെട്ടിരുന്ന കാര്യം മനസ്സിലായി. ഞാനും ആശുപത്രിയിലേക്കു പോയി. അവിടെ ചെന്നപ്പോൾ മരിച്ചിട്ടു കുറേമണിക്കൂറുകൾ കഴിഞ്ഞിരിക്കുന്നു, ആശുപത്രിയിൽ വന്നിട്ടുതന്നെ കുറേ മണിക്കൂർ കഴിഞ്ഞു എന്നറിഞ്ഞു. ശവശരീരം പ്രത്യേക മുറിയിൽ സൂക്ഷിച്ചിരിക്കുകയായിരുന്നു. ഞാൻ ചെന്നു കണ്ടു. ഡാക്ടർമാരോടു ചോദിച്ചപ്പോൾ ഇവിടെ വരുന്നതിനു എത്രയോ മുൻപേ മരിച്ചു പോയിരുന്നു. ഞങ്ങൾക്കൊന്നും ചെയ്യാൻ കഴിഞ്ഞില്ല '' എന്നു പറഞ്ഞു. ഉത്തരവാദിത്വമുള്ള മററാരും കൂടെ ഉണ്ടായിരുന്നില്ല. ജഡം കൊണ്ടുപോകാൻ എന്തെങ്കിലും ഏർപ്പാടു ചെയ്യണമെന്ന് ഡാക്ടർ എന്നോടു പറഞ്ഞു. വളരെ താമസിച്ചാൽ ഡയബററിക്സ് രോഗമുള്ളതുകൊണ്ടു ശവം ചീഞ്ഞു തുടങ്ങും അതുകൊണ്ടു കഴിയുന്നതും നേരത്തേ കൊണ്ടുപോകണമെന്നും പറഞ്ഞു. മതപരമായ ചടങ്ങുകൾ നടത്താൻ ഞാൻ വിവരം അവിടത്തെ ബിഷപ്പിനെ അറിയിച്ചു. അദ്ദേഹം പ്രീസ്റ്റിനെ അയയ്ക്കാമെന്നു പറഞ്ഞു. അങ്ങനെ മതപരമായചടങ്ങുകൾ നടത്തി. സിസ്റ്റേഴ്സിനെകൊണ്ടു പുതിയ ഡ്രസ്സ് ചെയ്യിച്ചു. നാട്ടിലേക്കു കൊണ്ടുപോകാൻ തീരുമാനിച്ചു. അന്ന് ഭയങ്കരമായ മഴയായിരുന്നു. എന്തു ചെയ്യാൻ കഴിയുമെന്നു ഞാൻ കളക്ടറരോടു ചോദിച്ചു. ഡി. എസ്. പി. യും ഉണ്ടായിരുന്നു. നല്ല പുതിയ ഒരു പോലീസ് വാൻ ഉണ്ട്. അതിനകത്തു കൊണ്ടുപോയാൽ വെള്ളം വീഴാതെ ഭദ്രമായി കൊണ്ടുപോകാം എന്നു പറഞ്ഞു. അതിനകത്തു ഇരുവശത്തും ആളുകൾക്കു ഇരിക്കാം. മധ്യഭാഗത്തു സൗകര്യമായി ശവം വയ്ക്കുകയും ചെയ്യാം. അതല്ലാതെ വേറെ വാഹനം ഇല്ലായിരുന്നു. പോലീസിൻെറ സഹായത്തോടുകൂടി കൊണ്ടുപോകാനും സാധിക്കുമല്ലോ എന്നു കരുതി കളക്ടറും, ഡി. എസ്. പി. യും പറഞ്ഞ ആ അഭിപ്രായം അനുസരിച്ച് ഒരു സബ് ഇൻസ്പെക്ടരുടെയും, നാലു കാൺസ്റ്റബിൾമാരുടെയും മേൽനോട്ടത്തിൽ കൊണ്ടുപോകാൻ നിശ്ചയിച്ചു. ഡി. സി. സി. ആഫീസിൽനിന്നും രണ്ടുമൂന്നുപേർകൂടി കൂടെ പോകാൻ താൽപര്യം പ്രദർശിപ്പിച്ചു. ഞാനും കാറിൽ അതിനെ അനുഗമിച്ചിരുന്നു, സന്ധ്യയ്ക്കാണു ഞങ്ങൾ അവിടെനിന്നു തിരിച്ചത്. അതിഭയങ്കരമായ മഴയായിരുന്നു. സാധാരണ ഗതിയിൽ രണ്ടര മണിക്കൂർകൊണ്ടു തൃശ്ശൂർ എത്തുമായിരുന്നു. നാലു നാലര മണിക്കൂർ എടുത്തു വാൻ അവിടെ എത്തിയപ്പോൾ. പോകുമ്പോൾ വഴിമദ്ധ്യേ ഒരാൾ കൈകാണിച്ചു. അതു മി. ചാക്കോയുടെ ബ്രദറാണെന്നു പറഞ്ഞു. കാറു നിറുത്തി കാറിൽ കയറാൻ പറഞ്ഞപ്പോൾ, വാനിൽ കയറികൊള്ളാമെന്നു പറഞ്ഞു അതിൽ കയറി യാത്ര തുടർന്നു. കഴിയുന്നതും വേഗം ശവശരീരം അദ്ദേഹത്തിൻെറ ബന്ധുക്കളെ ഏല്പിക്കുകയാണു വേണ്ടതെന്നു ഞാൻ പറഞ്ഞു. തൃശ്ശൂർ എത്തിയപ്പോൾ അവിടത്തെ ചില സുഹൃത്തുക്കൾ ശവശരീരം അന്നു അവിടെത്തന്നെ വയ്ക്കണമെന്നു അഭിപ്രായപ്പെട്ടു. അങ്ങനെ അന്ന് അവിടെത്തന്നെ സൂക്ഷിക്കുന്നതാണെന്നു മെക്ക

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

വഴി പ്രസിദ്ധീകരണവും നൽകിയിരുന്നു. ഏതായാലും അദ്ദേഹത്തിന്റെ ബ്രദറിന്റെ അഭിപ്രായം കൂടി അറിഞ്ഞിട്ട് അങ്ങനെ ചെയ്യാൻ ഞാൻ സമ്മതിച്ചു. കഴിയുന്നതും നേരത്തെ പോയാൽതന്നെ മരിച്ചിട്ട് പത്തു മണിക്കൂർ കഴിയും. ഡാക്ടർമാർ പ്രത്യേകം പറഞ്ഞിട്ടുണ്ട് അധികസമയം കാത്തു സൂക്ഷിക്കരുതെന്ന്. ഏതായാലും അദ്ദേഹത്തിന്റെ ബ്രദറിന്റെ അഭിപ്രായപ്രകാരം അന്ന് അവിടെത്തന്നെ ജഡം സൂക്ഷിക്കാൻ തീരുമാനിച്ചു. അടുത്ത ദിവസം കൊണ്ടുപോകുകയും ചെയ്തു. യാദൃച്ഛികമായിട്ടായിരുന്നു അദ്ദേഹത്തിന്റെ മരണം. ഒരു കേസ്സിനുവേണ്ടി പോയതാണ്. കേസ്സിലെ കക്ഷിയും കാർ ഡ്രൈവറും മാത്രമേ അപ്പോൾ കൂടെ ഉണ്ടായിരുന്നുള്ളു. ആ സന്ദർഭത്തിൽ എന്താണു ചെയ്യാവുന്നത്? ബഹുമാന്യമായ നിലയിൽ പോലീസ് അകമ്പടിയോടുകൂടി കഴിയുന്നതും വേഗം വീട്ടിൽ എത്തിക്കുകയാണ് വേണ്ടത്. അതാണു ചെയ്യാൻ കഴിഞ്ഞതും. രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടിയല്ല അതൊന്നും ചെയ്തത്. അങ്ങേയററത്തെ ബഹുമാനത്തോടുകൂടി അദ്ദേഹത്തിന്റെ ശവശരീരം അദ്ദേഹത്തിന്റെ ഭാര്യയ്ക്കും മക്കൾക്കും കാണാൻ കഴിയുന്നതും വേഗം എത്തിക്കണമെന്നാണു ഞാൻ വിചാരിച്ചത്. ഉത്തരവാദിത്വമുള്ള ബ്രദറിന്റെ നിർദ്ദേശാനുസരണം ഞാൻ അവരുടെ ഇഷ്ടത്തിനു വഴങ്ങി. ഇതാണുണ്ടായത്. സർ, ഇതിന്റെ പേരിൽ നാട്ടിൽ എവിടെയെല്ലാം എന്തെല്ലാം പ്രസംഗങ്ങൾ നടത്തി? എന്തു കോലാഹലങ്ങൾ ഉണ്ടായി? ഒരു പുതിയ പാർട്ടി കരുപ്പിടിപ്പിക്കാൻ വേണ്ടി ഈ പ്രശ്നം ഒരു ഉപാധിയായി സ്വീകരിച്ചു. പത്രത്തിൽ പ്രസ്താവന വരെ ഉണ്ടായി 'കൂടാത്രം' ചെയ്തു അദ്ദേഹത്തെ കൊന്നതാണെന്ന്. ഒരു മഹാനേതാവ്, ദൽഹിയിൽ ഡപ്യൂട്ടേഷൻ പോയ നേതാവ് പത്ര പ്രസ്താവന ഇറക്കി, കൂടാത്രം ചെയ്തു കൊന്നതാണെന്ന് പന്നിത്തലയിൽ എന്തൊക്കെയോ ചെയ്തു കൊന്നതാണുപോലും. 1964-ൽ ഇത്തരം പത്ര പ്രസ്താവനകൾ ഇറക്കി മുതലെടുക്കാമെന്നു കരുതുന്ന ആളുകളും ഉണ്ടല്ലോ എന്ന് അത്ഭുതപ്പെട്ടുപോകുകയാണ്.

സർ, ശ്രീ. ചാക്കോയുടെ മരണം ഏററവും ഹൃദയവേദന ഉണ്ടാക്കിയ ഒരു സംഭവമാണ്. ഞങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നു. ചില തെററിദ്ധാരണമൂലമാണ് അദ്ദേഹത്തിന് അങ്ങനെ അഭിപ്രായവ്യത്യാസമുണ്ടായത്. നിർഭാഗ്യകരമായ പീച്ചി സംഭവത്തിനുശേഷം, ശ്രീ. പി. ടി. ചാക്കോയെ തുണയ്ക്കാൻ ഇന്നത്തെ വീരന്മാർ ആരും കൂടെ ഇല്ലാതിരുന്നപ്പോൾ ഞാൻ മാത്രമേ അദ്ദേഹത്തിനു തുണയുണ്ടായിരുന്നുള്ളു. ഒടുവിൽ വളരെയേറെ നിർഭാഗ്യകരമായ അദ്ദേഹത്തിന്റെ ഒരു പ്രസ്താവനയ്ക്കുശേഷമാണ്, മുഖ്യമന്ത്രിയിൽ അദ്ദേഹത്തിനു വിശ്വാസമില്ല എന്ന പ്രസ്താവനയ്ക്കുശേഷമാണ് ഞങ്ങൾ അഭിപ്രായവ്യത്യാസംമൂലം പിരിയാൻ ഇടയായത്. ആ പ്രസ്താവനയ്ക്കുശേഷം, ഞാൻ മുഖ്യമന്ത്രിയായതുകൊണ്ട് അദ്ദേഹം പിരിഞ്ഞുപോകാൻ ആവശ്യപ്പെട്ടു. അദ്ദേഹമായിരുന്നു മുഖ്യമന്ത്രിയെങ്കിൽ സ്വാഭാവികമായി ഞാൻ പിരിയേണ്ടിവരുമായിരുന്നു. ഈ കാര്യത്തെപ്പററി ഇതിൽകൂടുതലായിട്ടൊന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ശ്രീ. ചാക്കോ മരിച്ചുപോയ സ്ഥിതിക്ക് കൂടുതൽ ഒന്നും പറയുന്നതു ശരിയായിരിക്കുകയില്ല. അദ്ദേഹത്തിന്റെ അനുയായികൾ ഇന്ന് കാൺഗ്രസ്സ് സംഘടനയ്ക്കു ശൈഥില്യം വരുത്താൻ ശ്രമിക്കുകയാണ്. ശ്രീ. ചാക്കോ ജീവിച്ചിരുന്നെങ്കിൽ ഈ ശൈഥില്യം വരികയില്ലായിരുന്നു. അദ്ദേഹത്തിന് എത്തേണ്ടിടത്തു എത്താമെന്നുള്ള ആത്മധൈര്യം ഉണ്ടായിരുന്നു. ഇവർക്ക് അങ്ങനെയുള്ള ആത്മധൈര്യം ഇല്ലാത്തതുകൊണ്ടാണ് സംഘടനയ്ക്കു ശൈഥില്യം ഉണ്ടാക്കാമെന്നു കരുതി പ്രവർത്തിക്കുന്നത്.

സർ, ഇന്ന് ഈ നിയമസഭയിൽ അവിശ്വാസപ്രമേയത്തെ അനുകൂലിച്ചു അവർ വോട്ടുചെയ്യാൻ പോകുകയാണ്. ഏതാനും നിമിഷങ്ങൾക്കകം വോട്ടു ചെയ്തു കഴിയും. ഈ പ്രമേയത്തിന്റെ ഫലം എന്തായിരിക്കുമെന്നുള്ളതിനെപ്പററി ഞങ്ങൾക്കു നേരത്തേ അറിയാമായിരുന്നു. അതു മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് അതിനെ നേരിടാൻ തീരുമാനിച്ചത്. ഈ അവസരത്തിൽ ഒരു കാര്യം കൂടി എനിക്കു ഈ സഭയെ അറിയിക്കാനുണ്ട്. അവിശ്വാസ പ്രമേയം

LIBRARY ARCHIVES Kerala Legislative Assembly

പാസ്സാകുന്നതോടുകൂടി കോൺഗ്രസ്സിനെ തോല്പിച്ചു എന്നാണ് നിങ്ങൾ സന്തോഷിക്കുന്നതു്. കൂട്ടത്തിൽ നിങ്ങൾ ഒരുകാര്യം വിസ്മരിച്ചതു പോലെ തോന്നുന്നു. ഞങ്ങൾ പോകുന്നതോടുകൂടി നിങ്ങളും പോകുകയാണ്. ഈ കാര്യം ഓർമ്മപ്പെടുത്തിക്കൊണ്ടു ഞാൻ അവസാനിപ്പിക്കുകയാണ്.

Mr. Speaker: Does the movcr press the motion?

Shri P. K. Kunju : Yes Sir, I press.

The motion was put and carried.

Shri M. C. Abraham : Sir, 1 demand a poll.

A Poll was taken when the House divided as follows :—

Ayes—73.

1 Shri P. Abdul Majeed
2 ,, C. Achutha Menon
3 ,, P. C. Adichan
4 ,, M. P. M. Ahammed Kurikkal
5 Smt. K. O. Aisha Bai
6 Shri M. Alikunju Sastri
7 ,, K. Anirudan
8 ,, M. A. Antony
9 ,, Antony D'Cruz
10 ,, K. Avukadarkutty Naha
11 ,, Baby John
12 ,, P. Balachandra Menon
13 ,, C. K. Balakrishnan
14 ,, R. Balakrishna Pillai
15 ,, N. E. Balaram
16 ,, K. Bhargavan
17 ,, N. Bhaskaran Nair
18 ,, P. Chacko
19 ,, M. Chadayan
20 ,, K. Chandrasekharan
21 ,, D. Damodaran Potti
22 ,, T. A. Dharmaraja Iyer
23 ,, E. P. Eapen
24 ,, K. M. George
25 ,, E. P. Gopalan
26 ,, N. Gopala Kurup
27 Smt. K. R. Gouri
28 Shri Hamid Ali Shemnad
29 ,, K. Hassan Gani
30 ,, Vayala Idicula
31 ,, K. V. John
32 ,, Joseph Chazhikattu
33 ,, O. Koran
34 ,, K. Krishnan
35 ,, M. Krishnan
36 ,, R. Krishnan
37 ,, T. Krishnan
38 ,, V. R. Krishna Iyer
39 ,, K. Krishna Pilla
40 Shri S. Kumaran
41 ,, P. M. Kunhiraman Nambiar
42 ,, P. V. Kunhunni Nair
43 ,, P. K. Kunjachan
44 ,, P. K. Kunju
45 Smt. Kusumam
46 Shri C. M. Kutty
47 ,, C. A. Mathew
48 ,, K. Moidenkutty Hajee
49 ,, Mohsin Bin Ahmed
50 ,, K. V. Narayanan
51 ,, K. Narayana Kurup
52 ,, P. K. Naraya nan Nanmbiar
53 ,, T. C. Narayana Nambiar
54 ,, P. Narayanan Thampi
55 ,, N. Neelakantaru Pandaathil
56 ,, R. Raghava Menon
57 ,, P. C. Raghavan Nair
58 ,, T. K. Ramakrishnan
59 ,, A. K. Ramankutty
60 ,, P. Ramunni Kurup
61 ,, M. Ravindranath
62 ,, P. Ravindran
63 ,, E. M. Sankaran Namboodiripad
64 Smt. K. R. Saraswathi Amma
65 Shri B. V. Seethi Thangal
66 ,, Ponnara Sreedhar
67 ,, P. S. Srinivasan
68 ,, R. Sugathan
69 ,, M. M. Sundaram
70 ,, V. P. C. Thangal
71 ,, Thomas John
72 ,, M. V. Vasu
73 ,, P. Viswmbharan

2/3260/V

LIBRARY ARCHIVES Kerala Legislative Assembly

Noes—50.

1 Shri P. K. Abdulkadir
2 „ K. C. Abraham
3 „ M. C. Abraham
4 „ K. T. Achuthan
5 „ K. K. Balakrishnan
6 „ P. C. Balakrishnan Nambiar
7 „ T. O. Bava
8 Dr. K. M. Chacko
9 Shri G. Chandrasekara Pillai
10 „ P. C. Cherian
11 „ K. A. Damodara Menon
12 „ P. R. Francis
13 „ George Joseph Podippara
14 „ P. Gopalan
15 „ M. Gopalankutty Nair
16 „ Malethu Gopinatha Pillai
17 „ M. P. Govindan Nair
18 „ A. L. Jacob
19 „ C. G. Jenardhanan
20 „ P. S. Karthikeyan
21 „ K .G. Karunakara Menon
22 „ K. Kochukuttan
23 „ P. R. Krishnan
24 „ N. S. Krishna Pillai
25 „ P. Kumaran
26 „ K. Kunhambu
27 Shri C. Kunhikrishnan Nair
28 „ M. Kunhiraman Nambiar
29 „ M. Kunjukrishnan Nadar
30 „ N. Kunjuraman
31 Smt. Leela Damodara Menon
32 Shri P. Madhavan
33 „ V. Madura
34 „ M. M. Mathai
35 „ T. Murugesan
36 Smt. A. Nafeesath Beevi
37 Shri M. Narayana Kurup
83 „ Kuroor Neelakantan Namboodiripad
39 „ C. F. Pereira
40 „ E. P. Poulose
41 „ A. A. Rahim
42 „ R. Sankar
43 Smt. O. T. Sarada Krishnan
44 Shri Shamsuddin
45 „ C. M. Stephen
46 „ K. T. Thomas
47 „ T. A. Thomman
48 „ P. P. Ummer Koya
49 „ K. R. Vijayan
50 „ K. K. Viswanathan

Neutrals—Nil.

Mr. Speaker : Those for the motion—73

Those against—50

Neutrals—Nil.

The motion is carried.

മിക്കവാറും ഇതു അവസാനത്തെ യോഗമായിരിക്കും എന്നുവേണം കരുതാൻ. ഇനി ഈ സഭ കൂടുമെന്നു വിചാരിക്കാൻ ന്യായമില്ല. ഈ അവസരത്തിൽ ഈ സഭയുടെ വിവിധ ഭാഗങ്ങളിലുള്ള ബഹുമാനപ്പെട്ട അംഗങ്ങളോട് എന്റെ ഹാർദ്ദമായ കൃതജ്ഞത രേഖപ്പെടുത്തേണ്ടതുണ്ട്. പല പരിമിതികളും ഉണ്ടായിരുന്നിട്ടും സഭാനടപടികളിൽ ആവശ്യമായ സഹകരണം നൽകിയ നിങ്ങളും ഓരോരുത്തരോടും എന്റെ ഹൃദയപൂർവ്വമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു. അതോടൊപ്പം, ഈ സമ്മേളനത്തിന്റെ ആദ്യ ദിവസം നടന്ന റഫറൻസിൽ ശ്രീ. ചാക്കോയെ സംബന്ധിച്ച് പ്രസംഗിക്കാൻ ഞാൻ സമ്മതം നൽകിയില്ല. അത് ഏതോ പ്രേരണയുടെ ഫലമായിരുന്നു എന്ന് ചില ആരോപണം ഉണ്ടായിട്ടുണ്ട്. സത്യാവസ്ഥ അതല്ല. മനപൂർവ്വം അങ്ങനെ ചെയ്തതല്ല. ആരുടേയും പ്രേരണ ആ കാര്യത്തിൽ ഉണ്ടായിട്ടില്ല. ആരും തന്നെ അദ്ദേഹത്തെപ്പററി എന്തെങ്കിലും പറയണമെന്നു സമയം ആവശ്യപ്പെട്ടില്ല. നേരെമറിച്ച് പണ്ഡിററു നെഹ്റുവിനെപ്പററി സംസാരിക്കാൻ സമയം നൽകണമെന്ന് എഴുതി അറിയിച്ചിട്ടുമുണ്ടായിരുന്നു. ഈ കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട അംഗങ്ങൾക്കുണ്ടായിട്ടുള്ള തെററിദ്ധാരണ നീക്കണമെന്നഭ്യർത്ഥിക്കുകയും പരേതനായ ശ്രീ. പി. ടി. ചാക്കോയുടെ പാവനസ്മരണക്കു ഈ അവസരത്തിൽ എന്റെ ആദരാഞ്ജലി അർപ്പിക്കുകയും ചെയ്യുന്നു. എല്ലാ പ്രതിപക്ഷ മെമ്പറന്മാരോടും, ഭരണകക്ഷി അംഗങ്ങളോടും എന്റെ കൃതജ്ഞത ഒരിക്കൽക്കൂടി രേഖപ്പെടുത്തുന്നു.

ശ്രീ. ആർ. ശങ്കർ: സർ, അങ്ങു പറഞ്ഞതുപോലെ, ഈ നിയമസഭയുടെ അവസാനത്തെ സമ്മേളനമായിരിക്കും ഇതു്. ഇതുവരെ നടന്നിട്ടുള്ള സമ്മേളനങ്ങളിൽ അങ്ങു് ആദ്ധ്യക്ഷം വഹിച്ചുകൊണ്ടു് ഞങ്ങൾക്കു നൽകിയിട്ടുള്ള എല്ലാ വിധത്തിലുള്ള ഉപദേശങ്ങൾക്കും, ഈ സഭയുടെ നടത്തിപ്പിനു് അങ്ങു കൈക്കൊണ്ടിട്ടുള്ള നടപടികൾക്കും എല്ലാവർക്കും അങ്ങേയററം പ്രശംസാർഹമായ സന്തോഷമുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഭിന്നകക്ഷികൾ എന്ന നിലയിൽ ഞങ്ങൾ പലപ്പോഴും ചില പരിമിതികൾ ലംഘിച്ചും പെരുമാറിയിട്ടുള്ളപ്പോൾ ഏററവും ഔദാര്യപൂർവ്വം അങ്ങു് ഞങ്ങളോടു പെരുമാറിയിട്ടുണ്ടു്. ഞങ്ങൾക്കു് ഓരോരുത്തർക്കും അങ്ങയോടു ഏററവും നിസ്സീമമായ കൃതജ്ഞതയുള്ളതു് ഇവിടെ പ്രകടിപ്പിച്ചുകൊള്ളട്ടെ. ഈ സഭയിലെ പ്രതിപക്ഷ നേതാക്കന്മാരോടും, ഈ സഭയിലെ മറെറല്ലാ അംഗങ്ങളോടും ഇതുവരെ അങ്ങു പ്രകടിപ്പിച്ച സൗമനസ്യത്തിനും സ്നേഹപൂർണ്ണമായ പെരുമാററത്തിനും ഞാൻ കൃതജ്ഞത പ്രകടിപ്പിച്ചുകൊള്ളുന്നു.

ശ്രീ. സി. അച്യുതമേനോൻ: ബഹുമാനപ്പെട്ട സ്പീക്കർ ഈ സഭാനടപടികളിൽ ഞങ്ങൾ സഹകരണം നൽകിയതിനെ സംബന്ധിച്ചും, പെരുമാറിയിട്ടുള്ളതിനെക്കുറിച്ചും അദ്ദേഹത്തിന്റെ വികാരങ്ങൾ പ്രകടിപ്പിച്ച സ്ഥിതിക്കു ഞങ്ങൾക്കും അതിനു മറുപടിയായി ഒരുവാക്കു പറയാൻ അവസരം നൽകേതാണു്.

സർ, ഈ സഭയിലെ നടപടിക്രമങ്ങളിൽ വളരെയധികം അഭിപ്രായകലുഷിതമായ അന്തരീക്ഷങ്ങൾ പലപ്പോഴും ഉണ്ടായിട്ടുള്ളപ്പോഴൊക്കെ വളരെ സൗമനസ്യത്തോടും, സൗഹാർദ്ദത്തോടും സഭാനടപടികൾ ക്രമീകരിക്കാൻ അങ്ങു കാണിച്ച കഴിവിനും ഔദാര്യത്തിനും ഞാൻ സന്തോഷപൂർവ്വം കൃതജ്ഞത പ്രകടിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. കെ. കുഞ്ഞു്: സർ, ഇതു അവസാനത്തെ സമ്മേളനമായിരിക്കുമെന്നു ബഹുമാനപ്പെട്ട സ്പീക്കർ പറയുന്നു. എസ്. എസ്. പി. ഗവണ്മെന്റിനെതിരായി ഒരു അവിശ്വാസ പ്രമേയം അവതരിപ്പിച്ചതു പാസാക്കി കഴിഞ്ഞതിനുശേഷം ഈ സഭ പിരിഞ്ഞുപോവുകയാണു്. ഈ സഭ അവസാനമായി സമ്മേളിച്ചു പിരിഞ്ഞിരിക്കുകയാണെന്നു് ബഹുമാനപ്പെട്ട സ്പീക്കർ പ്രസ്താവിച്ചിരിക്കുന്ന സ്ഥിതിക്കു അങ്ങയോടുള്ള ബഹുമാനം രേഖപ്പെടുത്താൻ എല്ലാവർക്കും ചുമതലയുണ്ടു്.

സർ, കഴിഞ്ഞ കാലങ്ങളിലെ ഈ സഭാ നടപടിക്രമങ്ങൾ വേണ്ടിടത്തോളം സൗമനസ്യത്തോടും, സൗഹാർദ്ദത്തോടും വിജയപൂർവ്വം നിയന്ത്രിച്ചതിനു് അങ്ങയോടുള്ള ആദരവു പ്രകടിപ്പിച്ചുകൊള്ളുന്നു. എന്റെ പാർട്ടിക്കുവേണ്ടി ഞാൻ പ്രത്യേകം കൂപ്പുകൈ അർപ്പിച്ചുകൊള്ളുന്നു.

ശ്രീ. എം. പി. എം. അഹമ്മദ്കുരിക്കൾ: സർ, അങ്ങയുടെ പേരിൽ ഒരു അവിശ്വാസപ്രമേയം അവതരിപ്പിക്കാൻ നോട്ടീസയച്ചവനാണു് ഞാൻ. ഇവിടെ സഭ തുടങ്ങുന്ന ദിവസം ശ്രീ. പി. ടി. ചാക്കോയെക്കുറിച്ചു് റഫറൻസു നടന്ന അവസരത്തിൽ അദ്ദേഹത്തെക്കുറിച്ചു് എന്തെങ്കിലും പരാമർശിക്കാൻ സമയം കിട്ടാത്തതിൽ പ്രതിഷേധിച്ചു് ഹൃദയം പൊട്ടിയാണു് ഞാനങ്ങനെ ഒരു അവിശ്വാസപ്രമേയത്തിനു് നോട്ടീസു കൊടുത്തതു്. അങ്ങു് ഈ സഭാനടപടികൾ നടത്തുന്നതിൽ ഈ പാർട്ടിയോടു് നല്ല നിലയിൽ പെരുമാറിയതിനു് അങ്ങേയററം സന്തോഷവും കൃതജ്ഞതയും ഞങ്ങൾക്കുണ്ടു്. എന്നാൽ അന്നത്തെ വേദന, സ്പീക്കറെ സംബന്ധിച്ചുള്ളതു് പുറത്തു പത്രങ്ങൾക്കു കൊടുക്കുകയല്ല, ഇവിടെയൊരു അവിശ്വാസം അവതരിപ്പിച്ചു് അതിനു കാരണങ്ങൾ വിശദീകരിക്കുകയായിരിക്കും നല്ലതെന്നുള്ള ബോദ്ധ്യത്തിലാണു് ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. പി. എം. അഹമ്മദ് കുരിക്കൾ]

അങ്ങനെയൊരു നടപടി സ്വീകരിച്ചതു്, ശ്രീ. പി. ടി. ചാക്കോ ഈ സഭയ്ക്കും നാട്ടിനും ചെയ്തിട്ടുള്ള സേവനങ്ങൾ പരിഗണിച്ചു അദ്ദേഹത്തെക്കുറിച്ചു എന്തെങ്കിലും പരാമർശിക്കാതെ പോകുന്നതു് ശരിയല്ല എന്നുള്ളതുകൊണ്ടാണു് ഞങ്ങൾ ഈ കൃത്യത്തിനു മുതിർന്നതു്. അങ്ങു് ആ കാര്യത്തിൽ വേണ്ടതുപോലെ പ്രവർത്തിച്ചു എന്നുള്ളതു ഞങ്ങൾക്കു മനസിലായതുകൊണ്ടു്, അങ്ങയോടുള്ള ബഹുമാനം തികച്ചും നിലനിറുത്തിക്കൊണ്ടുതന്നെ ഞങ്ങളുടെ പാർട്ടി ഈ അവിശ്വാസപ്രമേയത്തിനുള്ള നോട്ടീസ് പിൻവലിച്ചിരിക്കുകയാണു്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്: എന്റെ മററു സുഹൃത്തുക്കൾ ഇവിടെ പ്രകടിപ്പിച്ചിട്ടുള്ള വികാരങ്ങളോടെല്ലാം എന്റെ പാട്ടിയും യോജിക്കുന്നു എന്നു ഞാൻ പറയുന്നതു് ഔപചാരികമായിട്ടു മാത്രമല്ല. അങ്ങു് ഈ സ്ഥാനത്തു് എത്തിയതിൽ പിന്നീടു ഇത്രയുംകാലം ഞങ്ങൾക്കുണ്ടായിട്ടുള്ള അനുഭവങ്ങളിൽനിന്നുകൂടി പറയുകയാണു്. എന്തെല്ലാം വിഷമസന്ധികളുണ്ടായിരുന്നാലും ശരി എല്ലാ ഭാഗത്തേയും സഭാംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി അങ്ങു് അങ്ങേയററം പ്രവർത്തിച്ചിട്ടുണ്ടു് എന്നു ആത്മാത്ഥമായി ബോദ്ധ്യമുള്ളതുകൊണ്ടാണു് ഔപചാരികമായി മാത്രമല്ല എന്നു ഞാൻ പറഞ്ഞതു്. ഇവിടെ പ്രകടിപ്പിച്ചിട്ടുള്ള എല്ലാ വികാരങ്ങളോടും എന്റെ പാർട്ടിയും യോജിക്കുന്നു.

ശ്രീ. ബേബിജാൺ: ഇവിടെ പ്രകടിപ്പിച്ചിട്ടുള്ള എല്ലാ വികാരങ്ങളോടും ഞാനും പൂണ്ണമായി യോജിക്കുകയാണു്. ഈ സഭയിലെ എല്ലാ അംഗങ്ങളോടും വളരെ സൗഹാർദ്ദത്തോടുകൂടിയും നിഷ്പക്ഷതയോടും നമ്മുടെ സഭയുടെ അന്തസ് പാലിക്കാൻവേണ്ടി അങ്ങേയററം നിസ്വാർത്ഥമായി അങ്ങു പ്രവർത്തിച്ചതു് കൃതജ്ഞതയോടുകൂടി സ്മരിച്ചുകൊണ്ടു് ഈ സഭയിലെ എല്ലാ ഭാഗത്തുനിന്നുമുണ്ടായ അഭിപ്രായ പ്രകടനങ്ങളോടു് ഞാനും പൂണ്ണമായി യോജിക്കുന്നു.

Mr. Speaker: The Assembly is now adjourned *sine die.*

LIBRARY ARCHIVES Kerala Legislative Assembly

GOVERNMENT OF KERALA

Political and Military 'A' Department

NOTIFICTION

No. 71889-A2/64-3 P&M. *Dated, Trivandrum,* 11*th September* 1964.

The following notifications dated 10-9-1964 of the Government of India are hereby republished for general information.

By order of the Governor,
N. M. PATNAIK,
Chief Secretary.

GOVERNMENT OF INDIA

MINISTRY OF HOME AFFAIRS

NOTIFICATION

New Delhi, the 10*th September* 1964

G. S. R. 1316—The following Proclamation by the President is published for general information :—

WHEREAS I, Sarvepalli Radhakrishnan, President of India, have received a report from the Governor of the State of Kerala and after considering the report and other information received by me, I am satisfied that a situation has arisen in which the Government of that State cannot be carried on in accordance with the provisions of the Constitution of India (hereinafter referred to as the "Constitution");

Now, therefore, in exercise of the powers conferred by Article 356 the Constitution and of all other powers enabling me in that behalf I hereby proclaim that I—

(a) assume to myself as President of India all functions of the Government of the said State and all powers vested in or exercisable by the Governor of that State;

(b) declare that the powers of the Legislature of the said State shall be exercisable by or under the authority of Parliament; and

(c) make the following incidental and consequential provisions which appear to me to be necessary or desirable for giving effect to the objects of this Proclamation, namely:—

(i) in the exercise of the functions and powers assumed to myself by virtue of clause (a) of this Proclamation as aforesaid, it shall be lawful for me as President of India to act to such extent as I think fit through the Governor of the said State;

(ii) the operation of the following provisions of the Constitution in relation to that State is hereby suspended, namely:—

so much of the proviso to article 3 as relates to the reference by the President to the Legislature of the State;

LIBRARY ARCHIVES Kerala Legislative Assembly

so much of clause (2) of article 151 as relates to the laying of the reports before the State;

articles 163 and 164, clause (3) of article 166, articles 167 and 169· clause (1) and sub-clause (a) of clause (2) of article 174, articles 175 to 186 (both inclusive), clause (3) of article 187 so far as it requires consulation with the Speaker of the Legislative Assembly, articles 188 and 189, articles 193 to 198 (both inclusive), articles 200 and 201, s · much of clause (3) of of article 222 as relates to salaries and allowances of the Speaker and the Deputy Speaker of the Legislative Assembly, articles 208 to 211 (both inclusive), the proviso to clause (1) and the proviso to clause (3) of article 213;

and so much of clause (2) of article 323 as relates to the laying of the report with a memorandum before the Legislature of the State;

(iii) the Legislative Assembly of the said State is hereby dissolved;

(iv) any reference in the Constitution to the Governor shall in relation to the said state be construed as a reference to the President, and any reference therein to the Legislature or Legislative Assembly of the State shall, in so far as it relates to the functions and powers thereof, be construed as a reference to Parliment, and, in particular, the references in article 213 to the Governor and to the Legislature or Legislative Assembly of the State shall be construed as references to the President and to Parliament respectinely:

Provided that nothing herein shall affect the provisions of article 153, articles 155 to 159 (both inclusive), article 299 and article 361 and paragraphs 1 to 4 (both inclusive) of the Seconld Schedule or prevent the President from acting under sub-clause (1) of this clause to such extent as he thinks fit through the Governor of the said State;

(v) any reference in the Constitution to Acts or laws of or made by the Legislature of the State shall be construed as including a reference to Acts or laws made, in exercise of the powers of the Legislature of the State, by Parliament by virtue of this Proclamation, or by the President or other authority referred to in sub-clause (a) of clause (1) of article 357 of the Constitution and the Interpretation and General Clauses Act (Act VII of 1125), as in force in the State of Kerala and so much of the General Clauses Act, 1897 (10 of 1897) as applies to State laws, shall have effect in relation to any such Act or law as if it were an Act of the Legislature of the State;

[No. 46/1/64-Poll. I]

NEW DELHI,
The 10th September 1964.

S. RADHAKRISHNAN,
President.

LIBRARY ARCHIVES Kerala Legislative Assembly

3800 2

ORDER

New Delhi, 10th September 1964

G. S. R. 1317—The following Order made by the President is published for general information :—

In pursuance of sub-clause (i) of clause (c) of the Proclamation issued on this the 10th day of September, 1964, by the President under article 356 of the Constitution of India, the President is pleased to direct that all the functions of the Government of the State of Kerala and all the powers vested in or exercisable by the Governor of that State under the Constitution or under any law in force in that State, which have been assumed by the President by virtue of clause (a) of the said Proclamation, shall, subject to the superintendence, direction and control of the President, be exercisable also by the Governor of the said State;

[No.-46,64-Poll. I]

NEW DELHI.
The 10*th September*, 1964.

S. RADHAKRISHNAN,
President.

NEW DELHI,
The 10*th September*, 1964.

V. VISWANATHAN,
Secretary.

LIBRARY ARCHIVES Kerala Legislative Assembly